നിയമ ധ്വനി

ഏപ്രിൽ 2015



കേരള സർക്കാർ നിയമവകുപ്പിനുവേണ്ടി നിയമ സെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് തിരുവനന്തപുരത്തെ
ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്

# നിയമ ധ്വനി

പുസ്തകം-3 ഏപ്രിൽ 2015

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

ലക്കം-1






നിയമ വകുപ്പിലെ ഭരണഭാഷ വർഷാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രഭാഷണത്തിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല വൈസ് ചാൻസലർ **ശ്രീ. കെ. ജയകുമാർ** '*മലയാള ഭാഷയും മാറുന്ന കേരളവും*' എന്ന വിഷയം അവതരിപ്പിച്ച് സംസാരിക്കുന്നു.

# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപ സമിതി

| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| *എഡിറ്റർ* | : | **റ്റി. വസന്തകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| *അംഗങ്ങൾ* | : | **പി. പി. മേരി**<br>ജോയിന്റ് സെക്രട്ടറി |
| | | **എസ്. സുരേഷ് കുമാർ**<br>സെക്ഷൻ ആഫീസർ |
| | | **കാർത്തിക ജി. കൃഷ്ണൻ**<br>ലീഗൽ അസിസ്റ്റന്റ് |
| | | **ആർ. കിംരാജ്**<br>ലീഗൽ അസിസ്റ്റന്റ് |
| | | **ജി. നിഷ**<br>ലീഗൽ അസിസ്റ്റന്റ് |
| *പുറംതാൾ രൂപകല്പന* | : | പ്രഥമേഷ് കെ. ഭാസ്കർ |
| *വിലാസം* | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| *ഫോൺ* | : | 0471-2517064, 0471-2517066 |



## പ്രസാധക കുറിപ്പ്

**കോ**ടതിയും സാധാരണ പൗരനും തമ്മിലുള്ള അകൽച്ച ഇല്ലാതെയാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ബഹു. സുപ്രീം കോടതിയുടെ കാലിക പ്രസക്തമായ വിധിന്യായങ്ങളുടെ ചുരുക്കക്കുറിപ്പുകളുടെയും ബഹു. കേരള ഹൈക്കോടതിയുടെ പ്രസക്ത വിധിന്യായങ്ങളുടെയും മലയാള പരിഭാഷ ഉൾപ്പെടുത്തിക്കൊണ്ട് നിയമ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ***നിയമധ്വനി*** യുടെ സാരഥ്യം ഏറ്റെടുക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം വർഷങ്ങൾക്കുമുമ്പ് തന്നെ കൈവരിച്ച സംസ്ഥാനമാണ് കേരളമെങ്കിലും നിയമ സാക്ഷരതയുടെ കാര്യത്തിൽ അത് പരിമിതമായ ജനവിഭാഗങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

സുപ്രധാനമായ സുപ്രീംകോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും സാധാരണക്കാർക്ക് അവരുടെ മാതൃഭാഷയിൽ പ്രാപ്യമാക്കുന്നതു വഴി സമ്പൂർണ്ണ നിയമ സാക്ഷരത എന്ന ലക്ഷ്യം ഒരു പരിധിവരെയെങ്കിലും കൈവരിക്കുവാനും അതിലൂടെ നിയമങ്ങളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പൗരന്മാരെ സൃഷ്ടിക്കുവാനും കഴിയുന്നതാണ്.

വിധിന്യായങ്ങളിലെ ന്യായാധിപൻമാരുടെ വിശകലനങ്ങളും വീക്ഷണങ്ങളും അതേപടി മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുക എന്നത് അതീവ ക്ലേശകരമായ ഒരു ദൗത്യമാണ്. എന്നിരുന്നാലും, അതിനോട് നീതി പുലർത്തുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ***നിയമധ്വനി*** കൂടുതൽ മികവുറ്റതാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതോടൊപ്പം ഇതിൽ ന്യൂനതകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അവ ചൂണ്ടിക്കാട്ടുവാനും അഭിപ്രായങ്ങൾ അറിയിക്കുവാനും അഭ്യർത്ഥിക്കുന്നു.

**ബി. ജി. ഹരീന്ദ്രനാഥ്,**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
28-04-2015

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ


| | | |
|---|---|---|
| 1. | *ഡോ. (ശ്രീമതി) മാലതി രവി, എം.ഡി അഭി ഡോ. ബി.വി. രവി, എം.ഡി* | 3 |
| 2. | *അർനേഷ് കുമാർ അഭി ബീഹാർ സർക്കാർ* | 23 |
| 3. | *രനികുന്ദ്ല രാജമ്മ അഭി സർവാനമ്മ* | 32 |
| 4. | *യു.പി. ഹിന്ദി സാഹിത്യ സമ്മേളൻ അഭി യു.പി. സർക്കാർ* | 42 |
| 5. | *അബ്ദുൾ ബാസിദ് അഭി മുഹമ്മദ് അബ്ദുൾ കാദിർ ചൗധരി* | 45 |
| 6. | *ഗുൺമല സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ് അഭി അനു മേത്ത* | 47 |


### ഹൈക്കോടതി വിധിന്യായങ്ങൾ


| | | |
|---|---|---|
| 1. | *കേരള സർക്കാരും മറ്റുള്ളവരും അഭി മാനുവൽ* | 71 |
| 2. | *സാറാ വർഗ്ഗീസ് അഭി കേരള സർക്കാരും മറ്റുള്ളവരും* | 74 |
| 3. | *ആനന്ദ് അനൂപ് അഭി യൂണിയൻ ഓഫ് ഇന്ത്യ* | 77 |
| 4. | *ഡോ. സിന്ധു കെ. രാജൻ അഭി ഡോ. അജിത്. എം* | 85 |
| 5. | *അച്യുതൻകുട്ടി നായർ അഭി സീതക്കുട്ടി അമ്മ* | 94 |
| 6. | *ത്രേസാ സേവ്യർ അഭി മേരി സൈമൺ* | 99 |
| 7. | *ഇല്ല്യാസ് അഭി കേരള സർക്കാർ* | 117 |
| 8. | *ശ്രീരംഗൻ അഭി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ക്ലിപ്തം* | 122 |

# സുപ്രീംകോടതി വിധിന്യായങ്ങൾ

34/1772/15/DTP.

# ബഹു. സുപ്രീംകോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് സുധാൻസു ജ്യോതി മുഖോപാദ്ധ്യായ
## &
## ബഹു. ജസ്റ്റിസ് ദീപക് മിശ്ര

## സിവിൽ അപ്പീൽ നമ്പർ 5862/2014

## (എസ്. എൽ. പി. (സിവിൽ) നം. 17/2010-ൽ നിന്നും ഉത്ഭവിക്കുന്നത്)

## ഡോ. (ശ്രീമതി) മാലതി രവി, എം. ഡി.

## അഭി

## ഡോ. ബി. വി. രവി, എം. ഡി

(എ) ഹിന്ദു വിവാഹ ആക്റ്റ് (1955 ലെ 25), വകുപ്പ് 13 (ഐബി)-വിവാഹ മോചനം-ഉപേക്ഷിക്കൽ- വിവാഹബന്ധം അവസാനിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടു കൂടി ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചു എന്ന് സ്ഥാപിക്കുവാൻ മതിയായ തെളിവ് യാതൊന്നുമില്ല-വീണ്ടുമുള്ള രണ്ടു വർഷക്കാലാവധി ഹർജി സമർപ്പിക്കുന്നതിന് തൊട്ടുമുമ്പ് പൂർത്തിയായിട്ടില്ല-ഉപേക്ഷിക്കൽ എന്ന കാരണത്താൽ വിവാഹമോചനം അനുവദിക്കുവാൻ കഴിയുകയില്ല.

(ബി) ഹിന്ദു വിവാഹ ആക്റ്റ് (1955 ലെ 25), വകുപ്പ് 13-വിവാഹമോചനം-ഉപേക്ഷിക്കൽ എന്ന കാരണത്തിന്മേലുള്ള ഹർജി-ഭാര്യയാലുള്ള മാനസിക ക്രൂരത സംബന്ധിച്ച പിന്നീടുള്ള സംഭവങ്ങളും കൂടി രേഖയിൽ കൊണ്ടു വന്നിട്ടുണ്ട്-ഉപേക്ഷിക്കൽ എന്ന കാരണം നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തി-മാനസിക ക്രൂരതാ പ്രശ്നം സംബന്ധിച്ച് കുടുംബ കോടതി മുമ്പാകെയുള്ള ഹർജിയുടെ ഭേദഗതിക്ക് നിർദ്ദേശിക്കുന്നതിന് പകരം സുപ്രീം കോടതി, പരിപൂർണ്ണ നീതി നൽകുന്നതിനു വേണ്ടി ആയത് പരിഗണിക്കുവാൻ തീരുമാനിച്ചു.

ഭാരതത്തിന്റെ ഭരണഘടന, 142-ാം അനുച്ഛേദം (ഖണ്ഡിക 23)

(സി) ഹിന്ദു വിവാഹ ആക്റ്റ് (1955 ലെ 25), വകുപ്പ് 13-വിവാഹമോചനം-മാനസിക ക്രൂരത-എന്താകുന്നുവെന്ന്.

(ഡി) ഹിന്ദു വിവാഹ ആക്റ്റ് (1955 ലെ 25), വകുപ്പ് 13-വിവാഹ മോചനം-മാനസിക ക്രൂരത-വൈവാഹിക കക്ഷികൾ ഡോക്ടർമാരായിരുന്നു-ലിംഗപരമായി മറ്റുള്ളവരുടെ വികാരങ്ങൾ പരിഗണിക്കാതെയുള്ള ധാരണകൾ അല്ലെങ്കിൽ പുരുഷ മേധാവിത്വത്തിലുള്ള ഒരു തരം അതിരു കടന്ന വിശ്വാസം ഭർത്താവ് മനസ്സിൽ വച്ചിരുന്നുവെന്ന ആരോപണം തെളിയിക്കപ്പെട്ടില്ല-കുട്ടിയെ പ്രസവിച്ചതിനുശേഷം ഭാര്യ ആശുപത്രിയിൽ നിന്നും നേരെ മാതാപിതാക്കളുടെ അടുത്തേക്ക് പോയി-അവരുടെ മാതാപിതാക്കളുടെ സ്ഥലത്തു വച്ചുള്ള മകന്റെ പേരിടീൽ ചടങ്ങിൽ ഭർത്താവും അയാളുടെ മാതാപിതാക്കളും അവഗണിക്കപ്പെട്ടു- ഭാര്യ ഉന്നതപഠനത്തിന് ചേർന്നത് ഭർത്താവിനെ അറിയിച്ചില്ല-ദാമ്പത്യ അവകാശങ്ങളുടെ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള വിധി ഉണ്ടായിട്ടും ഭാര്യയുടെ

**സമീപനം ശരിയല്ലായിരുന്നു-ഭർത്താവിനും അയാളുടെ കുടുംബത്തിനും എതിരായി ഭാര്യ പീഡനത്തിനും സ്ത്രീധനം ആവശ്യപ്പെട്ടതിനും ക്രിമിനൽ പ്രോസിക്യൂഷൻ ആരംഭിക്കുകയും ചെയ്തു-വസ്തുതകളിൽ, മാനസിക ക്രൂരത യോട് കൂടിയാണ് ഭർത്താവ് പരിചരിക്കപ്പെട്ടത് എന്ന് വിധിക്കുകയുണ്ടായി-ആ കാരണത്തി ന്മേൽ വിവാഹ മോചനത്തിനുള്ള വിധി-ഇടപെടൽ യാതൊന്നുമില്ല.**

**(ഇ) ഹിന്ദു വിവാഹ ആക്റ്റ് (1955 ലെ 25) വകുപ്പ്25-ജീവനാംശം-വിവാഹമോചനത്തിനുള്ള വിധി-ഭർത്താവിന് അനുകൂലമായി അനുവദിച്ചു-ഇരുകക്ഷികളും ഡോക്ടർമാരും ഓരോരു ത്തർക്കും ജോലിയുള്ളതുമാണ്-16 വയസ്സുള്ള അവരുടെ മകന് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായവും തുണയായിരിക്കേണ്ട മറ്റു കാര്യങ്ങളും ആവശ്യമാണ്-സമൂഹത്തിലെ അന്തസ്സും നിലയും വിദ്യാഭ്യാസം ഫലപ്രദ മായി ഉപയോഗപ്പെടുത്തുന്നതിനുള്ള ആശയവും പരിഗണിച്ചുകൊണ്ട്, ജീവനാംശ മായും വിദ്യാഭ്യാസത്തിലേക്കും ഇതിനകം കൊടുത്തിട്ടുള്ള തുക ഒഴികെ 25 ലക്ഷം രൂപ നിശ്ചയിച്ചു.**

## വിധിന്യായം

*ബഹു. ജസ്റ്റിസ് ദീപക് മിശ്ര:*--അനുമതി നൽകി.

2. ഒരു സാമൂഹിക സ്ഥാപനം എന്ന നിലയിൽ വിവാഹം, വിവാഹത്തിൽ ഏർപ്പെടു ന്നതിന് പ്രാപ്തരായ രണ്ട് വ്യക്തികൾ ആചാര പരമായ മാനദണ്ഡങ്ങൾക്കും മൂല്യങ്ങൾക്കും അവർ സ്വയം ഉറപ്പ് കൊടുത്തിട്ടുള്ളതും വൈവാഹിക കടമ നിലനിറുത്തുവാനും സംരക്ഷിക്കുവാനും ദൃഢമായി ഉറപ്പിച്ചിട്ടുള്ള ഒരു ബന്ധം പരസ്പരം വാഗ്ദാനം ചെയ്തിട്ടുള്ള തുമായ പരിഷ്കൃത സാമൂഹിക വ്യവസ്ഥിതി യുടെ ഒരു ദൃഢപ്രതിജ്ഞയാകുന്നു. മനുഷ്യ വർഗ്ഗത്തിന്റെ നിരന്തരതയ്ക്ക് ഒരു സാക്ഷാത് കാരമായി അത് നിലനിൽക്കുന്നു. ഉറപ്പും വാഗ്ദാനങ്ങളും ഉണ്ടെങ്കിലും, ചില അവസര ങ്ങളിൽ, സാഹചര്യങ്ങളുടെ സ്വാർത്ഥതാ പരമായ അവബോധത്തെയോ അനുചിത ക്രമീകരണ പ്രതിഭാസത്തെയോ മാറ്റം വരുത്താതിരിക്കുന്നതിനുള്ള ശീലത്തെയോ മാറ്റത്തിന് വിസമ്മതിക്കലിനെയോ അടിസ്ഥാന മാക്കിയിട്ടുള്ള ഗുണവ്യത്യാസങ്ങളും മനോഭാവ വ്യത്യാസ ങ്ങളും വിശിഷ്യാ മുന്തിവരികയും വ്യക്തി പരമായ ഉത്തരവാദിത്വം ഉപേക്ഷിച്ചു കൊണ്ടുള്ള അസഹനീയമായ നിലപാടുകളും ഉത്കർഷതാബോധം സ്ഥാപിക്കുന്നതിനുള്ള പ്രവണതയും ജീവിതത്തിന്റെ ആണിക്കല്ലായ വിശ്വാസത്തിന്റെ വഞ്ചനയും ഏറ്റെടുക്കുവാൻ അത് ഭാര്യാ-ഭർത്താവ്, രണ്ടു പേരെയും നിർബന്ധിക്കുകയും ചില സമയങ്ങളിൽ ഭാര്യയും ഭർത്താവും, രണ്ടുപേരും അല്ലെങ്കിൽ ഭാര്യാ-ഭർത്താവ്, ഇവരിലൊരാൾ വിവാഹം വേർപെടുത്തലിന്- ആചാരപരവും വ്യക്തിപര വുമായ ബന്ധത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന് കെഞ്ചിയാചിക്കുമ്പോൾ, വഴിതെറ്റിക്കുന്ന പ്രതികാരബോധമോ ഭയാനകമായ ആഹാര നിയന്ത്രണമോ തികച്ചുമുള്ള അസൂയാ ബോധമോ ബന്ധത്തിൽ വിള്ളലുകൾ കൊണ്ടു വരികയും ചെയ്യുന്നു. വിവാഹം വേർപെടു ത്തുന്നതിനുവേണ്ടി ഭർത്താവ് ആരംഭിച്ചിട്ടുള്ള ഈ കേസിനെ, നിയമത്തിൽ അവശ്യമായ ഉപേക്ഷിക്കൽ വസ്തുത തെളിയിക്കപ്പെടാ ത്തതുകൊണ്ട് വിവാഹ മോചനം അനു വദിക്കുവാൻ വിസമ്മതിച്ച പാണ്ഡിത്യമുള്ള കുടുംബ കോടതി ജഡ്ജി ഒരു വ്യത്യസ്ത വീക്ഷണത്തിൽ നിരീക്ഷിക്കുകയുണ്ടായി, എന്നാൽ ഹൈക്കോടതി, ചില വസ്തുതകൾ പരിഗണിച്ചുകൊണ്ടും അപ്പീൽവാദി ഉത്തരവാദി യായി കണ്ടെത്തപ്പെട്ട പിന്നീടുള്ള സംഭവങ്ങൾ ശ്രദ്ധയിൽ എടുത്തുകൊണ്ടും വിവാഹമോചനം അനുവദിച്ചു. അപ്പീൽ വാദിയുടെ പ്രവൃത്തികളെ വിവാഹത്തിലെ പ്രതികാര സമീപനത്തിന്റെ ഒരു പ്രതിഫലനമായി അല്ലെങ്കിൽ വിവാഹത്തിന്റെ പുനഃസ്ഥാപന ത്തിനുള്ള വിധിക്ക് അനുസൃതമായ പുനഃ സംയോജനത്തിനുശേഷം പകരംവീട്ടലിനു വേണ്ടിയുള്ളതായി ഹൈക്കോടതി നിരീക്ഷി ക്കുകയുണ്ടായി. പ്രസ്തുത വിശകലനം 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ (ചുരുക്കത്തിൽ "ആക്റ്റ്") 13(1)-ാം വകുപ്പിന്റെ പരിധികൾക്കുള്ളിൽ ന്യായീകരിക്കത്തക്ക താണോ എന്നുള്ളതാണ് പ്രത്യേക അനുമതി

മുഖേനയുള്ള ഈ അപ്പീലിലെ തർക്കവിഷയം, ഇതിൽ ഭാര്യയ്ക്ക് അനുകൂലമായി അനുവദിച്ച ദാമ്പത്യ അവകാശങ്ങളുടെ പുനഃസ്ഥാപന ത്തിനുള്ള വിധിയെ മറിച്ചു വിധിക്കുകയും എതിർകക്ഷി ഭർത്താവ് സമർപ്പിച്ച ഹർജി അനുവദിച്ചുകൊണ്ട് വിവാഹ മോചനം വഴി വിവാഹം വേർപെടുത്തുന്നതിനുള്ള ഒരു വിധി പാസ്സാക്കുകയും ചെയ്തുകൊണ്ട് എംഎഫ്എ നം. 9164/2004-ൽ കർണ്ണാടക ഹൈക്കോടതി പാസ്സാക്കിയ 11-09-2009-ലെ വിധിന്യായവും വിധിയും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

3. ബാംഗ്ലൂരിലെ കടുഗൊണ്ടനഹള്ളി അംബേദ്കർ മെഡിക്കൽ കോളേജിലെ അസ്സോസ്സിയേറ്റ് പ്രൊഫസറായ എതിർകക്ഷി-ഭർത്താവ് ജൂഡീഷ്യലായുള്ള വേർപെടുത്ത ലിനും വിവാഹം വേർപെടുത്തലിനുമുള്ള ഒരു വിധി ആവശ്യപ്പെട്ടുകൊണ്ട് ആക്റ്റിലെ 13(1)-ാം വകുപ്പ് പ്രകാരം എം.എസ്.നം. 5/2001 എന്ന ഒരു ഹർജി ഫയൽചെയ്യുകയുണ്ടായി. എന്നിരു ന്നാലും, നടപടിയുടെ വേളയിൽ ജുഡീഷ്യ ലായുള്ള വേർപെടുത്തലിനു വേണ്ടിയുള്ള അഭ്യർത്ഥന ഉപേക്ഷിക്കുകയും ഹർജിയെ ആക്റ്റിലെ 13(1) (ഐബി) വകുപ്പ് പ്രകാരമുള്ള വിവാഹമോചനം വഴി വിവാഹം വേർപെടു ത്തൽ ആവശ്യപ്പെടുന്ന ഒന്നായി മാറ്റുകയും ചെയ്തുകൊണ്ട് ഹർജി ഭേദഗതി ചെയ്യപ്പെടുക യുണ്ടായി.

4. കുടുംബ കോടതി മുമ്പാകെ ഫയൽ ചെയ്ത ഹർജിയിൽ, കക്ഷികൾ തമ്മിലുള്ള വിവാഹം ഹൈന്ദവ ചടങ്ങുകളും ആചാര ങ്ങളും അനുസരിച്ച് 23-11-1994-ൽ നടത്ത പ്പെട്ടുവെന്ന് എതിർകക്ഷി-ഭർത്താവ് പ്രസ്താ വിച്ചിരുന്നു. വിവാഹത്തിനുശേഷം ഭർത്താവും ഭാര്യയും ഭർത്താവിന്റെ അച്ഛന്റെ വീട്ടിൽ ഒന്നര വർഷം ഒരുമിച്ച് താമസിക്കുകയും എന്നാൽ ആദ്യ ദിവസം മുതൽ തന്നെ അപ്പീൽവാദി--ഭാര്യ സഹകരിക്കാതിരിക്കുകയും അഹങ്കാരിയാ യിരിക്കുകയും ചെയ്തു. കൂടാതെ ഭർത്താവിന്റെ കുടുംബാംഗങ്ങളോടുള്ള അവരുടെ പെരുമാറ്റം അംഗീകരിക്കാനാവാത്തതുമായിരുന്നു. തെറ്റി ദ്ധാരണയുണ്ടായിരുന്നിട്ടും ആ വൈവാഹിക ബന്ധത്തിൽ ഒരു ആൺകുട്ടി ജനിക്കുകയും അതിനുശേഷം ഭാര്യ കുട്ടിയെ എടുത്തുകൊണ്ട് വീട്വിട്ട് പോകുകയും ഭർത്താവിന്റെയടുത്തോ അയാളുടെ കുടുംബത്തിലോ മൂന്ന് വർഷക്കാലം തിരികെ വരാതിരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വൈവാഹിക ഭിന്നതയും സമ്പൂർണ്ണ മായ സ്വഭാവവ്യത്യാസവും ഉണ്ടായിരി ക്കുകയും എല്ലാ ബന്ധങ്ങളും വേർപെടുത്തി ക്കൊണ്ട് അവർ അയാളെ ഉപേക്ഷിക്കുകയും ചെയ്തിരുന്നുവെന്ന് വാദിക്കുകയുണ്ടായി. അവർ പിഞ്ചു കുഞ്ഞിനെ അവരുടെ മാതാ പിതാക്കളുടെ സൂക്ഷിപ്പിൽ വിടുകയും ഗുൽബർഗാ മെഡിക്കൽ കോളേജിൽ ഒരു ബിരുദാനന്തര ബിരുദ കോഴ്സിനു ചേരുകയും ചെയ്തിരുന്നുവെന്ന്കൂടി ആരോപിക്കുക യുണ്ടായി. അവരെ തിരികെ കൊണ്ടുവരുന്ന തിനുള്ള ഭർത്താവിനാലുള്ള എല്ലാ ശ്രമങ്ങളും അയാൾ എഴുതിയ കത്തുകൾക്ക് ഒരിക്കലും മറുപടി ലഭിക്കാത്തിടത്തോളം വൃഥാ വിലാവുകയും ചെയ്തു. ഭാര്യയുടെ പ്രതികരണ മില്ലാത്ത സമീപനമുണ്ടായിരുന്നിട്ടും സാധാരണ മായ ഒരു വൈവാഹിക ജീവിതം നയിക്കുന്ന തിനുവേണ്ടി അയാൾ, അനുരഞ്ജനത്തിനുള്ള പ്രതീക്ഷ കൈവിടാതെ, അയാളുടെ ഭാര്യയുടെ വീട്ടിലേക്ക് പോയി, എന്നാൽ അവരുടെ മാതാപിതാക്കൾ അയാളെ വീട്ടിൽ നിന്നും ബലം പ്രയോഗിച്ച് പുറത്താക്കിക്കൊണ്ട് അയാളോട് മോശമായി പെരുമാറി.

5. അവർ അവരുടെ കോഴ്സ് പൂർത്തി യാക്കിയശേഷം, കുട്ടിയോടൊത്ത് അവരുടെ മാതാപിതാക്കളോടൊപ്പം ബാംഗ്ലൂരിൽ താമസിച്ചു തുടങ്ങിയെന്നും കുട്ടിയുടെ പേരിടീൽ ചടങ്ങിന് അയാളെയും ക്ഷണിച്ചില്ല അയാളുടെ കുടുംബാംഗ ങ്ങളെയും ക്ഷണിച്ചില്ല എന്നതായിരുന്നു ഭർത്താവിന്റെ പ്രസ്താവം. വെളിപ്പെടുത്തിയതുപോലെ, ഭാര്യയുടെ പെരുമാറ്റം അതിയായ മാനസിക ക്ഷതവും മുറിവും ഉണ്ടാക്കിയിട്ടുള്ളതും, അവരെ സമാധാനപ്പെടുത്തുവാനും ഭർത്തൃഭവനത്തി ലേക്ക് അവരെ തിരികെകൊണ്ടുവരുവാനും അയാൾ പോയിരുന്ന വേളയിൽ അയാളുടെ ഭാര്യയുടെ കുടുംബാംഗങ്ങൾ അയാളെ അധിക്ഷേപിക്കുകയും അയാളോട് മോശമായി

പെരുമാറുകയും ചെയ്തപ്പോൾ, അയാൾ അസഹനീയമായ മാനസികവേദന അനുഭവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. സാധാരണ നില കൈവരിക്കുവാൻ കത്തുകളിൽ കൂടിയുള്ള അയാളുടെ എല്ലാ അഭ്യർത്ഥനകളും അപേക്ഷകളും പാഴായിപ്പോവുകയും, അത് തന്റെ അഭിഭാഷകൻ വഴി ഒരു നോട്ടീസ് നൽകുവാൻ അയാളെ നിർബന്ധിതനാക്കുകയും ചെയ്തു. എന്നാൽ അവർ ആയതിന് പ്രതികരിക്കാതിരിക്കാൻ തീരുമാനിച്ചു. ഈ സാഹചര്യങ്ങളിൽ, ജുഡീഷ്യലായുള്ള വേർപെടുത്തലിനുവേണ്ടി ഹർജി ഫയൽ ചെയ്യുകയും, അതിനുശേഷം മുമ്പ് പറഞ്ഞിട്ടുള്ളതുപോലെ, അവർ അയാളുടെ സഹവാസത്തിൽ നിന്ന് മനഃപൂർവ്വം പിൻവാങ്ങിയിരുന്നതുകൊണ്ട് ഉപേക്ഷിക്കൽ കാരണത്തിന്മേൽ വിവാഹം വേർപെടുത്തൽ ആവശ്യപ്പെട്ടു കൊണ്ട്, അഭ്യർത്ഥന ഭേദഗതി ചെയ്യുകയുണ്ടായി.

6. ഭാര്യ, ഭർത്തൃഭവനത്തിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ, എതിർ വീട്ടിൽ താമസിച്ചിരുന്ന ഭർത്താവിന്റെ സഹോദരിയും അവരുടെ ഭർത്താവും കൂടെക്കൂടെയുള്ള സന്ദർശകരായിരുന്നുവെന്നും അവരുടെ ഇടപെടൽ ദമ്പതികളുടെ സാധാരണ ജീവിതധാരയെ ബാധിച്ചിരുന്നുവെന്നും മറ്റു പലതിന്റെയും കൂട്ടത്തിൽ പ്രസ്താവിച്ചു കൊണ്ടുള്ള ആക്ഷേപങ്ങൾ അവർ ഫയൽ ചെയ്യുകയുണ്ടായി. പഠനം തുടരുവാൻ ഭാര്യയെ അനുവദിക്കുവാൻ പാടില്ല എന്നതിലും അവരെ ശമ്പളമില്ലാത്ത ഒരു ജോലിക്കാരിയായി വീട്ടിൽ സൂക്ഷിക്കേണ്ടതാണ് എന്നതിലും അവർ ഭർത്താവിൽ സ്വാധീനം ചെലുത്തി. വാദിച്ചിട്ടുള്ളതുപോലെ, ഭർത്താവിന് അയാളുടെ സഹോദരിയും അവരുടെ ഭർത്താവും ആഗ്രഹിച്ചിരുന്ന രീതിയിൽ ഭാര്യയോട് പെരുമാറു വാൻ കഴിയാതിരുന്നതുകൊണ്ടും കൂടാതെ, പരസ്യമായി വിസമ്മതം പ്രകടിപ്പിക്കുവാൻ കഴിയാതിരുന്നതുകൊണ്ടും അയാൾ തകർന്ന് തരിപ്പണമായി. ആ നിർണ്ണായകസമയത്ത്, അവർ ഗർഭിണിയായി രുന്നതുകൊണ്ട്, ആചാരപ്രകാരം അവർ തന്റെ പിതൃഭവനത്തിലേക്ക് വരുകയും കുട്ടി ജനിച്ച സമയംകൊണ്ട് സഹോദരിയും അവരുടെ ഭർത്താവും ഭർത്താവിന്റെ മനസ്സിനെ വിഷമയമാക്കുന്നതിൽ വിജയിക്കുകയും അതിന്റെ ഫലമായി യഥാവിധി ക്ഷണിച്ചിട്ടു പോലും പേരീടീൽ ചടങ്ങിന് അയാൾ വരുകയോ അയാളുടെ ബന്ധുക്കൾ വരികയോ ചെയ്തിട്ടുമില്ല. ഭർത്താവ് അയാളുടെ സഹോദരിയുടെയും അവരുടെ ഭർത്താവിന്റെയും ദുരുപദേശത്തിൻ കീഴിൽ പ്രവർത്തിക്കുകയായിരുന്നതുകൊണ്ട്, ഭർത്തൃ ഭവനത്തിലേക്ക് തിരികെ വരുവാനുള്ള അവരുടെ എല്ലാ ശ്രമങ്ങളും ഏതൊരു ഫലവും ഉളവാക്കിയില്ല. ന്യായമായ ഏതൊരു കാരണമോ ന്യായീകരണമോ ഇല്ലാതെ അയാൾ തന്റെ വൈവാഹിക കടമകൾ നിറവേറ്റുവാൻ വിസമ്മതിച്ചിരുന്നുവെന്ന് ബോധിപ്പിക്കുകയുണ്ടായി. അവർ അയാളോട് ഒരിക്കലും ക്രൂരതയോടുകൂടി പെരുമാറുകയോ അവരുടെ മാതാപിതാക്കളുടെ വീട്ടിൽനിന്ന് അയാളെ കുറുക്കുവഴിയിലൂടെ പുറത്താക്കുകയോ ചെയ്തിട്ടില്ലായെന്ന പ്രസ്താവത്തിന്മേൽ മാനസിക ക്ഷതിയുടെയും മുറിവിന്റേയും വാദം എതിർക്കപ്പെടുകയുണ്ടായി.

7. അതേ ഹർജിയിൽ, ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനുവേണ്ടി ഭാര്യ ആക്റ്റിലെ 9—ാം വകുപ്പ് പ്രകാരം ഒരു അപേക്ഷ ഫയൽ ചെയ്യുകയും, ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള യാതൊരു കേസും സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നും നേരെ മറിച്ച്, ദുരുദ്ദേശപരമായ ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്ന് മറ്റു പലതിന്റേയും കൂട്ടത്തിൽ പ്രസ്താവിച്ചുകൊണ്ട് അതിന് ഒരു ആക്ഷേപം ഭർത്താവ് ഫയൽ ചെയ്തു എന്ന് പറയേണ്ടതാണ്. ഭാര്യ അയാളെ അഞ്ചു വർഷത്തിൽ കൂടുതൽ കാലമായി ഉപേക്ഷിച്ചിരുന്നുവെന്നും അയാളെ നിരന്തരമായും സ്ഥിരമായും അവർ പീഡിപ്പിച്ചു കൊണ്ടിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

8. ഭാര്യയും ഭർത്താവും അവരെ സംബന്ധിച്ച വാദങ്ങൾക്ക് ഉപോൽബലകമായി സത്യവാങ്മൂലം വഴി തെളിവ് ഫയൽ ചെയ്യുകയും അവർ മറുഭാഗത്താൽ ദീർഘമായി എതിർവിസ്താരം ചെയ്യപ്പെടുകയും ചെയ്തു.

ഭർത്താവിനു വേണ്ടി എക്സിബിറ്റുകൾ പി-1 മുതൽ പി-12 വരെയായി 12 രേഖകൾ എക്സിബിറ്റു ചെയ്യപ്പെടുകയും ഭാര്യയ്ക്കു വേണ്ടി ഒരു സാക്ഷി വിസ്തരിക്കപ്പെടുകയും എക്സിബിറ്റുകൾ ആർ-1 മുതൽ ആർ-4 വരെ, 4 രേഖകൾ എക്സിബിറ്റു ചെയ്യപ്പെടുകയും ചെയ്തു.

9. കുടുംബ കോടതി പരിഗണനയ്ക്കു വേണ്ടി താഴെപ്പറയുന്ന സംഗതികൾ തയ്യാറാക്കി:-

"(1) ഹർജിക്കാരൻ, എതിർകക്ഷി അയാളെ ഹർജി ബോധിപ്പിച്ചതിന് തൊട്ടു മുമ്പുള്ള തുടർച്ചയായ രണ്ടു വർഷത്തിൽ കുറയാത്ത കാലാവധിയിൽ കൈയ്യേറ്റം ചെയ്തിട്ടുണ്ടെന്ന് തെളിയിക്കുന്നുണ്ടോ?

(2) ഹർജിക്കാരൻ ന്യായമായ കാരണമില്ലാതെ സഹവാസത്തിൽ നിന്നും പിൻവാങ്ങിയിരുന്നുവെന്ന് എതിർകക്ഷി തെളിയിക്കുന്നുണ്ടോ?

(3) അഭ്യർത്ഥിച്ചിട്ടുള്ള പോലെ വിവാഹ മോചന വിധിക്ക് ഹർജിക്കാരന് അവകാശമുണ്ടോ?

(4) അഭ്യർത്ഥിച്ചിട്ടുള്ളതു പോലെ ദാമ്പത്യാവകാശത്തിന്റെ പുനഃസ്ഥാപനത്തിനുള്ള വിധിക്ക് എതിർകക്ഷിക്ക് അവകാശമുണ്ടോ?

(5) എന്ത് ഉത്തരവ്?"

10. കുടുംബ കോടതിയിലെ പാണ്ഡിത്യമുള്ള പ്രിൻസിപ്പൽ ജഡ്ജി, രേഖയിൽ കൊണ്ടുവന്നിട്ടുള്ളവാക്കാലും രേഖാമൂലവു മുള്ള തെളിവ് വിലയിരുത്തിക്കൊണ്ട് ഭാര്യയ്ക്കും ഭർത്താവിനുമിടയിൽ യാതൊരു കലഹവും ഉണ്ടായിരുന്നില്ലെന്നും; കുട്ടിയുടെ ജനനത്തിനു ശേഷം പോലും ഭർത്താവും അയാളുടെ കുടുംബാംഗങ്ങളും കുട്ടിയെ കാണുന്നതിന് ഭാര്യയെ അവളുടെ പിതൃഭവനത്തിൽ സന്ദർശിക്കുകയുണ്ടായിരുന്നുവെന്നും; അയാൾ കുട്ടിയെ കാണുവാൻ അയാളുടെ ഭാര്യയുടെ വീട്ടിലേക്ക് പോയിരുന്നപ്പോൾ ഏതൊരു രീതിയിലും അയാളോട് മോശമായി പെരുമാറിയിട്ടില്ല എന്ന് കാണിക്കുന്നതിനുള്ള യാതൊരു വസ്തുതയും രേഖയിൽ കൊണ്ടുവന്നിട്ടില്ലായെന്നും; കുട്ടി ജനിച്ചതിനുശേഷം അയാൾ കുട്ടിയെ അവരോടൊപ്പം പ്രതിരോധ കുത്തിവയ്പ്പിനു വേണ്ടി കൊണ്ടു പോകുകയും കുറെ സമയം ചെലവഴി ക്കുകയും ചെയ്തി രുന്നുവെന്നും; ഭർത്താവും അയാളുടെ ബന്ധുക്കളും കുട്ടിയുടെ പേരിടീൽ ചടങ്ങിന് ക്ഷണിക്കപ്പെട്ടെങ്കിലും പങ്കെടുക്കാതിരിക്കുവാൻ അവർ തീരുമാനിച്ചിരുന്നുവെന്നും, എക്സിബിറ്റ് ആർ-2 ലുള്ള ഫോട്ടോഗ്രാഫിൽ നിന്നും തന്റെ മകനെ തിരിച്ചറിയുവാൻ ഭർത്താവിന് കഴിഞ്ഞിരുന്നു വെന്നും, കുട്ടിയെ കാണുവാൻ അയാൾ അനുവദിക്കപ്പെട്ടിട്ടില്ല എന്ന ഭർത്താവിന്റെ വാദത്തിന് സ്വീകാര്യത അർഹിച്ചിട്ടില്ലെന്നും; ദാമ്പത്യബന്ധം അവസാനിപ്പിക്കുവാൻ ഭാര്യയ്ക്ക് ഏതൊരു ഉദ്ദേശ്യവും ഇല്ലായിരുന്നു വെന്നും നേരെ മറിച്ച്, അവർ പ്രസവത്തിനു വേണ്ടി അവരുടെ പിതൃഭവനത്തിൽ താമസിക്കുകയും പിന്നീട് ഉന്നതപഠനം തുടരുന്നതിനു വേണ്ടി ഗുൽബർഗയിൽ തന്നെ താമസിക്കേണ്ടിവരികയും ചെയ്തിരുന്നുവെന്ന് സാഹചര്യങ്ങൾ സ്ഥാപിച്ചിട്ടില്ലെന്നും; എക്സിബിറ്റ് ആർ-4 -ൽ നിന്നും പ്രകടമാകുന്നതു പോലെ അവർ ഗുൽബർഗയിൽ പഠിച്ചുകൊണ്ടിരിക്കുന്ന വേളയിൽ ഭർത്താവ് അവിടെ രണ്ടു ദിവസങ്ങൾ, അതായത്, 27-05-1999-ലും 28-05-1999-ലും താമസിച്ചിരുന്നുവെന്നും; ഭാര്യ അവിടെ പഠനത്തിനുവേണ്ടി അയാളുടെ അനുവാദം കൂടാതെ പോകുകയും അവർ അയാളെ ഉപേക്ഷിക്കുകയും ചെയ്തിരുന്നു വെന്നുമുള്ള ഫലത്തിലേക്ക് എക്സിബിറ്റ് പി-3, പി-7, പി-9, പി-11 എന്നിവ മുഖേനയുള്ള കത്തുകളിൽ നിന്നും ഗ്രഹിക്കത്തക്ക യാതൊന്നും ഇല്ലായിരുന്നുവെന്നും; ഭർത്താവ് കുട്ടിയുടെ ജനനത്തിനുശേഷം ഭാര്യയുടെ മാതാപിതാക്കളുടെ വീട് സന്ദർശിക്കുന്നത് നിർത്തലാക്കിയത് ഏത് തീയതി മുതലാണെന്ന് അയാൾ വെളിപ്പെടുത്തിയിട്ടില്ലെന്നും; ഭർത്താവ് എഴുതിയ കത്തുകളിൽ ഭാര്യയുടെ സഹകരണമില്ലാത്ത പെരുമാറ്റം പ്രതിഫലിച്ചിട്ടില്ലെന്നും; വൈവാഹികബന്ധം അവസാനിപ്പിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി ഭാര്യ

ഭർത്താവിനെ ഉപേക്ഷിച്ചിരുന്നുവെന്ന ഒരു നിശ്ചിത തീരുമാനത്തിലേക്ക് വരുവാൻ മതിയായ യാതൊരു തെളിവുമില്ലായിരുന്നു വെന്നും; ഉപേക്ഷിക്കൽ ഉണ്ടായിരുന്നു എന്ന് അനുമാനിച്ചാലും, ആയത് ഹർജി ബോധി പ്പിച്ചതിന് തൊട്ടുമുമ്പുള്ള തുടർച്ചയായ രണ്ടു വർഷക്കാലാവധിയിലായിരുന്നില്ലെന്നും; ഭർത്താവ്, 15-09-1999 നുശേഷം കത്തുകൾ എഴുതുക മാത്രമെ ചെയ്തിരുന്നുള്ളൂവെന്നും അവർ അയാളെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ, ഭാര്യയുമായുള്ള വിവാഹപരമായ ബന്ധങ്ങൾ വീണ്ടെടുക്കലിനുവേണ്ടി എന്ത് നടപടികളാണ് അയാൾ എടുത്തിരുന്നത് എന്ന് കാണിക്കുവാൻ യാതൊന്നും രേഖയിൽ കൊണ്ടുവന്നിട്ടില്ലെന്നും; അയാളുടെ സഹോദരിയുടെയും അവരുടെ ഭർത്താവിന്റെയും ഇടപെടൽകൊണ്ട് ഭർത്തൃ ഭവനത്തിലേക്ക് തിരികെവരാൻ ഭാര്യ അനുവദിക്കപ്പെട്ടിട്ടില്ലായെന്നും; കത്തുകൾക്ക് അവർ പ്രതികരിക്കാതിരുന്നത് മറുപടി എഴുതുവാൻ അവർ ആലോചിച്ചു കൊണ്ടിരി ക്കുമ്പോൾ തന്നെ ഹർജി ഫയൽ ചെയ്യുക യുണ്ടായി എന്ന ഭാര്യ നൽകിയ വിശദീകരണം സ്വീകാര്യമായിരുന്നുവെന്നും; ഭർത്താവ് അംബേദ്കർ മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയും ഭാര്യ പത്തോളജി ഡിപ്പാർട്ട്മെന്റിൽ ചേരുകയും ചെയ്ത നിലയിൽ അത് അവർ ഒരു സാധാരണ വൈവാഹിക ജീവിതം നയിക്കുന്ന തിന് ഭർത്താവിനോട് ചേരുവാൻ ഇഷ്ടപ്പെട്ടിരുന്നുവെന്ന് കാണി ക്കുന്നുവെന്നും; ഭർത്താവാണ് ന്യായമായ ഒരു കാരണവും ഇല്ലാതെ ഭാര്യയുടെ സഹവാസ ത്തിൽ നിന്നും പിൻവാങ്ങിയിരുന്നതെന്നും വിധിക്കുകയുണ്ടായി. പാണ്ഡിത്യമുള്ള കുടുംബ കോടതി ജഡ്ജി ഈ വീക്ഷണ മെടുത്തു കൊണ്ട് വിവാഹമോചനത്തിനുള്ള അപേക്ഷ തള്ളിക്കളയുകയും ദാമ്പത്യാവകാശ ങ്ങളുടെ പുനഃസ്ഥാപനത്തിനു വേണ്ടി ആക്റ്റിലെ 9-ാം വകുപ്പുമായി കൂട്ടിവായിച്ച 23(എ) വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഭാര്യയുടെ അപേക്ഷ അനുവദിക്കുകയും ചെയ്തു.

11. പാണ്ഡിത്യമുള്ള കുടുംബ കോടതി ജഡ്ജി പ്രസ്തുത വിധിന്യായവും വിധിയും പാസ്സാക്കിയതിനുശേഷം, എതിർകക്ഷി ഉടൻതന്നെ അപ്പീൽ ബോധിപ്പിച്ചില്ല. ഒത്തു ചേരുവാൻ ഭാര്യയ്ക്ക് വേണ്ടി അയാൾ കാത്തിരിക്കുകയും പ്രസ്തുത ആവശ്യത്തിനു വേണ്ടി അയാൾ അവർക്ക് കത്തുകൾ എഴുതുകയും, യാതൊരു പ്രതികരണവും ഇല്ലാത്തതു കൊണ്ട് അയാൾ അഭിഭാഷകൻ വഴി ഒരു നോട്ടീസ് അയയ്ക്കുകയും ചെയ്തു. ഭാര്യ, അവസാനമായി, 22-08-2004-ൽ പോലീസ് വകുപ്പിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു ബന്ധുവിനോടൊപ്പം ഭർത്തൃഭവനത്തിൽ വന്നിരുന്നു. സംഭവങ്ങളുടെ മാറ്റം വെളി വാക്കുന്നതുപോലെ, സ്ത്രീധനം ആവശ്യ പ്പെട്ടുവെന്ന് ആരോപിച്ചുകൊണ്ട് ഭർത്താവിനും അമ്മയ്ക്കും സഹോദരിയ്ക്കുമെതിരെ ബസവേശ്വരനഗറിൽ 17-10-2004-ലെ 401/2004-ാം നമ്പർ എഫ്.ഐ.ആർ ഭാര്യ ലോഡ്ജ് ചെയ്യുകയും, അതിന്റെ അനന്തര ഫലമായി ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 34-ാം വകുപ്പുമായി കൂട്ടിവായിച്ച 498 എ യും 506—ഉം വകുപ്പുകൾ പ്രകാരവും കൂടാതെ സ്ത്രീധന നിരോധന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവുമുള്ള കുറ്റങ്ങൾക്ക് ഒരു പ്രതിയെന്ന നിലയിൽ ഭർത്താവ് അറസ്റ്റ് ചെയ്യപ്പെട്ടു. ജാമ്യത്തിൽ വിടുന്നതുവരെ അയാൾ ഒരു ദിവസം കസ്റ്റഡിയിൽ ആയിരുന്നു. അയാളുടെ മാതാ പിതാക്കൾ സ്വയം ഒളിവിൽ പോകുവാൻ നിർബ്ബന്ധിതരാകുകയും ക്രിമിനൽ നടപടി നിയമസംഹിതയിലെ 438-ാം വകുപ്പ് പ്രകാര മുള്ള ഒരു അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത വ്യവസ്ഥയുടെ ആനുകൂല്യം അന്തിമമായി പ്രയോജനപ്പെടുത്തുകയും ചെയ്തു. ഈ എല്ലാ സംഭവങ്ങളും ഉണ്ടായ തിനുശേഷം, ഭർത്താവ് ഹൈക്കോടതി മുമ്പാകെ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഒരു അപ്പീൽ ബോധി പ്പിക്കുകയും അത് എം.എഫ്.എ നം. 9164/04 ലിലെ (കുടുംബ കോടതി) വിഷയം ആകുകയും ചെയ്തു. ഹൈക്കോടതി കാലതാമസം മാപ്പാക്കുകയും, അപ്പീൽ മെമ്മോറാണ്ടത്തിൽ

ഉന്നയിച്ചിരുന്ന കാരണങ്ങൾ ശ്രദ്ധയിലെടുക്കുകയും, ഭാര്യയുടെ പെരുമാറ്റത്തെ പ്രതിഫലിപ്പിച്ച പിന്നീടുള്ള സംഭവങ്ങളെ വിലയിരുത്തുകയും, ഭർത്താവുമായി ഒരു സാധാരണ വൈവാഹിക ജീവിതം നയിക്കുന്നതിനുള്ള ഉദ്ദേശ്യം അവർക്ക് ഒരിക്കലും ഉണ്ടായിരുന്നില്ലായെന്നും വാസ്തവത്തിൽ ഭർത്താവുമായി പിരിഞ്ഞു താമസിക്കുവാനും നിബന്ധനകൾ അടിച്ചേൽപ്പി ക്കുവാൻ അവർ ആഗ്രഹിച്ചിരുന്നുവെന്നും അത് അയാളുടെ വികാരങ്ങൾക്ക് മുറിവേൽപ്പിച്ചിരുന്നുവെന്നും ഭാര്യയുടെ സമീപനം സ്ഥിരീകരിച്ചിട്ടുണ്ടന്നും അഭിപ്രായ പ്പെടുകയും ചെയ്തു. ഭർത്താവ് പല അവസരങ്ങളിൽ ഗുൽബർഗയിൽ പോകുവാൻ ശ്രമങ്ങൾ നടത്തുകയും ഭർത്തൃഭവനത്തിലേക്ക് തിരികെവരുന്നതിന് ഭാര്യയെ അനുനയിപ്പിക്കുവാൻ ശ്രമിക്കുകയും എന്നാൽ, അയാളുടെ ശ്രദ്ധാ പൂർവ്വമായ എല്ലാ ശ്രമങ്ങളും ദയനീയമായ പരാജയത്തിൽ കലാശിക്കുകയും ചെയ്തുവെന്ന തീരുമാനത്തിലേക്ക് ഹൈക്കോടതി വീണ്ടും വരികയുണ്ടായി. ചോദ്യംചെയ്യപ്പെട്ട വിധിന്യായം പ്രതിഫലിപ്പിക്കുന്നതുപോലെ, ഭാര്യയുടെ പെരുമാറ്റം അവർ ഭർത്തൃഭവനത്തിൽ നിന്നും മനഃപൂർവ്വം മാറി താമസിക്കുകയും ഭർത്താവിനെയും അയാളുടെ കുടുംബത്തെയും ഒരു ക്രിമിനൽ വ്യവഹാരത്തിൽ തള്ളിവിട്ടതു വഴി ബോധപൂർവ്വമായി മാനസിക വേദന ഉണ്ടാക്കുകയും ചെയ്തുവെന്ന് സ്ഥാപിച്ചിരിക്കുന്നു. അതുകൂടാതെ, ഹൈക്കോടതി ദീർഘകാലമായുള്ള പിരിഞ്ഞിരിക്കലിനെ കണക്കിലെടുക്കുകയും അതിന് അനുസൃതമായി ദാമ്പത്യ അവകാശങ്ങളുടെ പുനഃസ്ഥാപനത്തിനുള്ള വിധിന്യായത്തെയും വിധിയെയും അസാധുവാക്കുകയും കക്ഷികൾ തമ്മിലുള്ള വിവാഹം വേർപെടുത്തുന്നതിനുള്ള ഒരു വിധി പാസാക്കുകയും ചെയ്തു.

12. അപ്പീൽ വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ശാന്ത് കുമാർ വി. മൊഹാലെയും എതിർകക്ഷിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ബാലാജി ശ്രീനിവാസനെയും ഞങ്ങൾ കേൾക്കുകയുണ്ടായി.

13. വിവാഹമോചനത്തിനുള്ള ഹർജി ഉപേക്ഷിക്കലിന്റെ കാരണത്തിന്മേൽ മാത്രം സ്ഥാപിക്കപ്പെടുകയും ഭാര്യയുടെ ഭാഗത്തുള്ള ഉപേക്ഷിക്കലിന്റെ ഒരു കേസ് ഉണ്ടാക്കിയെടുക്കുന്നതിന് ആക്റ്റിലെ 13(1) (ഐ.ബി) വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഘടകങ്ങൾ തൃപ്തീകരിക്കപ്പെട്ടിട്ടില്ല എന്ന ഒരു കണ്ടെത്തൽ കുടുംബ കോടതി പ്രസ്താവിക്കുകയും ചെയ്തിട്ടുള്ളപ്പോൾ, ആയതുമായി ഹൈക്കോടതി യോജിച്ചിരിക്കേണ്ടതും മാനസിക ക്രൂരതയുടെ അടിസ്ഥാനത്തിൽ എതിർകക്ഷി-ഭർത്താവിനുവേണ്ടി ഒരു കേസ് ഉണ്ടാക്കിയെടുക്കാൻ മുമ്പോട്ട് പോകാതിരിക്കേണ്ടതുമായിരുന്നു എന്ന് അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകൻ ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ നിയമപരമായ നിലനിൽപ്പിനെ ചോദ്യം ചെയ്തുകൊണ്ട് ബോധിപ്പിക്കുകയുണ്ടായി. പ്രസ്തുത വസ്തുതയെ നിഷേധിക്കുന്നതിനുള്ള ഒരവസരം അപ്പീൽ വാദിക്ക് നൽകാതെ ഹൈക്കോടതി പിന്നീടുള്ള സംഭവങ്ങൾ, പരിഗണനയ്ക്ക് എടുത്തിട്ടുള്ളതും അത് തനിയെ ആ വിധിന്യായത്തെ നിയമപരമായി വിമർശിക്കുവാൻ സാദ്ധ്യതയുള്ളതുമാക്കിത്തീർക്കുന്നു. കത്തുകൾ അയച്ച കാലാവധിയെയും ഭാര്യ നില നിറുത്തിയിരുന്ന, വസ്തുതാപരമായി ശരിയല്ലാത്ത മൗനത്തെയും ഹൈക്കോടതി തെറ്റായി തീരുമാനിച്ചിട്ടുള്ളതും വാസ്തവത്തിൽ ഉപേക്ഷിക്കൽ ആശയം, നിയമത്തിൽ മനസ്സിലാക്കപ്പെടുന്നതുപോലെ, പര്യാപ്തമായ തെളിവ് കൊണ്ട് തെളിയിക്കപ്പെട്ടിട്ടില്ലാത്തതും, എന്നാൽ മറിച്ച്, വിവാഹമോചനത്തിനുള്ള ഒരു കേസ് ഉണ്ടാക്കിയെടുക്കുവാൻ ഭാര്യയുടെ ഭാഗത്ത് യാതൊരു ഉപേക്ഷിക്കലും വാസ്തവത്തിൽ ഉണ്ടായിരുന്നില്ല എന്ന് കാണിക്കുവാൻ കുടുംബ കോടതിയാലുള്ള രേഖയിലുള്ള തെളിവിന്റെ വിശകലനം വേണ്ടത്രത്തോളം പോകുകയും ചെയ്യുന്നുവെന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. കക്ഷികൾ തമ്മിലുള്ള വിവാഹം നേരെയാക്കാനാകാത്തവിധം തകർന്നിരുന്നുവെന്നും ആയതിനാൽ വിവാഹ മോചനം വഴി വിവാഹം വേർപെടുത്തലിനുള്ള

ഒരു വിധി നൽകുന്നത് ആവശ്യകതയായിരുന്നുവെന്നും അത് വിവാഹമോചനം നൽകുന്നതിനുള്ള ഒരു കാരണമായിരിക്കുവാൻ കഴിയുകയില്ലെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് അയാളുടെ വീണ്ടുമുള്ള വാദം. പാണ്ഡിത്യമുള്ള അഭിഭാഷകൻ, *ലച്ച്മൽ ഉധംചന്ദ് കിർപാലനി* അഭി *മോട്ട എന്ന മീന, കെ. നാരായണൻ* അഭി *കെ. ശ്രീദേവി, മോഹിന്ദർ സിംഗ്* അഭി *ഹർബെൻസ് കൗർ, ശ്രീമതി ഇന്ദിര ഗാംഗലെ* അഭി *ഷൈലേന്ദ്ര കുമാർ ഗാംഗലെ* എന്നീ കേസുകളിലെ വിധിന്യായങ്ങളിൽ ആശ്രയം അർപ്പിച്ചിട്ടുണ്ട്.

14. ഭർത്താവ് ഫയൽ ചെയ്ത ഹർജി മുഴുവനും വായിക്കുകയാണെങ്കിൽ, അയാളുടെ ഭാര്യയും അവരുടെ കുടുംബാംഗങ്ങളും അയാളോട് കാണിച്ച പെരുമാറ്റം കാരണം അയാൾ അനുഭവിച്ചിരുന്ന മാനസിക ക്ഷതിയെയും ആഘാതത്തെയും കുറിച്ച് ഭർത്താവ് വ്യക്തമായി വാദിച്ചിരുന്നുവെന്നത് വ്യക്തമാകുന്നതാണെന്ന എതിർകക്ഷി-ഭർത്താവിന് വേണ്ടിയുള്ള അഭിഭാഷകൻ ശ്രീ. ബാലാജി ശ്രീനിവാസൻ ഉറപ്പിച്ചു പറയുകയുണ്ടായി. നീണ്ട ഏഴര വർഷം ഉത്തമ പരിശ്രമങ്ങൾ ഉണ്ടായിരുന്നിട്ടും അയാളുടെ ഭാര്യയിൽ നിന്നും വൈവാഹിക സഹകരണം അയാൾക്ക് നേടുവാൻ കഴിയാതെയിരുന്നുവെന്നും ആയത് ഹൈക്കോടതി സ്വീകരിച്ചതുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട വിധിന്യായം തെറ്റില്ലാത്തതാണെന്നും കാണിക്കുന്നതിനുള്ള തെളിവിലേക്ക് ഞങ്ങളുടെ ശ്രദ്ധ അദ്ദേഹം ക്ഷണിക്കുകയുമുണ്ടായി. അവർ ഗുൽബർഗയിൽ താമസിച്ചുകൊണ്ടിരുന്ന വേളയിൽ തന്റെ കൂടെ ചേരുവാൻ അവരോട് അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തുകൾക്ക് മറുപടി എഴുതാതിരിക്കുവാൻ ഭാര്യ തീരുമാനിച്ചപ്പോഴുള്ള അവരുടെ പ്രതികരണമില്ലാത്ത പ്രവണതയെക്കുറിച്ച് അദ്ദേഹം അടിവരയിട്ടു പറഞ്ഞു. ഭർത്താവിന്റെ എതിർവിസ്താരത്തിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിക്കുക കൂടി ചെയ്തു, അതിൽ 12-01-1998-ൽ മകനെ പ്രസവിച്ചശേഷം അവർ ഡിസ്ചാർജു ചെയ്യപ്പെട്ടപ്പോൾ അയാളും അയാളുടെ അമ്മയും ഭാര്യയെയും കുട്ടിയെയും അവരുടെ വീട്ടിലേക്ക് കൊണ്ടുവരുവാൻ ചെന്നിരുന്നെന്നും എന്നാൽ അവർ അവരുടെ പിതൃഭവനത്തിലേക്ക് പോയെന്നും കൂടാതെ, 1998 ഒക്ടോബറിൽ നടത്തിയ പേരിടീൽ ചടങ്ങിന് അയാളെയും ക്ഷണിച്ചില്ല അയാളുടെ കുടുംബാംഗങ്ങളെയും ക്ഷണിച്ചില്ല എന്ന് അയാൾ മൊഴി നൽകിയിരുന്നു. ഭാര്യയുടെ ക്രൂരമായ പെരുമാറ്റം തെളിയിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി, പിന്നീടുള്ള പെരുമാറ്റം പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് അപ്പീൽ വാദി-ഭാര്യ ഫയൽ ചെയ്ത സത്യവാങ്മൂലവും അതുപോലെതന്നെ എതിർസത്യവാങ്മൂലത്തിന് ഫയൽ ചെയ്ത എതിർവാദവും മുഖേന രേഖയിൽ കൊണ്ടുവന്നിട്ടുള്ള പിന്നീടുള്ള സംഭവങ്ങളി ലേക്ക് പാണ്ഡിത്യമുള്ള അഭിഭാഷകൻ ഞങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. മാനസിക ക്രൂരതയ്ക്കായി ഈ കോടതിയ്ക്ക് പിന്നീടുള്ള സംഭവങ്ങൾ ശ്രദ്ധയിലെടുക്കാൻ കഴിയുന്നതാണെന്നും ഹൈക്കോടതി അനുവദിച്ച വിവാഹമോചന വിധി മാറ്റാൻ പാടില്ലാത്തതാണെന്നും അയാൾ വാദിച്ചിരി ക്കുന്നു.

15. കോടതിയിൽ ഉന്നയിച്ച എതിർവാദങ്ങളെ വിലയിരുത്തുന്നതിന് ഹർജിയെയും, കക്ഷികൾ ഹാജരാക്കിയ തെളിവിനെയും കുടുംബ കോടതിയുടെ വിധിന്യായത്തെയും ഹൈക്കോടതിയുടെ വിധിന്യായത്തെയും ഞങ്ങൾ ശ്രദ്ധാപൂർവ്വം സൂക്ഷ്മമായി വായിക്കുകയുണ്ടായി. വിവാഹമോചനം നൽകുന്നതിനുവേണ്ടി ഉന്നയിച്ചിട്ടുള്ള വാദം ആക്റ്റിലെ 13(1) (ഐബി) പ്രകാരം ഉള്ളതാണ്. ഹർജി ഹാജരാക്കുന്നതിന് തൊട്ടുമുമ്പ് രണ്ടു വർഷത്തിൽ കുറയാത്ത തുടർച്ചയായ ഒരു കാലാവധിയിലേക്കുള്ള ഉപേക്ഷിക്കലിന്റെ കാരണത്തിൻമേൽ വിവാഹമോചനം നൽകുന്നതിന് വേണ്ടി അത് വ്യവസ്ഥ ചെയ്യുന്നു. ഒരു ഭാര്യയ്ക്കോ ഭർത്താവിനോ, മറ്റേ കക്ഷി ഹർജി ഹാജരാക്കുന്നതിന് തൊട്ടുമുമ്പ് രണ്ടുവർഷത്തിൽ കുറയാതെയുള്ള തുടർച്ചയായ ഒരു കാലാവധിയിലേക്ക് വിവാഹമോചനം ആവശ്യപ്പെടുന്ന കക്ഷിയെ ഉപേക്ഷിച്ചിട്ടു

ണ്ടെങ്കിൽ, വിവാഹമോചന വിധി മുഖേന വിവാഹം വേർപെടുത്തലിന് അവകാശം ഉണ്ടായിരിക്കുന്ന താണെന്ന് മുൻ പറഞ്ഞ വ്യവസ്ഥ വ്യവസ്ഥ പറയുന്നു. വിവാഹമോചനത്തിനുള്ള ഒരു കാരണമായി ഉപേക്ഷിക്കൽ 1976-ലെ 68-ാം ആക്റ്റ് പ്രകാരം 13-ാം വകുപ്പിൽ ചേർക്കപ്പെട്ടു. ഭേദഗതിക്കുമുമ്പ് അത് ജുഡീഷ്യലായുള്ള വേർപെടുത്തലിനുള്ള ഒരു കാരണം മാത്രമായിരുന്നു. ഉപേക്ഷിക്കൽ എന്ന ആശയത്തെ പരിഗണിച്ചുകൊണ്ട് *സാവിത്രി പാണ്ടെ* അഭി *പ്രേം ചന്ദ്ര പാണ്ടെ* എന്ന കേസിൽ ഈ കോടതി ഇപ്രകാരം തീരുമാനിക്കുകയുണ്ടായി:-

ഈ ആക്ട് പ്രകാരം വിവാഹമോചനം ആവശ്യപ്പെടുന്നതിനുള്ള ഉദ്ദേശ്യത്തിനായി "ഉപേക്ഷിക്കൽ" എന്നാൽ ഭാര്യ-ഭർത്താവ് ഇവരിലൊരാളെ മറ്റെയാൾ ആദ്യം പറഞ്ഞ ആളിന്റെ സമ്മതം കൂടാതെയും ന്യായമായ കാരണങ്ങൾ ഇല്ലാതെയുമുള്ള ബോധപൂർവ്വമായ സ്ഥിരം കൈവെടിയലും ഉപേക്ഷിക്കലും എന്നർത്ഥമാകുന്നു. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, അത് വിവാഹത്തിന്റെ കടപ്പാടുകളുടെ ഒരു പൂർണ്ണമായ നിരാകരണമാണ്. ഉപേക്ഷിക്കൽ ഒരു സ്ഥലത്തു നിന്നുള്ള പിൻവലിക്കലല്ല എന്നാൽ കാര്യങ്ങളുടെ ഒരവസ്ഥയിൽ നിന്നുള്ള പിൻവലിക്കലാണ്. ആയതിനാൽ ഉപേക്ഷിക്കൽ എന്നാൽ വൈവാഹിക കടമകളിൽ നിന്ന് പിൻവലിക്കൽ അതായത്, കക്ഷികൾ തമ്മിൽ സഹവാസം അനുവദിക്കാതിരിക്കൽ അല്ലെങ്കിൽ സമ്മതിക്കാതിരിക്കലും സുഖകരമാക്കാതിരിക്കലും എന്നർത്ഥമാകുന്നു. ദുർനടപ്പ് തടയുവാനും കുട്ടികളെ ജനിപ്പിക്കുന്നതിന് വേണ്ടിയും കാമവികാരത്തിന്റെ ഇംഗിതത്തിന് നിയമപരമായി വഴങ്ങിക്കൊടുക്കുന്നതിനെ അനുവദിച്ചുകൊണ്ട്, മനുഷ്യവർഗ്ഗം നില നിർത്തുന്നതിനു വേണ്ടി സമൂഹത്തിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള ലൈംഗിക ബന്ധത്തെ നിയമത്തിൽ അധികാരപ്പെടുത്തുന്ന വിവാഹത്തിന്റെ ആശയം പരിഗണനയിൽ എടുത്തുകൊണ്ട് ഉപേക്ഷിക്കലിന്റെ തെളിവ് പരിഗണിക്കേണ്ടിയിരിക്കുന്നു. ഉപേക്ഷിക്കൽ സ്വതേ പൂർണ്ണമായ ഒരു ഒറ്റ പ്രവൃത്തിയല്ല, അത് ഓരോ കേസിന്റെയും വസ്തുതകളും സാഹചര്യങ്ങളും പ്രകാരം തീരുമാനിക്കപ്പെടേണ്ട തുടർച്ചയായ പെരുമാറ്റത്തിന്റെ ഒരു ഗതിയാണ്. താത്കാലിക വികാരത്തിന്റെ ഒരവസ്ഥയിൽ, ഉദാഹരണത്തിന് ദേഷ്യമോ, വെറുപ്പോ, സഹവാസം സ്ഥിരമായി അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കാതെ ഭാര്യ അല്ലെങ്കിൽ ഭർത്താവ് മറ്റേയാളെ ഉപേക്ഷിക്കുകയാണെങ്കിൽ, അത് ഉപേക്ഷിക്കൽ ആകുകയില്ലായെന്ന് *ബിപിൻചന്ദ്ര ജയ്സിംഗ്ഭായി ഷാ* അഭി *പ്രഭാവതി* (എ ഐ ആർ 1957 എസ്സി 176) എന്ന കേസിൽ ഒരു കൂട്ടം പ്രമാണഗ്രന്ഥങ്ങളെയും വിവിധ ഗ്രന്ഥകർത്താക്കളുടെ വീക്ഷണങ്ങളെയും പരാമർശിച്ചശേഷം, ഈ കോടതി വിധിക്കുകയുണ്ടായി.

16. പ്രസ്തുത കേസിൽ *ലച്ച്മൺ ഉധംചന്ദ് കിർപാലനി*യുടെ (എ ഐ ആർ 1964 എസ്സി 40) കേസിനെ കൂടി പരാമർശിക്കുകയുണ്ടായി, അതിൽ ഉപേക്ഷിക്കൽ എന്നാൽ അതിന്റെ സാരത്തിൽ ഭാര്യ-ഭർത്താവ് ഇവരിലൊരാളെ മറ്റേയാൾ ആദ്യം പറഞ്ഞയാളിന്റെ സമ്മതം കൂടാതെയും ന്യായമായ കാരണങ്ങൾ ഇല്ലാതെയുമുള്ള ബോധപൂർവ്വമായ സ്ഥിരം കൈവെടിയലും ഉപേക്ഷിക്കലും എന്നർത്ഥമാകുന്നു. ഉപേക്ഷിക്കുന്ന ഭാര്യ അല്ലെങ്കിൽ ഭർത്താവിനെ സംബന്ധിച്ചിടത്തോളം, ഉപേക്ഷിക്കൽ കുറ്റത്തിന് രണ്ട് അവശ്യ ഉപാധികൾ ഉണ്ടായിരിക്കണം: (1) വേർപെടുത്തലിന്റെ വസ്തുതയും (2) സഹവാസം സ്ഥിരമായി അവസാനിപ്പിക്കുവാനുള്ള ഉദ്ദേശ്യം (ഉപേക്ഷിക്കുന്ന ഉദ്ദേശ്യം) അതുപോലെതന്നെ, ഉപേക്ഷിക്കപ്പെട്ട ഭാര്യ അല്ലെങ്കിൽ ഭർത്താവിനെ സംബന്ധിച്ചിട ത്തോളം, രണ്ടു ഘടകങ്ങൾ ആവശ്യമാണ്: (1) സമ്മതത്തിന്റെ അഭാവവും (2) ദാമ്പത്യഭവനം വിട്ടൊഴിയുന്ന ഭാര്യ അല്ലെങ്കിൽ ഭർത്താവിന് മുൻപറഞ്ഞ അവശ്യമായ ഉദ്ദേശ്യം രൂപീകരിക്കുന്നതിന് ന്യായമായ കാരണം നൽകുന്ന പെരുമാറ്റത്തിന്റെ അഭാവവും. ഉപേക്ഷിക്കൽ തെളിയിക്കപ്പെട്ടതായി വിധിക്കുന്നതിന് ചില വസ്തുതകളിൽ നിന്നും അനുമാനം എടുക്കാവുന്നതാണ്, അവ മറ്റൊരു കേസിൽ അതേ അനുമാനത്തിലേക്ക് നയിക്കുന്നതിന് പ്രാപ്തമാകണമെന്നില്ല; എന്നുപറഞ്ഞാൽ വേർപെടുത്തിലിന്റെ യഥാർത്ഥ പ്രവൃത്തികൾക്കു മുമ്പുള്ളതും

പിന്നീടുള്ളതുമായ പ്രവൃത്തികളാലോ അല്ലെങ്കിൽ പെരുമാറ്റത്താലോ വെളിപ്പെടുത്തപ്പെടുന്ന ഉദ്ദേശ്യവും ഉദ്ദേശ്യത്തിന്റെ പ്രകടമാക്കലും സംബന്ധിച്ചുള്ള വസ്തുതകൾ വീക്ഷിക്ക പ്പെടേണ്ടിയിരിക്കുന്നു.

17. ഇപ്പോഴത്തെ കേസിൽ, രേഖയിൽ കൊണ്ടുവന്നിരുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ, തുടർച്ചയായ രണ്ടുവർഷക്കാലാവധിയിലേക്കുള്ള യാതൊരു ഉപേക്ഷിക്കലും ഉണ്ടായിരുന്നില്ല എന്നൊരു കണ്ടെത്തൽ കുടുംബ കോടതി രേഖപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതി, പെരുമാറ്റത്തിലെ ചില വശങ്ങൾ ഊന്നിപ്പറഞ്ഞു കൊണ്ട് അതിനെ മറിച്ച് വിധിക്കുകയുണ്ടായി. ഹർജി ഹാജരാക്കുന്നതിന് തൊട്ടുമുമ്പ് രണ്ടുവർഷത്തിൽ കുറയാതെയുള്ള തുടർച്ചയായ ഒരു കാലാവധിയിലേക്ക് അപ്പീൽവാദി-ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചിരുന്നുവെന്നത് സ്ഥാപിക്കപ്പെടുന്നില്ലായെന്നതാണ് തെളിവ് വിശകലനം ചെയ്തു കൊണ്ടുള്ള ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. അത് എന്തുകൊണ്ടെന്നാൽ ഹർജി സമർപ്പിക്കപ്പെട്ടത് 2001-ലും ഭർത്താവിന്റെ എതിർ വിസ്താര വേളയിൽ അയാൾ 1999 മേയിൽ രണ്ടു ദിവസത്തേക്ക് ഗുൽബർഗയിൽ പോയിരുന്നുവെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. വൈവാഹിക ബന്ധം അവസാനിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി ഭാര്യ അയാളെ ഉപേക്ഷിച്ചുവെന്നും കൂടാതെ രണ്ടുവർഷ കാലാവധി പൂർത്തിയാക്കിയിട്ടില്ല എന്നുമുള്ള ഒരു നിശ്ചിത തീരുമാനത്തിലേക്ക് വരുന്നതിന് മതിയായ തെളിവ് യാതൊന്നുമില്ലായെന്ന് കുടുംബ കോടതി രേഖയിൽ കൊണ്ടുവന്നിട്ടുള്ള വസ്തുതയുടെ അടിസ്ഥാനത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി, ഞങ്ങൾക്ക് തോന്നുന്നതുപോലെ ഈ വശം ശരിയായ ഒരു രീതിയിൽ കൈകാര്യം ചെയ്തിട്ടില്ലാത്തതും ഭർത്താവുമായി ഒരു സാധാരണ വൈവാഹിക ജീവിതം നയിക്കുവാനുള്ള യാതൊരു ഉദ്ദേശ്യവും ഭാര്യയ്ക്ക് ഇല്ലായിരുന്നുവെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതുമാകുന്നു. ആയതിനാൽ 13 (1) (ഐബി) വകുപ്പിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം ഉപേക്ഷിക്കൽ ആരോപണം സ്ഥാപിക്കപ്പെട്ടിട്ടില്ല. കുടുംബ കോടതിയിലെ പാണ്ഡിത്യമുള്ള പ്രിൻസിപ്പൽ ജഡ്ജി രേഖപ്പെടുത്തിയിട്ടുള്ളതുപോലെ ആ നിലയിലുള്ള കണ്ടെത്തൽ സ്ഥിരീകരണം അർഹിക്കുന്നതും ഞങ്ങൾ അപ്രകാരം ചെയ്യുകയും ചെയ്യുന്നു.

18. വസ്തുതാപരമായ മുഴുവൻ കേന്ദ്രബിന്ദുവിലേക്കും പിന്നീടുള്ള സംഭവങ്ങളിലേക്കും ഇപ്പോൾ വരാം. ഉപേക്ഷിക്കൽ എന്ന കാരണത്തിൻമേലാണ് വിവാഹം വേർപെടുത്തൽ നിവൃത്തി ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് ഞങ്ങൾ പൂർണ്ണമായും ബോധവാൻമാരാണ്. പിന്നീടുള്ള സംഭവങ്ങളും പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല, ക്രൂരതയുടെ വാദവും പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദം. വകുപ്പ് 13(1) (ഐബി) പ്രകാരം ഹർജി ഫയൽ ചെയ്തിട്ടുള്ള വസ്തുതയിൻമേൽ യാതൊരു മിഥ്യാവാദവും ഇല്ല. എന്നിരുന്നാലും, ഹർജിയുടെ ഒരു സൂക്ഷ്മ വായനയിൻമേൽ ഭർത്താവ് അനുഭവിച്ച മോശമായ പെരുമാറ്റവും മാനസിക വേദനയും പീഢയേയും കുറിച്ചുള്ള ദൃഢ പ്രസ്താവങ്ങൾ ഉണ്ടായിരിക്കുന്നുവെന്ന് അത് പ്രകടമാക്കുന്നു.

19. ആദ്യം, പിന്നീടുണ്ടായ സംഭവങ്ങളെ പ്രസ്താവിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. മുൻപ് പറഞ്ഞിട്ടുള്ളതുപോലെ, സാമ്പത്തിക അവകാശങ്ങളുടെ പുനഃസ്ഥാപനം നൽകുന്നത് അനുവദിച്ചു കൊണ്ട് ഭാര്യയുടെ അപേക്ഷ അനുവദിച്ചതിനു ശേഷം, ഭർത്താവ് അയാളോട് വന്നുചേരുവാൻ അവരെ അറിയിക്കുകയും, എന്നാൽ അവർ അയാളോട് ഉടൻ ചേരാതിരിക്കുവാൻ തീരുമാനിക്കുകയും അതിനുശേഷം പോലീസ് ഉദ്യോഗസ്ഥനായ ഒരു ബന്ധുവിനോടൊപ്പം ഭർത്തൃഗൃഹത്തിൽ പോകുകയും ചെയ്തിരുന്നു. അവർ ഭർത്തൃഗൃഹത്തിൽ ഒരു ചുരുങ്ങിയ കാലയളവിൽ താമസിച്ചതിനുശേഷം തന്റെ ഭർത്താവിനെ വിട്ടുപോകുകയും അതിനുശേഷം ഭർത്താവിനും അയാളുടെ അമ്മയ്ക്കും സഹോദരിക്കുമെതിരെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 498 എ യും 506/34 ഉം വകുപ്പുകളും 1961-ലെ സ്ത്രീധന നിരോധന ആക്റ്റിലെ വ്യവസ്ഥകളും പ്രകാരമുള്ള കുറ്റങ്ങൾക്കായി 17-10-2004-ൽ

401/2004-ാം നമ്പർ എഫ്.ഐ.ആർ ലോഡ്ജ് ചെയ്യുകയും ചെയ്തു. ആ എഫ്.ഐ.ആർ കാരണം ഭർത്താവ് അറസ്റ്റു ചെയ്യപ്പെടുകയും ഒരു ദിവസം കസ്റ്റഡിയിൽ കഴിയുകയും ചെയ്തു. സ്ത്രീകൾ മുൻകൂർ ജാമ്യത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി. പാണ്ഡിത്യ മുള്ള വിചാരണ മജിസ്ട്രേറ്റ്, ഞങ്ങൾ കാണുന്നതുപോലെ, കുറ്റവിമുക്തമാക്കി ക്കൊണ്ടുള്ള ഒരു വിധിന്യായം രേഖപ്പെടുത്തുക യുണ്ടായി. ആ കുറ്റവിമുക്ത വിധിന്യായ ത്തിനെതിരായി അപ്പീൽവാദി പ്രത്യേക അനുമതി നേടിയശേഷം ഹൈക്കോടതി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കുകയും, അതിനിടയിൽ സർക്കാർ സെഷൻസ് കോടതി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിച്ചതുകൊണ്ട്, അത് പിൻവലിച്ചതിനാൽ അന്തിമമായി തള്ളിക്കളയുകയും ചെയ്തു. ഈ നിർണ്ണായക ഘട്ടത്തിൽ, ഞങ്ങളെ ബോധ്യപ്പെടുത്തിയി ട്ടുള്ളതുപോലെ അപ്പീൽ വിചാരണയിലിരി ക്കുന്നതുകൊണ്ട് കുറ്റവിമുക്തമാക്കി ക്കൊണ്ടുള്ള വിധിയുടെ നിയമപരമായ നിലനിൽപ്പിലേക്ക് ശ്രദ്ധ തിരിക്കില്ലെന്ന് ഞങ്ങൾ നിരുപാധികമായി വ്യക്തമാക്കുന്നു. എന്നിരു ന്നാലും, ഹൈക്കോടതി ശ്രദ്ധയിലെടുത്തി ട്ടുള്ളതും ഒരു വ്യത്യസ്ഥ ആവശ്യത്തിനായി രേഖയിലും കൂടി കൊണ്ടുവന്നിട്ടുള്ളതുമായ ചില വശങ്ങൾ ഞങ്ങൾ ശ്രദ്ധയിലെടുക്കുന്നു.

20. ഈ സാഹചര്യങ്ങളിൽ ഹൈക്കോടതി നൽകിയിട്ടുള്ള വിവാഹമോചന വിധിയിൽ ഇടപെടേണ്ടതുണ്ടോ എന്നതാണ് പരിഹരിക്ക പ്പെടേണ്ടിയിരിക്കുന്ന മൗലികമായ ചോദ്യം. അപ്പീൽ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിരുന്ന ചില കാരണങ്ങളെ ഹൈക്കോടതി പരാമർശി ക്കുകയും പിന്നീടുള്ള ചില വസ്തുതകളെ ശ്രദ്ധയിലെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ തൽക്ഷണം പ്രസ്താവിക്കേണ്ടതാണ്. തെളിവു മുഖേന സ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത, അപ്പീൽ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചി രിക്കുന്ന കാരണങ്ങൾ പ്രയോജനപ്പെടുത്തു വാനോ സഹായമായി എടുക്കുവാനോ കഴിയുമായിരുന്നില്ല എന്ന അപ്പീൽവാദിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദം ഞങ്ങൾ സ്വീകരിക്കുന്നു. എന്നാൽ, ഭാര്യയുടെ പിന്നീടുള്ള പെരുമാറ്റം പരിഗണന യ്ക്കെടുക്കുവാൻ കഴിയും എന്ന് പ്രസ്താവിക്കു വാൻ യാതൊരു പ്രത്യേക ഊന്നലും ആവശ്യ മില്ല. ചില സാഹചര്യങ്ങളിൽ പിന്നീടുള്ള വസ്തുതകൾ പരിഗണനക്കെടുക്കാൻ കഴിയുന്ന താണ് എന്നത് നിയമത്തിൽ തീരുമാനിക്ക പ്പെട്ടിട്ടുള്ളതാണ്.

21. *എ. ജയചന്ദ്ര* അഭി *അനിൽ കൗർ* എന്ന കേസിൽ ഇപ്രകാരം വിധിക്കുകയുണ്ടായി:-

"വഴിതെറ്റലുകളുടെ മാപ്പാക്കൽ അനുമാനി ക്കുന്നതിന് വിവാഹമോചന ഹർജി ഫയൽ ചെയ്യുന്നതിനെ തുടർന്നുള്ള പ്രവൃത്തികൾ പരിശോധിക്കുവാൻ കഴിയുമെങ്കിൽ, ശീല ത്തിലും പെരുമാറ്റത്തിലും ക്രമമായ ഒരു രീതി കാണിക്കുന്നതിനും ഹർജി ഫയൽ ചെയ്യുന്ന തിനെ തുടർന്നുള്ള പ്രവൃത്തികൾ ശ്രദ്ധയിലെടു ക്കാൻ കഴിയുന്നതാണ്".

22. *സുമൻ കപൂർ* അഭി *സുധീർ കപൂർ* എന്ന കേസിൽ ഒരു സംഭവം അത് പിന്നീടുള്ള താണെന്ന വസ്തുത ആണെങ്കിൽ പോലും ഹൈക്കോടതി ശ്രദ്ധയിൽ എടുത്തതിനെ ഈ കോടതി സ്വീകരിക്കുകയുണ്ടായി. ഈ കോടതിയുടെ സമീപനത്തെ മനസിലാക്കുവാൻ പ്രസ്തുത വിധിന്യായത്തിൽ നിന്നും ആവശ്യ മായ ഖണ്ഡികകൾ വീണ്ടും ഉദ്ധരിക്കേണ്ടത് അനിവാര്യമാണ്:-

"46. ഹൈക്കോടതിയിൽ മധ്യസ്ഥ നടപടികൾ നിലനിന്നിരുന്ന വേളയിൽ അപ്പീൽ വാദിയായ ഭാര്യ തന്റെ അഭിഭാഷകൻ മുഖേന എതിർകക്ഷിയായ ഭർത്താവിന് ഒരു നോട്ടീസ് അയച്ചിരുന്നുവെന്നും അതിൽ എതിർകക്ഷിക്ക് അമേരിക്കയിൽ മറ്റൊരു ഭാര്യ ഉണ്ടായിരു ന്നെന്നും അവരുടെ അനന്യത ഒളിച്ചുവച്ചു വെന്നും അവർ ആരോപിച്ചതിനെയും ഹൈക്കോടതി ശ്രദ്ധിക്കുകയുണ്ടായി. ഇത്, ഭർത്താവ് തന്റെ ആദായ നികുതി റിട്ടേണിൽ തന്റെ ഭാര്യയുടെ സാമൂഹിക സുരക്ഷാ നമ്പർ 476-15-6010 എന്ന് പറഞ്ഞിരുന്നു; അപ്പീൽവാദി ഭാര്യയ്ക്കുണ്ടായിരുന്ന ഒരു നമ്പർ അല്ല അത്, എന്നാൽ ഏതോ ഒരു അമേരിക്കൻ സ്ത്രീയുടേതാണ് (സാറാ അവേഗ്റ്റാലെവിസ്) എന്ന വസ്തുതയെ അടിസ്ഥാനമാക്കിയിട്ടുള്ള താണ്.

47. എന്നിരുന്നാലും, അപ്പീൽവാദിക്ക് അനുവദിച്ചിരുന്ന സാമൂഹിക സുരക്ഷാ നമ്പർ നൽകുന്നതിൽ ഒരു അച്ചടിപ്പിഴവ് മാത്രമെ ഉണ്ടായിട്ടുള്ളൂവെന്നും അത് 476-15-6030 ആയിരുന്നുവെന്നുമുള്ള വസ്തുതയുടെ ഒരു കണ്ടെത്തൽ ഭർത്താവിന്റെ വിശദീകരണം സ്വീകരിച്ചുകൊണ്ട് ഹൈക്കോടതി രേഖപ്പെടുത്തി. ഹൈക്കോടതി പറഞ്ഞതനുസരിച്ച് അപ്പീൽ വാദിയായ ഭാര്യയുടെ സാമൂഹിക സുരക്ഷാ നമ്പർ എതിർകക്ഷിയായ ഭർത്താവിന്റെ ആദായ നികുതി റിട്ടേണിൽ തെറ്റായി ടൈപ്പ് ചെയ്യപ്പെട്ടിരിക്കെ, സാമൂഹ്യ സുരക്ഷാ നമ്പരിലുള്ള ആ പിഴവിനെ അനിശ്ചിതമായ ആനുകൂല്യമായി എടുത്തുകൊണ്ട്, എതിർ കക്ഷി ഒരു അമേരിക്കൻ സ്ത്രീയെ വിവാഹം കഴിച്ചിരുന്നുവെന്ന ഗുരുതരമായ ആരോപണം ഉന്നയിക്കുന്നത്ര ദൂരത്തേക്ക് അവർ പോയിരുന്നു".

23. രേഖയിൽ കൊണ്ടുവന്നിട്ടുള്ള തർക്കമില്ലാത്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പിന്നീടുള്ള സംഭവങ്ങളെ പരിഗണനയ്ക്കെടുക്കാൻ കഴിയുമെന്നുള്ളത് ഹൈക്കോടതിയുടെ യുക്തിവിചാരങ്ങളെ ഈ കോടതി സ്വീകരിച്ചതിൽ നിന്നും, വളരെ നന്നായി വ്യക്തമാണ്. മാനസിക ക്രൂരത എന്ന കാരണത്താൽ വിവാഹമോചനത്തിനുള്ള ഒരു വിധി നൽകുവാൻ കഴിയുമോ എന്ന ചോദ്യം പരിഗണിച്ചിരുന്നു. ഉപേക്ഷിക്കൽ എന്ന കാരണം തെളിയിക്കപ്പെട്ടിട്ടില്ലായെന്ന് ഞങ്ങൾ ഇതിനകം തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉപേക്ഷിക്കൽ എന്ന കാരണം സ്വീകരിക്കാതിരിക്കെ പരിഗണനയ്ക്കുവേണ്ടി അവശേഷിക്കുന്ന രണ്ട് പ്രശ്നങ്ങൾ, നിവൃത്തി ഖണ്ഡത്തിലെ ഒരു അഭ്യർത്ഥനയുടെ അഭാവത്തിൽ വസ്തുതാപരമായ കേന്ദ്രബിന്ദുവിനെ എടുക്കുന്നതിൽ മാനസിക ക്രൂരത എന്ന പ്രശ്നം സ്വീകരിക്കപ്പെടുന്നതിന് അർഹതയുണ്ടോയെന്നും കൂടാതെ, നിലവിലുള്ള വസ്തുതാപരമായ പശ്ചാത്തലത്തിൽ വൈവാഹിക ബന്ധങ്ങൾ നിലനിർത്തുന്നത് അനുയോജ്യമായിരിക്കുകയില്ലായെന്ന് വിധിക്കുവാൻ കഴിയുന്നതരത്തിൽ സ്ഥിതി ആയി തീർന്നിട്ടുണ്ടോ എന്നുമുള്ളതുമാണ്. ഉപേക്ഷിക്കൽ എന്ന കാരണത്തിൻമേൽ മാത്രം വിവാഹം വേർപെടുത്തൽ ആവശ്യപ്പെട്ടിരിക്കുമ്പോൾ, മാനസിക ക്രൂരത പ്രശ്നം ഉന്നയിക്കു വാനും കഴിയില്ല സംസാരിക്കുവാനും കഴിയില്ല എന്ന് അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ തീവ്രതയോടെ ഉന്നയിക്കുകയുണ്ടായി. പ്രസ്തുത വാദത്തെ പരിഗണിച്ചുകൊണ്ട്, ഞങ്ങൾ ഇപ്പോഴത്തെ സ്വഭാവത്തിലുള്ള ഒരു കേസിൽ, ഹർജി ഭേദഗതിചെയ്യുവാൻ എതിർകക്ഷി- ഭർത്താവിനോട് ആവശ്യപ്പെടുകയും മാനസിക ക്രൂരത പ്രശ്നം പരിഗണിക്കുവാൻ പാണ്ഡിത്യമുള്ള കുടുംബ കോടതി ജഡ്ജിയെ നിർദ്ദേശിക്കുകയും ചെയ്യേണ്ടതുണ്ടോ അല്ലെങ്കിൽ ഞങ്ങൾ, വ്യവഹാരം നിർത്തണമെന്ന ലക്ഷ്യത്തോടെ, സാങ്കേതിക തടസ്സം അവഗണിക്കുകയും വാദങ്ങളും രേഖയിൽ കൊണ്ടുവന്നിട്ടുള്ള തെളിവും അതുപോലെ തന്നെ തർക്കമില്ലാത്ത പിന്നീടുള്ള വസ്തുതകളും പരിഗണിക്കുകയും ചെയ്യേണ്ടതുണ്ടോ എന്ന ചോദ്യം അവലംബിക്കുവാൻ നിർബന്ധി ക്കപ്പെടുന്നു. ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ സമ്പൂർണ്ണ നീതി നടപ്പാക്കുന്നതിനുവേണ്ടി ഈ കോടതി മാനസിക ക്രൂരത പ്രശ്നം പരിഗണിക്കേണ്ടതാണ്. അപ്രകാരം ചെയ്യുന്നതും പതിമൂന്ന് വർഷത്തെ വ്യവഹാരം അവസാനിച്ചതിനു ശേഷം പുതുതായി യുദ്ധം ചെയ്യുവാൻ കക്ഷികളെ വിടാതിരിക്കുന്നതും ഈ കോടതിയുടെ ബാദ്ധ്യതപ്പെട്ട കർത്തവ്യമാണെന്ന് ഞങ്ങൾ കരുതുന്നു. രേഖയിലുള്ള വസ്തുതയിൽ നിന്നും ഗ്രഹിക്കാവുന്ന മാനസിക ക്രൂരതയുടെ വാദം കൈകാര്യം ചെയ്യുന്നത് അപ്പീൽ വാദിയുടെ സാരവത്തായ ഏതൊരു അവകാശത്തേയും ബാധിക്കുന്നതല്ല. അതൊരു ചെറിയ സാങ്കേതികവശത്തെ മാപ്പാക്കുക മാത്രം ചെയ്യുന്നതാണ്. കാരണം നിയമപരമായി അനുവദനീയമായിരിക്കുമ്പോൾ, കൂടുതലായി, 142-ാം അനുച്ഛേദ പ്രകാരം ഈ കോടതിക്ക് നൽകപ്പെട്ടിട്ടുള്ള അധികാരത്തിന്റെ ധാരാളിത്വം വിനിയോഗിക്കപ്പെടാൻ അർഹിക്കുന്ന ഉചിതമായൊരു കേസാണിതെന്ന് ഞങ്ങളുടെ നീതിന്യായ ബോധത്തെ നീതിയുടെ നിർവ്വഹണം പ്രകോപിപ്പിക്കുന്നു. അപ്രകാര

മുള്ള വിനിയോഗം കൊണ്ട്, സാരവത്തായ നിയമത്തെ മറിച്ചിടുകയുമില്ല നിലവിലില്ലാത്ത ഒരു രൂപശില്പം കെട്ടിപ്പെടുകയും ഇല്ലായെന്നത് ഞങ്ങൾക്ക് നിശ്ചയമാണ്. അപ്രകാരം ചെയ്യുന്നത് യുക്തിപരവും ചെയ്യാതിരിക്കുന്നത് യുക്തിരഹിതവും ആയിരിക്കുന്നതാണ്.

24. മാനസിക ക്രൂരതാപ്രശ്നം പരിഗണിക്കുവാൻ ഞങ്ങൾ പോകുന്നതിനുമുമ്പ് പ്രസ്തുത വിഷയത്തെ ഈ കോടതി എങ്ങനെ വീക്ഷിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നത് ഉചിതമായിരിക്കും. *വിനിത് സക്സേന* അഭി *പങ്കജ് പണ്ഡിറ്റ്* എന്ന കേസിൽ മാനസിക ക്രൂരത പ്രശ്നം പരിഗണിക്കുന്ന വേളയിൽ കോടതി താഴെപ്പറയും പ്രകാരം വിധിക്കുകയുണ്ടായി:-

"31. മാനസിക ക്രൂരതയ്ക്ക് ശാരീരിക ഹാനിയേക്കാൾ കൂടുതൽ ഹാനികരമായ ക്ഷതിപോലും ഉണ്ടാക്കുവാനും ക്ഷതിയേൽപ്പിക്കപ്പെട്ട അപ്പീൽവാദിയുടെ മനസിൽ ആ വകുപ്പിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന അങ്ങനെയുള്ള ആശങ്ക ഉളവാക്കുവാനും കഴിയും എന്ന് വിധിന്യായങ്ങളുടെ ഒരു ശൃംഖല മുഖേന തീരുമാനിക്കപ്പെട്ടിരിക്കുന്നു. അത് കേസിന്റെ മൊത്ത വസ്തുതകളുടെയും ദമ്പതികൾ തമ്മിലുള്ള വൈവാഹിക ബന്ധങ്ങളുടെയും മേൽ തീരുമാനിക്കപ്പെടേണ്ടതാണ്. ക്രൂരത ആകുന്നതിന് ഒരു യഥാർത്ഥ വസ്തുതയായോ, കേസിന്റെ സാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ട് ദമ്പതികൾ തുടർന്ന് ഒരുമിച്ച് ജീവിക്കുന്നത് ഹാനികരമോ ക്ഷതി ഉളവാക്കുന്നതോ ആക്കിത്തീർക്കുന്ന അങ്ങനെയുള്ള ഒരു രീതിയിലുള്ള ആശങ്ക വഴിയോ, ശരീരത്തിലോ മനസ്സിലോ വേദനയുണ്ടാക്കിയിട്ടുള്ള അങ്ങനെയുള്ള കക്ഷിയുടെ മനഃപൂർവ്വമായ പെരുമാറ്റം കക്ഷിയുടെ ഭാഗത്ത് ഉണ്ടായിരിക്കേണ്ടതാണ്.

xx xx xx xx

35. ഓരോ കേസും അതിന്റേതായ വസ്തുതകളെ ആശ്രയിച്ചിരിക്കുന്നതും ആ വസ്തുതകളിൻമേൽ വിധിക്കപ്പെടേണ്ടതുമാണ്. ക്രൂരത എന്ന ആശയം, ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ സാമൂഹിക അന്തസ്സിനും അവരുടെ സാമ്പത്തിക സ്ഥിതികൾക്കും മറ്റു വിഷയങ്ങൾക്കും അനുസൃതമായി അതിന്റെ പ്രയോഗത്തിൽ സമയത്തിൽ നിന്നും സമയത്തി ലേക്കും സ്ഥലത്തു നിന്നും സ്ഥലത്തിലേക്കും, വ്യക്തിയിൽനിന്നും വ്യക്തിയിലേക്കും വ്യത്യാസപ്പെട്ടിട്ടുണ്ട്. പരാതിപ്പെട്ടിട്ടുള്ള പ്രവൃത്തി ക്രൂരമായ ഒരു പ്രവൃത്തിയായി രുന്നോ എന്ന ചോദ്യം മൊത്ത വസ്തുത കളിലും കക്ഷികൾ തമ്മിലുള്ള വൈവാഹിക ബന്ധങ്ങളിൽ നിന്നും തീരുമാനിക്കപ്പെടേണ്ട താണ്. ഇതുമായി ബന്ധപ്പെട്ട്, പരിഗണിക്ക പ്പെടേണ്ടിയിരുന്ന ഘടകങ്ങൾ സംസ്ക്കാരവും, പ്രകൃത്യാലുള്ള ഗുണവും, സാമൂഹിക അന്തസ്സും മറ്റ് നിരവധി കാര്യങ്ങളുമാണ്".

25. ഈ കോടതി *സമർ ഘോഷ്* അഭി *ജയാ ഘോഷ്* എന്ന കേസിൽ വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ കൊടുത്തിട്ടുള്ളതാണ്, അതിൽ നിന്നും മാനസിക ക്രൂരതയുടെ നിഗമനം എടുക്കുവാൻ കഴിയുന്നതാണ്. അവ വ്യക്തമാക്കുന്നതാണെന്നും സമ്പൂർണ്ണമല്ലാത്തതാണെന്നും കോടതി തന്നെ നിരീക്ഷിച്ചിട്ടുണ്ട്. ഉദാഹരണങ്ങളിൽ ചിലത് ഉദ്ധരിക്കുന്നത് ഉചിതമെന്ന് ഞങ്ങൾ കരുതുന്നു:-

"(i) കക്ഷികളുടെ മുഴുവൻ വൈവാഹിക ജീവിതവും പരിഗണിക്കുമ്പോൾ, കക്ഷികൾ പരസ്പരം ഒരുമിച്ച് ജീവിക്കുന്നത് അസാദ്ധ്യമാക്കിത്തീർക്കുന്നതുപോലെയുള്ള കഠിനമായ മാനസിക വേദനയും, പ്രാണസങ്കടവും, ദു:ഖവും മാനസിക ക്രൂരതയുടെ വിശാലമായ പരിധികൾക്കുള്ളിൽ വരാൻ കഴിയുന്നതാണ്.

(ii) കക്ഷികളുടെ മുഴുവൻ വൈവാഹിക ജീവിതത്തെ സമഗ്രമായി വിലയിരു ത്തുമ്പോൾ, ദ്രോഹിക്കപ്പെട്ട കക്ഷിയോട് അങ്ങനെയുള്ള പെരുമാറ്റം സഹിക്കുവാനും മറ്റേ കക്ഷിയോടൊപ്പം തുടർന്ന് ജീവിക്കുവാനും ന്യായമായി ആവശ്യപ്പെടാൻ കഴിയാത്ത പ്രകാരമുള്ളതാണ് സ്ഥിതി എന്നത് വളരെ വ്യക്തമാണ്.

xx xx xx xx

(iv) മാനസിക ക്രൂരത എന്നത് മനസ്സിന്റെ ഒരു അവസ്ഥയാണ്. ഭാര്യ, ഭർത്താവ് ഇവരിലൊരാളിൽ മറ്റേയാളിന്റെ ദീർഘകാല

മായുള്ള പെരുമാറ്റം കൊണ്ടുണ്ടായ അഗാധമായ ദുഃഖം, നിരാശ, ഇച്ഛാഭംഗം എന്നീ വികാരങ്ങൾ മാനസിക ക്രൂരതയിലേക്ക് നയിക്കാവുന്നതാണ്.

xx xx xx xx

(vii) മാനസികാരോഗ്യത്തിന് ക്ഷതി ഉണ്ടാക്കുകയോ അന്യരെ പീഡിപ്പിച്ച് ആനന്ദം കൊള്ളുകയോ ചെയ്യുന്ന തെറ്റായ സ്ഥിര പെരുമാറ്റമോ പരിശീലിച്ചുള്ള അവഗണനയോ അലംഭാവമോ ദാമ്പത്യജീവിതത്തിന്റെ ദയാവായ്പിന്റെ സാധാരണ നിലവാരത്തിൽ നിന്നുള്ള മുഴുവൻ വ്യതിയാനമോ കൂടി മാനസിക ക്രൂരത ആകാവുന്നതാണ്.

xx xx xx xx

(x) വിവാഹജീവിതത്തെ മൊത്തത്തിൽ പുനഃപരിശോധിക്കേണ്ടതും കുറച്ചു വർഷങ്ങൾക്കിടയിലെ ഏതാനും ഒറ്റപ്പെട്ട സംഭവങ്ങൾ ക്രൂരത അല്ലാത്തതുമാകുന്നു. ഭാര്യ-ഭർത്താവ് ഇവരിലൊരാളുടെ പ്രവൃത്തികളും പെരുമാറ്റവും കാരണം ദ്രോഹിക്കപ്പെട്ട കക്ഷി മറ്റേ കക്ഷിയുമായി ഇനിമേൽ ജീവിക്കുന്നത് അങ്ങേയറ്റം പ്രയാസമാണെന്ന് കാണുന്ന വ്യാപ്തിയോളം ബന്ധം അധഃപതിച്ചിരിക്കുന്നതും, മോശമായ പെരുമാറ്റം വളരെ നീണ്ട ഒരു കാലത്തേയ്ക്ക് ഒരുപോലെ നിൽക്കുന്നതും മാനസിക ക്രൂരതയാകുന്ന താണ്.

xx xx xx xx

(xiv) തുടർച്ചയായ വേർപിരിയൽ നീണ്ടകാലമായിയുണ്ടായിരിക്കുന്നിടത്ത്, വൈവാഹികബന്ധം ശരിയാക്കാൻ ആകാത്തതിനപ്പുറമാണ് എന്ന് ന്യായമായി തീരുമാനിക്കാവുന്നതാണ്. നിയമപരമായ ഒരു ബന്ധനത്തിന്റെ പിൻതുണയുണ്ടെങ്കിലും വിവാഹം ഒരു കെട്ടുകഥയായി മാറുന്നു. ആ ബന്ധനം വേർപെടുത്തുവാൻ വിസമ്മതിക്കുന്നതുവഴി, നിയമം അത്തരം കേസുകളിൽ വിവാഹത്തിന്റെ പവിത്രതയ്ക്കു ഉതകുന്നില്ല; മറിച്ച് അത് കക്ഷികളുടെ വികാരങ്ങൾക്കും മാനസിക വിക്ഷോഭങ്ങൾക്കുമുള്ള പരിഗണനാക്കുറവിനെ കാണിക്കുന്നു. ഇതുപോലുള്ള സാഹചര്യങ്ങളിൽ ഇത് മാനസിക ക്രൂരതയിലേക്ക് നയിക്കാവുന്നതാണ്".

26. പ്രസ്തുത കേസിൽ കോടതി ഇപ്രകാരം കൂടി നിരീക്ഷിക്കുകയുണ്ടായി:-

"99......... മനുഷ്യമനസ്സ് അങ്ങേയറ്റം സങ്കീർണ്ണവും മനുഷ്യന്റെ പെരുമാറ്റം അതുപോലെ കലങ്ങിമറിഞ്ഞതുമാണ്. അതുപോലെതന്നെ മനുഷ്യന്റെ ഭാവനാ ശക്തിക്ക് യാതൊരു അതിരുമില്ലാത്തതും ആയതിനാൽ മനുഷ്യന്റെ പെരുമാറ്റം മുഴുവനും ഒരു നിർവ്വചനത്തിൽ സ്വാംശീകരിക്കുന്നത് വളരെ അസാധ്യവുമാണ്. ഒരു കേസിൽ ക്രൂരതയായുള്ളത് മറ്റ് കേസിൽ ക്രൂരത ആകണമെന്നില്ല. ക്രൂരത എന്ന സങ്കല്പം വ്യക്തിയിൽ നിന്നു വ്യക്തിയിലേക്ക് അയാളുടെ വളർത്തലിനെയും, സംവേദനക്ഷമതാ നിലവാരത്തെയും വിദ്യാഭ്യാസപരവും കുടുംബപരവും സാംസ്ക്കാരിക പരവുമായ പശ്ചാത്തലത്തെയും സാമ്പത്തിക സ്ഥിതിയെയും സാമൂഹിക പദവിയെയും ആചാരങ്ങളെയും കീഴ്‌വഴക്കങ്ങളെയും മതവിശ്വാസങ്ങളെയും മാനുഷിക മൂല്യങ്ങളെയും അവയുടെ വിലയിരുത്തൽ സമ്പ്രദായത്തേയും ആശ്രയിച്ച് വ്യത്യാസപ്പെടുന്നു.

100. ഇതിനു പുറമെ, മാനസിക ക്രൂരത എന്ന സങ്കല്പത്തിന് നിശ്ചലമായി നിലകൊള്ളുവാൻ കഴിയുകയില്ല; കാല പ്രവാഹത്തിനും അച്ചടി- ഇലക്ട്രോണിക് മാധ്യമങ്ങൾ, വിലയിരുത്തൽ സമ്പ്രദായം മുതലായവ വഴിയുള്ള ആധുനിക സംസ്ക്കാരത്തിന്റെ ആഘാതത്തിനും ഒപ്പം അത് മാറുവാൻ വിധേയമാണ്. ഇപ്പോൾ മാനസിക ക്രൂരതയാകാവുന്നത് കാലപ്രവാഹത്തിനു ശേഷം ഒരു മാനസിക ക്രൂരതയായി നിലനിൽക്കാവുന്നതല്ലാത്തതോ തിരിച്ചോ ആകാവുന്നതാണ്. വൈവാഹിക കാര്യങ്ങളിൽ മാനസിക ക്രൂരത തീരുമാനിക്കുന്നതിന് കർക്കശമായ ഏതെങ്കിലും ഫോർമുലയോ നിശ്ചിത അതിരുകളോ ഒരിക്കലും ഉണ്ടായിരിക്കുകയില്ല. ഈ കേസ് ന്യായനിർണ്ണയം ചെയ്യുന്നതിന് വിവേകപരവും ഉചിതമായതുമായ വഴി അതിന്റേതായ പ്രത്യേക വസ്തുതകളും സാഹചര്യങ്ങളും വിലയിരുത്തുന്നതായിരിക്കും ........."

27. *സീതാറാം അഗർവാൾ മകൻ വിശ്വനാഥ് അഗർവാൾ* അഭി *സരള വിശ്വനാഥ് അഗർവാൾ* എന്ന കേസിൽ മാനസിക ക്രൂരത പരിഗണിക്കുന്ന വേളയിൽ ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

"22. "ക്രൂരത" എന്ന പദത്തിന് മനുഷ്യന്റെ സ്വഭാവവുമായോ മനുഷ്യന്റെ പെരുമാറ്റവുമായോ വേർപിരിക്കാൻ കഴിയാത്ത ഒരു ബന്ധമുണ്ട്. അത് കക്ഷികളുടെ സാമൂഹിക നിലയെ അല്ലെങ്കിൽ സാമൂഹ്യ ചുറ്റുപാടുകളെയും അവരുടെ ജീവിത രീതികളെയും ബന്ധത്തെയും ഗുണവിശേഷങ്ങളെയും അവരുടെ സാമൂഹിക അന്തസ്സിനാൽ സ്വാധീനിക്കപ്പെട്ടിട്ടുള്ള വികാരങ്ങളെയും എപ്പോഴും ആശ്രയിച്ചിരിക്കുന്നു".

28. പ്രസ്തുത കേസിൽ, പിന്നീടുള്ള സംഭവങ്ങളെയും ഭർത്താവിനെക്കുറിച്ച് അവഹേളിക്കുന്ന ചില വീക്ഷണങ്ങൾ ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ ഉത്തരവാദിയായിരുന്ന ഭാര്യയുടെ പെരുമാറ്റത്തെയും വിശകലനം ചെയ്തുകൊണ്ട് കോടതി താഴെപ്പറയും പ്രകാരം വിധിക്കുകയുണ്ടായി:-

"ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ, കുത്തുവാക്കും തീക്ഷണതയും അനുഭവിക്കുവാൻ യുക്തിസഹമായ ഒരു സാധാരണ മനുഷ്യൻ ബാധ്യസ്ഥനാണ്. എതിർകക്ഷിയായ ഭാര്യ അയാളെ യഥാർത്ഥത്തിൽ അവഹേളിക്കുകയും മാനസിക ക്രൂരതയ്ക്ക് കാരണമാക്കുകയും ചെയ്തിരുന്നുവെന്ന് പെരുമാറ്റവും സാഹചര്യങ്ങളും മനസിൽപതിയത്തക്കവണ്ണം വ്യക്തമാക്കുന്നു. അവരുടെ പെരുമാറ്റം ഭർത്താവിന്റെ മനസ്സിൽ പീഢയും ദുഃഖവും ഉണ്ടാക്കുന്നതിൽ കലാശിച്ചിട്ടുണ്ടെന്ന് വ്യക്തമായി തുറന്നു കാട്ടുന്നു. അയാൾ ഒരു പെൺകോന്തനും മദ്യപാനിയും ആണെന്ന് അവർ വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അയാളുടെ സ്വഭാവത്തെക്കുറിച്ച് സംസ്കാരമില്ലാത്ത ആരോപണങ്ങൾ അവർ ഉന്നയിച്ചിരുന്നു. ക്രിമിനൽ വ്യവഹാരങ്ങളിൽ അയാളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള ഒരു ശ്രമം നടത്തുകയും അത് തെളിയിക്കുവാൻ അവർ പരാജയപ്പെടുകയും ചെയ്തു. ഭർത്താവിന്റെ അഗാധമായ ദുഃഖത്തിന്റെയും, നിരാശയുടെയും പ്രാണസങ്കടത്തിന്റെയും ഇച്ഛാഭംഗത്തിന്റെയും വികാരം വ്യക്തമാണ്".

29. *യു. ശ്രീ* അഭി *യു. ശ്രീനിവാസ്* എന്ന കേസിൽ ഭാര്യ സംഗീതത്തിലുള്ള ഭർത്താവിന്റെ "സാധന"യോട് ഏറെ വെറുപ്പ് കാണിച്ചിരുന്നത്രത്തോളം അവർ നിരന്തരം അയാളോട് മോശമായി പെരുമാറുകയും അയാളോടുള്ള പൂർണ്ണമായ ഉപേക്ഷ പരസ്യമായി കാണിക്കുകയും ചെയ്തിരുന്നുവെന്ന അയാളുടെ മൊഴി ശ്രദ്ധയിൽ എടുത്തുകൊണ്ട് കോടതി താഴെപ്പറയും പ്രകാരം നിരീക്ഷിക്കുകയുണ്ടായി:-

"ഭർത്താവിനെ അവഹേളനത്തിലേക്ക് നയിക്കുന്ന ക്ലേശകരമായ ഒരു സാഹചര്യത്തിൽ തള്ളിവിടുക വഴി അവർ പല അവസരത്തിലും ഭർത്താവിന്റെ പ്രതിച്ഛായക്ക് അല്പംപോലും ശ്രദ്ധ കാണിച്ചിരുന്നില്ലെന്ന് നിസ്സംശയം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. സ്ത്രീധനത്തിനുള്ള അത്യാർത്തിയാൽ അയാളെ വീണ്ടും വിവാഹം കഴിപ്പിക്കുവാനുള്ള അവരുടെ ഭർത്താവിന്റെ കുടുംബത്തിലെ ഗൂഢാലോചനയെക്കുറിച്ച് അവർ നിയന്ത്രണമില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതും ആയത് സമർത്ഥിക്കുവാൻ അല്പം പോലും തെളിവ് രേഖയിൽ ഇല്ലാത്തതുമാണ്. ഇത് വാസ്തവത്തിൽ ഭർത്താവിന്റെ സ്വഭാവത്തിൻ മേലുള്ള ഒരു പഴി മാത്രമല്ല, എന്നാൽ കുടുംബത്തിന്റെ മഹിമ അപകീർത്തിപ്പെടുത്തുവാനുള്ള സമർത്ഥമല്ലാത്ത ഒരു പരിശ്രമം കൂടിയാണ്".

30. *കെ. ശ്രീനിവാസ് റാവു* അഭി *ഡി.എ. ദീപ* എന്ന കേസിൽ മാനസിക ക്രൂരതയുടെ പ്രത്യേക സംഭവങ്ങൾ പരിഗണിക്കുന്ന വേളയിൽ, *സമർ ഘോഷിന്റെ* കേസിൽ നൽകിയിരുന്ന ദൃഷ്ടാന്തങ്ങളോട് മറ്റു ചില ദൃഷ്ടാന്തങ്ങൾ കൂട്ടിച്ചേർക്കുവാൻ കഴിയുന്നതാണെന്ന് കോടതി അഭിപ്രായപ്പെടുകയുണ്ടായി. നിരീക്ഷണങ്ങളെ വീണ്ടും ഉദ്ധരിക്കുന്നത് യുക്തമാണെന്ന് ഞങ്ങൾ കരുതുന്നു:-

"ഭാര്യയ്ക്കോ ഭർത്താവിനോ, അയാളുടെയോ അവരുടെയോ ബന്ധുക്കൾക്ക് എതിരായി വാദങ്ങളിൽ അടിസ്ഥാനരഹിതമായ

അനിശ്ചിതമായ അപമാനകരമായ ആരോപണങ്ങൾ ഉന്നയിക്കുന്നതോ പരാതികൾ ഫയൽ ചെയ്യുന്നതോ നോട്ടീസുകളോ ഭാര്യയുടെയോ ഭർത്താവിന്റെയോ ബിസിനസ് പ്രതീക്ഷയിലോ ജോലിയിലോ പ്രതികൂല ആഘാതം ഉണ്ടാക്കാവുന്ന വാർത്താ ഇനങ്ങളോ നൽകുന്നതോ കൂടാതെ ഭാര്യയ്ക്കോ ഭർത്താവിനോ എതിരെ കോടതിയിൽ ആവർത്തിച്ച് വ്യാജ പരാതികളും കേസുകളും ഫയൽ ചെയ്യുന്നതും ഒരു കേസിന്റെ വസ്തുതകളിൽ, ഭാര്യ അല്ലെങ്കിൽ ഭർത്താവ് ഇവരിലൊരാൾ മാനസികമായ ക്രൂരത ഉണ്ടാക്കുന്നതാകുന്നു".

31. തത്ക്ഷണം, രേഖയിലുള്ള വസ്തുതയിലേക്ക് ഞങ്ങൾ ശ്രദ്ധതിരിക്കുന്നു. ഭർത്താവിന്റെ സഹോദരിയും അവരുടെ ഭർത്താവും ഭർത്താവിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്നത് പതിവായിരുന്നുവെന്നും അയാൾ സംഘർഷത്തിൽ അകപ്പെട്ടുവെന്നുമുള്ള ആരോപണങ്ങൾ ഭാര്യ ഉന്നയിച്ചിട്ടുണ്ട് എന്ന് അതിൽ നിന്നും സ്പഷ്ടമാണ്. പ്രസ്തുത സംഗതി യഥാർത്ഥത്തിൽ തെളിയിക്കപ്പെട്ടിട്ടില്ല. സഹോദരിയും അവരുടെ ഭർത്താവും ഉന്നതവിദ്യാഭ്യാസമുള്ളവരാണെന്നും അയാളുടെ സഹോദരി ഏതെങ്കിലും രീതിയിൽ അയാളിൽ സമ്മർദ്ദം ചെലുത്തിയിരുന്നുവെന്നതിനെക്കുറിച്ച് ഭർത്താവിനോട് എതിർ വിസ്താരത്തിൽ യാതൊന്നും ചോദിച്ചിട്ടില്ല എന്നും രേഖയിൽ കൊണ്ടുവന്നിട്ടുണ്ട്. ഭാര്യയെ ഉന്നത വിദ്യാഭ്യാസം തുടരുവാൻ അനുവദിക്കരുതെന്നും അവരെ ശമ്പളമില്ലാത്ത ഒരു ജോലിക്കാരിയായി വീട്ടിൽ നിർത്തണമെന്നും എന്നതിൽ ഭർത്താവിന്റെ സഹോദരിയും അവരുടെ ഭർത്താവും അയാളിൽ സ്വാധീനം ചെലുത്തിക്കൊണ്ടേയിരുന്നു എന്നതാണ് അവരുടെ ആരോപണം. അവരുടെ ഉന്നത വിദ്യാഭ്യാസത്തിന് ഭർത്താവ് സമ്മതം നൽകുകയും വാസ്തവത്തിൽ അവരെ സഹായിക്കുകയും ചെയ്തിരുന്നു എന്ന് ഭാര്യ സ്വയം സമ്മതിച്ചിട്ടുള്ളത് തെളിവിന്റെ ചിന്തിച്ചുള്ള ഒരു വിലയിരുത്തലിന്മേലും രേഖയിൽ കൊണ്ടുവന്നിട്ടുള്ള വസ്തുതയിന്മേലും നിസ്സംശയം തെളിയിക്കാവുന്നതാണ്. ഇപ്രകാരം മുൻപറഞ്ഞ ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല. അവരെ വീട്ടിൽ ശമ്പളമില്ലാത്ത ഒരു ജോലിക്കാരിയായി നിലനിർത്തുവാൻ ഭർത്താവ് പ്രേരിപ്പിക്കപ്പെട്ടു എന്ന ആരോപണം, ലിംഗപരമായ സംവേദനക്ഷമതയുടെ ഛായാരൂപത്തിൽ നിന്നും വീക്ഷിക്കുമ്പോൾ, അത് തികച്ചും അമ്പരപ്പിക്കുന്ന ഒരാരോപണവും ലോല മനസ്സുള്ള ഏതൊരാളെയും, അയാളുടെ പെരുമാറ്റം ആ മനോഭാവം ദൂരെപ്പോലും പ്രതിഫലിച്ചിട്ടില്ലാത്തപ്പോൾ, വേദനിപ്പിക്കുന്നതാണ്. പ്രസവത്തിനായി ഭാര്യ പിതൃഭവനത്തിലേക്ക് പോയിരുന്നുവെന്നും അവിടെ നിന്നും അവർ ആശുപത്രിയിലേക്കു പോകുകയും അവിടെ അവർ ഒരു ആൺകുട്ടിക്ക് ജന്മം നൽകുകയും ചെയ്തുവെന്നതാണ് തെളിവിൽ നിന്നും വെളിച്ചത്തിൽ വന്ന രണ്ടാമത്തെ സംഗതി. എന്നിരുന്നാലും, തെളിവ് കാണിക്കുന്നതു പോലെ ഒരു അച്ഛൻ എന്ന നിലയിലുള്ള അയാളുടെ എല്ലാ സഹകരണവും ഉണ്ടായിട്ടും ഭാര്യയെയും കുട്ടിയെയും അയാളുടെ വീട്ടിലേക്ക് കൊണ്ടു വരുവാൻ ആശുപത്രിയിൽ പോയിരുന്നപ്പോൾ, അവർ കുട്ടിയോടൊപ്പം അവരുടെ പിതൃഭവനത്തിലേക്ക് പോയിരുന്നു. തെളിവിലെ ഈ വശം പൂർണ്ണമായും ചോദ്യം ചെയ്യപ്പെടാതെ പോയിട്ടുണ്ട്. സാമൂഹികപരമായ ഒരു കാഴ്ചപ്പാടിൽ നിന്നു ഗ്രഹിക്കുമ്പോൾ, അത് സ്വന്തം കാര്യത്തിൽ മാത്രം ശ്രദ്ധയുള്ള ഭാര്യയുടെ പെരുമാറ്റത്തെയും അങ്ങനെയുള്ള ഒരു പ്രവൃത്തി കുട്ടിയുടെ അച്ഛനെ എപ്രകാരം വേദനിപ്പിക്കാൻ ഇടയാക്കും എന്ന ആശങ്ക അവർക്കില്ലാത്തതിനേയും പ്രതിഫലിപ്പിക്കുന്നു. തെളിവിൽ വന്നിട്ടുള്ള അടുത്തകാര്യം പേരിടീൽ ചടങ്ങിന്റെ സമയത്ത് എതിർകക്ഷിയെ ക്ഷണിച്ചിട്ടില്ലായെന്നുള്ളതാണ്. അയാളേയും അയാളുടെ കുടുംബാംഗങ്ങളേയും ആ ചടങ്ങിലേക്ക് ക്ഷണിച്ചിരുന്നുവെന്ന അഭിപ്രായത്തെ അയാൾ സുവ്യക്തമായി തർക്കിച്ചിട്ടുണ്ട്. ഭർത്താവിന്റെ മാതാപിതാക്കളുടെ പേരുകൾ ക്ഷണക്കത്തിൽ അച്ചടിക്കാത്തതുകൊണ്ട് അവർ ചടങ്ങിൽ സന്നിഹിതരായില്ല എന്ന ഒരു അഭിപ്രായം നൽകിയിട്ടുള്ളതിനെ ശ്രദ്ധിക്കുന്നത് രസകര

മാണ്. പ്രസ്തുത സംഭവം ഭർത്താവിന് വളരെ വലിയ മാനസിക വേദനയുണ്ടാക്കിയിട്ടുണ്ടെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഒരു വ്യത്യസ്ത കോണിൽ നിന്നു വീക്ഷിക്കുമ്പോൾ, അത് ഭർത്താവിന്റെ കുടുംബത്തെ പൂർണ്ണ മായും അവഗണിക്കുന്നതാകുന്നു.

32. മറ്റൊരു സംഭവവും കൂടി ശ്രദ്ധ അർഹിക്കുന്നു. ഭാര്യ അവരുടെ പഠനത്തിനു ചേരുവാൻ ഗുൽബർഗയിൽ പോകുകയും ഭർത്താവ് അതിനേക്കുറിച്ചറിയാതെയിരി ക്കുകയും ഒരു പ്രൊഫസർ അതിനെക്കുറിച്ച് പറഞ്ഞപ്പോൾ മാത്രമാണ് അറിയുകയും ചെയ്തിട്ടുള്ളത്. അയാൾ അതിനുശേഷം ഗുൽബർഗയിൽ പോകുകയും ഒരു ഹോട്ടലിൽ താമസിക്കുകയും ഭാര്യയെ രണ്ടു ദിവസം ഹോസ്റ്റലിൽ വച്ച് കാണുകയും ചെയ്തിട്ടുള്ള താണ്. അയാളുടെ അഭ്യർത്ഥനയുണ്ടായിട്ടും വീട്ടിലേക്ക് വരുന്നതിന് അവർ അനിഷ്ടം കാണിച്ചു. കുട്ടിയെക്കുറിച്ച് അയാൾ തിരക്കിയ പ്പോൾ, അവരുടെ അമ്മയുടെ വീട്ടിലാണ് കുട്ടിയെന്ന് പറയുകയുണ്ടായി. ഈ സംഭവ ങ്ങളാണ് ഹർജി ഫയൽചെയ്യുന്നതിന് മുമ്പുണ്ടായിരുന്നത്.

33. പിന്നീടുള്ള സംഭവങ്ങൾ ശ്രദ്ധയിലെടു ക്കാൻ കഴിയുമെന്ന നിയമ സ്ഥിതി ഇതിനകം തന്നെ ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണ്. പാണ്ഡിത്യമുള്ള കുടുംബ കോടതി ജഡ്ജി വിധിന്യായവും വിധിയും പാസാക്കിയ ശേഷം, 14-07-2004 തീയതി വച്ച് ഒരു നോട്ടീസ് ഭർത്താവ് അയാളുടെ അഭിഭാഷകൻ മുഖാന്തരം അയയ്ക്കുകയും താഴെപ്പറയും പ്രകാരം അവരെ അറിയിക്കുകയും ചെയ്തു:-

"ഉത്തരവിന്റെ പ്രാവർത്തികമാക്കേണ്ട ഭാഗത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച്, മൂന്നു മാസത്തിനുള്ളിൽ കുട്ടിയോടൊപ്പം അയാളോടു ചേരുവാൻ എന്റെ കക്ഷി നിങ്ങളെ സ്വാഗതം ചെയ്യുന്നു, ദയവായി ഇത് ശ്രദ്ധയിലെടുക്കുക.

എന്റെ കക്ഷിയുടെ വിലാസം, ഡോ.ബി.വി. രവി, എം.ഡി, 428-ാം നമ്പർ സെക്കന്റ് എക്രോസ്, സിക്സ്ത് മെയിൻ, തേഡ് സ്റ്റേജ്, തേഡ് ബ്ലോക്ക്, ബാസവേശ്വര നഗർ, ബാംഗ്ലൂർ-79-ഉം, അയാളുടെ ടെലിഫോൺ നമ്പർ-23229865--ഉം ആണ്. ബഹു. കോടതി ഉത്തരവിനുവിധേയമായി, 2004 ജൂലൈ 17 വരെയുള്ള സമയം "ആഷാഢം" കാരണം ശുഭമല്ലാത്തതിനാൽ, ജൂലൈ 18--നു ശേഷം ഏതു ദിവസവും മുകളിൽ പറഞ്ഞ വിലാസ ത്തിൽ ഡോ. ബി.വി. രവിയോടു ചേരുവാൻ താങ്കളോട് ആവശ്യപ്പെടുന്നു".

34. പ്രകടമാക്കുന്നതുപോലെ, അവർ ചേരാതിരിക്കുകയും ഭർത്താവ് ഒരു ടെലഗ്രാം അയയ്ക്കുവാൻ നിർബന്ധിതനാകുകയും ചെയ്തു. അതിനുശേഷം, 15-08-2004-നു ശേഷം അവർ വന്നുചേരുമെന്ന് 13-08-2004—ൽ അവർക്കുവേണ്ടി ഒരു മറുപടി അയയ്ക്കുക യുണ്ടായി, എന്നാൽ കൃത്യമായ തീയതി അറിയിച്ചിട്ടില്ലായിരുന്നു. അതിനുശേഷം, ഭർത്താവ് 14-07-2004 തീയതി വച്ച് അയച്ച നിയമപരമായ നോട്ടീസിന് ഒരു മറുപടി 14-08-2004-ൽ അയയ്ക്കുകയുണ്ടായി. പ്രസക്ത മായ രണ്ടു ഖണ്ഡികകൾ വീണ്ടും ഉദ്ധരി ക്കുന്നത് ഉചിതമായിരിക്കും:

"ഈ സന്ദർഭത്തിൽ, 2004 ആഗസ്റ്റ് 16 മുതൽ ശുഭകരമായ നിജശ്രാവണ മാസം ആരംഭിക്കുന്ന തിനാൽ 2004 ആഗസ്റ്റ് 22 ഞായറാഴ്ച എന്റെ കക്ഷി കുട്ടിയോടൊപ്പം മേൽപ്പറഞ്ഞ വിലാസ ത്തിലുള്ള നിങ്ങളുടെ കക്ഷിയോടു ചേരുവാൻ വരുന്നതാണെന്ന് ഇതിനാൽ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.

മാത്രമല്ല, ന്യായമായ തോതിലുള്ള പരിരക്ഷയും ഹൃദയംഗമമായ സ്നേഹവും ഞങ്ങളുടെ കക്ഷി നിങ്ങളുടെ കക്ഷിയുടെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നു. ആയത് ദയവായി ഉറപ്പാക്കുക".

35. ഈ കത്തിടപാടുകളെ പരാമർശിക്കുന്ന തിന്റെ ഉദ്ദേശ്യം, ദാമ്പത്യ അവകാശങ്ങളുടെ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള വിധി നേടിയിരുന്നെങ്കിലും വിധിപ്രകാരം ഭർത്താ വിനോട് ചേരുവാനുള്ള കാലാവധി അവസാനി ക്കുന്ന അവസാന തീയതി വരെ ഭാര്യ കാത്തിരുന്നു എന്നതിനാണ്. അവിടെ നിയമപരമായ അപസിദ്ധാന്തം ഇല്ലായിരിക്കാം,

എന്നാൽ, മനോഭാവം പ്രതിഫലിക്കുന്നുണ്ട്. ന്യായമായ തോതിലുള്ള പരിരക്ഷയുടെയും ഹൃദയംഗമമായ സ്നേഹത്തിന്റെയും പ്രതീക്ഷ ഉണ്ടെന്ന് കൂടി മറുപടി പ്രസ്താവിക്കുന്നു. ഇത് രണ്ടിനെയും പ്രതിഫലിപ്പിക്കുന്നു, സംശയ ത്തിന്റെ അവബോധത്തെയും പതിയിരിക്കുന്ന ഭീഷണിയെയും. വസ്തുതകൾ ചുരുളഴിയു മ്പോൾ, രണ്ട് മാസം ഭാര്യ താമസിക്കുകയും പിന്നീട് ഭർത്തൃഭവനം വിട്ടൊഴിയുകയും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 498എ, 506/34 വകുപ്പുകൾ പ്രകാരവും സ്ത്രീധന നിരോധന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവും ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് ഭർത്താ വിനും അയാളുടെ അമ്മയ്ക്കും സഹോദരി ക്കുമെതിരെ പ്രഥമ വിവര റിപ്പോർട്ട് സമർപ്പി ക്കുകയും ചെയ്യുന്നു. ഭർത്താവ് ഒരു ദിവസം കസ്റ്റഡിയിൽ കഴിയുകയും അമ്മയും സഹോദരിയും മുൻകൂർ ജാമ്യം എടുക്കുകയും ചെയ്തു.

36. ഈ എല്ലാ വശങ്ങളും ഹൈക്കോടതി ശ്രദ്ധയിൽ എടുക്കുകയും ഒരു സാധാരണ വൈവാഹിക ജീവിതം നയിക്കുവാൻ ഭാര്യയ്ക്ക് യാതൊരു ഉദ്ദേശ്യവുമില്ലെന്ന് വിധിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ, വിവാഹം നേരെ യാക്കാനാകാത്തവിധം തകർന്നിട്ടുണ്ട് എന്ന ഒരു കണ്ടെത്തലും ഹൈക്കോടതി പ്രസ്താവി ക്കുകയുണ്ടായി. സ്വാഭാവികമായി, അത്തരം ഒരു നിരീക്ഷണം പെരുമാറ്റത്തിന്റെ അടിസ്ഥാന ത്തിൽ നടത്തിയിട്ടുള്ളതാണ്. ഈ കോടതി ചില കേസുകളിൽ, അതായത്, *ജി.വി.എൻ. കാമേശ്വര റാവു* അബി ജി. *ജാബില്ലി*, *പർവീൺ മേത്ത* അബി *ഇന്ദർജിത്ത് മേത്ത*, *വിജയകുമാർ ആർ. ഭട്ട്* അബി *നീല വിജയകുമാർ ഭട്ട്*, *ദുർഗ്ഗാ പ്രസന്ന ത്രിപാഠി* അബി *അരുന്ധതി ത്രിപാഠി*, നവീൻ കോഹ്‌ലി അബി *നീലു കോഹ്‌ലി*, *സമർ ഘോഷ്* അബി *ജയാ ഘോഷ്* (മുകളിലത്തെ) വിവാഹം നേരെയാക്കാനാകാത്ത വിധം തകർന്നു പോകുന്ന തത്വത്തിന്റെ സഹായം തേടിയിട്ടുണ്ട്.

37. ഇപ്പോൾ, മുൻപറഞ്ഞ പ്രവൃത്തികൾ മാനസിക ക്രൂരത ആകുന്നുവോ എന്ന പ്രശ്നത്തിലേക്ക് ഞങ്ങൾ ഞങ്ങളുടെ വിശ കലനം പരിമിതപ്പെടുത്തുന്നു. മാനസിക ക്രൂരത എന്ന സങ്കല്പം എന്താണ് അർത്ഥമാ ക്കുന്നതെന്ന് സൂചിപ്പിക്കുവാൻ ഏതാനും ആധികാരിക ഗ്രന്ഥങ്ങളെ ഞങ്ങൾ ഇതിനകം തന്നെ പരാമർശിച്ചിട്ടുണ്ട്. മാനസിക ക്രൂരത യെയും അതിന്റെ പ്രഭാവത്തെയും ഗണിത പരമായ കൃത്യതയോടുകൂടി പ്രസ്താവി ക്കുവാൻ കഴിയുകയില്ല. അത് വ്യക്തിയിൽ നിന്നും വ്യക്തിയിലേക്കും സമൂഹത്തിൽ നിന്നും സമൂഹത്തിലേക്കും വ്യത്യാസപ്പെടുകയും ആളുകളുടെ അന്തസ്സിനെക്കൂടി ആശ്രയി ക്കുകയും ചെയ്യുന്നു. സമൂഹത്തിലെ പ്രത്യേക നിലയിൽ പെടുന്ന രണ്ടു വ്യക്തികളുടെ ജീവിതത്തിൽ മാനസിക ക്രൂരതയാകുന്ന ഒന്ന് സമൂഹത്തിലെ ഒരു വ്യത്യസ്ത നിലയിൽ പെടുന്ന മറ്റൊരു ദമ്പതികളെ സംബന്ധിച്ച് മാനസിക ക്രൂരത ആകാവുന്നതല്ല. മാനസികതലത്തിൽ കഠിനമായ ഒരു പ്രഹരം ഉണ്ടാക്കുന്ന ചില പ്രവൃത്തികൾ മുഖേന തീവ്രമായി പീഡിപ്പിക്കപ്പെടുന്നുവെന്ന വികാരമോ അക്കാര്യത്തിലുള്ള ഒരു നിരാശാബോധമോ സംഭവിക്കുവാൻ കഴിയുന്ന താണ്. ആ അനുമാനം സന്നിഹിതമായിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും എടുക്കേണ്ടിയിരി ക്കുന്നു. സംഭവങ്ങൾ ഞങ്ങൾ എണ്ണിപ്പറഞ്ഞി ട്ടുള്ള നിലയിൽ, ഭർത്താവിന്, അയാൾ അവഹേളിക്കപ്പെട്ടുവെന്ന് തോന്നുവാൻ കാരണങ്ങൾ ഉണ്ടായിരുന്നു എന്ന് കരുതുവാൻ ഞങ്ങൾ തയ്യാറാവുകയാണ്, എന്തെന്നാൽ, അയാൾക്കെതിരായി ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും അവ ശരിയല്ലാത്ത തായുമിരിക്കുന്നു; അയാളുടെ ബന്ധുക്കൾ വൈവാഹിക വഴക്കിൽ വലിച്ചിഴയ്ക്കപ്പെട്ടു; ലിംഗപരമായ സംവേദനക്ഷമതയുടെ ധാരണ കളോ ഏതോ ഒരു തരത്തിലുള്ള പുരുഷ മേധാവിത്വമോ മനസ്സിൽ സൂക്ഷിക്കുവാൻ അയാൾ മനസ്സാ സമ്മതിച്ചിരുന്നുവെന്നപോലെ പത്രികയിലെ പ്രസ്താവങ്ങൾ അയാളെ ചിത്രീകരിക്കുന്നു; അയാളുടെ മാതാപിതാ ക്കളും, അയാളും മകന്റെ പേരിടീൽ ചടങ്ങിൽ അവഗണിക്കപ്പെടുന്നു; കൂടാതെ ഭാര്യ അവരുടെ പഠനം തുടരുവാൻ ഗുൽബർഗയിൽ പോയിരുന്നതായി അയാൾ മറ്റുള്ളവരിൽ

നിന്നും അറിയേണ്ടി വരുന്നു. അതുകൂടാതെ, ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള വിധിക്ക് ശേഷമുള്ള കത്തിട പാടുകൾ, ഭാര്യയുടെ മനോഭാവം അവർ ഒരു ചതുരംഗ കളി കളിക്കുന്നുവെന്നപോലെ യാണെന്ന് സൂചിപ്പിക്കുന്നു. ക്രിമിനൽ പ്രോസിക്യൂഷന്റെ ആരംഭം പെരുമാറ്റത്തിന്റെ പരമ്പരയിൽ നിന്നും ഗ്രഹിക്കുവാൻ കഴിയുന്നു. പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് കുറ്റവിമുക്ത മാക്കിക്കൊണ്ടുള്ള വിധി രേഖപ്പെടുത്തുക യുണ്ടായി. ഭാര്യ അനുമതി നേടിയതിനുശേഷം ഹൈക്കോടതി മുൻപാകെ ഒരു അപ്പീൽ ബോധിപ്പിച്ചു. സംസ്ഥാന സർക്കാർ സെഷൻസ് കോടതിയിൽ ഒരു അപ്പീൽ ബോധിപ്പിച്ചതിനുശേഷം അപ്പീൽ പിൻ വലിക്കുവാൻ അവർ തീരുമാനിക്കുന്നു. എന്നാൽ, വാദങ്ങൾ സൂചിപ്പിക്കുന്നതുപോലെ, കേസ് യുക്തിപരമായ തീരുമാനത്തിലേക്ക് എത്തിച്ചേരേണ്ടതാണെന്ന് അവർ ഉദ്ദേശി ക്കുന്നു. ഈ പെരുമാറ്റം കക്ഷികൾ തമ്മിലുള്ള അകൽച്ച വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെ വ്യക്തമായി കാണിക്കുന്നു. ഇത് വിദ്വേഷം വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഓരോ ശ്വാസത്തിലും ഭർത്താവ് വിലപിക്കുവാൻ ഇടയാകുന്നതും ജീവിതത്തിന്റെ കദനകഥയ്ക്ക് വഴി നൽകുവാൻ ജീവിതത്തിന്റെ പ്രസരിപ്പ് ഉരുകിത്തീരുകയും ചെയ്യുന്നു.

38. ഇത്തരത്തിലുള്ള മനോഭാവത്തിലും പെരുമാറ്റത്തിലും നിന്നും ഭർത്താവിനോട് മാനസിക ക്രൂരതയോടുകൂടി പെരുമാറിയി ട്ടുണ്ടെന്നും ഗവൺമെന്റ് മെഡിക്കൽ കോളേ ജിൽ ഒരു അസ്സോസ്സിയേറ്റ് പ്രൊഫസർ എന്ന നിലയിൽ തീർച്ചയായും അയാൾ അപകീർത്തി അഭിമുഖീകരിച്ചിട്ടുണ്ട് എന്നും അനുമാനിക്കു വാൻ കഴിയുന്നതാണ്. ഒരു സർക്കാർ ആശുപത്രിയിൽ ജോലി ചെയ്തുകൊണ്ട് ഒരാൾ സാമൂഹിക അന്തസ്സ് അനുഭവിക്കുമ്പോൾ, ഈ അവഹേളനം യശ്ശസിനെ ബാധിക്കുന്നു. അതിനു ശേഷം, അയാൾ അഭിമുഖീകരിച്ചിരി ക്കാവുന്ന അവഹേളനം നന്നായി ഊഹിക്കാൻ കഴിയുന്നതാണ്. വാസ്തവത്തിൽ, സംഭവ ങ്ങളുടെ ശൃംഖല വികാരങ്ങളുടെ പൂർണ്ണ വ്യാപ്തിയിലൂടെ സഞ്ചരിക്കുവാൻ അയാളെ നിർബന്ധിക്കണം. അത് അയാളുടെ ആത്മാഭി മാനത്തെയും മാനസിക സംവേദന ക്ഷമത യെയും തീർച്ചയായും മുറിവേൽപ്പിച്ചിരിക്കണം. വിവാഹം എന്ന ശുഭാപ്തി വിശ്വാസമുള്ള സങ്കല്പം അനുമാനിക്കാവുന്ന വിധം മായിക മായി തീർന്നിട്ടുള്ളതും ഭാര്യ ഭർത്താവിനോട് മോശമായ മനോവികാര പ്രകൃതം കാണിച്ചിട്ടു ണ്ടെന്ന് പറയുന്നത് അസ്ഥാനത്താവില്ല. അതുകൊണ്ട്, മാനസിക ക്രൂരതയുടെ എന്ന ഒറ്റകാരണത്തിൻമേൽ ഹൈക്കോടതി നൽകിയ വിവാഹമോചന വിധി സ്ഥിരീകരണം അർഹിക്കുന്നു.

39. ഇപ്പോൾ, ജീവനാംശം നൽകുന്നതിനെ പരിഗണിക്കുന്നതിലേക്ക് ഞങ്ങൾ പോകുന്നു. അപ്പീൽവാദിയും എതിർകക്ഷിയും ഡോക്ടർ മാരും രണ്ടുപേർക്കും അവരവരുടേതായ ജോലികൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു. മകന് കഷ്ടിച്ച് 16 വയസ്സ് ഉള്ളതും വിദ്യാഭ്യാസ ത്തിനുള്ള സാമ്പത്തിക സഹായവും അയാളുടെ സാമൂഹിക അന്തസ്സിനു ചേരുന്ന ഒരു ജീവിതം നയിക്കുവാൻ തുണയായിരി ക്കേണ്ട മറ്റു സംഗതികളും നിശ്ചയമായും ആവശ്യമാണ്. ഹൈക്കോടതി, വിവാഹ മോചനത്തിനുള്ള ഒരു വിധി നൽകുന്ന വേളയിൽ അതിലേക്ക് തിരിയേണ്ടതായിരുന്നു. എന്നിരുന്നാലും, കക്ഷികൾക്കിടയിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിലനിർത്തുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഈ കാരണത്താലും തർക്കം അവസാനിപ്പിക്കേണ്ടി യിരിക്കുന്നു. സാഹചര്യങ്ങളുടെ പൂർണ്ണത യെയും, അപ്പീൽവാദി അനുഭവിക്കുന്ന അന്തസ്സിനെയും കക്ഷികൾ ഉൾപ്പെടുന്ന സമൂഹത്തിലെ നിലയെയും പരിഗണിക്കു മ്പോൾ,പതിനാറ് വയസ്സായ മകന് ജീവനാംശവും വിദ്യാഭ്യാസവും നൽകേണ്ടത് എതിർകക്ഷി യുടെ ബാദ്ധ്യസ്ഥമായ കർത്തവ്യം ആയിത്തീരുന്നു. ഈ നിർണ്ണായക ഘട്ടത്തിൽ, ബാംഗ്ലൂർ കുടുംബ കോടതിയിലെ പാണ്ഡിത്യ മുള്ള പ്രിൻസിപ്പൽ ജഡ്ജിക്കു മുമ്പാകെ ഒരു നടപടി ആരംഭിച്ചിട്ടുണ്ടെന്നത് ഞങ്ങൾക്ക്

ശ്രദ്ധിക്കാവുന്നതും പ്രസ്തുത നടപടിയിൽ പാണ്ഡിത്യമുള്ള പ്രിൻസിപ്പൽ ജഡ്ജി താഴെപ്പറയുന്ന ഉത്തരവ് പാസ്സാക്കിയിട്ടുള്ളതുമാണ്:-

"മീഡിയേഷൻ സെന്ററിനു മുമ്പാകെ വിഷയം ഒത്തുതീർക്കപ്പെട്ടിരിക്കുന്നു; അവിടെ വച്ച് കക്ഷികൾ ഒരു ഒത്തുതീർപ്പ് മെമ്മോറാണ്ടം ഉണ്ടാക്കിയിട്ടുള്ളതാണ്.

ഒത്തുതീർപ്പ് മെമ്മോറാണ്ടത്തിലെ ഉള്ളടക്കം കക്ഷികൾ സമ്മതിച്ചിരിക്കുന്നു. ആയത് സ്വമേധയാ ഉള്ളതാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

ഒത്തുതീർപ്പ് വ്യവസ്ഥകളിലെ 5-ാം ഖണ്ഡികയിലെ (i)-ാം ഖണ്ഡപ്രകാരം ഹർജിക്കാരൻ പ്രായപൂർത്തിയാകാത്ത കുട്ടിയുടെ പേരിൽ കർണ്ണാടക ബാങ്കിൽ 3 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്, സ്ഥിരനിക്ഷേപ രസീതിന്റെ പകർപ്പും ആർ.ഡി. അക്കൗണ്ട് പാസ് ബുക്കും മെമ്മോയോടൊപ്പം ഫയൽ ചെയ്തിരിക്കുന്നു. അതുകൊണ്ട് ഒത്തുതീർപ്പിന് അനുസൃതമായി ഹർജി അനുവദിച്ചിരിക്കുന്നു.

ഒത്തുതീർപ്പ് മെമ്മോറാണ്ടം വിധിയുടെ ഒരു ഭാഗമായി ഇരിക്കുന്നതാണ്".

40. തുക സമ്മതിച്ചിട്ടുണ്ടെന്ന് എതിർകക്ഷിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. മൂന്നു ലക്ഷം രൂപയുടെ സമ്മതമുണ്ടായിരുന്നെങ്കിലും അത് വ്യത്യസ്ഥ സമയത്തും വ്യത്യസ്ത സാഹചര്യങ്ങളിലും ആയിരുന്നു. ഇപ്പോഴത്തെ അപ്പീൽ നിലവിലുണ്ടായിരുന്നു. ആ വിവാഹത്തിൽ ജനിച്ച ബാലനായ മകന് സ്വീകാര്യമായ ആശ്വാസവും അതുപോലെതന്നെ ഉചിതമായ വിദ്യാഭ്യാസവും കിട്ടിയിരിക്കണമെന്ന് കാണേണ്ടത് ഈ കോടതിയുടെ കർത്തവ്യമാണ്. പ്രായപൂർത്തിയാകാത്ത ഒരു മകൻ ക്ലേശത്തിൽ ജീവിക്കാൻ പാടില്ല അല്ലെങ്കിൽ അവന് ആവശ്യമായ ആധുനിക വിദ്യാഭ്യാസം നഷ്ടപ്പെടുത്തുവാൻ പാടില്ല എന്ന് കാണേണ്ടതുംകൂടി കോടതിയുടെ കർത്തവ്യമാണ്. അപ്പീൽവാദി സമ്പാദിച്ചുകൊണ്ടിരിക്കുന്നു എന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്, എന്നാൽ അത് അച്ഛൻ അയാളുടെ ബാധ്യതയിൽ നിന്ന് ഒഴിവാക്കപ്പെടണമെന്ന് നിർബന്ധമായും അർത്ഥമാക്കുന്നില്ല. സാമൂഹിക അന്തസ്സും സമൂഹത്തിലെ നിലയും വിദ്യാഭ്യാസം ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്ന ആശയവും പരിഗണനയിലെടുത്തുകൊണ്ട് സംരക്ഷണത്തിലേക്കും മകന്റെ വിദ്യാഭ്യാസത്തിലേക്കും ഇതിനകം കൊടുത്തിട്ടുള്ള തുകയൊഴികെ 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം രൂപ) ഞങ്ങൾ നിശ്ചയിക്കുന്നു. പ്രസ്തുത തുക ആറുമാസ കാലാവധിക്കുള്ളിൽ ബാംഗ്ലൂരിലെ കുടുംബ കോടതിയിലെ പാണ്ഡിത്യമുള്ള പ്രിൻസിപ്പൽ ജഡ്ജി മുൻപാകെ എതിർകക്ഷി കെട്ടിവയ്ക്കേണ്ടതും അപ്പീൽവാദിക്ക് ത്രൈമാസപ്പലിശ പിൻവലിക്കാനും അവരുടെ മകന് ചെലവിടുവാനും കഴിയണമെന്ന ലക്ഷ്യത്തോടെ ആ തുക ഒരു ദേശസാത്കൃത ബാങ്കിൽ അവരുടെയും പ്രായപൂർത്തിയാകാത്ത മകന്റേയും ജോയിന്റ് അക്കൗണ്ടിൽ ഒരു സ്ഥിര നിക്ഷേപത്തിൽ സൂക്ഷിക്കേണ്ടതു മാണ്. മകൻ പ്രായപൂർത്തി യായതിനുശേഷം ജോയിന്റ് അക്കൗണ്ട് തുടരേണ്ടതും മകന്റെ വിദ്യാഭ്യാസത്തിനോ ഏതെങ്കിലും അടിയന്തിര ആവശ്യത്തിനോ വേണ്ടി പണം പിൻവലിക്കുവാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാണ്.

41. ഹൈക്കോടതി പാസാക്കിയ വിവാഹമോചനത്തിനുള്ള വിധിയെ മുൻപറഞ്ഞ നിർദ്ദേശങ്ങളോടുകൂടി, ഞങ്ങൾ സ്ഥിരീകരിക്കുന്നു. അതിനനുസൃതമായി അപ്പീൽ തീർപ്പാക്കിയിരിക്കുന്നു, എന്നാൽ ചെലവിനെക്കുറിച്ചുള്ള ഏതൊരു ഉത്തരവുമില്ല.

*(എ.ഐ.ആർ 2014 സുപ്രീംകോടതി 2881)*

## ബഹു. സുപ്രീംകോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് സി. കെ. പ്രസാദ്

### &

### ബഹു. ജസ്റ്റിസ് പിനാകി ചന്ദ്ര ഘോഷ്

### അർനേഷ് കുമാർ

### അഭി

### ബീഹാർ സർക്കാർ

### ക്രിമിനൽ അപ്പീൽ നമ്പർ. 1277/2014

ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പ് 41-ശിക്ഷാ നിയമസംഹിത, 1860, വകുപ്പ് 498 എ അറസ്റ്റിനുള്ള അധികാരം—ഒരാളിന്മേൽ പിഴയോടു കൂടിയോ കൂടാതെയോ ഏഴ് വർഷത്തിൽ കുറവാകാവുന്നതോ ഏഴ് വർഷം വരെ ആകാവുന്നതോ ആയ ഒരു കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റം ആരോപിക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള ആൾ മുകളിൽ പ്രസ്താവിച്ച പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റം ചെയ്തിരുന്നുവെന്ന് ബോധ്യപ്പെടുന്നതുകൊണ്ട് മാത്രം പോലീസ് ഉദ്യോഗസ്ഥന് അറസ്റ്റ് ചെയ്യുവാൻ കഴിയുന്നതല്ല.

ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പ് 167-ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 22(2)—ഒരു മജിസ്ട്രേറ്റ് 167—ാം വകുപ്പ് പ്രകാരം തടങ്കലിന് ഉത്തരവ് കൊടുക്കുന്നതിന് മുൻപ്, നടത്തിയ അറസ്റ്റ് നിയമപരമാണെന്നും നിയമാനുസൃതമാണെന്നും അറസ്റ്റ് ചെയ്യപ്പെട്ട ആളിന്റെ ഭരണഘടനാപരമായ എല്ലാ അവകാശങ്ങളും നിറവേറ്റപ്പെടുന്നുവെന്നും അദ്ദേഹത്തിന് ആദ്യം ബോധ്യപ്പെടേണ്ടതാണ്.

ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പ് 167-ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 22(2)—അറസ്റ്റ് നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിനുള്ള വസ്തുതകളും കാരണങ്ങളും അതിന്റെ നിഗമനങ്ങളും മജിസ്ട്രേറ്റിന് നൽകുവാൻ ആവശ്യപ്പെടുന്നതും തുടർന്ന് മജിസ്ട്രേറ്റിന് 41—ാം വകുപ്പ് പ്രകാരം അറസ്റ്റിനുള്ള മുൻഉപാധി നിറവേറ്റപ്പെട്ടിട്ടുണ്ടെന്നും അതിനുശേഷം മാത്രമാണ് പ്രതിയുടെ തടങ്കലിന് അദ്ദേഹം ഉത്തരവ് നൽകുന്നതെന്നും ബോധ്യപ്പെടേണ്ടതാണ്.

ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പുകൾ 41 എ & 41—41 എ വകുപ്പ് പ്രകാരം ഒരു നോട്ടീസ് നൽകപ്പെടുന്ന ഒരാളെ അറസ്റ്റ് ചെയ്യുന്നതിനുപോലും 41—ാം വകുപ്പിൻകീഴിൽ വിവക്ഷിച്ച പ്രകാരമുള്ള അറസ്റ്റിനുള്ള മുൻഉപാധി പാലിക്കപ്പെടേണ്ടതും മജിസ്ട്രേറ്റിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരിക്കേണ്ടതുമാണ്.

ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പുകൾ 41 & 41 എ-ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 22(2)--41-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള അറസ്റ്റ് നടത്തുന്നതിനുള്ള കാരണങ്ങൾ എല്ലാമോ മിക്കതോ കേസ് ഡയറിയിൽ യാന്ത്രികമായി പുനരാവിഷ്കരി

**ക്കുന്ന കീഴ്വഴക്കം നിരുത്സാഹ പ്പെടുത്തേണ്ടതും തുടരാതിരിക്കേണ്ടതുമാണ്.**

**ശിക്ഷാ നിയമസംഹിത, 1860, വകുപ്പ് 498 എ--ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പ് 41-ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 22(2)—498 എ വകുപ്പ് പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യപ്പെടുന്നിടത്ത്, സംസ്ഥാന സർക്കാരുകൾ അതിന്റെ പോലീസ് ഉദ്യോഗസ്ഥരോട് സ്വയമേവ അറസ്റ്റ് ചെയ്യരുതെന്ന് നിർദ്ദേശിക്കേണ്ടതാണ്.**

**ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പുകൾ 41 & 41 എ-പോലീസ് ഉദ്യോഗസ്ഥരാലുള്ള അറസ്റ്റിനുള്ള അധികാരങ്ങൾ-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു-നിർദ്ദേശങ്ങൾ പാലിക്കാതിരിക്കൽ തെറ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരായി വകുപ്പുതല നടപടി ക്ഷണിച്ചു വരുത്തുന്നതിനു പുറമെ കോടതിയലക്ഷ്യവും ആകുന്നതുമാണ്.**

*ജസ്റ്റിസ്. സി. കെ. പ്രസാദ്*

## വിധിന്യായം

1. ഹർജിക്കാരൻ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860-ലെ (ഇതിനുശേഷം ഐപിസി എന്നാണ് പറയപ്പെടുക) 498 എ വകുപ്പും സ്ത്രീധന നിരോധന ആക്റ്റ്, 1961-ലെ 4-ാം വകുപ്പും പ്രകാരമുള്ള ഒരു കേസിൽ തന്റെ അറസ്റ്റ് ഭയപ്പെടുന്നു. വകുപ്പ് 498 എ ഐ.പി.സി പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പരമാവധി ശിക്ഷാവിധി മൂന്നു വർഷം വരെയാകാവുന്ന ഒരു കാലത്തേയ്ക്കുള്ള തടവും പിഴയും ആയിരിക്കെ, സ്ത്രീധന നിരോധന ആക്റ്റിന്റെ 4-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പരമാവധി ശിക്ഷാവിധി രണ്ട് വർഷത്തെ തടവും പിഴയുമാണ്.

2. ഹർജിക്കാരൻ, 2-ാം എതിർകക്ഷി ശ്വേതാ കിരണിന്റെ ഭർത്താവാണ്. അവർ തമ്മിലുള്ള വിവാഹം 2007 ജൂലൈ 1-ന് ആചാരപ്രകാരം നടത്തപ്പെട്ടു. മുൻകൂർ ജാമ്യം നേടുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം പരാജയപ്പെടുകയും അതുകൊണ്ട് അദ്ദേഹം പ്രത്യേക അനുമതി ഹർജി വഴി ഈ കോടതിയെ സമീപിക്കുകയും ചെയ്തിട്ടുള്ളതാണ്.

3. അനുമതി നൽകി.

4. ചുരുക്കത്തിലും സാരത്തിലും, അപ്പീൽ വാദിക്കെതിരായി ഭാര്യ ഉന്നയിച്ചിട്ടുള്ള ആരോപണം അവരുടെ ഭർത്താവിന്റെ അമ്മയും അച്ഛനും എട്ടു ലക്ഷം രൂപ, ഒരു മാരുതി കാർ, ഒരു എയർ കണ്ടീഷണർ, ടെലിവിഷൻ സെറ്റ് മുതലായവ ആവശ്യപ്പെട്ടുവെന്നും ഈ വസ്തുത അപ്പീൽ വാദിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, അയാൾ തന്റെ അമ്മയെ അനുകൂലിക്കുകയും മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നതാണ്. സ്ത്രീധന ആവശ്യം നിറവേറ്റാത്തതു കൊണ്ട് അവരെ ഭർത്തൃഭവനത്തിൽ നിന്നും പുറത്താക്കിയതായി ആരോപിച്ചിട്ടുണ്ട്.

5. ഈ ആരോപണങ്ങളെ നിഷേധിച്ചു കൊണ്ട് അപ്പീൽവാദി മുൻകൂർ ജാമ്യത്തിനു വേണ്ടി ഒരു അപേക്ഷ ബോധിപ്പിക്കുകയും അതിനെ നേരത്തെ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയും അതിനുശേഷം ഹൈക്കോടതിയും നിരസിച്ചിട്ടുള്ളതും ആകുന്നു.

6. സമീപ വർഷങ്ങളിൽ വൈവാഹിക തർക്കങ്ങളിൽ അസാധാരണമായ വർദ്ധനവാണ് ഉള്ളത്. വിവാഹ ഏർപ്പാട് ഈ രാജ്യത്ത് അത്യധികമായി ആദരിക്കപ്പെടുന്നു. ഒരു സ്ത്രീക്ക് അവരുടെ ഭർത്താവിന്റെയും അദ്ദേഹത്തിന്റെ ബന്ധുക്കളുടെയും പക്കൽ നിന്നുള്ള പീഡന ഭീഷണി എതിരിടാനുള്ള പ്രഖ്യാപിത ലക്ഷ്യത്തോടുകൂടിയാണ് ഐപിസി യുടെ 498 എ വകുപ്പ് കൊണ്ടുവരപ്പെട്ടിട്ടുള്ളത്. കൊഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതുമായ ഒരു കുറ്റമാണ് 498 എ വകുപ്പ് എന്ന വസ്തുത, അസംതൃപ്തിയുള്ള ഭാര്യമാർ പരിചയായി അല്ലാതെ ആയുധങ്ങളായി ഉപയോഗിക്കുന്ന വ്യവസ്ഥകൾക്കിടയിൽ അതിന് അവ്യക്തമായ ഒരു അഭിമാനസ്ഥാനം നൽകിയിട്ടുണ്ട്. പീഡിപ്പിക്കുവാനുള്ള ഏറ്റവും എളുപ്പ വഴി ഭർത്താവിനെയും അദ്ദേഹത്തിന്റെ ബന്ധുക്കളെയും ഈ വ്യവസ്ഥ പ്രകാരം അറസ്റ്റ്ചെയ്യുക എന്നതാണ്. ഒട്ടനവധി എണ്ണം കേസുകളിൽ ഭർത്താക്കൻമാരുടെ ശയ്യാവലംബിയായ മുത്തച്ഛന്മാരും മുത്തശ്ശികളും വിദേശത്ത്

ജീവിക്കുന്ന അവരുടെ സഹോദരിമാരും ദശാബ്ദങ്ങളായി അറസ്റ്റ് ചെയ്യപ്പെടുന്നു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ, ആഭ്യന്തരകാര്യ മന്ത്രാലയം പ്രസിദ്ധീകരിച്ച "ഇന്ത്യയിലെ കുറ്റം 2012-ലെ സ്ഥിതിവിവര കണക്ക്" ഐപിസി യിലെ 498 എ വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് 2012 വർഷക്കാലയളവിൽ ഇന്ത്യ ഒട്ടാകെ 1,97,762 ആളുകളുടെ അറസ്റ്റ് കാണിക്കുന്നു, ഇത് 2011 നെക്കാൾ 9.4% കൂടുതലാണ്. 2012—ൽ ഈ വ്യവസ്ഥ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഏറെക്കുറെ കാൽഭാഗം സ്ത്രീകളായിരുന്നു, അതായത്, 47,951 ഇത് ഭർത്താക്കൻമാരുടെ അമ്മമാരും സഹോദരി മാരും അവരുടെ അറസ്റ്റ് വലയിൽ യഥേഷ്ടമായി ഉൾപ്പെടുത്തപ്പെട്ടുവെന്ന് ചിത്രീകരിക്കുന്നു. ഇതിന്റെ വിഹിതം ഇൻഡ്യൻ ശിക്ഷാ നിയമസംഹിത പ്രകാരം ചെയ്തിട്ടുള്ള കുറ്റങ്ങളിൻകീഴിൽ അറസ്റ്റ് ചെയ്യപ്പെട്ട ആകെ ആളുകളുടെ 6% മാണ്. ഇത് ശിക്ഷാ നിയമസംഹിതയിലെ വ്യത്യസ്ത വകുപ്പുകൾ പ്രകാരം ചെയ്തിട്ടുള്ള ആകെ കുറ്റങ്ങളുടെ 4.5% ന്റെ കണക്ക് പറയുന്നു, ഇത് മോഷണവും ദേഹോപദ്രവവും ഒഴികെയുള്ള മറ്റേതെങ്കിലും കുറ്റത്തേക്കാൾ കൂടുതലാണ്. ഐപിസി 498 എ വകുപ്പ് പ്രകാരമുള്ള കേസുകളിൽ കുറ്റപത്രം നൽകുന്ന നിരക്ക് 93.6%-ത്തോളമായിരിക്കെ കുറ്റസ്ഥാപന നിരക്ക് 15% മാത്രമാണ്, അത് മറുവശത്തെ എല്ലാ ശീർഷകത്തിലേതിനേക്കാളും കുറഞ്ഞതാണ്. 3,72,706-ഓളം കേസുകൾ വിചാരണയ്ക്കായി നിലവിലിരിക്കെ, നടപ്പ് കണക്ക് പ്രകാരം അവയിൽ ഏറെക്കുറെ 3,17,000 കുറ്റവിമുക്തമാക്കലിൽ അവസാനിക്കുവാൻ ഇടയുള്ളതുമാണ്.

7. അറസ്റ്റ് എന്നന്നേക്കുമായി അപമാനം വരുത്തുകയും സ്വാതന്ത്ര്യം ഹനിക്കുകയും മുറിവുണ്ടാക്കുകയും ചെയ്യുന്നു. നിയമ നിർമ്മാതാക്കളും, ഇതേ പ്രകാരം തന്നെ പോലീസും ഇതറിയുന്നു. നിയമ നിർമ്മാതാക്കളും പോലീസും തമ്മിൽ ഒരു പോര് ഉണ്ടായിരിക്കുകയും പോലീസ് അതിന്റെ പാഠം; ക്രിമിനൽ നടപടി നിയമ സംഹിതയിൽ അന്തർലീനമായതും ഉൾക്കൊണ്ടിട്ടുള്ളതുമായ പാഠം, പഠിച്ചിട്ടില്ല എന്ന് കാണുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിനുശേഷം ആറു ദശാബ്ദങ്ങളായിട്ടും അത് അതിന്റെ കോളനിപരമായ പ്രതിച്ഛായയിൽ നിന്നും പുറത്ത് വന്നിട്ടില്ല, അത് പീഡനത്തിന്റെയും അടിച്ചമർത്തലിന്റെയും ഒരു ഉപകരണമായി വ്യാപകമായി കരുതപ്പെടുകയും പൊതുജനത്തിന്റെ ഒരു സുഹൃത്തായി നിശ്ചയമായും കരുതപ്പെടാതിരിക്കുകയും ചെയ്യുന്നു. അറസ്റ്റിനുള്ള കർക്കശമായ അധികാരം വിനിയോഗിക്കുന്നതിൽ ശ്രദ്ധ വേണമെന്ന ആവശ്യം കോടതികൾ നിരന്തരം ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ, ആഗ്രഹിച്ച ഫലം ലഭിച്ചിട്ടില്ല. അറസ്റ്റിനുള്ള അധികാരം അതിന്റെ ധാർഷ്ട്യത്തിനും ഇതേ പ്രകാരം തന്നെ അതിനെ തടഞ്ഞുനിറുത്തുവാനുള്ള മജിസ്ട്രസിയുടെ പരാജയത്തിനും കൂടി അത്യധികം സംഭാവന ചെയ്യുന്നു. ഇത് മാത്രമല്ല, അറസ്റ്റിനുള്ള അധികാരം പോലീസിലെ അഴിമതിയുടെ ആദായകരമായ ഉറവിടങ്ങളിൽ ഒന്നായിരിക്കുന്നു. ആദ്യം അറസ്റ്റ് ചെയ്യുവാനും പിന്നീട് മറ്റുള്ളവയുമായി മുന്നോട്ടു പോകുവാനുമുള്ള മനോഭാവം നികൃഷ്ടമാണ്. അത് സംവേദന ക്ഷമത ഇല്ലാത്തതോ വളഞ്ഞ ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്നതോ ആയ പോലീസ് ഉദ്യോഗസ്ഥർക്ക് കൈയ്യിലൊതുങ്ങുന്ന ഒരു ഉപകരണമായിത്തീർന്നിട്ടുണ്ട്.

8. നിയമ കമ്മീഷനുകളും പോലീസ് കമ്മീഷനുകളും, ഈ കോടതി ധാരാളം വിധിന്യായങ്ങളിലും അറസ്റ്റിനുള്ള അധികാരം വിനിയോഗിക്കുമ്പോൾ വ്യക്തിസ്വാതന്ത്ര്യവും സമൂഹത്തെ സംബന്ധിച്ച ക്രമപാലനവും തമ്മിൽ ഒരു സന്തുലനം നിലനിറുത്തുവാനുള്ള ആവശ്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ അറസ്റ്റ് നടത്തുന്നത് അപ്രകാരം ചെയ്യുവാനുള്ള അധികാരം അവർക്കുണ്ടെന്ന് അവർ വിശ്വസിക്കുന്നതു കൊണ്ടാണ്. അറസ്റ്റ് എന്നന്നേക്കുമായി സ്വാതന്ത്ര്യം ഹനിക്കുകയും അപമാനം വരുത്തുകയും മായാത്ത ദുഃഖസ്മരണ പതിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ഞങ്ങൾ വ്യത്യസ്തമായി കരുതുന്നു. കുറ്റം ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും കൊഗ്നൈസബിളും ആയതിനാലും, അപ്രകാരം ചെയ്യുന്നത് പോലീസ് ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമാണെന്നുമുള്ള കാരണത്താൽ മാത്രം യാതൊരു അറസ്റ്റും

നടത്തുവാൻ പാടില്ലായെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അറസ്റ്റിനുള്ള അധികാരത്തിന്റെ അസ്തിത്വം ഒരു സംഗതിയും, അതിന്റെ വിനിയോഗത്തിനുള്ള ന്യായീകരണം തികച്ചും മറ്റൊന്നും ആയിരിക്കുന്നു. അറസ്റ്റിനുള്ള അധികാരത്തിന് പുറമെ, പോലീസ് ഉദ്യാഗസ്ഥർ അതിന്റെ കാരണങ്ങൾ ന്യായീകരിക്കുവാൻ പ്രാപ്തരായിരിക്കേണ്ടതാണ്. ഒരാൾക്കെതിരെ ഉന്നയിക്കപ്പെട്ട ഒരു കുറ്റംചെയ്യൽ ആരോപണത്തിന്മേൽ മാത്രം സാധാരണമായ ഒരു രീതിയിൽ യാതൊരു അറസ്റ്റും നടത്തുവാൻ കഴിയുകയില്ല. ആരോപണത്തിന്റെ യഥാർത്ഥ്യത്തെക്കുറിച്ച് കുറെ അന്വേഷണത്തിനുശേഷം ന്യായമായ ഒരു ബോധ്യത്തിൽ എത്തിച്ചേരാതെ യാതൊരു അറസ്റ്റും നടത്തപ്പെടുന്നില്ല എന്നത് ഒരു പോലീസ് ഉദ്യോഗസ്ഥന് വിവേകപൂർവ്വവും ബുദ്ധിപരവുമായിരിക്കുന്നതാണ്. ഈ നിയമസ്ഥിതി ഉണ്ടായിരുന്നിട്ടും നിയമ നിർമ്മാണസഭയ്ക്ക് ഏതൊരു പുരോഗതിയും കണ്ടെത്താനായില്ല. അറസ്റ്റുകളുടെ എണ്ണം കുറഞ്ഞിട്ടില്ല. അന്തിമമായി, പാർലമെന്റിന് ഇടപെടേണ്ടിവരികയും 2001-ൽ സമർപ്പിച്ച നിയമ കമ്മീഷന്റെ 177-ാം റിപ്പോർട്ടിലെ ശിപാർശയിന്മേൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 41-ാം വകുപ്പ് (ചുരുക്കത്തിൽ `സി.ആർ.പി.സി), ഇന്നത്തെ രൂപത്തിൽ നിയമമാക്കുകയുമുണ്ടായി. ഇങ്ങനെയുള്ള ഒരു ശിപാർശ നിയമ കമ്മീഷൻ മുമ്പ് 1994-ൽ തന്നെ സമർപ്പിച്ച അതിന്റെ 152-ഉം, 154-ഉം റിപ്പോർട്ടുകളിൽ ചെയ്തിരുന്നു എന്നത് ശ്രദ്ധേയമാണ്. യോജിപ്പിന്റെ പ്രാധാന്യം അറസ്റ്റിനെ സംബന്ധിച്ച ഭേദഗതിയിലേക്ക് വ്യാപിക്കുന്നു. ഇപ്പോഴത്തെ അപ്പീലിൽ ഞങ്ങൾ പരിഗണിച്ചിരിക്കുന്ന കുറ്റത്തിന്, പരമാവധി ശിക്ഷ ഏഴ് വർഷം വരെ ആകാവുന്ന തടവും പിഴയും വ്യവസ്ഥ ചെയ്യുന്നതുകൊണ്ട്, ക്രിമിനൽ നടപടി നിയമ സംഹിതയിലെ 41(1) (ബി) വകുപ്പ് ആ ആവശ്യത്തിന് പ്രസക്തവും അത് താഴെപ്പറയും പ്രകാരവുമാണ്:

“41. **പോലീസിന് എപ്പോൾ വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യാമെന്ന്.**—(1) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് മജിസ്ട്രേറ്റിൽ നിന്നുള്ള ഉത്തരവു കൂടാതെയും, വാറന്റ് കൂടാതെയും,-

(എ) xxxxxxxxxxxxxxxxxxxxx

(ബി) പിഴയോടു കൂടിയോ അല്ലാതെയോ ഏഴ് വർഷത്തിൽ കുറവാകാവുന്നതോ ഏഴ് വർഷം വരെ ആകാവുന്നതോ ആയ ഒരു കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കൊഗ്നൈസബിൾ കുറ്റം ചെയ്തിട്ടുണ്ടെന്ന് തനിക്കെതിരായി ന്യായമായ ഒരു പരാതി ബോധിപ്പിക്കപ്പെട്ടിരിക്കുകയോ വിശ്വസനീയമായ വിവരം ലഭിച്ചിരിക്കുകയോ ന്യായമായ സംശയം ഉണ്ടായിരിക്കുകയോ ചെയ്യുന്നവനായ ഏതെങ്കിലും ആളെ അറസ്റ്റ്, താഴെപ്പറയുന്ന ഉപാധികൾ നിറവേറ്റപ്പെടുക യാണെങ്കിൽ, അതായത്:-

(i) xxxxxxxxxxxxxxxxxxxxx

(ii) പോലീസ് ഉദ്യോഗസ്ഥന് അങ്ങനെയുള്ള അറസ്റ്റ്-

(എ) അങ്ങനെയുള്ള ആളെ വീണ്ടും ഏതെങ്കിലും കുറ്റം ചെയ്യുന്നതിൽ നിന്നും തടയുവാനോ;

(ബി) കുറ്റത്തിന്റെ ശരിയായ അന്വേഷണത്തിനു വേണ്ടിയോ;

(സി) കുറ്റത്തിന്റെ തെളിവ് അപ്രത്യക്ഷമാകുവാൻ ഇടയാക്കുന്നതിലോ അങ്ങനെയുള്ള തെളിവിൽ ഏതെങ്കിലും രീതിയിൽ കൃത്രിമം കാണിക്കുന്നതിലോ നിന്നും അയാളെ തടയുവാനോ;

(ഡി) കേസിന്റെ വസ്തുതകളുമായി പരിചയമുള്ള ഏതെങ്കിലും ആളെ കോടതിയോടോ പോലീസ് ഉദ്യോഗസ്ഥനോടോ അങ്ങനെയുള്ള വസ്തുതകൾ വെളിപ്പെടുത്തുന്നതിൽ നിന്നും പിൻതിരിപ്പിക്കുവാനായി ഏതെങ്കിലും പ്രേരണയോ, ഭീഷണിയോ, വാഗ്ദാനമോ നൽകുന്നതിൽ നിന്നും അങ്ങനെയുള്ള ആളെ തടയുവാനോ;

(ഇ) അങ്ങനെയുള്ള ആളെ അറസ്റ്റ് ചെയ്യാത്ത പക്ഷം കോടതിയിൽ അയാളുടെ സാന്നിധ്യം ആവശ്യമുള്ളപ്പോഴെല്ലാം ഉറപ്പുവരുത്തുവാൻ സാധിക്കില്ല എന്നതിനാലോ;

ചെയ്യാവുന്നതും അങ്ങനെയുള്ള അറസ്റ്റ് നടത്തുമ്പോൾ ആ പോലീസ് ഉദ്യോഗസ്ഥൻ തന്റെ കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ, ഒരു പോലീസ് ഉദ്യോഗസ്ഥൻ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഒരാളുടെ അറസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കേസുകളിലും, അറസ്റ്റ് നടത്താത്തതിനുള്ള കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തേണ്ടതാണ്.

xxxxxxxxxxxx"

മുൻപ്രസ്താവിച്ച വ്യവസ്ഥയുടെ ഒരു സാധാരണ വായനയിൽ നിന്നും, പോലീസ് ഉദ്യോഗസ്ഥന്, പിഴയോടു കൂടിയോ അല്ലാതെയോ ഏഴു വർഷത്തിൽ കുറവാകാവുന്നതോ ഏഴു വർഷം വരെ ആകാവുന്നതോ ആയ ഒരു കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റം ആരോപിക്കപ്പെട്ട ഒരാളെ, അങ്ങനെയുള്ള ആൾ മുൻ പ്രസ്താവിച്ച പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റം ചെയ്തിരുന്നുവെന്ന് അതിന്റെ ബോധ്യപ്പെടലിൻമേൽ മാത്രം അറസ്റ്റുചെയ്യാൻ കഴിയുന്നതല്ല എന്നത് പ്രകടമാണ്. അങ്ങനെയുള്ള കേസുകളിൽ അറസ്റ്റിനു മുൻപ് പോലീസ് ഉദ്യോഗസ്ഥന് അങ്ങനെയുള്ള അറസ്റ്റ്, അങ്ങനെയുള്ള ആളെ വീണ്ടും ഏതെങ്കിലും കുറ്റം ചെയ്യുന്നതിൽ നിന്നും തടയുവാനോ; കേസിന്റെ ശരിയായ അന്വേഷണത്തിനു വേണ്ടിയോ; കുറ്റത്തിന്റെ തെളിവ് അപ്രത്യക്ഷമാകുവാൻ ഇടയാക്കുന്നതിലോ അങ്ങനെയുള്ള തെളിവിൽ ഏതെങ്കിലും രീതിയിൽ കൃത്രിമം കാണിക്കലിലോ നിന്നും പ്രതിയെ തടയുവാനോ; ഒരു സാക്ഷി, കോടതിയോടോ പോലീസ് ഉദ്യോഗസ്ഥനോടോ അങ്ങനെയുള്ള വസ്തുതകൾ വെളിപ്പെടുത്തുന്നതിൽ നിന്നും അയാളെ പിൻതിരിപ്പിക്കുവാനായി ഏതെങ്കിലും പ്രേരണയോ, ഭീഷണിയോ, വാഗ്ദാനമോ നൽകുന്നതിൽ നിന്നും അങ്ങനെയുള്ള ആളെ തടയുവാനോ; അങ്ങനെയുള്ള പ്രതിയെ അറസ്റ്റുചെയ്യാത്ത പക്ഷം, കോടതിയിൽ അയാളുടെ സാന്നിദ്ധ്യം ആവശ്യപ്പെടുമ്പോഴെല്ലാം ഉറപ്പു വരുത്തുവാൻ സാധിക്കില്ല എന്നതിനാലോ, ആവശ്യമാണെന്ന് കൂടുതൽ ബോധ്യപ്പെടേണ്ടതാണ്. വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് എത്തിച്ചേരാവുന്ന നിഗമനങ്ങൾ ഇവയാണ്. അങ്ങനെയുള്ള അറസ്റ്റ് നടത്തുമ്പോൾ മുൻ പ്രസ്താവിച്ച വ്യവസ്ഥകളിൽ ഏതെങ്കിലും ഉൾപ്പെടുന്ന ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ ആ പോലീസ് ആഫീസറെ നയിച്ച വസ്തുതകളെ ലിഖിതമായി പ്രസ്താവിക്കുവാനും കാരണങ്ങളെ രേഖപ്പെടുത്തുവാനും അയാളോട് നിയമം ആജ്ഞാപിക്കുന്നു. അറസ്റ്റ് നടത്താതിരുന്നതിനുള്ള കാരണം ലിഖിതമായി രേഖപ്പെടുത്തുവാൻ നിയമം പോലീസ് ഉദ്യോഗസ്ഥരോട് വീണ്ടും ആവശ്യപ്പെടുന്നു. സാരാംശത്തിലും കാതലിലും, പോലീസ് ഉദ്യോഗസ്ഥർ അറസ്റ്റിനു മുൻപ്, എന്തിനാണ് അറസ്റ്റ്? യഥാർത്ഥത്തിൽ ഇത് ആവശ്യമാണോ? എന്ത് ഉദ്ദേശത്തിനാണ് ഇത് ഉതകുക? എന്ത് ലക്ഷ്യമാണ് ഇത് നേടുക? എന്ന ഒരു ചോദ്യം സ്വയം ചോദിക്കേണ്ടതാണ്. ഈ ചോദ്യങ്ങൾ ചോദിക്കുകയും മുകളിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒന്നോ മറ്റ് ഉപാധികളോ ബോധ്യപ്പെടുകയും ചെയ്തതിനു ശേഷം മാത്രമാണ് അറസ്റ്റിനുള്ള അധികാരം വിനിയോഗിക്കേണ്ടത് ആവശ്യമായി വരുന്നത്. അറസ്റ്റിനു മുമ്പ് ആദ്യം പോലീസ് ഉദ്യോഗസ്ഥർക്ക് പ്രതി കുറ്റം ചെയ്തിട്ടുണ്ടെന്ന് വിവരത്തിന്റെയും വസ്തുതയുടേയും അടിസ്ഥാനത്തിൽ വിശ്വസിക്കുവാൻ കാരണം ഉണ്ടായിരിക്കുന്നത് നല്ലതാണ്. ഇതിനു പുറമെ, പോലീസ് ഉദ്യോഗസ്ഥന് ക്രിമിനൽ നടപടി നിയമസംഹിതയുടെ 41-ാം വകുപ്പിലെ ഒന്നാം ഖണ്ഡത്തിലെ (എ) മുതൽ (ഇ) വരെയുള്ള ഉപഖണ്ഡങ്ങൾ വിവക്ഷിക്കുന്ന ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് അറസ്റ്റ് ആവശ്യമാണെന്ന് കൂടുതലായി ബോധ്യപ്പെടേണ്ടതാണ്.

9. വാറണ്ട് കൂടാതെ പോലീസ് അറസ്റ്റ്ചെയ്ത ഒരു പ്രതിക്ക് ഭാരതത്തിന്റെ ഭരണഘടനയുടെ 22(2)-ാം അനുച്ഛേദവും ക്രിമിനൽ നടപടി നിയമസംഹിതയുടെ 57-ാം വകുപ്പും പ്രകാരം അനാവശ്യമായ കാലതാമസം കൂടാതെയും യാതൊരു സാഹചര്യങ്ങളിലും യാത്രയ്ക്ക് ആവശ്യമായ സമയം ഒഴികെയുള്ള 24 മണിക്കൂറുകൾക്കപ്പുറത്തല്ലാതെയും മജിസ്ട്രേറ്റിനു മുൻപാകെ ഹാജരാക്കപ്പെടുവാനുള്ള ഭരണ

ഘടനാപരമായ അവകാശം ഉള്ളതാണ്. അതിന് ക്രിമിനൽ നടപടി നിയമസംഹിതയുടെ 167-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ചു കൊണ്ട് മജിസ്ട്രേറ്റ് അനുവദിക്കുമ്പോൾ മാത്രം ഒരു കേസിന്റെ വിചാരണ വേളയിൽ, ഒരു പ്രതിയെ 24 മണിക്കൂർ കാലാവധിക്കപ്പുറം തടങ്കലിൽ സൂക്ഷിക്കുവാൻ കഴിയുകയുള്ളൂ. തടങ്കൽ അനുവദിക്കവാനുള്ള അധികാരം വളരെ ഗൗരവമേറിയ ഒരു ചുമതലയാണ്. അത് പൗരൻമാരുടെ സ്വേച്ഛാനുവർത്തത്തെയും സ്വാതന്ത്ര്യത്തെയും ബാധിക്കുകയും വളരെ ശ്രദ്ധയോടും ജാഗ്രതയോടും കൂടി വിനിയോഗി ക്കേണ്ടത് ആവശ്യമാകുകയും ചെയ്യുന്നു. അർഹിക്കുന്ന ഗൗരവത്തോടുകൂടി അത് വിനിയോഗിക്കപ്പെടുന്നില്ല എന്നാണ് ഞങ്ങളുടെ അനുഭവം പറയുന്നത്. ധാരാളം കേസുകളിൽ, സാധാരണവും കാഷ്വലും ഉദാസീനവുമായ ഒരു രീതിയിൽ തടങ്കൽ അനുവദിക്കപ്പെടുന്നു. ക്രിമിനൽ നടപടി നിയമസംഹിതയിലെ 167-ാം വകുപ്പ് പ്രകാരം ഒരു മജിസ്ട്രേറ്റ് തടങ്കൽ അനുവദിക്കുന്നതിന് മുമ്പ്, നടത്തിയ അറസ്റ്റ് നിയമപരമാണെന്നും നിയമാനുസൃതമാണെന്നും ആളിന്റെ ഭരണഘടനാപരമായ എല്ലാ അവകാശ ങ്ങളും നിറവേറ്റപ്പെടുന്നുവെന്നും അദ്ദേഹം ആദ്യം ബോധ്യപ്പെടേണ്ടതാണ്. അറസ്റ്റ് നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ നിയമ സംഹിതയിലെ 41-ാം വകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റുന്നി ല്ലെങ്കിൽ, മജിസ്ട്രേറ്റ് അയാളുടെ വീണ്ടുമുള്ള തടങ്കൽ അനുവദിക്കാതിരിക്കാനും പ്രതിയെ മോചിപ്പിക്കുവാനും കടമപ്പെട്ടിരിക്കുന്നു. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, ഒരു പ്രതി മജിസ്ട്രേറ്റിനു മുൻപാകെ ഹാജരാക്ക പ്പെടുമ്പോൾ, അറസ്റ്റ് നടത്തുന്ന പോലീസ് ഉദ്യോഗസ്ഥനോട് അറസ്റ്റിനുള്ള വസ്തുതകളും കാരണങ്ങളും അതിന്റെ നിഗമനങ്ങളും മജിസ്ട്രേറ്റിനു നൽകുവാൻ ആവശ്യപ്പെടുകയും തുടർന്ന് മജിസ്ട്രേറ്റ് ക്രിമിനൽ നടപടി നിയമസംഹിതയിലെ 41-ാം വകുപ്പ് പ്രകാരം അറസ്റ്റിനുള്ള മുൻഉപാധി നിറവേറ്റപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെടേണ്ടതും അതിനുശേഷം മാത്രം ഒരു പ്രതിയുടെ തടങ്കൽ അദ്ദേഹം അനുവദിക്കുവാൻ പാടുള്ളൂ. തടങ്കൽ അനുവദിക്കുന്നതിന് മുമ്പായി മജിസ്ട്രേറ്റ് അദ്ദേഹത്തിന്റേതായ സ്വന്തം ബോധ്യപ്പെടൽ രേഖപ്പെടുത്തേണ്ടതാണ്, അത് ചുരുക്കത്തി ലാകാവുന്നതും എന്നാൽ അതിന്റെ ഉത്തരവിൽ പ്രസ്തുത ബോധ്യപ്പെടൽ പ്രതിഫലി ക്കേണ്ടതുമാണ്. അത് ഒരിക്കലും പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞതിനെ മാത്രം അടിസ്ഥാന മാക്കിയിട്ടുള്ളതായിരിക്കരുത്, ഉദാഹരണത്തിന് അങ്ങനെയുള്ള ആളെ വീണ്ടും ഏതെങ്കിലും കുറ്റം ചെയ്യുന്നതിൽ നിന്നും തടയാനോ, കേസിന്റെ ശരിയായ അന്വേഷണത്തിന് വേണ്ടിയോ, തെളിവിൽ കൃത്രിമം നടത്തുന്ന തിലോ പ്രേരണ മുതലായവ നൽകുന്നതിലോ നിന്ന് പ്രതിയെ തടയുന്നതിന് വേണ്ടിയോ അറസ്റ്റ് ആവശ്യമാണെന്ന് പോലീസ് ഉദ്യോഗസ്ഥൻ കരുതുകയാണെങ്കിൽ, ആ പോലീസ് ഉദ്യോഗസ്ഥൻ അപ്രകാരമുള്ള നിഗമനത്തിൽ എത്തിച്ചേർന്നി ട്ടുള്ളതിന് അടിസ്ഥാനമായ വസ്തുതകളും കാരണങ്ങളും വസ്തുക്കളും മജിസ്ട്രേറ്റിന് നൽകേണ്ടതാണ്. തടങ്കൽ അനുവദിക്കുമ്പോൾ മജിസ്ട്രേറ്റ് അവ വായിച്ചു നോക്കേണ്ടതും അദ്ദേഹത്തിന്റെ ബോധ്യപ്പെടൽ ലിഖിതമായി രേഖപ്പെടുത്തിയതിന് ശേഷം മാത്രം മജിസ്ട്രേറ്റ് പ്രതിയുടെ തടങ്കൽ അനുവദിക്കേണ്ട തുമാണ്. കുറ്റവാളിയെന്ന് സംശയിക്കപ്പെടുന്ന ഒരാൾ അറസ്റ്റ് ചെയ്യപ്പെടുകയും തടങ്കൽ അനുവദിക്കുന്നതിനുവേണ്ടി ഒരു മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കപ്പെടുകയും ചെയ്യുമ്പോൾ അറസ്റ്റിനുള്ള നിശ്ചിതമായ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും അങ്ങനെ യാണെങ്കിൽ പ്രഥമദൃഷ്ട്യാ ആ കാരണങ്ങൾ പ്രസക്തമാണോ എന്നും രണ്ടാമതായി, മുകളിൽ പ്രസ്താവിച്ച ഒന്നോ മറ്റ് ഉപാധികളോ ആകർഷിക്കപ്പെടുന്നു എന്ന് ന്യായമായ ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ പോലീസ് ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുണ്ടോ എന്ന ചോദ്യം ചോദിക്കേണ്ടത് നന്നായിരിക്കും. മജിസ്ട്രേറ്റ് നീതിന്യായപരമായ പരിശോധന നടത്തേണ്ട താണ്. (ഈ പരിമിതമായ വ്യാപ്തിയോളം.)

10. അനാവശ്യമായ അറസ്റ്റിനെയോ പ്രതിയുടെ മേൽ ദൂരത്തിൽ മങ്ങിക്കാണുന്ന അറസ്റ്റിന്റെ ഭീഷണിയെ സജീവമാക്കാൻ ആവശ്യപ്പെടുന്നതിനെയോ ഒഴിവാക്കുവാൻ മറ്റൊരു വ്യവസ്ഥയായ, ക്രിമിനൽ നടപടി നിയമസംഹിതയുടെ 41 എ വകുപ്പ് ഉദ്ദേശിക്കുന്നു.

ഈ സന്ദർഭത്തിൽ, ക്രിമിനൽ നടപടി നിയമ സംഹിത (ഭേദഗതി) ആക്റ്റ്, 2008 (2009-ലെ 5—ാം നമ്പർ ആക്റ്റ്) 6-ാം വകുപ്പ് മുഖേന ചേർക്കപ്പെട്ട 41 എ വകുപ്പ് പ്രസക്തമാണ്, അത് താഴെപ്പറയും പ്രകാരമാണ്:

**"41 എ. പോലീസ് ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകാനുള്ള നോട്ടീസ്:-** (1) പോലീസ് ഉദ്യോഗസ്ഥൻ, 41-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഒരാളുടെ അറസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കേസുകളിലും, ആർക്കെതിരെയാണോ അയാൾ ഒരു കൊഗ്നൈസബിൾ കുറ്റം ചെയ്തിട്ടുണ്ടെന്ന് ന്യായമായ പരാതി ബോധിപ്പിക്കപ്പെട്ടിരിക്കുകയോ വിശ്വസനീയമായ വിവരം ലഭിച്ചിരിക്കുകയോ ന്യായമായ സംശയം ഉണ്ടായിരിക്കുകയോ ചെയ്യുന്നത്, ആ ആളെ തന്റെ മുമ്പാകെയോ നോട്ടീസിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥലത്തോ ഹാജരാകുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് പുറപ്പെടുവിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഒരു നോട്ടീസ് ഏതെങ്കിലും ആൾക്ക് നൽകപ്പെടുന്നിടത്ത്, ആ നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കേണ്ടത് ആ ആളുടെ കർത്തവ്യമായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള ആൾ ആ നോട്ടീസ് അനുസരിക്കുകയും അനുസരിക്കുന്നത് തുടരുകയും ചെയ്യുന്നിടത്ത്, ആ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള കുറ്റം സംബന്ധിച്ച്, രേഖപ്പെടുത്തേണ്ട കാരണ ങ്ങളാൽ അയാൾ അറസ്റ്റ് ചെയ്യപ്പെടേണ്ടതാണെന്ന് പോലീസ് ഉദ്യോഗസ്ഥന് അഭിപ്രായം ഇല്ലാത്തപക്ഷം, അയാൾ അറസ്റ്റ് ചെയ്യപ്പെടാൻ പാടില്ലാത്തതാണ്.

(4) അങ്ങനെയുള്ള ആൾ ഏതെങ്കിലും സമയത്ത് നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കുവാൻ പരാജയപ്പെടുകയോ സ്വയം തിരിച്ചറിയുവാൻ ഒരുക്കമില്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്, പോലീസ് ഉദ്യോഗസ്ഥന് ക്ഷമതയുള്ള ഒരു കോടതി ഇതിനുവേണ്ടി പാസ്സാക്കിയിരിക്കാവുന്ന അങ്ങനെയുള്ള ഉത്തരവുകൾക്ക് വിധേയമായി, ആ നോട്ടീസിൽ പറഞ്ഞിട്ടുള്ള കുറ്റത്തിനായി അയാളെ അറസ്റ്റ് ചെയ്യാവുന്നതാണ്".

11. ക്രിമിനൽ നടപടി നിയമസംഹിതയിലെ 41(1) വകുപ്പ് പ്രകാരം ഒരാളുടെ അറസ്റ്റ് ആവശ്യമാകാത്ത എല്ലാ കേസുകളിലും പോലീസ് ഉദ്യോഗസ്ഥനോട്, ഒരു നിർദ്ദിഷ്ട സ്ഥലത്തും സമയത്തും അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരാകുവാൻ പ്രതിയെ നിർദ്ദേശിച്ചു കൊണ്ടുള്ള ഒരു നോട്ടീസ് പുറപ്പെടുവിക്കുവാൻ ആവശ്യപ്പെടുന്നുവെന്ന് മുൻപറഞ്ഞ വ്യവസ്ഥ വ്യക്തമാക്കുന്നു. പോലീസ് ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരാകുവാൻ അങ്ങനെയുള്ള ഒരു പ്രതിയെ നിയമം നിർബന്ധിക്കുകയും അങ്ങനെയുള്ള ഒരു പ്രതി നോട്ടീസിലെ വ്യവസ്ഥകൾ അനുസരിക്കുകയും ചെയ്യുന്നുവെങ്കിൽ, രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അറസ്റ്റ് ആവശ്യമെന്ന് ആ പോലീസ് ഉദ്യോഗസ്ഥന് അഭിപ്രായമില്ലാത്തപക്ഷം, അയാളെ അറസ്റ്റ് ചെയ്യുവാൻ പാടില്ലായെന്നും അത് ആജ്ഞാപിക്കുന്നു. ഈ ഘട്ടത്തിൽ കൂടി ക്രിമിനൽ നടപടി നിയമ സംഹിതയുടെ 41-ാം വകുപ്പിൻ കീഴിൽ വിവക്ഷിച്ച പ്രകാരമുള്ള അറസ്റ്റിനുള്ള മുൻ ഉപാധി പാലിക്കേണ്ടതും മുൻപ്രസ്താവിച്ച പ്രകാരം മജിസ്ട്രേറ്റിനാലുള്ള അതേ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരിക്കേണ്ടതുമാണ്.

12. ഒരു മജിസ്ട്രേറ്റിൽ നിന്നുമുള്ള ഉത്തരവ് കൂടാതെയും വാറന്റ് കൂടാതെയും ഒരു പ്രതിയെ അറസ്റ്റുചെയ്യുവാൻ പോലീസ് ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്ന ക്രിമിനൽ നടപടി നിയമ സംഹിതയുടെ 41-ാം വകുപ്പിലെ വ്യവസ്ഥകൾ കരുതലോടെ നടപ്പാക്കുകയാണെങ്കിൽ, മനഃപൂർവ്വമായോ അറിയാതെയോ പോലീസ് ഉദ്യോഗസ്ഥർ ചെയ്ത അപകൃത്യം അസ്ഥിരപ്പെടുകയും മുൻകൂർ ജാമ്യം നൽകലിനുവേണ്ടി കോടതിയിൽ വരുന്ന കേസുകളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്യുന്നതാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. അറസ്റ്റ് നടത്തുന്നതിനു വേണ്ടി ക്രിമിനൽ നടപടി നിയമസംഹിതയുടെ 41—ാം വകുപ്പിൽ അടങ്ങിയിട്ടുള്ള കാരണങ്ങൾ എല്ലാമോ മിക്കതോ കേസ് ഡയറിയിൽ യാന്ത്രികമായി പുനർനിർമ്മിക്കുന്ന കീഴ്‌വഴക്കത്തെ നിരുത്സാഹപ്പെടുത്തേണ്ടതും തുടരാതിരിക്കേണ്ടതുമാണ് എന്ന് ഊന്നിപ്പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

13. പോലീസ് ഉദ്യോഗസ്ഥർ പ്രതിയെ ആവശ്യമില്ലാതെ അറസ്റ്റ് ചെയ്യുന്നില്ലെന്നും മജിസ്ട്രേറ്റ് തടങ്കൽ കാഷ്വലായും യാന്ത്രികമായും അനുവദിക്കുന്നില്ലെന്നും ഉറപ്പുവരുത്തുവാനാണ് ഈ വിധിന്യായത്തിലെ ഞങ്ങളുടെ പരിശ്രമം. ഞങ്ങൾ മുകളിൽ നിരീക്ഷിച്ചിട്ടുള്ളവ ഉറപ്പ് വരുത്തുന്നതിനായി, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:

(1) ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 498 എ വകുപ്പ് പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യുമ്പോൾ, സ്വയമേവ അറസ്റ്റുചെയ്യരുതെന്നും എന്നാൽ ക്രിമിനൽ നടപടി നിയമസംഹിതയുടെ 41—ാം വകുപ്പിൽ നിന്നും പ്രവഹിക്കുന്ന, മുകളിൽ പരാമർശിച്ചിട്ടുള്ള പരിധികൾ പ്രകാരം അറസ്റ്റിനുള്ള ആവശ്യത്തെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥർ സ്വയം ബോധ്യപ്പെടുവാനും എല്ലാ സംസ്ഥാന സർക്കാരുകളും നിർദ്ദേശിക്കേണ്ടതാണ്;

(2) എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും വകുപ്പ് 41(1) (ബി) (ii) പ്രകാരമുള്ള വിനിർദ്ദിഷ്ട ഉപഖണ്ഡങ്ങൾ അടങ്ങുന്ന ഒരു ചെക്ക് ലിസ്റ്റ് നൽകേണ്ടതാണ്;

(3) പോലീസ് ഉദ്യോഗസ്ഥൻ, വീണ്ടുമുള്ള തടങ്കലിനുവേണ്ടി പ്രതിയെ മജിസ്ട്രേറ്റിനു മുമ്പാകെ അയയ്ക്കുന്ന/ഹാജരാക്കുന്ന വേളയിൽ, യഥാവിധി പൂരിപ്പിച്ച ചെക്ക് ലിസ്റ്റ് അയയ്ക്കേണ്ടതും അറസ്റ്റ് ആവശ്യമാക്കിത്തീർത്ത കാരണങ്ങളും വസ്തുക്കളും നൽകേണ്ടതുമാണ്;

(4) മജിസ്ട്രേറ്റ് പ്രതിയുടെ തടങ്കൽ അനുവദിക്കുന്ന വേളയിൽ, മുൻപ്രസ്താവിച്ചതിന് അനുസാരമായി പോലീസ് ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ട് സൂക്ഷ്മമായി വായിക്കേണ്ടതും അതിന്റെ ബോധ്യപ്പെടൽ റിക്കാർഡ് ചെയ്തതിനുശേഷം മാത്രം മജിസ്ട്രേറ്റ് തടങ്കൽ അനുവദിക്കേണ്ടതുമാണ്;

(5) ഒരു പ്രതിയെ അറസ്റ്റുചെയ്യാത്തതിനുള്ള തീരുമാനം കേസിന്റെ ആരംഭത്തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ, മജിസ്ട്രേറ്റിനുള്ള ഒരു പകർപ്പ് സഹിതം മജിസ്ട്രേറ്റിനു അയച്ചുകൊടുക്കേണ്ടതാണ്; ആ കാലാവധി ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ജില്ലാ പോലീസ് സൂപ്രണ്ടിന് ദീർഘിപ്പിക്കാവുന്നതാണ്.

(6) ക്രിമിനൽ നടപടി നിയമസംഹിതയുടെ 41 എ വകുപ്പിന് അനുസാരമായി ഹാജരാകാനുള്ള നോട്ടീസ്, കേസിന്റെ ആരംഭത്തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ പ്രതിക്ക് നടത്തേണ്ടതാണ്, ആ കാലാവധി ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ജില്ലാ പോലീസ് സൂപ്രണ്ടിന് ദീർഘിപ്പിക്കാവുന്നതാണ്.;

(7) മുൻപ്രസ്താവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ വീഴ്ച ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ വകുപ്പുതല നടപടിക്ക് വിധേയരായിത്തീർക്കുന്നതിനുപുറമെ, പ്രാദേശിക അധികാരിതയുള്ള ഹൈക്കോടതി മുമ്പാകെ ആരംഭിക്കപ്പെടുന്ന കോടതിയലക്ഷ്യത്തിന് ശിക്ഷിക്കപ്പെടുവാൻ അവർ വിധേയരാകുകയും കൂടി ചെയ്യുന്നതാണ്.

(8) മുൻപ്രസ്താവിച്ച പ്രകാരം ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റ് കാരണങ്ങൾ രേഖപ്പെടുത്താതെ തടങ്കൽ അനുവദിക്കുന്നത് സമുചിത ഹൈക്കോടതിയാലുള്ള വകുപ്പുതല നടപടിക്ക് ഹേതുവാകുന്നതാണ്.

14. മുൻപ്രസ്താവിച്ച നിർദ്ദേശങ്ങൾ, കൈവശമുള്ള കേസിൽ എന്നപോലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 498 എ വകുപ്പോ സ്ത്രീധന നിരോധന ആക്റ്റിലെ 4-ാം വകുപ്പോ പ്രകാരമുള്ള കേസുകൾക്ക് ബാധകമാകുന്നത് മാത്രമല്ല, എന്നാൽ പിഴയോടു കൂടിയതോ അല്ലാതെയോ ഉള്ളതായാലും ഏഴു വർഷത്തിൽ കുറവാകാവുന്നതോ ഏഴു വർഷം വരെ ആകാവുന്നതോ ആയ ഒരു കാലത്തേയ്ക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റം ഉണ്ടായിരിക്കുന്ന അങ്ങനെയുള്ള കേസു കൾക്കും കൂടി ബാധകമാകുന്നുവെന്ന് കൂട്ടിച്ചേർക്കുവാൻ ഞങ്ങൾ വെമ്പൽകൊള്ളുന്നു.

15. ഈ വിധിന്യായത്തിന്റെ ഒരു പകർപ്പ് എല്ലാ സംസ്ഥാന സർക്കാരുകളുടെയും യൂണിയൻ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കും അത് കൂടാതെ പോലീസ് ഡയറക്ടർ ജനറൽമാർക്കും എല്ലാ ഹൈക്കോടതികളിലെയും രജിസ്ട്രാർ ജനറൽമാർക്കും മുന്നോട്ടുള്ള കൈമാറ്റത്തിനും അത് പാലിക്കുന്നത് ഉറപ്പാക്കുന്നതിനും വേണ്ടി അയച്ചുകൊടു ക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

16. 2013 ഒക്ടോബർ 31-ാം തീയതിയിലെ ഉത്തരവുവഴി ഈ കോടതി അപ്പീൽവാദിക്ക് ചില ഉപാധികളിൻമേൽ താൽക്കാലിക ജാമ്യം അനുവദിച്ചിരുന്നു. ആ ഉത്തരവിനെ ഞങ്ങൾ പരിപൂർണ്ണമാക്കുന്നു.

17. ഫലത്തിൽ, മുൻപ്രസ്താവിച്ച ഞങ്ങളുടെ 2013 ഒക്ടോബർ 31-ാം തീയതിയിലെ ഉത്തരവ് പരിപൂർണ്ണമാക്കിക്കൊണ്ട്; മുൻപ്രസ്താവിച്ച നിർദ്ദേശങ്ങളോടുകൂടി ഞങ്ങൾ ഈ അപ്പീൽ അനുവദിക്കുന്നു.

[*2014 (3) കെ.എൽ.റ്റി. 143 (സുപ്രീംകോടതി)*]

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ടി.എസ്. ഠാക്കൂർ

ബഹു. ജസ്റ്റിസ് വി. ഗോപാലഗൗഡ

&

ബഹു. ജസ്റ്റിസ് സി. നാഗപ്പൻ

**രനികുന്ദ്ല രാജമ്മ**

**അഭി**

**സർവാനമ്മ**

**സിവിൽ അപ്പീൽ നമ്പർ 4195/2008**

2014 ജൂലൈ 17—ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വസ്തുകൈമാറ്റ ആക്റ്റ്, 1882, വകുപ്പുകൾ 122 & 123--കൈവശത്തിന്റെ ഡെലിവറി, സാധുവായ ഒരു ദാനം നൽകുന്നതിനുള്ള അനിവാര്യമായ ഒരു ആവശ്യകോപാധി എന്ന ദൃഢപ്രസ്താവത്തിനുള്ള ഒരു ആധാരമായി *നരമദാബെൻ മഗൻലാൽ താക്കർ അഭി പ്രൺജീവൻ ദാസ് മഗൻലാൽ താക്കറും മറ്റുള്ളവരും* എന്ന കേസിലെ വിധിന്യായത്തെ ((1997) 2 എസ്.സി.സി 255) വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല.**

**വസ്തുകൈമാറ്റ ആക്റ്റ്, 1882, വകുപ്പ് 123--കൈവശത്തിന്റെ ഡെലിവറി സ്ഥാവര വസ്തുവിന്റെ സംഗതിയിൽ സാധുവായ ഒരു ദാനം നൽകുന്നതിന് ആവശ്യമായ ഒരു മുൻഉപാധിയല്ല.**

**വസ്തുകൈമാറ്റ ആക്റ്റ്, 1882, വകുപ്പുകൾ 122 & 123--വസ്തു ഉപയോഗിക്കുവാനുള്ള അവകാശം ദാനദാതാവിന്റെ ജീവിതകാലത്ത് നിലനിറുത്തുന്നത് ദാനദാതാവ് ദാനഗൃഹീതാവിന് ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനെ ഏതൊരു വഴിയിലും ബാധിക്കുന്നതല്ല.**

**വസ്തുകൈമാറ്റ ആക്റ്റ്, 1882, വകുപ്പുകൾ 123 & 129—129—ാം വകുപ്പിന്റെ ഭേദഗതിക്ക് മുമ്പ് അതിൻ കീഴിൽ ഒഴിവാക്കപ്പെട്ടിട്ടുള്ള ഹിന്ദുനിയമത്തിലെയും ബുദ്ധമത നിയമത്തിലെയും വ്യവസ്ഥകൾ (ആ ഒഴിവാക്കൽ, വസ്തുകൈമാറ്റ ആക്റ്റിലെ 123-ാം വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും അങ്ങനെയുള്ള ചട്ടങ്ങളെ ഒഴിവാക്കുന്നതിനെ ഉൾപ്പെടുത്തിയിട്ടില്ല) അദ്ധ്യായം VII-ന്റെ അധിപ്രഭാവത്തിൽ നിന്നും ഇനി ഒരിക്കലും ഒഴിവാക്കപ്പെടുന്നതല്ല.**

## വിധിന്യായം

***ജസ്റ്റിസ് ടി.എസ്. ഠാക്കൂർ***

1. *നരമദാബെൻ മഗൻലാൽ താക്കർ* അഭി *പ്രൺജീവൻദാസ് മഗൻലാൽ താക്കറും മറ്റുള്ളവരും* ((1997) 2 എസ്.സി.സി 255) എന്ന ഒരു കേസിലും *കെ. ബാലകൃഷ്ണൻ* അഭി *കെ. കമലവും മറ്റുള്ളവരും* (2004(1) കെഎൽറ്റി 623 (എസ് സി)=(2004) 1 എസ്സിസി 581) എന്ന

മറ്റൊരു കേസിലും ഈ കോടതി നൽകിയ രണ്ട് മുൻ വിധിന്യായങ്ങൾ തമ്മിലുള്ള പ്രത്യക്ഷമായ ഒരു ഭിന്നാഭിപ്രായം വസ്തുകൈമാറ്റ ആക്റ്റ്, 1882-ലെ 122-ഉം 123-ഉം വകുപ്പുകളുടെ യഥാർത്ഥമായതും ശരിയായതുമായ വ്യാഖ്യാനത്തെ ക്കുറിച്ചുള്ള ആധികാരികമായ പ്രസ്താവത്തിനു വേണ്ടി ലാർജർ ബഞ്ചിനുള്ള ഈ റഫറൻസി ലേക്ക് നയിക്കുകയുണ്ടായി. ആ രണ്ട് വിധിന്യായങ്ങളും വ്യത്യസ്ത വീക്ഷണങ്ങൾ എടുക്കുന്ന കൃത്യമായ വിഷയം ഞങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുൻപ്, ആ ഭിന്നാഭി പ്രായം ഉത്ഭവിക്കുന്ന വസ്തുതാപരമായ ഉറവിടത്തെ ഞങ്ങൾ ചുരുക്കമായി പ്രതിപാദി ക്കുന്നു.

2. പ്രതി-അപ്പീൽവാദി മുൻപ് ഒപ്പിട്ടു പൂർത്തീകരിച്ച ഒരു ഇഷ്ടദാന ആധാരം പിൻവലിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് അവർ ഒപ്പിട്ടുപൂർത്തീകരിച്ച 1986 മാർച്ച് 5-ാം തീയതിയിലെ പിൻവലിക്കൽ ആധാരം നിഷ്ഫലവും അസാധുവുമായിരുന്നു എന്ന ഫലത്തിലേക്കുള്ള ഒരു പ്രഖ്യാപനത്തിനുവേണ്ടി വാദി-ഈ അപ്പീലിലെ എതിർകക്ഷി, 979/1989-ാം നമ്പർ ആദ്യവ്യവഹാരം ഫയൽചെയ്യുക യുണ്ടായി. വ്യവഹാര വസ്തുവിൽ നിന്നു ണ്ടാകുന്ന ആദായം അനുഭവിക്കുവാനുള്ള അവകാശം ദാനദാതാവ്-പ്രതി ജീവിതകാലയള വിലേയ്ക്ക് അവർക്ക് തന്നെ നീക്കിവെച്ചിരുന്ന പ്പോൾ, പ്രതി—അപ്പീൽവാദി ഒപ്പിട്ടു പൂർത്തീകരിച്ച ഇഷ്ടദാന ആധാരം നിയമത്തിന്റെ ദൃഷ്ടിയിൽ സാധുവായിരുന്നുവെന്നും വാദി അംഗീ കരിച്ചിരുന്നുവെന്നുമുള്ളതാണ് അന്യായത്തിൽ പ്രതിപാദിച്ച പ്രകാരമുള്ള വാദിയുടെ കേസ്. അതിന്റെ അടിസ്ഥാനത്തിൽ, പിൻവലിക്കൽ ആധാരപ്രകാരം ഉദ്ദേശിക്കപ്പെട്ട വാദിയുടെ- എതിർകക്ഷിയുടെ പേരിലുള്ള ദാനത്തിന്റെ പിൻവലിക്കലിനെ ആക്ഷേപിക്കുകയും അതിന്റെ ആരംഭം മുതലുള്ള നിഷ്ഫലത്തെയും അസാധുതയെയും സംബന്ധിച്ച ഒരു പ്രഖ്യാപനം അഭ്യർത്ഥിക്കുകയും ചെയ്തു.

3. വാദിയുടെ പേരിൽ ഒപ്പിട്ടുപൂർത്തീകരിച്ച ഇഷ്ടദാന ആധാരം വഞ്ചനയും തെറ്റിദ്ധരി പ്പിക്കലും അനുചിതമായ സ്വാധീനവും മുഖേന കലുഷമാക്കപ്പെട്ടു എന്നുള്ള കാരണം ഉൾപ്പെടെ പല കാരണങ്ങൾ ഉന്നയിച്ച് ആ വ്യവഹാരത്തെ പ്രതി-ഇതിലെ അപ്പീൽവാദി, എതിർക്കുക യുണ്ടായി. വാദിയുടെ പേരിലുള്ള ദാനം പിൻവലിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആധാരം നിഷ്ഫലവും അസാധുവുമായിരുന്നു എന്ന് വാദിച്ചുകൊണ്ട് കക്ഷികൾ തെളിവ് നൽകുകയും ഒടുവിൽ വിചാരണ കോടതിയുടെ വിചാരണ നേരിടുകയും ചെയ്തു. വാദി ഹാജരാക്കിയ ഇഷ്ടദാന ആധാരം വഞ്ചന അല്ലെങ്കിൽ അനുചിതമായ സ്വാധീനം മുഖേന കലുഷമാക്കപ്പെട്ടുവെന്നോ അത് കൃത്യമായതോ പേരിന് മാത്രമായുള്ളതോ ആയ ഒരു രേഖ ആയിരുന്നുവെന്നോ തെളിയിക്കുവാൻ പ്രതി പരാജയപ്പെട്ടിരുന്നു എന്ന് വിചാരണ കോടതി കണ്ടെത്തി. വിചാരണകോടതി പറഞ്ഞതനു സരിച്ച് ദാനം സാധുവായി നൽകപ്പെടുകയും വാദിയാൽ അംഗീകരിക്കപ്പെടുകയും ചെയ്തി രുന്നു, അതുകൊണ്ട് ശരിക്കും പിൻവലിക്കുവാൻ ആകാത്തതാണ്. ദാനദാതാവ്, താൻ നൽകിയ ദാനത്തിന് ആക്ഷേപം ഉന്നയിക്കുവാൻ പന്ത്രണ്ട് വർഷത്തിൽ കൂടുതൽ കാലം യാതൊരു നടപടിയും എടുക്കാതിരുന്നതു കൊണ്ട്, ആയത് സ്വഇച്ഛയാലുള്ളതാണെന്നും ഏതെങ്കിലും അനുചിതമായ സ്വാധീനത്തിലോ തെറ്റിദ്ധരി പ്പിക്കലിലോ സംശയത്തിലോ നിന്നും മുക്ത മാണെന്നും വിധിക്കുകയും ചെയ്തു. വസ്തു അനുഭവിക്കുവാനുള്ള അവകാശം ദാനദാതാവ് തന്റെ ജീവിതകാലത്ത് നീക്കിവെച്ചിരുന്നു എന്ന വസ്തുത ആധാരത്തിന്റെ സാധുതയെ ബാധിച്ചിരുന്നില്ലായെന്ന് വിചാരണകോടതി അഭിപ്രായപ്പെടുകയുണ്ടായി.

4. പ്രസ്തുത വിധിന്യായത്തിനും വിധിക്കു മെതിരെ ബോധിപ്പിച്ച ആദ്യത്തെ അപ്പീലിൽ, വാറംഗൽ ഒന്നാം അഡീഷണൽ ജില്ലാ ജഡ്ജി, വിചാരണ കോടതിയെടുത്ത വീക്ഷണം സ്ഥിരീ കരിക്കുകയും സാധുവായ ഒരു ദാനം വാദി, തന്റെ പേരിൽ ഒപ്പിട്ടുപൂർത്തീകരിച്ചതിനെ തൃപ്തികരമായി തെളിയിച്ചിരുന്നുവെന്നും സാധുവായി നൽകിയ ഒരു ഇഷ്ടദാന ആധാരത്തിന്റെ പിൻവലിക്കൽ നിയമപരമായി അനുവദനീയമല്ലെന്നും വിധിക്കുകയും ചെയ്തു. ആ ഇഷ്ടദാന ആധാരം, പ്രതി ആരോപിച്ച പോലെ, ഒരു കൃത്രിമരേഖ അല്ലായിരുന്നുവെന്നും

ഉദ്ദേശിക്കപ്പെട്ട അതിന്റെ റദ്ദാക്കൽ/പിൻവലിക്കൽ പൂർണ്ണമായും ഫലപ്രദമല്ലാത്തതാണെന്നുംകൂടി ആദ്യത്തെ അപ്പീൽ കോടതി വിധിച്ചു. ഒരു കൃത്രിമ ആധാരം ഉണ്ടാക്കുവാൻ പ്രതിയെ നിർബന്ധിച്ചുകൊണ്ട് ശങ്കരയ്യ അവരുടെ വസ്തു തട്ടിയെടുക്കുന്നതിനെ അവർ ആശങ്കപ്പെട്ടിരുന്നു എന്ന കേസ്, പ്രത്യേകിച്ചും പിൻവലിക്കൽ ആധാരം പ്രതി ഒപ്പിട്ടു പൂർത്തീകരിക്കുന്നതിന് മൂന്ന് വർഷങ്ങൾക്ക് മുൻപ് ശങ്കരയ്യ മരണപ്പെട്ടിരിക്കെ, സ്ഥാപിക്കപ്പെട്ടിട്ടില്ല, എന്ന് വിധിക്കുകയുണ്ടായി. പ്രതി ആരോപിച്ചതുപോലെ, ശങ്കരയ്യയുടെ അത്യാഗ്രഹമുള്ള കണ്ണുകളിൽ നിന്നും ആ വസ്തുവിനെ രക്ഷിക്കുവാനാണ് ദാനദാതാവ് ആ ഇഷ്ടദാന ആധാരം ഒപ്പിട്ടു പൂർത്തീകരിച്ചതെങ്കിൽ, ആയത് പിൻവലിക്കുന്നതിനുമുൻപ്, ശങ്കരയ്യയുടെ മരണത്തിനു ശേഷം പ്രതി എന്തുകൊണ്ട് മൂന്ന് വർഷം കാത്തിരുന്നിരിക്കണം എന്നതിന് യാതൊരു കാരണവുമില്ലായിരുന്നു എന്നത് കോടതിയെ ചിന്തിപ്പിച്ചു. ദാനഗൃഹീതാവ് അയാളുടെ പേരിൽ നൽകപ്പെട്ട ദാനം സ്വീകരിച്ചിരുന്നുവെന്ന വിചാരണ കോടതിയുടെ കണ്ടെത്തലിനെ ആദ്യത്തെ അപ്പീൽ കോടതി സ്ഥിരീകരിക്കുകയും കൂടി ചെയ്തു. ആ കണ്ടെത്തലുകളിന്മേൽ പ്രതി (ഇതിലെ അപ്പീൽവാദി) ഫയൽചെയ്ത അപ്പീൽ തള്ളിക്കളയപ്പെടുകയുണ്ടായി.

5. കീഴ്ക്കോടതികൾ രേഖപ്പെടുത്തിയ ഒരേ ഫലം ഉളവാക്കുന്ന വസ്തുതകളുടെ കണ്ടെത്തലുകൾ 809/2003-ാം നമ്പർ സിവിൽ രണ്ടാം അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്നും അപ്പീൽവാദികളെ പിൻതിരിപ്പിച്ചില്ല, അതിൽ പ്രസ്തുത കണ്ടെത്തലുകൾക്ക് ആക്ഷേപം ഉന്നയിക്കുവാനുള്ള ഒരു ശ്രമം അപ്പീൽവാദികൾ നടത്തിയിരുന്നു. എന്നിരുന്നാലും, ഹൈക്കോടതി, അതിനു മുൻപാകെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായങ്ങളും ഉത്തരവുകളുമായി ഇടപെടുവാൻ വിസമ്മതിക്കുകയും ആ ദാനം അനുചിതമായ സ്വാധീനമോ വഞ്ചനയോ മുഖേന കലുഷമാക്കപ്പെട്ടു എന്ന് പ്രതി സ്ഥാപിച്ച കേസ് വിചാരണയിൽ പരിപൂർണ്ണമായി തെളിയിക്കപ്പെട്ടില്ല എന്ന് വിധിച്ചുകൊണ്ട് അപ്പീൽവാദിയുടെ രണ്ടാം അപ്പീലിനെ തള്ളിക്കളയുകയും ചെയ്തു. പ്രതികൾക്കെതിരായി രേഖപ്പെടുത്തപ്പെട്ട കണ്ടെത്തലുകൾക്ക് ആക്ഷേപം ഉന്നയിക്കുവാനുള്ള അവരുടെ അവസാനത്തെ പ്രതിരോധ ശ്രമമാണ് ഇപ്പോഴത്തെ അപ്പീൽ.

6. പ്രത്യേക അനുമതി ഹർജി പ്രാരംഭ വാദത്തിനായി ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് മുൻപാകെ വന്നപ്പോൾ, അപ്പീൽവാദിക്കു വേണ്ടി ഉന്നയിക്കപ്പെട്ട ഒരേ ഒരു ചോദ്യം, ദാനദാതാവ് അവരുടെ ജീവിതകാലത്ത് അനുഭവത്തിനായി ദാനം നൽകപ്പെട്ട വസ്തുവിന്റെ കൈവശവും ആ വസ്തുവിന്റെ വാടകകൾ സ്വീകരിക്കുവാനുള്ള അവകാശവും നിലനിർത്തിയിരുന്നത് ദാനത്തിന്റെ സാധുതയെ ഏതെങ്കിലും രീതിയിൽ ബാധിച്ചിട്ടുണ്ടോ എന്നതായിരുന്നു. ദാനദാതാവ് ദാനഗൃഹീതാവിന്റെ പേരിൽ ഒരു ഇഷ്ടദാന ആധാരം വാസ്തവത്തിൽ ഒപ്പിട്ടുപൂർത്തീകരിച്ചു എന്നുള്ളതും ദാനഗൃഹീതാവ് ആ ദാനം സ്വീകരിച്ചിരുന്നു എന്നുള്ളതും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തതും ആ ഫലത്തിലേക്കുള്ള കണ്ടെത്തലിന് ഞങ്ങളുടെ മുൻപാകെ പോലും ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. ഇതേ പ്രകാരം തന്നെ വഞ്ചനയും തെറ്റിദ്ധരിപ്പിക്കലും അനുചിതമായ സ്വാധീനവും കാരണം കാണിച്ചു കൊണ്ട് ആ ദാനത്തിന് ഉന്നയിക്കപ്പെട്ട എതിർപ്പും കീഴ്ക്കോടതികളാൽ പിൻതള്ളപ്പെട്ടിരിക്കെ, ആ ദാനം സാരവത്തായ എല്ലാ രീതിയിലും തെളിയിക്കപ്പെട്ട് നിലനിൽക്കുന്നു. അപ്പീൽവാദിക്കുവേണ്ടി വാദിച്ചതെല്ലാം, ദാനദാതാവ് തന്റെ ജീവിതകാലത്ത് വസ്തു ഉപയോഗിക്കുവാനും വാടകകൾ സ്വീകരിക്കുവാനുമുള്ള അവകാശം അവർക്കുതന്നെ നിലനിർത്തിയിരുന്നതുകൊണ്ട്, അങ്ങനെയുള്ള ഒരു നീക്കിവയ്ക്കൽ അല്ലെങ്കിൽ നിലനിർത്തൽ ആ ദാനത്തെ അസാധുവാക്കിത്തീർത്തു എന്നതാണ്. വസ്തു കൈമാറ്റ ആക്റ്റിലെ വ്യവസ്ഥകൾ ഒരു സോപാധിക ദാനത്തെ വിഭാവനം ചെയ്തിട്ടില്ല എന്ന് അപ്പീൽവാദിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദിക്കുകയുണ്ടായി. വസ്തുവിന്റെ ഉടമസ്ഥാവകാശവും കൈവശവും അതിനെ കൈകാര്യം ചെയ്യുവാനുള്ള അവകാശവും ദാനഗൃഹീതാവിന്റെ പേരിൽ നിരുപാധികമായ വാക്കുകളിൽ കൈമാറ്റം ചെയ്യുവാൻ ആ ഇഷ്ടദാന ആധാരം പരാജയപ്പെട്ടിടത്തോളം, ആയത് നിയമത്തിന്റെ

ദൃഷ്ടിയിൽ ഒരു ദാനമേ അല്ലായിരുന്നുവെന്ന് അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദിക്കുകയുണ്ടായി. ആ വാദത്തിന് അനുകൂലമായി പാണ്ഡിത്യമുള്ള അഭിഭാഷകൻ *നരമദാബെൻ മഗൻലാൽ താക്കർ* അഭി *പ്രൺജീവൻദാസ് മഗൻലാൽ താക്കറും മറ്റുള്ളവരും* ((1997) 2 എസ്‌സിസി 255) എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായത്തിൽ ആശ്രയം അർപ്പിക്കുകയുണ്ടായി.

7. നേരെ മറിച്ച്, ആ ദാനത്തിന്റെ സാധുത കീഴ്ക്കോടതികളാൽ പിന്താങ്ങപ്പെട്ടിരിക്കെ, പരിശോധിക്കുവാൻ അവശേഷിക്കുന്ന ഒരേ ഒരു ചോദ്യം ദാനദാതാവിനുവേണ്ടി ആജീവനാവകാശം നീക്കിവച്ചിട്ടുള്ള ഒരു ദാനം അസാധുവാണെന്ന് പറയുവാൻ കഴിയുമായിരുന്നോ എന്നതായിരുന്നു. പാണ്ഡിത്യമുള്ള അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, ആ ചോദ്യത്തിന് *കെ. ബാലകൃഷ്ണൻ* അഭി *കെ. കമലവും മറ്റുള്ളവരും* (2004 (1) കെഎൽറ്റി 623 (എസ് സി)=(2004) 1 എസ്‌സിസി 581) എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായങ്ങളാൽ എതിർകക്ഷികൾക്ക് അനുകൂലമായി കൃത്യമായി ഉത്തരം നൽകപ്പെട്ടിട്ടുണ്ട്.

8. കൈവശത്തിന്റെ കൈമാറ്റം ഹിന്ദു നിയമപ്രകാരം ഒരു സാധുവായ ദാനത്തിനുള്ള ഒരു ഉപാധിയാണെന്നും ഹിന്ദു നിയമത്തിലെ ആ ചട്ടം വസ്തു കൈമാറ്റ ആക്റ്റിലെ 123—ാം വകുപ്പിനാൽ അതിലംഘിക്കപ്പെട്ട് നിലനിൽക്കുന്നു എന്ന വാദത്തിന് അനുകൂലമായി പാണ്ഡിത്യമുള്ള അഭിഭാഷകൻ *ഭഗവാൻ പ്രസാദും മറ്റൊരാളും* അഭി *ഹരിസിംഗ്* (എ ഐ ആർ 1925 നാഗ്പൂർ 199), *രേവപ്പ* അഭി *മാധവ റാവു* (എ ഐ ആർ 1960 മൈസൂർ 97) *തിരത്ത് സിംഗ്* അഭി *മൻമോഹൻ* (എ ഐ ആർ 1981 പഞ്ചാബ് & ഹരിയാന 174) എന്നീ കേസുകളിൽ ആശ്രയം അർപ്പിക്കുകയും ചെയ്തു.

9. വസ്തു കൈമാറ്റ ആക്റ്റ്, 1882—ലെ VII—ാം അദ്ധ്യായം ദാനത്തെ പൊതുവായി പ്രതിപാദിക്കുകയും മറ്റു പലതിന്റെയും കൂട്ടത്തിൽ ദാനം നൽകുന്ന രീതി വ്യവസ്ഥചെയ്യുകയും ചെയ്യുന്നു. ആക്റ്റിലെ 122-ാം വകുപ്പ് 'ദാനം' നിലവിലുള്ള ജംഗമമോ സ്ഥാവരമോ ആയ നിശ്ചിതവസ്തു സ്വേഛയായും പ്രതിഫലം കൂടാതെയും ഒരാൾ-അയാൾക്ക് ദാനദാതാവ് എന്ന് പേര് പറയുന്നു-,മറ്റൊരാൾക്ക്-അയാൾക്ക് ദാനഗൃഹീതാവ് എന്ന് പേര് പറയുന്നു-ചെയ്യുന്നതും ദാനഗൃഹീതാവോ അയാൾക്കുവേണ്ടിയോ പ്രതിഗ്രഹിക്കുന്നതുമായ കൈമാറ്റം ആകുന്നു എന്നു നിർവ്വചിക്കുന്നു. സാധുതയുള്ള ഒരു ദാനം ആകുന്നതിന്, ഈ വ്യവസ്ഥ അനുസരിച്ച്, പ്രതിഗ്രഹണം ദാനദാതാവ് ജീവിച്ചിരിക്കുന്ന സമയത്തും അത് നൽകുന്നതിന് അദ്ദേഹം ഇപ്പോഴും പ്രാപ്തനായി ഇരിക്കുകയും ചെയ്യുന്ന വേളയിലും നൽകിയിരിക്കേണ്ടതാണ്. പ്രതിഗ്രഹണത്തിനു മുൻപ് ദാനഗൃഹീതാവ് മരണപ്പെടുന്നുവെങ്കിൽ, ഒരു ദാനം അസാധുവാണെന്ന് അത് വ്യവസ്ഥചെയ്യുന്നു.

10. 123-ാം വകുപ്പ് ഒരു ദാനം നൽകുന്ന രീതിയെ ക്രമപ്പെടുത്തുകയും ഒരു സ്ഥാവര വസ്തുവിന്റെ ദാനം ദാനദാതാവോ അയാൾക്കുവേണ്ടിയോ ഒപ്പിട്ടതും, കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പ്രമാണം വഴി നടപ്പാക്കിയിരിക്കേണ്ടതാണെന്ന് മറ്റു പലതിന്റെയും കൂട്ടത്തിൽ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നു. ജംഗമ വസ്തുവിന്റെ സംഗതിയിൽ കൈമാറ്റം മേൽപ്പറഞ്ഞ വിധം ഒപ്പിട്ട് രജിസ്റ്റർ പ്രമാണം വഴിയോ ഡെലിവറി വഴിയോ ചെയ്യുന്നത് 123-ാം വകുപ്പ് പ്രകാരം സാധുവാണ്.

ഈ ഘട്ടത്തിൽ 123-ാം വകുപ്പിനെ ഒതുക്കത്തോടെ ഉദ്ധരിക്കാവുന്നതാണ്.

**"123. കൈമാറ്റം എങ്ങനെ ഉണ്ടാക്കണമെന്ന്**-സ്ഥാവരവസ്തു ദാനം ചെയ്യുന്നതിന് കൈമാറ്റം ദാനദാതാവോ അയാൾക്കുവേണ്ടിയോ ഒപ്പിട്ടതും, കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പ്രമാണം വഴി ഉണ്ടാക്കണം.

ജംഗമവസ്തു ദാനം ചെയ്യുന്നതിന് കൈമാറ്റം മേൽപ്പറഞ്ഞ വിധം ഒപ്പിട്ട രജിസ്റ്റർ പ്രമാണം വഴിയോ ഡെലിവറി വഴിയോ സംജാതമാക്കാവുന്നതാകുന്നു.

അങ്ങനെയുള്ള ഡെലിവറി വിൽക്കപ്പെടുന്ന സാധനങ്ങൾ ഡെലിവറി ചെയ്യുന്ന അതേ രീതിയിൽ ചെയ്യാവുന്നതാണ്".

11. VII--ാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന അവശേഷിക്കുന്ന വ്യവസ്ഥകളായ 124 മുതൽ 129 വരെയുള്ള വകുപ്പുകൾ നിലവിലുള്ള വസ്തുവിന്റെയും ഭാവി വസ്തുവിന്റെയും ദാനം, പലർക്കായി ചെയ്യുന്ന ദാനം-അവരിൽ ഒരാൾ പ്രതിഗ്രഹിക്കാതിരിക്കൽ, ഒരു ദാനം നിറുത്തി വയ്ക്കലും പിൻവലിക്കലും, ഒരു ദാനത്തിൽ നിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും കടപ്പാട് ദാനഗൃഹീതാവ് പ്രതിഗ്രഹിക്കാതിരിക്കലിന്റെ ഫലം ഉൾപ്പെടെയുള്ള ഭാരസഹിത ദാനങ്ങൾ എന്നിവ പോലുള്ള കാര്യങ്ങളെ പ്രതിപാദിക്കുന്നു. ഈ വ്യവസ്ഥകൾ ഇപ്പോൾ നമ്മെ സംബന്ധിക്കുന്നതല്ല. 123-ാം വകുപ്പിന്റെ ശ്രദ്ധാപൂർവ്വമായ വായനയാണ് ഈ കേസിന്റെ തീർപ്പാക്കലിന് പ്രധാനമായുള്ള എല്ലാം, ആയത് ഒരു സ്ഥാവര വസ്തുവിന്റെ ദാനം ദാനദാതാവോ അയാൾക്കു വേണ്ടിയോ ഒപ്പിട്ടതും കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പ്രമാണം വഴി ഉണ്ടാക്കാൻ കഴിയു മെന്നതിൽ യാതൊരു രീതിയിലുമുള്ള സംശയത്തിനും ഇടനൽകുന്നില്ല. ആക്റ്റിലെ 122-ാം വകുപ്പുമായി കൂട്ടിവായിക്കുമ്പോൾ, ദാനദാതാവോ അയാൾക്ക് വേണ്ടിയോ ഒപ്പിട്ടതും കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പ്രമാണം വഴി ഉണ്ടാക്കപ്പെട്ട ഒരു ദാനം, ആയത് ദാന ഗൃഹീതാവോ അയാൾക്ക് വേണ്ടിയോ പ്രതിഗ്രഹിക്കപ്പെടുമെങ്കിൽ, സാധുവാണ്. അങ്ങനെയുള്ള പ്രതിഗ്രഹണം ദാനദാതാവിന്റെ ജീവിതകാലത്തും അത് നൽകുന്നതിന് അയാൾ പ്രാപ്തനായിരിക്കുന്ന വേളയിലും നൽകിയിരിക്കേണ്ടതാണെന്ന് ആക്റ്റിലെ 122-ാം വകുപ്പിന്റെ ഒരു സാധാരണ വായനയിൽ നിന്നും വ്യക്തമാണ്. ആക്റ്റിലെ 122-ഉം 123-ഉം വകുപ്പുകളുടെ ഒരു സംയോജിത വായന, ദാനദാതാവ് യഥാവിധി ഒപ്പിട്ടതും ആവശ്യമായ പ്രകാരം സാക്ഷ്യപ്പെടുത്തിയതുമായ ദാനത്തിന്റെ രജിസ്റ്റർ പ്രമാണത്തിൽ ഉൾപ്പെടുത്തിയുള്ള വസ്തുവിന്റെ "കൈവശത്തിന്റെ കൈമാറ്റം" വസ്തുകൈമാറ്റ ആക്റ്റ്, 1882-ലെ വ്യവസ്ഥകൾ പ്രകാരം ഒരു സാധുവായ ദാനം ഉണ്ടാക്കുന്നതിനുള്ള ഒരു അവശ്യഘടകം അല്ലായെന്ന് വിപുലമായി വ്യക്തമാക്കുന്നു. കൈവശത്തിന്റെ ഡെലിവറിയെ സാധുതയുള്ള ഒരു ദാനത്തിന്റെ പൂർത്തീകരണത്തിനുവേണ്ട അനിവാര്യമായ ഒരു ഉപാധിയാക്കിത്തീർക്കുന്ന എന്തെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, ആക്റ്റിലെ 123-ാം വകുപ്പ് ഹിന്ദു നിയമത്തിലെ ചട്ടത്തെ അതിലംഘിക്കുന്നുവെന്ന വസ്തുകൈമാറ്റ ആക്റ്റിലെ 123-ാം വകുപ്പിന്റെ യഥാർത്ഥവും ശരിയായതുമായ വ്യാഖ്യാനങ്ങളെക്കുറിച്ച്, ദീർഘകാലമായുള്ള കോടതി വിധിന്യായങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. സാധുവായ ഒരു ദാനം നൽകുന്നതിനുള്ള ഒരു ഉപാധി കൈവശത്തിന്റെ ഡെലിവറി ആണെന്ന ഹിന്ദു നിയമത്തിന്റെ ആവശ്യകതയെ 123-ാം വകുപ്പിലെ വ്യവസ്ഥകൾ അസാധുവാക്കുന്നതായി വ്യാഖ്യാനിക്കപ്പെട്ട അങ്ങനെയുള്ള വിവിധ വിധിന്യായങ്ങളെ *ലല്ലു സിംഗ്* അഭി *ഗുർനാരായണും മറ്റുള്ളവരും* (എഐആർ 1922 അലഹബാദ് 467) എന്ന കേസിൽ ബഹുമാനപ്പെട്ട അലഹബാദ് ഹൈക്കോടതിയിലെ അഞ്ച് ന്യായാധിപന്മാർ അടങ്ങിയ ഒരു ഫുൾ ബെഞ്ച് പരാമർശിക്കുകയുണ്ടായി. വസ്തു കൈമാറ്റ ആക്റ്റിലെ 123-ാം വകുപ്പ്, ഒരു ഇഷ്ടദാന ആധാരത്തിന് ഹിന്ദു നിയമം ഇതിനകം തന്നെ ആജ്ഞാപിച്ചിട്ടുള്ള ആവശ്യകതയോട് ഒന്നിൽക്കൂടുതൽ ആവശ്യകത, അതായത്, സാക്ഷ്യപ്പെടുത്തലും രജിസ്ട്രേഷനും കൂട്ടിച്ചേർക്കുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നും, യഥാവിധി ഒപ്പിട്ടതും സാക്ഷ്യപ്പെടുത്തിയതുമായ രജിസ്റ്റർ പ്രമാണം ഉണ്ടായിരുന്നിടത്ത്, ഹിന്ദു നിയമത്തിലെ മറ്റ് ആവശ്യകതകൾ വേണ്ടെന്ന് വെയ്ക്കപ്പെട്ട് നിലനിന്നിരുന്നു എന്ന് 123-ാം വകുപ്പ് അർത്ഥമാക്കിയിട്ടില്ലായെന്നുമുള്ള വാദത്തെ ഹൈക്കോടതി വ്യക്തമായ പദങ്ങളിൽ തള്ളിപ്പറഞ്ഞിട്ടുള്ളതും ആയത് മുകളിൽ പറഞ്ഞ വിധിന്യായത്തിലെ താഴെ പറയുന്ന ഖണ്ഡികയിൽ നിന്നു വ്യക്തവുമാണ്.

"7. ഹിന്ദു നിയമം ആജ്ഞാപിച്ചിട്ടുള്ള ആവശ്യകതകൾക്ക് പുറമെ ഒരു നിയമ ആവശ്യകത കൂടി, അതായത്, സാക്ഷ്യപ്പെടുത്തലും രജിസ്ട്രേഷനും എന്ന ആവശ്യകത കൂട്ടിച്ചേർക്കുവാൻ മാത്രമേ 123—ാം വകുപ്പ്കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂവെന്നും യഥാവിധി ഒപ്പിട്ടതും സാക്ഷ്യപ്പെടുത്തിയതുമായ രജിസ്റ്റർ പ്രമാണം ഉണ്ടായിരുന്നിടത്ത്, ഹിന്ദു നിയമത്തിലെ മറ്റ് എല്ലാ ആവശ്യകതകളും വേണ്ടെന്ന് വയ്ക്കപ്പെട്ടുവെന്ന് ആ വകുപ്പ് അർത്ഥമാക്കിയിട്ടില്ലായെന്നും അപ്പീൽവാദിക്ക് വേണ്ടി

ഡോ. കട്ജു ശക്തമായി വാദിക്കുകയുണ്ടായി. എന്നിരുന്നാലും, എല്ലാ ഹൈക്കോടതികളും വളരെ നീണ്ട കാലമായി 123-ാം വകുപ്പിനെ ആദ്യം സൂചിപ്പിച്ച രീതിയിൽ തുടർച്ചയായി വ്യാഖ്യാനിച്ചിട്ടുള്ളതും ദാനത്തിന്റെ പൂർത്തീകരണത്തിന് കൈവശത്തിന്റെ ഡെലിവറിയെ പരിപൂർണ്ണമായി അനിവാര്യമാക്കുന്ന ഹിന്ദു നിയമത്തിലെ ചട്ടം, ഏതെങ്കിലും ഉണ്ടായിരുന്നെങ്കിൽ, അതിനെ അതിലംഘിക്കുകയാണ് 123-ാം വകുപ്പിന്റെ പ്രഭാവമെന്ന ഒരേ രീതിയിലുള്ള അഭിപ്രായ ഐക്യം ഇപ്പോൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു. പരാമർശിത ഉദ്ദേശ്യത്തിനുവേണ്ടി കുറച്ച് കേസുകൾ മാത്രം, *ധർമ്മോദാസ്* അഭി *നിസ്തരണി ദാസി* ((1887) 14 കൊൽക്കത്ത. 446), *ബൽഭദ്ര* അഭി *ഭവാനി* ((1907) 34 കൊൽക്കത്ത.853), *അലബി കോയ* അഭി *മൂസ്സാ കോയ* ((1901) 24 മദ്രാസ്.513), *മുധവ് റാവു മൊറേശ്വർ* അഭി *കാശി ഭായി* ((1909) 34 മുംബൈ.287), *മൻഭാരി* അഭി *നൗനിഥ്* ((1881) 4 അലഹബാദ്.40), *ബൽമാകണ്ഡ്* അഭി *ഭഗ്‌വൻദാസ്* ((1894) 16 അലഹബാദ്.185) *ഫൂൽചന്ദ്* അഭി *ലക്കു* ((1903) 25 അലഹബാദ്.358) എന്നിവ ഞങ്ങൾ പരാമർശിക്കുന്നു. ഒരു സ്റ്റാറ്റ്യൂട്ടിലെയോ ഓർഡിനൻസിലെയോ വ്യവസ്ഥകൾ വ്യക്തമായിരിക്കുന്നിടത്ത്, അപ്പോൾ അതിന്റെ ദീർഘമായതും ഏകരൂപത്തിലുമുള്ള നീതിന്യായ വ്യാഖ്യാനത്തിന്റെ പ്രവാഹം പോലും, അത് ഒരു ആക്റ്റിന്റെ വ്യക്തമായ അർത്ഥത്തിന് വിരുദ്ധമാണെങ്കിൽ, അസാധുവാക്കപ്പെടാവുന്നതും, എന്നാൽ സംഗതി അപ്രകാരമല്ലാത്തിടത്ത്, *ത്രികോംദാസ് കൂവർജി ഭോജ* അഭി *ശ്രീ ശ്രീ ഗോപിനാഥ് ഠാക്കൂർ* (എ ഐ ആർ 1916 പ്രിവി. കൗൺസിൽ.182) എന്ന കേസിൽ പ്രിവി കൗൺസിലിന്റെ ന്യായാധിപന്മാരുടെ വിധിന്യായങ്ങളിലെ അഭിപ്രായങ്ങളിൽ പറഞ്ഞിട്ടുള്ള പ്രകാരം, പലപ്പോഴും ദീർഘകാലമായും കോടതികൾ സ്റ്റാറ്റ്യൂട്ടിന്മേൽ ആവിഷ്കരിച്ച വ്യാഖ്യാനത്തെ അംഗീകരിക്കേണ്ടതും ആ വിധിന്യായങ്ങൾക്ക് കോട്ടം വരുത്താതിരിക്കേണ്ടതും ഞങ്ങളുടെ കർത്തവ്യമാണ്. ആയതിനാൽ, കൈവശത്തിന്റെ ഡെലിവറിക്കുള്ള ആവശ്യകതയെ, കർശനമായ ഹിന്ദു നിയമം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും, 123—ാം വകുപ്പിലെ വ്യവസ്ഥകൾ ഉപേക്ഷിക്കുന്നു എന്ന് ഇപ്പോൾ അംഗീകരിക്കപ്പെടണമെന്ന വ്യക്തമായ അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്".

12. അലഹബാദ് ഹൈക്കോടതി വിധിന്യായം നൽകിയ തീയതിയിൽ, "ആക്റ്റിലെ 123-ാം വകുപ്പാൽ വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള പ്രകാരം ഒഴികെ" എന്ന പദങ്ങൾ ഉപയോഗിച്ച സമയത്തിലുള്ള വസ്തു കൈമാറ്റ ആക്റ്റിലെ 129-ാം വകുപ്പിലെ ഭാഷയിൽ നിന്നും ഒഴുകിയെത്തിയിട്ടുള്ളതാണ് മുൻപറഞ്ഞ വീക്ഷണത്തിനുള്ള ന്യായവാദം. വസ്തു കൈമാറ്റ ആക്റ്റിലെ 129-ാം വകുപ്പ്, 1929-ൽ അതിന്റെ ഭേദഗതിക്കു മുൻപ്, താഴെക്കാണും പ്രകാരമായിരുന്നു:

"**129. മരണ പ്രതീക്ഷയോടെ ചെയ്യുന്ന ദാനങ്ങളും മുഹമ്മദീയ നിയമവും ഒഴിവാക്കൽ.-** 123-ാം വകുപ്പിനാൽ വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള പ്രകാരമൊഴികെ, ഈ അധ്യായത്തിലുള്ള യാതൊന്നും, മരണ പ്രതീക്ഷയോടെ ചെയ്യുന്ന ജംഗമ വസ്തുവിന്റെ ദാനങ്ങളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ മുഹമ്മദീയ നിയമത്തിലെ ഏതെങ്കിലും ചട്ടത്തെയോ ഹിന്ദു അല്ലെങ്കിൽ ബുദ്ധമത നിയമത്തിലെ ഏതെങ്കിലും ചട്ടത്തെയോ ബാധിക്കുന്നതായി കരുതപ്പെടുന്നതോ അല്ല".

13. ഹിന്ദു നിയമത്തിലെയും ബുദ്ധമത നിയമത്തിലെയും ചട്ടങ്ങൾ, അങ്ങനെയുള്ള ചട്ടങ്ങൾ വസ്തുകൈമാറ്റ ആക്റ്റിലെ 123-ാം വകുപ്പുമായി പൊരുത്തപ്പെടാതിരുന്നിടത്തോളമൊഴികെ, VII-ാം അദ്ധ്യായത്താൽ ബാധിക്കപ്പെടാതിരുന്നുവെന്ന് മുകളിലത്തേതിന്റെ ഒരു സാധാരണ വായന പ്രകടമാക്കിയിട്ടുണ്ട്. ദാനം നൽകപ്പെട്ട വസ്തുവിന്റെ കൈവശം ദാന ഗൃഹീതാവിന് നൽകുവാൻ ആവശ്യപ്പെട്ട ചട്ടം ഉൾപ്പെടെ ദാനത്തെ സംബന്ധിച്ച ഹിന്ദു നിയമത്തിലെയും ചട്ടങ്ങളിന്മേൽ 123-ാം വകുപ്പിന് അധിപ്രഭാവം ഉണ്ടായിരുന്നുവെന്ന് ഇത് വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു. ഒരു ദാനത്തിന്റെ പൂർത്തീകരണത്തിന് അനിവാര്യമായ ഒരു ഉപാധിയായി കൈവശത്തിന്റെ ഡെലിവറിയെ ആവശ്യപ്പെട്ടിരിക്കാവുന്ന ഹിന്ദു നിയമത്തിലെ ചട്ടങ്ങളെ 123-ാം വകുപ്പ് അതിലംഘിക്കുന്നുവെന്ന വീക്ഷണം മുകളിൽ ഉദ്ധരിച്ച ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഹൈക്കോടതിയുടെ വിധിന്യായങ്ങളിൽ സ്ഥിര

മായി എടുത്തിട്ടുള്ളതാണ്. ആ നിയമ പ്രസ്താവന ശരിയായിട്ടുള്ളതാണോ എന്നതിനെ ചോദ്യംചെയ്യാൻ കഴിയുകയില്ല. 129-ാം വകുപ്പിന്റെ ഭേദഗതിക്കു മുമ്പ് അതിൽ പ്രയോഗിച്ചിട്ടുള്ള ഭാഷ ഹിന്ദു നിയമത്തിലെ ചട്ടങ്ങൾക്കെതിരായി 123-ാം വകുപ്പിന് അധിപ്രഭാവം നൽകുവാൻ മതിയാംവണ്ണം വ്യക്തമായിരുന്നു. 1929-ലെ 20-ാം നമ്പർ ആക്റ്റ് മുഖേന 129-ാം വകുപ്പ് ഭേദഗതി ചെയ്യപ്പെടുകയും അതുവഴി "അല്ലെങ്കിൽ, 123-ാം വകുപ്പിനാൽ വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള പ്രകാരമൊഴികെ, ഹിന്ദു അല്ലെങ്കിൽ ബുദ്ധമത നിയമത്തിലെ ഏതെങ്കിലും ചട്ടം" എന്ന വാക്കുകൾ എടുത്തുകളഞ്ഞി ട്ടുള്ളതുമാണ്.

വസ്തുകൈമാറ്റ ആക്റ്റിന്റെ 129—ാം വകുപ്പ് ഇന്ന് താഴെക്കാണും പ്രകാരമാണ്.

**"129. മരണപ്രതീക്ഷയോടെ ചെയ്യുന്ന ദാനങ്ങളും മുഹമ്മദീയ നിയമവും ഒഴിവാക്കൽ.-** ഈ അദ്ധ്യായത്തിലെ യാതൊന്നും, മരണ പ്രതീക്ഷയോടെ ചെയ്യുന്ന ജംഗമവസ്തുവിന്റെ ദാനങ്ങളെ സംബന്ധിക്കുന്നതോ, അല്ലെങ്കിൽ മുഹമ്മദീയ നിയമത്തിലെ ഏതെങ്കിലും ചട്ടത്തെ ബാധിക്കുന്നതായി കരുതപ്പെടുന്നതോ അല്ല".

14. ഇന്ന് ആ നിയമം ദാനങ്ങളെ സംബന്ധിക്കുന്ന VII-ാം അദ്ധ്യായത്തിന്റെ കാഠിന്യങ്ങളിൽ നിന്ന് മുഹമ്മദീയ നിയമത്തിലെ ചട്ടങ്ങളെ, സംരക്ഷിക്കുക മാത്രം ചെയ്യുന്നു എന്നതിൽ മുകളിൽ പറഞ്ഞത് യാതൊരു സംശയത്തിനും ഇട നൽകുന്നില്ല. 129-ാം വകുപ്പിനെ ഭേദഗതിക്ക് മുമ്പുള്ള, ആ വകുപ്പ് പ്രകാരം ഒഴിവാക്കപ്പെട്ട ഹിന്ദു നിയമത്തിലെയും ബുദ്ധമത നിയമത്തിലെയും വ്യവസ്ഥകൾ (ആ ഒഴിവാക്കൽ അങ്ങനെയുള്ള ചട്ടങ്ങളെ വസ്തുകൈമാറ്റ ആക്റ്റിലെ 123--ാം വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിലേക്ക് ദീർഘിപ്പിച്ചിട്ടില്ല), ഇനി ഒരിക്കലും VII-ാം അദ്ധ്യായത്തിന്റെ അധിപ്രഭാവത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ലായെന്ന് ഇത് സൂചിപ്പിക്കുന്നു. ആ ഭേദഗതി ഹിന്ദു നിയമത്തിലെയും ബുദ്ധമത നിയമത്തിലെയും മറ്റ് എല്ലാ ചട്ടങ്ങളേയും VII-ാം അദ്ധ്യായത്തിൻ കീഴിൽ കൊണ്ടുവരികയും അങ്ങനെയുള്ള ചട്ടങ്ങൾക്ക് VII--ാം അദ്ധ്യായത്തിന്റെ പ്രവർത്തനത്തിൽ നിന്ന് മുമ്പ് ഉണ്ടായിരുന്ന സംരക്ഷണത്തെ നീക്കം ചെയ്യുകയും ചെയ്തതു വഴി സ്ഥിതിയെ കൂടുതൽ സ്പഷ്ടമാക്കിയിട്ടുണ്ട്. *രേവപ്പ* അഭി *മാധവ റാവുവും മറ്റൊരാളും* (എ ഐ ആർ 1960 മൈസൂർ 97) എന്ന കേസിലെ മൈസൂർ ഹൈക്കോടതിയുടേയും *തിരത്ത്* അഭി *മൻമോഹൻ സിംഗും മറ്റുള്ളവരും* (എ ഐ ആർ 1981 പഞ്ചാബ്- ഹരിയാന 174) എന്ന കേസിലെ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ, ഞങ്ങളുടെ അഭിപ്രായത്തിൽ, ഹിന്ദു നിയമത്തിലെ ചട്ടങ്ങളെ, അങ്ങനെയുള്ള ചട്ടങ്ങൾ ദാന ഗൃഹീതാവിന് കൈവശത്തിന്റെ ഡെലിവറി ആവശ്യപ്പെട്ടിടത്തോളം, 123-ാം വകുപ്പ് അതിലംഘിക്കുന്നുവെന്ന വീക്ഷണം ശരിയായി എടുത്തിട്ടുണ്ട്.

15. വിഷയത്തെ മറ്റൊരു കോണിൽ നിന്ന് വീക്ഷിക്കുവാനും കഴിയും. വസ്തുകൈമാറ്റ ആക്റ്റിലെ 123-ാം വകുപ്പ് രണ്ടു ഭാഗങ്ങളായിട്ടാണുള്ളത്. ആദ്യഭാഗം സ്ഥാവര വസ്തുവിന്റെ ദാനത്തെക്കുറിച്ച് പ്രതിപാദി ക്കുമ്പോൾ, രണ്ടാം ഭാഗം ജംഗമ വസ്തുവിന്റെ ദാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. സ്ഥാവര വസ്തുവിന്റെ ദാനങ്ങളെ സംബന്ധിച്ചിടത്തോളം, 123-ാം വകുപ്പ് രജിസ്റ്റർ പ്രമാണം വഴിയുള്ള കൈമാറ്റത്തെ നിർബന്ധമാക്കുന്നു. സ്ഥാവര വസ്തുവിനെ സംബന്ധിച്ചിടത്തോളം, പാർലമെന്റ് ഉപയോഗിച്ചിട്ടുള്ള "കൈമാറ്റം സംജാതമാക്കിയിരിക്കണം" എന്ന പദത്തിന്റെ ഉപയോഗത്തിൽ നിന്നും ഇത് വ്യക്തമാണ്. ആ ആവശ്യകതയ്ക്ക് വിരുദ്ധമായി ജംഗമ വസ്തുവിന്റെ ദാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 123-ാം വകുപ്പിലെ രണ്ടാം ഭാഗം, ജംഗമ വസ്തു ദാനം ചെയ്യുന്നത് മേൽപ്പറഞ്ഞ പ്രകാരം ഒപ്പിട്ട് രജിസ്റ്റർ പ്രമാണം വഴിയോ "ഡെലിവറി വഴിയോ" സംജാതമാക്കാവുന്നതാകുന്നു എന്ന് ലളിതമായി ആവശ്യപ്പെടുന്നു. ദാനം മുഖേനയുള്ള ജംഗമ വസ്തുവിന്റെ കൈമാറ്റത്തെ സംബന്ധിച്ചിടത്തോളം, ആയത് രജിസ്റ്റർ പ്രമാണം മുഖേനയോ ഡെലിവറി മുഖേനയോ സംജാതമാക്കുവാൻ കഴിയും എന്ന വസ്തുതയിലാണ് രണ്ട് വ്യവസ്ഥകളിലേയും വ്യത്യാസം സ്ഥിതിചെയ്യുന്നത്. സ്ഥാവര വസ്തുവിന്റെ സംഗതിയിൽ അങ്ങനെയുള്ള കൈമാറ്റം രജിസ്റ്റർ പ്രമാണം ആവശ്യപ്പെടുന്നു എന്നതിൽ യാതൊരു സംശയവുമില്ല, എന്നാൽ, ദാനം സാധുവായതും

ഫലപ്രദമായതും ആയിരിക്കുന്നതിനുവേണ്ടി ആ വ്യവസ്ഥ ദാനം ചെയ്ത സ്ഥാവര വസ്തുവിന്റെ കൈവശത്തിന്റെ ഡെലിവറിയെ ഒരു കൂടുതൽ ആവശ്യകതയാക്കുന്നില്ല. ദാനം ചെയ്ത വസ്തുവിന്റെ കൈവശത്തിന്റെ ഡെലിവറിയെ ക്കൂടി സാധുതയായ ഒരു ദാനത്തിനുള്ള ഒരു മുൻഉപാധി ആക്കുകയാണ് നിയമനിർമ്മാണ സഭയുടെ ഉദ്ദേശ്യമായിരുന്നതെങ്കിൽ, ആ വ്യവസ്ഥ വാസ്തവത്തിൽ അപ്രകാരം പ്രത്യേക മായി പറഞ്ഞിരിക്കുമായിരുന്നു. അങ്ങനെയുള്ള ഏതെങ്കിലും ആവശ്യകതയുടെ അഭാവം, കൈവശത്തിന്റെ ഡെലിവറി സ്ഥാവര വസ്തുവിന്റെ സംഗതിയിൽ സാധുവായ ഒരു ദാനം ഉണ്ടാക്കുന്നതിന് അനിവാര്യമായ ഒരു മുൻഉപാധിയല്ല എന്ന നിഗമനത്തിലേക്ക് നമ്മെ നയിക്കുവാൻ മാത്രം സാധ്യമാക്കുന്നു.

16. അത് ഞങ്ങൾക്ക് ഈ പരാമർശത്തിലേക്ക് നയിച്ചിട്ടുള്ള ഈ കോടതിയുടെ വിധിന്യായ ങ്ങളെ കൊണ്ടുവരുന്നു. *കെ. ബാലകൃഷ്ണന്റെ* കേസിൽ (മുകളിൽ പറഞ്ഞ), ദാനദാതാവ് അവർക്ക് തന്റെ അമ്മ വഴി മുത്തച്ഛനിൽ നിന്നും പാരമ്പര്യമായി കിട്ടിയ വസ്തുവിന്റെ ഒരു നിർദ്ദിഷ്ട ഓഹരി സംബന്ധിച്ച്, ദാനഗൃഹീതാവും ഈ കോടതിയുടെ മുൻപാകെ അപ്പീൽവാദിയു മായിട്ടുള്ള പ്രായപൂർത്തിയാകാത്ത തന്റെ മകന്റെയും നാല് വയസ്സ് പ്രായമുള്ള തന്റെ മകളുടെയും പേർക്ക് ഒരു ഇഷ്ടദാന ആധാരം ഒപ്പിട്ടുപൂർത്തീകരിക്കുകയുണ്ടായി. ദാനം നൽകപ്പെട്ട വസ്തുവിൽ ഒരു സ്കൂൾ ഉൾപ്പെട്ടിരുന്നു. പ്രസ്തുത സ്കൂളിനെ സംബന്ധിച്ച് ഒപ്പിടാനുള്ള ഉത്തരവാദിത്വവും വരുമാനത്തിനുള്ള അവകാശവും ജീവിത കാലത്ത് ദാനദാതാവിനായിരിക്കുമെന്നും അതിനുശേഷം ദാനഗൃഹീതാവിൽ നിക്ഷിപ്ത മാകുമെന്നും ആ ഇഷ്ടദാന ആധാരം വ്യവസ്ഥ ചെയ്തിരുന്നു. ആ ഇഷ്ടദാന ആധാരം ഒപ്പിട്ടു പൂർത്തീകരിച്ചതിനുശേഷം ദാനദാതാവ് ആയത് റദ്ദാക്കുകയും ആ വസ്തുവിനെ തന്റെ മകളുടെ പേരിൽ ഒസ്യത്ത് ചെയ്തുകൊണ്ട് ഒരു വിൽപത്രമുണ്ടാക്കുകയും അതിന്മേൽ ദാന ഗൃഹീതാവ്-അപ്പീൽവാദി ഒരു വ്യവഹാരം, ദാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവഹാര വസ്തുവിനുള്ള തന്റെ അവകാശ പ്രഖ്യാപന ത്തിനും റദ്ദാക്കൽ ആധാരവും ദാനദാതാവ് ഒപ്പിട്ടുപൂർത്തീകരിച്ച വിൽപത്രവും പ്രഭാവശൂന്യ മാക്കുന്നതിനുമുള്ള കൂടുതൽ പ്രഖ്യാപനത്തിനും വേണ്ടി, ഫയൽ ചെയ്യുകയുണ്ടായി. വിചാരണ കോടതി വ്യവഹാരം തള്ളിക്കളഞ്ഞപ്പോൾ ആദ്യ അപ്പീൽകോടതി ആയത് വിധിക്കുകയുണ്ടായി. വിചാരണ കോടതി എടുത്ത വീക്ഷണം ഹൈക്കോടതി അവലംബിക്കുകയും സ്കൂളിന്റെ മാനേജ്മെന്റിനെ സംബന്ധിച്ച കടലാസ്സുകൾ ഒപ്പിടുവാനുള്ള അവകാശവും സ്കൂൾ സ്ഥിതിചെയ്തിരുന്ന വസ്തുവിൽ നിന്നുമുള്ള ആദായം എടുക്കുവാനുള്ള അവകാശവും ദാനദാതാവ് തനിക്കുതന്നെ നീക്കിവച്ചിരുന്ന പ്പോൾ, യാതൊരു വസ്തുവും ആ ആധാര പ്രകാരം കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല എന്ന് വിധിക്കുകയും ചെയ്തു. ഈ കോടതി മുമ്പാകെയുള്ള അപ്പീലിൽ ഹൈക്കോടതി എടുത്ത വീക്ഷണത്തെ മറിച്ചു പറയുകയും ആദ്യ അപ്പീൽകോടതി എടുത്ത വീക്ഷണം പുനഃസ്ഥാപിക്കുകയും ചെയ്തു. ഈ കോടതി ഇപ്രകാരം വിധിച്ചു:

"10. ആ ഇഷ്ടദാന ആധാരത്തിന്റെ ഉള്ളടക്കം ഞങ്ങൾ കൂലംകഷമായി പരിശോധി ക്കുകയുണ്ടായി. ദാനദാതാവ് വസ്തുക്കളിലുള്ള തന്റെ 1/8 ഓഹരിയെ സംബന്ധിച്ച ഉടമസ്ഥതയും അവകാശവും ദാനഗൃഹീതാക്കൾക്ക് വളരെ സ്പഷ്ടമായി കൈമാറ്റംചെയ്തിരുന്നുവെന്ന് ഞങ്ങൾ കാണുന്നു. ദാനദാതാവിന് വസ്തുവിലുള്ള അവകാശവും ഉടമസ്ഥതയും ദാനം മുഖേന കൈമാറ്റം ചെയ്യുവാനും അതേ സമയം അതിന്റെ കൈവശവും അനുഭവവും അവരുടെ (ദാനദാതാവിന്റെ) ജീവിതകാലത്ത് നീക്കിവയ്ക്കുവാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒരു വസ്തുവിലുള്ള ഉടമസ്ഥതാവകാശം അതിന്റെ കൈവശവും അനുഭവാവകാശവും കൂടാതെ ദാനംചെയ്യുവാൻ കഴിയുകയില്ലായെന്ന യാതൊരു നിരോധനവും നിയമത്തിലില്ല. വസ്തു കൈമാറ്റ ആക്റ്റിലെ 6—ാം വകുപ്പ് പ്രകാരം (എ) മുതൽ (ഐ) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ളവയൊഴികെ "ഏത് തരത്തിലുള്ള വസ്തുവും കൈമാറ്റം ചെയ്യാവുന്നതാണ്". 6-ാം വകുപ്പിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

**"6. കൈമാറ്റം ചെയ്യാവുന്നത് എന്തെന്ന്.**-ഈ ആക്റ്റിനാലോ അല്ലെങ്കിൽ തൽസമയം പ്രാബല്യ

ത്തിലുള്ള മറ്റേതെങ്കിലും നിയമത്താലോ മറ്റു വിധത്തിൽ വ്യവസ്ഥചെയ്യപ്പെട്ട പ്രകാരം ഒഴികെ, ഏത് തരത്തിലുള്ള വസ്തുവും കൈമാറ്റം ചെയ്യാവുന്നതാണ്.

(എ) xxxxxxxxxxxx

(ബി) ഒരു ഉത്തരോപാധിയുടെ ലംഘന ത്തിന്മേൽ പുനഃപ്രവേശനത്തിന് മാത്രമുള്ള ഒരവകാശം അത് ബാധകമാകുന്ന വസ്തുവിന്റെ ഉടമസ്ഥനല്ലാത്ത ആർക്കും കൈമാറ്റം ചെയ്യാവുന്നതല്ല.

(സി) xxxxxxxxxxxx

(ഡി) വസ്തുവിന്റെ ഉടമസ്ഥന് സ്വന്തം നിലയിൽ അനുഭവിക്കാനായി പരിമിതപ്പെടുത്തിയിട്ടുള്ള അവകാശബന്ധം അയാൾക്ക് കൈമാറ്റം ചെയ്യാവുന്നതല്ല.

(ഇ) വ്യവഹാരം കൊടുക്കൽ മാത്രമുള്ള ഒരവകാശം കൈമാറ്റം ചെയ്യാവുന്നതല്ല".

11. ഈ കേസിലുള്ള ഇഷ്ടദാന ആധാരത്തിലെ വ്യവസ്ഥകൾ 6—ാം വകുപ്പിലെ (ഡി) ഖണ്ഡത്തെ ആകർഷിക്കുന്നില്ല, എന്തെന്നാൽ, അത് ഒരു വസ്തുവായിരുന്നില്ല, അതിന്റെ അനുഭവം ഉടമസ്ഥന് സ്വന്തം നിലയിലേക്ക് പരിമിതപ്പെടുത്തിയിരുന്നു. അവർ ദാനംചെയ്ത വസ്തുവിന്റെ പൂർണ്ണ അവകാശിയായിരിക്കുകയും അവർക്കുള്ള അതിന്റെ അനുഭവം പരിമിതപ്പെടുത്താതിരിക്കുകയും ചെയ്തിരുന്നു. അവർക്ക് അത് അവരുടെ അമ്മ വഴി അച്ഛനിൽ നിന്നും പൂർണ്ണ അവകാശി എന്ന നിലയിൽ പാരമ്പര്യമായി ലഭിച്ചിരുന്നു. ആയതിനാൽ, ദാനംചെയ്ത വസ്തുവിന്റെ കൈവശവും അനുഭവവും ദാനദാതാവ് തനിക്കുതന്നെ നീക്കിവെച്ചിരുന്നത് കൊണ്ട് ഇഷ്ടദാന ആധാരം ഫലപ്രദമല്ലാത്തതായിരുന്നു എന്ന അന്തിമ തീരുമാനത്തിൽ ഹൈക്കോടതി എത്തിച്ചേർന്നത് പ്രത്യക്ഷമായി തെറ്റായിരുന്നു". (ഊന്നൽ നൽകപ്പെട്ടിട്ടുണ്ട്)

17. മുകളിൽപ്പറഞ്ഞ ഖണ്ഡികയിൽ അടങ്ങിയിട്ടുള്ള നിയമപ്രസ്താവനയുമായി ഞങ്ങൾ ആദരപൂർവ്വം യോജിക്കുന്നു. വസ്തുവിലുള്ള ഉടമസ്ഥാവകാശം അങ്ങനെയുള്ള വസ്തുവിന്റെ കൈവശം കൈമാറ്റം ചെയ്യപ്പെടാതെ ദാനം ചെയ്യാൻ കഴിയില്ല എന്ന വ്യവസ്ഥ വാസ്തവത്തിൽ നിയമത്തിലില്ല. മുൻപ് പറഞ്ഞിട്ടുള്ളതുപോലെ, ദാനത്തിന്റെ സാധുതയ്ക്ക് ദാനംചെയ്ത വസ്തുവിന്റെ കൈവശത്തിന്റെ ഡെലിവറിയെ 123-ാം വകുപ്പ്, അനിവാര്യമാക്കുന്നില്ല. ഇഷ്ടദാന ആധാരത്തിന്റെയും റദ്ദാക്കൽ ആധാരത്തിന്റെയും ആഖ്യാനത്തിന്റെ വായനയിന്മേൽ ദാനം പൂർണ്ണമല്ലായിരുന്നു എന്ന് ഈ കോടതി വിധിച്ചിരുന്ന *നരമദാബെൻ മഗൻലാൽ താക്കർ* (മുകളിൽപ്പറഞ്ഞ) എന്ന കേസിൽ നൽകിയിരുന്ന മുൻവിധിന്യായത്തിലേക്ക് ഈ കോടതിയുടെ ശ്രദ്ധ ക്ഷണിച്ചിട്ടില്ലായിരുന്നു എന്ന് കാണുന്നത് സത്യമാണ്. ദാനഗൃഹീതാവ് ദാനം പ്രതിഗ്രഹിക്കാതിരിക്കുകയും അതു വഴി ദാനത്തെ അപൂർണ്ണമാക്കുകയും ചെയ്തിരുന്നുവെന്ന് ആ കേസിൽ ഈ കോടതി കണ്ടെത്തിയിരുന്നു. ദാനത്തിന്റെ ഒരു മാസത്തിനുള്ളിൽ ദാനദാതാവ് ദാനം റദ്ദാക്കുകയും പിന്നീട് അപ്പീൽവാദിയുടെ പേരിൽ ഒരു വിൽപ്പത്രം ഒപ്പിട്ടുപൂർത്തീകരിക്കുകയും ചെയ്തിരുന്നുവെന്ന് ഈ കോടതി വീണ്ടും വിധിക്കുകയും ദാനഗൃഹീതാവിന്റെ പേരിലുള്ള ദാനം സോപാധികമായിരുന്നുവെന്നും ആയതിന് ദാനഗൃഹീതാവിനാലുള്ള പ്രതിഗ്രഹണം ഇല്ലായിരുന്നുവെന്നും ആ ആധാരത്തിന്റെയും ആയതിനെ റദ്ദാക്കുന്ന ആധാരത്തിന്റെയും ശരിയായ പദഘടനാരീതി അടിസ്ഥാനമാക്കി ഈ കോടതി വിധിക്കുകയും ചെയ്തിരുന്നു. ഇഷ്ടദാന ആധാരം ദാനഗൃഹീതാവിന് പരിമിതാവകാശം നൽകിയിട്ടുള്ളതും ദാനദാതാവിന്റെ മരണത്തിനു ശേഷം പ്രാവർത്തിക മാകേണ്ടതുമാണ്. പ്രസ്തുത വിധിന്യായത്തിൽ നിന്നുമുള്ള താഴെപ്പറയുന്ന ഖണ്ഡികയിൽ നിന്നും ഇത് വ്യക്തമാണ്:

"7. രജിസ്റ്റർചെയ്ത ഇഷ്ടദാന ആധാരത്തിന്റെ ഒപ്പിട്ടുപൂർത്തീകരിക്കലും ദാനത്തിന്റെ പ്രതിഗ്രഹണവും വസ്തുവിന്റെ ഡെലിവറിയും ഒരുമിച്ച് ദാനത്തെ പൂർണ്ണമാക്കുന്നു എന്നത് ഇപ്രകാരം വ്യക്തമാകുന്നു. അതിനുശേഷം, ദാനദാതാവിന്റെ അവകാശം അയാൾക്ക് ഇല്ലാതായിത്തീരുകയും ദാനഗൃഹീതാവ് വസ്തുവിന്റെ പൂർണ്ണ ഉടമസ്ഥനായിത്തീരുകയും ചെയ്യുന്നു. പ്രശ്നത്തിലുള്ള ദാനം വസ്തു

കൈമാറ്റ ആക്റ്റിലെ 123-ാം വകുപ്പ് പ്രകാരം പൂർണ്ണമായിത്തീർന്നിരുന്നോ എന്നതാണ് ചോദ്യം. ഇഷ്ടദാന ആധാരത്തിന്റെ ആഖ്യാന ങ്ങളിൽ നിന്നും മോത്തിലാൽ ഗോപാൽജി, വസ്തു എതിർകക്ഷിക്ക് ദാനം ചെയ്തതായി കാണുന്നു. മറ്റൊരു അർത്ഥത്തിൽ, അത് ഒരു സോപാധികമായ ദാനമായിരുന്നു. പ്രതിഗ്രഹണ ത്തിന്റെ ആഖ്യാനമോ പ്രതിഗ്രഹണത്തിന്റെ തെളിവിനുള്ള ഏതെങ്കിലും രേഖയോ ഇല്ല. അതുപോലെതന്നെ, അയാൾ ജീവിച്ചിരിക്കുന്നതു വരെ ആ വസ്തു അയാളുടെ കൈവശത്തിലാ യിരിക്കുമെന്ന് അയാൾ പ്രത്യേകമായി പ്രസ്താവിച്ചിരുന്നു. അതിനുശേഷം, (അങ്ങനെ പ്രസ്താവിച്ചതിനുശേഷം) ദാനംചെയ്ത വസ്തു അയാളുടെ വസ്തു ആയിത്തീരുകയും നിലവിലുള്ള മുറികളെ സംബന്ധിച്ച് ഇടക്കാലാദായം തന്റെ ജീവിതകാലം മുഴുവൻ സ്വീകരിക്കുവാൻ അയാൾക്ക് അവകാശം ഉണ്ടായിരിക്കുകയും ചെയ്തു. ആ ഇഷ്ടദാന ആധാരം എതിർകക്ഷിക്ക്- ദാനഗൃഹീതാവിന് പരിമിതാവകാശം മാത്രമേ നൽകിയിട്ടുള്ളൂ. ആ ദാനം പ്രാവർത്തികമാകേണ്ടത് ദാനദാതാവിന്റെ മരണത്തിനുശേഷവും ആ വസ്തു ദാനം മുഖേന പരിപൂർണ്ണമായി കൈമാറ്റം ചെയ്യുവാനുള്ള അവകാശത്തിന് അയാളെ അർഹത പ്പെടുത്തി യിരുന്നതും അല്ലെങ്കിൽ ഇടക്കാല ആദായം സ്വീകരിക്കുവാൻ അയാൾക്ക് അവകാശ മുണ്ടായിരുന്നതും ആണ്. ഇപ്രകാരം ദാനദാതാവ് ഒരു സോപാധികമായ ഒരു ഇഷ്ടദാന ആധാരം ഒപ്പിട്ടു പൂർത്തീകരിക്കുകയും വസ്തുവിന്റെ കൈവശവും അനുഭവവും തന്റെ ജീവിത കാലയളവിൽ വച്ചിരിക്കുകയും ചെയ്തിരുന്നു വെന്ന് കാണുന്നു ..........”

18. മുകളിൽപ്പറഞ്ഞ വിധിന്യായം ആ കേസിലെ വസ്തുതകളെ വ്യക്തമായി ആശ്രയി ക്കുന്നു. ദാനം സോപാധികമായിരിക്കുകയും ദാനഗൃഹീതാവിന്റെ യാതൊരു പ്രതിഗ്രഹണവും ഇല്ലാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അതിന് ഒരു ദാനമായി പ്രവർത്തിക്കുവാൻ കഴിയില്ലായിരുന്നു. ദാന ഗൃഹീതാവിന്റെ പേരിൽ ദാനംചെയ്ത വസ്തുവിലെ ഉടമസ്ഥാവകാശ ത്തിന്റെ പരിപൂർണ്ണ കൈമാറ്റം ആ കേസിൽ ഇല്ലായിരുന്നു; ആയത് ആ ദാനം സോപാധിക മായതാണെന്നും ദാനഗൃഹീതാവിന്റെ മരണ ത്തിനുശേഷം മാത്രം പ്രാവർത്തികമാക്കേണ്ട താണെന്നും വിധിക്കുവാൻ ഈ കോടതിയെ നയിച്ചു. ആ കാഴ്ചപ്പാടിൽ, ആ വിധിന്യായം വ്യക്തമായി വേർതിരിക്കാവുന്നതും കൈവശ ത്തിന്റെ ഡെലിവറി സാധുവായ ദാനം നടത്തുന്ന തിന് അനിവാര്യമായ ഒരു അവശ്യകതയാണ് എന്ന ദൃഢപ്രസ്താവത്തിനുള്ള ഒരു ആധാര മായി വായിക്കുവാൻ കഴിയാത്തതുമാണ്.

19. ഞങ്ങൾ ഇതിനകം തന്നെ പറഞ്ഞി ട്ടുള്ളതുപോലെ, ഈ കേസിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഇഷ്ടദാന ആധാരത്തിന്റെ ഒപ്പിട്ടുപൂർത്തീകരിക്കലും രണ്ട് സാക്ഷി കളാലുള്ള അതിന്റെ സാക്ഷ്യപ്പെടുത്തലും തർക്കവിഷയമല്ല. ദാനഗൃഹീതാവ് ദാനത്തെ പ്രതിഗ്രഹിച്ചിരുന്നുവെന്ന് താഴെയുള്ള എല്ലാ മൂന്ന് കോടതികളും ഒരേപോലെ വിധിക്കുകയും കൂടി ചെയ്തിരുന്നു. ദാനം ചെയ്ത വസ്തുവിലുള്ള പരിപൂർണ്ണാവകാശം ദാനദാതാവിൽ നിന്നും ദാനഗൃഹീതാവിന് കൈമാറ്റംചെയ്തതിനെ ഇഷ്ടദാന ആധാരത്തിലുള്ള ആഖ്യാനങ്ങളും തെളിയിക്കുന്നു. നിലനിർത്തിയിരുന്നത് എന്തെന്നാൽ ദാനദാതാവിന്റെ ജീവിതകാലത്ത് വസ്തുവിനെ ഉപയോഗിക്കുവാനുള്ള അവകാശം മാത്രമാണ്, അത് ദാനഗൃഹീതാവിന്റെ പേരിൽ ദാനദാതാവ് ഉടമസ്ഥാവകാശം കൈമാറുന്നതിനെ ഏതൊരു രീതിയിലും ബാധിക്കുന്നില്ല.

20. ആ കാഴ്ചപ്പാടിൽ, ദാനഗൃഹീതാവിന് അനുകൂലമായി പാസ്സാക്കിയ വിധിയുമായി ഇടപെടുവാൻ വിസമ്മതിച്ചതിൽ ഹൈക്കോടതി പൂർണ്ണമായി ന്യായീകരിക്കപ്പെടുന്നു. അതിനനു സൃതമായി ഈ അപ്പീൽ പരാജയപ്പെടുകയും, ഈ സാഹചര്യങ്ങളിൽ ചെലവിനെക്കുറിച്ച് ഏതൊരു ഉത്തരവുകളും കൂടാതെ ഇതുവഴി തള്ളിക്കളയപ്പെടുകയും ചെയ്യുന്നു.

*[2014 (3) കെ.എൽ.റ്റി 469 (സുപ്രീം കോടതി)]*

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് ശ്രീ. ആർ. എം. ലോധ,**

**ബഹു. ജസ്റ്റിസ് ദീപക് മിശ്ര,**

**ബഹു. ജസ്റ്റിസ് മദൻ ബി. ലോകുർ**

**ബഹു. ജസ്റ്റിസ് കുര്യൻ ജോസഫ്**

**&**

**ബഹു. ജസ്റ്റിസ് എസ്. എ. ബോബ്ദെ**

**യു.പി. ഹിന്ദി സാഹിത്യ സമ്മേളൻ**

**അഭി**

**യു.പി. സർക്കാർ**

**സിവിൽ അപ്പീൽ നമ്പർ 459/1997**

2014 സെപ്റ്റംബർ 4-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 345-സംസ്ഥാന നിയമ നിർമ്മാണസഭയ്ക്ക് അനുച്ഛേദം 345 പ്രകാരം വിനിർദ്ദിഷ്ട ആവശ്യത്തിനായി അതതുസമയം അതിന്റെ സുവിവേകം വിനിയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ട്.**

സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന ഭാഷകളിൽ ഒന്നോ അതിലധികമോ സ്വീകരിക്കുന്നതിനുവേണ്ട നിയമം ഉണ്ടാക്കു വാൻ സംസ്ഥാന നിയമനിർമ്മാണസഭയെ അധികാരപ്പെടുത്തുന്ന 345-ാം അനുച്ഛേദ ത്തിലെ ലളിതമായ ഭാഷ, അങ്ങനെയുള്ള അധികാരം സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്ക് അതത് സമയം വിനിയോഗിക്കാവുന്നതാണെന്നതിൽ യാതൊരു രീതിയിലുമുള്ള സംശയത്തിന് ഇടനൽകുന്നില്ല. 345-ാം അനുച്ഛേദത്തിലെ ലളിതമായ ഭാഷയിൽനിന്നും വ്യത്യസ്തമായൊരു ഉദ്ദേശ്യം പ്രകടമാകുന്നില്ല. സംസ്ഥാന നിയമനിർമ്മാണസഭയ്ക്ക് ആ അധികാരം ഒരിക്കൽ മാത്രമെ വിനിയോഗിക്കു വാൻ കഴിയുകയുള്ളൂവെന്നും ആ സംസ്ഥാന നിയമ നിർമ്മാണസഭ ഹിന്ദിയെ ആ സംസ്ഥാന ത്തിന്റെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കുന്നുവെങ്കിൽ, ആ അധികാരം നിശ്ശേഷീകരിച്ചു പോകുമെന്നുള്ള ഏതൊരു സൂചനയും ഞങ്ങൾ കാണുന്നില്ല. ഞങ്ങളുടെ കാഴ്ചപ്പാടിൽ, സംസ്ഥാന നിയമ നിർമ്മാണസഭയ്ക്ക് അനുച്ഛേദം 345 പ്രകാരം വിനിർദ്ദിഷ്ട ആവശ്യത്തിനായി അതതുസമയം അതിന്റെ സുവിവേകം വിനിയോഗിക്കുവാൻ സ്വാതന്ത്ര്യ

മുണ്ട്. 345-ാം അനുച്ഛേദ പ്രകാരം സംസ്ഥാന നിയമനിർമ്മാണസഭ അതിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് ഹിന്ദിയെ ആ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി ഒരിക്കൽ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, ആ സംസ്ഥാന നിയമനിർമ്മാണസഭയ്ക്ക് 345-ാം അനുച്ഛേദ പ്രകാരം നിയമമുണ്ടാക്കുവാനുള്ള ഏതൊരു അധികാരവും ഇല്ലാതായിത്തീരുന്നുവെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 345 & 347-ഒരു പ്രത്യേക സംസ്ഥാനത്ത് ഹിന്ദി ഉപയോഗത്തിലാണെങ്കിൽ, അപ്പോൾ അത് ഹിന്ദി അല്ലാത്ത ഏതെങ്കിലും ഭാഷയെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കുവാനുള്ള ആ സംസ്ഥാനത്തിന്റെ അധികാരത്തെയോ സുവിവേകത്തെയോ ഒഴിവാക്കുന്നില്ല, എന്നാൽ അങ്ങനെയുള്ള ഭാഷ ആ സംസ്ഥാനത്ത് "ഉപയോഗത്തിലായിരിക്കണം".**

"സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന ഭാഷകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ സ്വീകരിക്കാവുന്നതാണ്'' എന്ന മുമ്പുള്ള പദപ്രയോഗത്തിന്റെ പശ്ചാത്തലത്തിൽ 345-ാം അനുച്ഛേദത്തിൽ ഹിന്ദി പ്രത്യേകമായി പറയപ്പെട്ടിട്ടുണ്ട് എന്ന വസ്തുത, 351-ാം അനുച്ഛേദം അനുസരിച്ച് ഹിന്ദിയെ ആ സംസ്ഥാനത്തിലെ ജനങ്ങൾ സംസാരിക്കുകയോ ഉപയോഗിക്കുകയോ ചെയ്തില്ലെങ്കിൽക്കൂടിയും അതിനെ പ്രോത്സാഹിപ്പിക്കുവാനും വ്യാപിപ്പിക്കുവാനുമാണ്. 345-ാം അനുച്ഛേദം സംസ്ഥാന നിയമനിർമ്മാണ സഭയെ ആ സംസ്ഥാനത്ത് ഉപയോഗത്തിലുള്ള എത്രയെങ്കിലുമെണ്ണം ഭാഷകളെ ആ സംസ്ഥാനത്തെ എല്ലാമോ ഏതെങ്കിലുമോ ഔദ്യോഗിക ആവശ്യങ്ങൾക്കു വേണ്ടി സ്വീകരിക്കുവാൻ പ്രാപ്തമാക്കുന്നു. അതിനുവേണ്ടി സംസ്ഥാന സർക്കാരിനോട് ആവശ്യം ഉന്നയിച്ചിരിക്കണമെന്നില്ല അല്ലെങ്കിൽ ആവശ്യമുന്നയിച്ചിട്ടുണ്ടെങ്കിൽ, സംസ്ഥാന നിയമ നിർമ്മാണസഭയ്ക്ക് ആ സംസ്ഥാനത്ത് ഉപയോഗത്തിലുള്ള ഭാഷയെ രണ്ടാമത്തെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കുന്നതിന് നിയമം ഉണ്ടാക്കുവാൻ കഴിയുന്നതല്ല. ഇതാണ് അനുച്ഛേദങ്ങൾ 345-ഉം 347-ഉം തമ്മിൽ വേർതിരിക്കുന്ന സവിശേഷതകളിൽ ഒന്ന്. ഒരു പ്രത്യേക സംസ്ഥാനത്ത് ഹിന്ദി ഉപയോഗത്തിലുണ്ടെങ്കിൽ, അപ്പോൾ അത് ഹിന്ദി അല്ലാത്ത ഏതെങ്കിലും ഭാഷയെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കുവാനുള്ള സംസ്ഥാനത്തിന്റെ അധികാരത്തെയോ സുവിവേകത്തെയോ പ്രതിബന്ധിക്കുന്നില്ല. എന്നാൽ; അങ്ങനെയുള്ള ഭാഷ ആ സംസ്ഥാനത്ത് 'ഉപയോഗത്തിലുണ്ടായിരിക്കണം'. 345-ാം അനുച്ഛേദത്തിലെ "ആകാം" എന്ന പദത്തിന്റെ ഉപയോഗത്തിന് പ്രാധാന്യം ഇല്ലാതെയില്ല. ആ സംസ്ഥാനത്തിൽ ഉപയോഗത്തിലുള്ള ഭാഷയെയോ ഭാഷകളെയോ അതുപോലെ തന്നെ ഹിന്ദിയും സ്വീകരിക്കുന്നതിൽ സുവിവേകമുണ്ടെന്നും അത് സൂചിപ്പിക്കുന്നു. അങ്ങനെയുള്ള സുവിവേകം സംസ്ഥാന നിയമനിർമ്മാണസഭയ്ക്ക് അത് ഉചിതമെന്ന് കരുതുന്ന എത്ര തവണ വേണമെങ്കിലും വിനി യോഗിക്കുവാൻ കഴിയുന്നതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 345, 346 & 347—345-ാം അനുച്ഛേദത്തിൽ വരുന്ന "346-ഉം 347-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന പദപ്രയോഗം 345-ാം അനുച്ഛേദത്തെ, 346-ഉം 347-ഉം അനുച്ഛേദങ്ങൾക്ക് അധീനമാക്കുന്നില്ല.**

പാണ്ഡിത്യമുള്ള സീനിയർ അഭിഭാഷകൻ അഭിപ്രായപ്പെട്ടതുപോലെ, 345-ാം അനുച്ഛേദത്തിൽ വരുന്ന "346-ഉം 347-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന പദപ്രയോഗം 345-ാം അനുച്ഛേദത്തെ 346-ഉം 347-ഉം അനുച്ഛേദങ്ങൾക്ക് അധീനമാക്കുന്നില്ല. "വിധേയമായി ......" എന്ന പദപ്രയോഗത്തിന്റെ പ്രഭാവം സംസ്ഥാന നിയമനിർമ്മാണ സഭ 345—ാം അനുച്ഛേദപ്രകാരമുള്ള അതിന്റെ അധികാരം വിനിയോഗിക്കുമ്പോൾ, സംസ്ഥാനത്തിന്റെ നിയമനിർമ്മാണസഭ ഉണ്ടാക്കിയ ഏതൊരു നിയമവും 347—ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള നിർദ്ദേശങ്ങൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമാണ് എന്നതാണ്. 347--ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി നിർദ്ദേശം പുറപ്പെടുവിച്ചുകഴിഞ്ഞാൽ അങ്ങനെയുള്ള നിർദ്ദേശത്തിൽ ഏതൊരു രീതിയിലും ഇടപെടുവാൻ സംസ്ഥാന നിയമനിർമ്മാണ സഭയ്ക്ക് അധികാരമില്ല. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, സംസ്ഥാന നിയമ നിർമ്മാണ

സഭയാലുള്ള അധികാരത്തിന്റെ വിനിയോഗം 347-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി പുറപ്പെടുവിച്ചിരിക്കാവുന്ന നിർദ്ദേശങ്ങളുമായി ഏതൊരു രീതിയിലും പൊരുത്തമില്ലാതിരിക്കുവാൻ പാടില്ലാത്തതാണ്. 345-ാം അനുച്ഛേദപ്രകാരമുള്ള സംസ്ഥാനത്തിന്റെ സമ്പൂർണ്ണ അധികാരം ഈ വ്യാപ്തിയോളം മാത്രം പരിമിതപ്പെടുത്തപ്പെടുന്നു. മുകളിൽ സൂചിപ്പിച്ച പരിമിതമായ വ്യാപ്തി യോളമൊഴികെ, 345-ാം അനുച്ഛേദപ്രകാരമുള്ള സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാരം 347-ാം അനുച്ഛേദത്തിന് അധീനമാണെന്നോ വിധേയമാണെന്നോ പറയുന്നത് ശരിയല്ല. ഭാഗം XVII മുഴുവനായി വായിച്ചിരിക്കേണ്ടതും ഞങ്ങളുടെ വീക്ഷണത്തിൽ 345-ഉം 347-ഉം അനുച്ഛേദങ്ങൾക്ക് അവയെ ഫെഡറൽ ഘടനയ്ക്കും അതുപോലെ ഈ അദ്ധ്യായത്തിലെ മറ്റു വ്യവസ്ഥകൾക്കും കൂടി പൊരുത്തപ്പെടുംവിധം അർത്ഥം കൽപ്പിക്കേണ്ടതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 345 & 347-347-ാം അനുച്ഛേദത്തിലെ ആവശ്യകതയെ 345-ാം അനുച്ഛേദപ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിന് സംസ്ഥാന നിയമ നിർമ്മാണസഭയ്ക്ക് വേണ്ട അനിവാര്യമായ ഒരു ആവശ്യകതയായി വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല.**

347-ാം അനുച്ഛേദത്തിലെ "ഒരു സംസ്ഥാനത്തെ ജനസംഖ്യയിൽ ഗണ്യമായ ഒരു വിഭാഗം അവർ സംസാരിക്കുന്ന ഏതെങ്കിലും ഭാഷയുടെ ഉപയോഗം ആ സംസ്ഥാനത്താൽ അംഗീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നു" എന്ന ആവശ്യകത ആ സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന ഭാഷയെ ആ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കുന്ന നിയമം ഉണ്ടാക്കുന്നതിന് 345—ാം അനുച്ഛേദപ്രകാരം ആ സംസ്ഥാന നിയമ നിർമ്മാണസഭയ്ക്ക് വേണ്ട ഒരു ആവശ്യകതയല്ല. 347-ാം അനുച്ഛേദത്തിന്റെ ആവശ്യകത സംസ്ഥാന നിയമനിർമ്മാണ സഭയ്ക്ക് 345—ാം അനുച്ഛേദപ്രകാരം അതിന്റെ അധികാരം വിനിയോഗിക്കുന്നതിന് വേണ്ട അനിവാര്യമായ ഒരു ആവശ്യകതയായി വ്യാഖ്യാനിക്കുവാൻ കഴിയും എന്ന് ഞങ്ങൾ കരുതുന്നില്ല.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 345-സംസ്ഥാന നിയമ നിർമ്മാണസഭയ്ക്ക് ഏതെങ്കിലും ഭാഷയെ അങ്ങനെയുള്ള ഭാഷ ആ സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്നില്ലായെങ്കിൽ, ഔദ്യോഗിക ഭാഷയായി സ്വീകരിക്കുവാൻ കഴിയുന്നതല്ല.**

ഹിന്ദിയല്ലാത്ത ഭാഷകളിൽ ഒന്നോ അതിലധികമോ സംസ്ഥാനത്ത് സ്വീകരിക്കുന്നതിനുള്ള മാനദണ്ഡം ആ ഭാഷകൾ "ആ സംസ്ഥാനത്ത് ഉപയോഗത്തിൽ" ആയിരിക്കണമെന്നതാണ്. സംസ്ഥാന നിയമനിർമ്മാണസഭ 345-ാം അനുച്ഛേദപ്രകാരമുള്ള അതിന്റെ അധികാരം വിനിയോഗിക്കുന്ന സമയത്ത് ഈ മാനദണ്ഡം നിറവേറ്റപ്പെട്ടിരിക്കേണ്ടതാണ്. സംസ്ഥാന നിയമനിർമ്മാണസഭയ്ക്ക് ഏതെങ്കിലും ഭാഷയെ, അങ്ങനെയുള്ള ഭാഷ ആ സംസ്ഥാനത്ത്ഉപയോഗിക്കപ്പെടുന്നില്ലായെങ്കിൽ, ഔദ്യോഗിക ഭാഷയായി സ്വീകരിക്കുവാൻ കഴിയുന്നതല്ല. എന്നിരുന്നാലും, കർണ്ണാടകയിൽ ഹിന്ദി "ഉപയോഗത്തിൽ" ഇല്ലെങ്കിൽ പോലും ഹിന്ദിയെ ഒരു ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുവാൻ സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്ക് യാതൊരു തടസ്സവുമില്ല. ഭാഷാപരമായ പ്രശ്നത്തിൻമേലുള്ള ഭരണഘടനാപരമായ അനുരഞ്ജനത്തിലും ഭാരതമൊട്ടാകെ ഹിന്ദിയുടെ വ്യാപനം സുഗമമാക്കുവാൻ ഹിന്ദിക്കുള്ള വിശാലമായ ഭരണഘടനാപരമായ അവകാശപത്രത്തിലും ഇതിനുള്ള കാരണം കണ്ടെത്തേണ്ടതാണ്.

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 350-350-ാം അനുച്ഛേദത്തിലെ ലളിതമായ മൂലവാചകം, അത് യൂണിയന്റെയോ സംസ്ഥാനത്തിന്റെയോ ഏതൊരു ആഫീസിനും യൂണിയനിലോ ആ സംസ്ഥാനത്തിലോ ഉപയോഗിക്കപ്പെടുന്ന ഭാഷകൾ ഏതിലും, ഏതെങ്കിലും സങ്കടം പരിഹരിക്കുവാനുള്ള ഒരു നിവേദനം സമർപ്പിക്കുവാൻ ഓരോ ആൾക്കും ഭരണഘടനാപരമായ ഒരവകാശം നൽകുന്നുവെന്ന് വെളിവാക്കുന്നതാണ്.**

*[2014 (3) കെ.എൽ.റ്റി 1112 (സുപ്രീംകോടതി)]*

# ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എച്ച്.എൽ. ദത്തു**

**&**

**ബഹു. ജസ്റ്റിസ് എസ്.എ. ബോബ്ദെ**

**അബ്ദുൾ ബാസിദ്**

**അഭി**

**മുഹമ്മദ് അബ്ദുൾ കാദിർ ചൗധരി**

**എസ്. എൽ. പി. (ക്രിമിനൽ) നമ്പർ 6855/2013**

**&**

**അനുബന്ധ കേസുകൾ**

2014 സെപ്റ്റംബർ 15—ന് വിധി പ്രസ്താവിച്ചത്

## ചുരുക്ക കുറിപ്പ്

**ക്രിമിനൽ വിചാരണ-ജാമ്യം അനുവദിച്ചു കൊണ്ടുള്ള ഒരു ഉത്തരവ് നിയമവിരുദ്ധമോ നിയമത്തിന് എതിരോ ആണെന്നുള്ള കാരണത്താൽ, ജാമ്യം അനുവദിച്ച അതേ കോടതിയ്ക്കല്ല, അതിന്റെ മുകളിലുള്ള കോടതിയ്ക്കു മാത്രമേ റദ്ദാക്കുവാൻ കഴിയുകയുള്ളൂ.**

ന്യായീകരിക്കത്തക്കതല്ലാത്തതോ നിയമവിരുദ്ധമോ വിപരീതമോ ആയ ഒരു ഉത്തരവ് റദ്ദാക്കുന്ന ആശയം അങ്ങനെയുള്ള റദ്ദാക്കൽ ആവശ്യമാക്കുന്ന, ജാമ്യം അനുവദിച്ചതിനു ശേഷം വെളിച്ചത്ത് വന്നിട്ടുള്ള പ്രതിയുടെ നടപടി ദൂഷ്യത്തിന്റെയോ പ്രതികൂലമായ പുതിയ വസ്തുതകളുടെയോ കാരണത്താൽ, ഒരു ജാമ്യം റദ്ദാക്കുന്ന ആശയത്തിൽ നിന്നും വ്യത്യസ്തമാകുന്നതും ജാമ്യം അനുവദിച്ചു കൊണ്ടുള്ള ഒരു ഉത്തരവ്, നിയമവിരുദ്ധമോ നിയമത്തിന് എതിരോ ആണെന്നുള്ള കാരണങ്ങളിന്മേൽ, ജാമ്യം അനുവദിച്ച അതേ കോടതിയല്ല, അതിനു മുകളിലുള്ള കോടതിയ്ക്കു മാത്രമെ റദ്ദാക്കുവാൻ കഴിയുകയുള്ളൂ എന്ന് മുൻപറഞ്ഞ വിധി ന്യായങ്ങളുടെ സൂക്ഷ്മ പരിശോധന ഞങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

**1973-ലെ ക്രിമിനൽ നടപടി നിയമസംഹിത, വകുപ്പുകൾ 439 & 167(2)-പ്രതി ഗുരുതരമായ ഒരു കുറ്റം ചെയ്തിട്ടുണ്ടെന്നും ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്തിരിക്കുന്നുവെന്നും അന്വേഷണം വെളിപ്പെടുത്തുകയാണെങ്കിൽ, 167(2)-ാം വകുപ്പിനുള്ള പരിമിതിവ്യവസ്ഥ (എ) പ്രകാരം അനുവദിച്ച ജാമ്യം, പ്രോസിക്യൂട്ടിംഗ് ഏജൻസിയാലുള്ള ഒരു അപേക്ഷയിന്മേൽ റദ്ദാക്കുവാൻ കഴിയുന്നതാണ്.**

167(2)-ാം വകുപ്പ് ഒരു സാങ്കൽപിക കെട്ടുകഥ സൃഷ്ടിക്കുകയും, അതു വഴി ഒരു വ്യക്തിയുടെ മോചനം സംഹിതയിലെ XXXIII-ാം അദ്ധ്യായ പ്രകാരമുള്ള അയാളുടെ മോചനത്തിന്

തുല്യമായി ഗണിക്കപ്പെടുകയും ചെയ്യുന്നു എന്നത് നിരർത്ഥകമാണ്. എന്നിരുന്നാലും, 167(2)-ാം വകുപ്പിനുള്ള പരിമിതിവ്യവസ്ഥ (എ) പ്രകാരം ജാമ്യത്തിൽ വിട്ടയയ്ക്കുന്നതിനുള്ള ഒരു ഉത്തരവ് യോഗ്യതയിന്മേലുള്ള ഒരു ഉത്തരവ് അല്ല, എന്നാൽ പ്രോസിക്യൂട്ടിംഗ് ഏജൻസിയുടെ വീഴ്ചയിന്മേലുള്ള ഒരു ഉത്തരവാണ്. ആ ന്യൂനത/വീഴ്ച പരിഹരിക്കപ്പെട്ടതിനുശേഷം അങ്ങനെയുള്ള ഒരു ഉത്തരവ് പ്രത്യേക കാരണങ്ങളാൽ അസാധുവാക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ, ജാമ്യത്തിൽ തുടരുവാനുള്ള എന്തെങ്കിലും പ്രത്യേക അവകാശം ഉന്നയിക്കുവാൻ പ്രതിയ്ക്ക് കഴിയുന്നതല്ല. പ്രതി ഗുരുതരമായ ഒരു കുറ്റം ചെയ്തിട്ടുണ്ടെന്നും ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്തിരിക്കുന്നുവെന്നും അന്വേഷണം വെളിപ്പെടുത്തുകയാണെങ്കിൽ 167(2)-ാം വകുപ്പിനുള്ള പരിമിതിവ്യവസ്ഥ (എ) പ്രകാരം അനുവദിച്ച ജാമ്യം, പ്രോസിക്യൂട്ടിംഗ് ഏജൻസിയാലുള്ള ഒരു അപേക്ഷയിന്മേൽ റദ്ദാക്കുവാൻ കഴിയുന്നതാണ്.

**ക്രിമിനൽ വിചാരണ-ജാമ്യം റദ്ദാക്കുന്നതിനുള്ള കാരണങ്ങൾ- എണ്ണിപ്പറയുന്നു.**

XXXIII-ാം അദ്ധ്യായത്തിൻ കീഴിലെ, 439(1)—ാം വകുപ്പ്, കുറ്റാരോപിതനായ ഏതൊരാളെയും ജാമ്യത്തിൽ വിട്ടയയ്ക്കുവാൻ നിർദ്ദേശിക്കുന്നതിന് ഹൈക്കോടതിയെയും അതുപോലെ തന്നെ സെഷൻസ് കോടതിയെയും അധികാരപ്പെടുത്തുന്നു. സംഹിതയിലെ XXXIII-ാം അദ്ധ്യായ പ്രകാരം ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടിട്ടുള്ള ഏതൊരാളെയും അറസ്റ്റ് ചെയ്യുവാനും കസ്റ്റഡിയിൽ വയ്ക്കുവാനും നിർദ്ദേശിക്കുന്നതിന് 439(2)-ാം വകുപ്പ് ഹൈക്കോടതിയെ അധികാരപ്പെടുത്തുന്നു, അതായത്, ഒരു പ്രതിയ്ക്ക് നൽകിയ ജാമ്യം റദ്ദാക്കുവാനുള്ള അധികാരം. പൊതുവായി ജാമ്യം റദ്ദാക്കുന്നതിനുള്ള കാരണങ്ങൾ, വിശദമായി, (i) പ്രതി, സമാനമായ ക്രിമിനൽ പ്രവർത്തനത്തിൽ ഏർപ്പെട്ട് തന്റെ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുക, (ii) അന്വേഷണത്തിന്റെ ഗതിയിൽ ഇടപെടുക, (iii) തെളിവിനെയോ സാക്ഷികളെയോ ഇല്ലാതാക്കുവാൻ ശ്രമിക്കുക, (iv) സാക്ഷികളെ ഭീഷണിപ്പെടുത്തുകയോ സുഗമമായ അന്വേഷണത്തിനെ തടസ്സപ്പെടുത്തുമെന്നുള്ള സമാനമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുക, (v) മറ്റൊരു രാജ്യത്തേയ്ക്ക് അയാൾ പലായനം ചെയ്യുന്നതിനുള്ള സാധ്യത ഉണ്ടായിരിക്കുക, (vi) രഹസ്യതാവളത്തിലേയ്ക്ക് പോകുകയോ അന്വേഷണ ഏജൻസിയ്ക്ക് പ്രാപ്യമല്ലാതായി തീരുകയോ ചെയ്യുന്നതു വഴി സ്വയം കാണാൻ കിട്ടാത്തതാക്കുവാൻ ശ്രമിക്കുക (vii) തന്റെ ജാമ്യക്കാരൻ എത്തിച്ചേരാവുന്ന ദൂരത്തിന് അപ്പുറം സ്വയം നിലകൊള്ളുവാൻ ശ്രമിക്കുക മുതലായവ ആണ്.

ഈ കാരണങ്ങൾ ഉദാഹരണമായുതകുന്നതും സമഗ്രമല്ലാത്തതും ആകുന്നു. ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്യുന്നതുവഴി ന്യൂനത പരിഹരിച്ചശേഷം 167(2)-ാം വകുപ്പിനുള്ള പരിമിതിവ്യവസ്ഥ പ്രകാരം അറുപത് ദിവസങ്ങൾക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്തതിലുള്ള പ്രോസിക്യൂഷന്റെ വീഴ്ച കാരണം ജാമ്യം അനുവദിക്കപ്പെട്ടിട്ടുള്ളിടത്ത്, ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്യുന്നതുവഴി ന്യൂനത പരിഹരിച്ചശേഷം, ജാമ്യം അനുവദിക്കേണ്ടതല്ലാത്ത ഒരു കുറ്റം പ്രതി ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കുന്നതിന് ന്യായമായ കാരണങ്ങൾ ഉണ്ടെന്നും അയാളെ അറസ്റ്റ് ചെയ്യുകയും കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നും ഉള്ള കാരണത്തിന്മേൽ ജാമ്യം റദ്ദാക്കിക്കിട്ടുവാൻ പ്രോസിക്യൂഷന് ആവശ്യപ്പെടാവുന്നതാണ്.

*[2014(4) കെഎൽറ്റി എസ്എൻ 88 (സി.നം.111) എസ്സി]*

# ബഹു. സുപ്രീംകോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് രഞ്ചന. പി. ദേശായ്

## &

## ബഹു. ജസ്റ്റിസ് എൻ.വി. രമണ

## ഗുൺമല സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ്

## അഭി

## അനു മേത്താ

## ക്രിമിനൽ അപ്പീൽ നമ്പർ 2228/2014-ഉം ബന്ധപ്പെട്ട കേസുകളും

2014 ഒക്ടോബർ 17-ന് വിധി പ്രസ്താവിച്ചത്

**കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881-വകുപ്പുകൾ 141 & 138-ചെക്കുകളിൽ ഒപ്പിട്ടവർ അല്ലാത്ത ഡയറക്ടർമാർക്ക് എതിരായി യാതൊരു കല്പിത ബാദ്ധ്യതയും ഇല്ലാത്തതാകുന്നു.**

**കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881, വകുപ്പുകൾ 141 & 138-ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പ് 482-ഒരു ഡയറക്ടർക്ക് അടിസ്ഥാന ആരോപണങ്ങൾ ഒഴികെ തന്റെ പങ്കിനെക്കുറിച്ച് യാതൊരു വിശദാംശങ്ങളും പരാതിയിൽ നൽകിയിട്ടില്ല എന്ന കാരണത്താൽ മാത്രം ഒരു പരാതി റദ്ദാക്കിയെടുക്കുവാൻ കഴിയുന്നതല്ല.**

## വിധിന്യായം

*ജസ്റ്റിസ് രഞ്ചന. പി. ദേശായ്.*

1. അനുമതി നൽകി.

2. 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (എൻ.ഐ. ആക്റ്റ്) 138-ാം വകുപ്പ് 141-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ഫയൽ ചെയ്ത പരാതിയിൽ കുറ്റം ചെയ്ത സമയത്ത് ഡയറക്ടർമാർ പ്രതി-കമ്പനിയുടെ ചുമതലയിലായിരിക്കുകയും അതിന്റെ നടത്തിപ്പിനും ദൈനംദിന ബിസിനസ്സിനും ഉത്തരവാദികളായിരിക്കുകയും ചെയ്തിരുന്നു വെന്നുമുള്ള വിശദീകരണമില്ലാത്ത ഒരു പ്രസ്താവം മാത്രമേ ഉണ്ടായിരുന്നുവെന്ന കാരണത്താൽ, വിശദീകരണമില്ലാത്ത, ആ പ്രസ്താവം പ്രസ്തുത പരാതി നിലനിർത്തുവാൻ മതിയായത് അല്ലാതിരിക്കെ, മജിസ്ട്രേറ്റ് ആരംഭിച്ച നടപടികൾ റദ്ദാക്കിയതിൽ ഹൈക്കോടതി ന്യായീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യമാണ് ഈ അപ്പീലുകളിൽ ഞങ്ങളെ സംബന്ധിച്ചുള്ളത്.

3. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് 141-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ഫയൽ ചെയ്ത അനവധി പരാതികളിൽ നിന്നും ഉത്ഭവിക്കുന്നതാണ് ഈ അപ്പീലുകൾ. ഗുൺമല സെയിൽസ് പ്രൈവറ്റ് ലിമിറ്റഡോ രൂപരേഖാ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡോ രണ്ടും കൂടിയോ ആണ് പരാതികൾ ഫയൽ ചെയ്തിട്ടുള്ളത്. ആ പരാതികളിൽ ഇതിലെ എതിർകക്ഷികളെയും മറ്റുള്ളവരെയും

പ്രതികളായി ചേർത്തിരുന്നു. പ്രോസസ് നല്കപ്പെട്ടതിനുശേഷം, എതിർകക്ഷികൾ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ ("സംഹിത") 482-ാം വകുപ്പ് പ്രകാരം ഹൈക്കോടതിയിൽ വിവിധ അപേക്ഷകൾ ഫയൽ ചെയ്തു. സി.ആർ.ആർ.നം. 4099/2011 ആയുള്ള ഒരപേക്ഷ ഹൈക്കോടതി യുക്തിഭദ്ര മായ ഒരു ഉത്തരവ് മുഖേന തീർപ്പാക്കി. എല്ലാ അപേക്ഷകളിലും ഒരേ പ്രശ്നം ഉൾപ്പെട്ടി രുന്നതുകൊണ്ട് മറ്റ് അപേക്ഷകളും സി.ആർ.ആർ.നം. 4099/2011-ലെ വിധിന്യായം അനുസരിച്ച് തീർപ്പാക്കി. സി.ആർ.ആർ.നം. 4099/ 2011 ലെ പ്രസ്തുത വിധിന്യായത്തെ ചോദ്യം ചെയ്തുകൊണ്ട് പ്രത്യേകാനുമതി ഹർജി (ക്രിമിനൽ) നം. 1724/2013 ഫയൽ ചെയ്യുക യുണ്ടായി. ആയതിനാൽ, ഈ അപ്പീലുകൾ തീർപ്പാക്കുന്നതിനും പ്രത്യേകാനുമതി ഹർജി നം. 1724/2013-ൽ നിന്നും ഉത്ഭവിച്ച സിവിൽ അപ്പീലിലെ വസ്തുതകളെ, ആയതിനെ പ്രധാന കേസായി പരിഗണിച്ചുകൊണ്ട് ഞങ്ങൾ പരാമർശിക്കുന്നു.

4. ഫെബ്രുവരി 2008-നോ അതിനോട ടുത്തോ നവ്ക്കാർ ബിൽഡ്സ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് (**"പ്രസ്തുത കമ്പനി"**) അതിന്റെ ഡയറക്ടർമാർ-1 മുതൽ 3 വരെയുള്ള എതിർകക്ഷികൾ മുഖേന പ്രസ്തുത കമ്പനി യുടെ പ്രവർത്തന മൂലധന ആവശ്യകത കൈവരിക്കുവാൻ ഏതാനും സാമ്പത്തിക സഹായത്തിനുവേണ്ടി അപ്പീൽ വാദിയെ സമീപിക്കുകയുണ്ടായി എന്നതാണ് അപ്പീൽ വാദിയുടെ കേസ്. അതിനനുസൃതമായി, 1 മുതൽ 3 വരെയുള്ള എതിർകക്ഷികളുടെ അഭ്യർത്ഥന പ്രകാരം അപ്പീൽവാദി പ്രസ്തുത കമ്പനിക്ക് തുക കടം കൊടുക്കുകയും നിശ്ചിതമായ തുക മുൻകൂറായി കൊടുക്കുകയും ചെയ്തു. പ്രസ്തുത തുക പ്രതിവർഷം 6% നിരക്കിൽ പലിശ വഹിച്ചിരുന്നു. 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾ പ്രസ്തുത കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോടൊപ്പം പ്രസ്തുത തുക 31-07-2011-നോ അതിനുമുമ്പോ കൊടുക്കുവാൻ സമ്മതിക്കുകയും ഭരമേൽ ക്കുകയും ചെയ്തിരുന്നു. ആ തുക 31-07-2011-നോ അതിനുമുമ്പോ കൊടുക്കുവാൻ അവർ വീഴ്ച വരുത്തുന്നതിന്മേൽ പ്രതിമാസം 18% നിരക്കിൽ പലിശ അവകാശപ്പെടുവാൻ അപ്പീൽവാദിക്ക് അർഹതയുണ്ടായിരിക്കും എന്നും എതിർകക്ഷികൾ സമ്മതിച്ചിരുന്നു. എതിർകക്ഷികൾ 31-07-2011-നോ അതിനു മുമ്പോ മൊത്തം തുകയും തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തി.

5. 31-07-2011-ൽ പ്രസ്തുത കമ്പനി അവരുടെ ബാധ്യത സമ്മതിച്ചുകൊണ്ടും കൊടുക്കേണ്ട തുക തിരിച്ചടയ്ക്കുന്നതിലേയ്ക്കും അപ്പീൽ വാദിയുടെ പേരിൽ ചെക്കുകൾ നൽകുക യുണ്ടായി. 02-08-2011-ൽ അപ്പീൽവാദി പ്രസ്തുത ചെക്കുകളെ അതിന്റെ ബാങ്കറായ കാനറാ ബാങ്കിൽ ഹാജരാക്കിയപ്പോൾ ആയത് "ഫണ്ട് അപര്യാപ്തം" എന്ന കുറിപ്പോടു കൂടി പണം നൽകാതെ മടക്കുകയുണ്ടായി. 20-08-2011-ൽ അപ്പീൽവാദി 1 മുതൽ 4 വരെയുള്ള എതിർ കക്ഷികൾക്ക് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പു പ്രകാരം ഒരു നിയമാധിഷ്ഠിത ഡിമാന്റ് നോട്ടീസ് അയച്ചു. പ്രസ്തുത നോട്ടീസ് 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ 27-08-2011-ൽ കൈപ്പറ്റി. 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ പ്രസ്തുത നോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരം തുക തിരിച്ചടയ്ക്കുവാൻ വീഴ്ചവരുത്തിയതുകൊണ്ട് അപ്പീൽവാദി 26-09-2011-ൽ കൽക്കട്ടയിലെ ചീഫ് മെട്രോപോളിറ്റൻ കോടതിയിൽ ഒരു പരാതി ഫയൽ ചെയ്തു. പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് പ്രസ്തുത പരാതി സ്വീകരിക്കുകയും സമൻസ് അയയ്ക്കുവാൻ ഉത്തരവിടുകയും ചെയ്തു.

6. പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ മുമ്പാകെ നിലവിലിരുന്ന നടപടികൾ റദ്ദാക്കുന്നതിനു വേണ്ടി 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ സംഹിതയിലെ 482-ാം വകുപ്പുപ്രകാരം കൽക്കട്ട ഹൈക്കോടതി മുമ്പാകെ ഒരപേക്ഷ ഫയൽ ചെയ്തു. ഹൈക്കോടതി താഴെ പറയുന്ന പ്രകാരമുള്ള രണ്ട് ചോദ്യങ്ങൾ തയ്യാറാക്കി:

(i) "കുറ്റം ചെയ്ത സമയത്ത് 1—ാം പ്രതിയായ പ്രസ്തുത കമ്പനിയുടെ ചുമതലയിലും അതിന്റെ നടത്തിപ്പിനും ദൈനംദിന ബിസിനസ്സിനും ഉത്തരവാദികളും ആയിരുന്നു അതിന്റെ ഡയറക്ടർമാർ" എന്ന് പരാതിയിൽ നടത്തിയ

വിശദീകരണമില്ലാത്ത പ്രസ്താവത്തിന്മേൽ ഡയറക്ടർമാരെ പ്രോസിക്യൂട്ട് ചെയ്യാൻ കഴിയുമോ.

(ii) രാജിവച്ചിട്ടുള്ള ഡയറക്ടറെ അയാളുടെ രാജി കമ്പനിയുടെ ഡയറക്ടർമാരുടെ ബോർഡ് സ്വീകരിച്ചു കഴിഞ്ഞതിനുശേഷം പ്രോസിക്യൂട്ട് ചെയ്യുവാൻ കഴിയുമോ".

ആദ്യത്തെ ചോദ്യത്തെ സംബന്ധിച്ചിടത്തോളം, ഹൈക്കോടതി ഈ കോടതിയുടെ ചില വിധിന്യായങ്ങൾ പരാമർശിച്ചശേഷം ഡയറക്ടർമാർ കമ്പനിയുടെ ചുമതലയിലും അതിന്റെ നടത്തിപ്പിനും ദൈനംദിന ബിസിനസ്സിനും ഉത്തരവാദികളുമായി രുന്നുവെന്ന പ്രസ്താവം ഒഴികെ അവർ വഹിച്ച പങ്ക് എന്തായിരുന്നുവെന്നും കമ്പനിയുടെ സാമ്പത്തിക കാര്യങ്ങൾക്കും ചെക്കുകൾ നൽകലിനും എങ്ങനെ അവർ ഉത്തരവാദികളായിരുന്നുവെന്നും കമ്പനിയുടെ നിധികളിന്മേൽ അവർക്ക് നിയന്ത്രണം ഉണ്ടായിരുന്നുവോ എന്നുമുള്ളതിനെക്കുറിച്ച് പരാതിയിൽ പറഞ്ഞിട്ടില്ലായിരുന്നു എന്ന് പ്രസ്താവിച്ചു. പരാതിയിൽ സാരവത്തായ പരാമർശങ്ങൾ ഉണ്ടായിരുന്നില്ല എന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഈ കാരണത്താൽ ഹൈക്കോടതി നടപടികൾ റദ്ദാക്കി. രണ്ടാമത്തെ ചോദ്യത്തെ സംബന്ധിച്ചിടത്തോളം, ഒന്നാമത്തെ ചോദ്യം 1 മുതൽ 4 വരെയുള്ള എതിർ കക്ഷികൾക്ക് അനുകൂലമായി ഉത്തരം നൽകപ്പെടുന്നതുകൊണ്ട്, അതിന് ഉത്തരം പറയേണ്ട ആവശ്യമില്ല എന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. ഹൈക്കോടതി പരാതി റദ്ദാക്കി. പ്രസ്തുത ഉത്തരവിനാൽ സങ്കടപ്പെട്ടുകൊണ്ട് അപ്പീൽവാദി ഈ അപ്പീലിലൂടെ ഈ കോടതിയെ സമീപിച്ചിരിക്കുന്നു.

7. അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. ഗുരുകൃഷ്ണ കുമാറിനെയും എതിർകക്ഷികൾക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ഡോ. അഭിഷേക് മനു സിങ്‌വിയെയും ഞങ്ങൾ കേൾക്കുകയുണ്ടായി. കക്ഷികൾ ഫയൽ ചെയ്ത ലിഖിതമായുള്ള വാദങ്ങളും ഞങ്ങൾ സൂക്ഷ്മമായി വായിക്കുകയുണ്ടായി.

8. അപ്പീൽവാദിയുടെ ലിഖിതമായുള്ള വാദങ്ങളുടെ സാരം.

(എ) അയാൾ/അവർ കമ്പനിയുടെ ചുമതലയിലായിരിക്കുകയും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് കമ്പനിക്ക് ഉത്തരവാദിയായിരിക്കുകയും ചെയ്യുന്നു എന്ന പരാതിയിലുള്ള ഒരു പ്രത്യേക പ്രസ്താവം കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പു പ്രകാരമുള്ള ഒരു പരാതി നിലനിർത്തുവാൻ മതിയായതാണ് എന്നുള്ളത് തീരുമാനിക്കപ്പെട്ടിരിക്കുന്ന നിയമമാണ്. പരാതിയിലെ വിഷയമാകുന്ന ഇടപാടിൽ ഡയറക്ടർമാർ ഓരോരുത്തരും വഹിച്ച പങ്ക് പരാതിയിൽ വിശദീകരിക്കുന്നത് പരാതിക്കാരന്റെ അവശ്യമായ കർത്തവ്യം ആകുന്നില്ല. നിയമത്തിൽ ഒരു ഡയറക്ടർ, കമ്പനി ആക്റ്റിലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സിന് കമ്പനിക്ക് ഉത്തരവാദി ആയിരിക്കുകയും ചെയ്യുന്നു. ആയതിനാൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരമുള്ള ഒരു പരാതിയിൽ ഒരു കൂട്ടുപ്രതിയായി ചേർക്കപ്പെടുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനം മറ്റ് ഉദ്യോഗസ്ഥരുടെ സ്ഥാനത്തിൽ നിന്നും വ്യത്യസ്തമാണ്. ഒരു കമ്പനിയിലെ ഡയറക്ടർ/സെക്രട്ടറി/മാനേജർ/മറ്റ് ഉദ്യോഗസ്ഥരുടെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പ് പ്രകാരമുള്ള പരോക്ഷ ബാദ്ധ്യത കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141(1)-ാം വകുപ്പിലും 141(2)-ാം വകുപ്പിലും ഉപയോഗിച്ചിട്ടുള്ള നിയമാധിഷ്ഠിത ഭാഷയുടെ വെളിച്ചത്തിൽ മനസിലാക്കേണ്ടിയിരിക്കുന്നു. എന്തൊക്കെയായാലും, ഒരു ഡയറക്ടറുടെ വ്യക്തിപരമായ പങ്ക് ഒരു കമ്പനിയുടെ ആഭ്യന്തര നടത്തിപ്പിന്റെ മണ്ഡലത്തിൽ അനന്യമായിരിക്കുകയും ഒരു പരാതിയുടെ ആരംഭഘട്ടത്തിൽ ആ പരാതിയിലെ വിഷയം ആകുന്ന ഇടപാടുകളിൽ ഒരു ഡയറക്ടർ വഹിച്ച പ്രത്യേക പങ്കിനെ വിശദീകരിക്കുവാൻ ഒരു പരാതിക്കാരനെ പ്രതീക്ഷിക്കുന്നത് യുക്തിരഹിതമാകുകയും ചെയ്യുന്നു. ഇപ്പോഴത്തെ കേസിൽ "*2-ഉം 3—ഉം*

*4-ഉം 5-ഉം പ്രതികൾ ഒന്നാം പ്രതിയുടെ ഡയറക്ടർമാർ ആണെന്നും കുറ്റം ചെയ്ത സമയത്ത് പ്രസ്തുത പ്രതി-കമ്പനിയുടെ ചുമതലയിലും അതിന്റെ നടത്തിപ്പിനും ദൈനംദിന ബിസിനസ്സിനും ഉത്തരവാദി കളായിരിക്കുകയും ചെയ്തിരുന്നുവെന്ന്"* അപ്പീൽവാദി വാദിക്കുകയുണ്ടായി. വിവിധ വിധിന്യായങ്ങളിൽ ഈ കോടതി വ്യക്തമായ ഭാഷയിൽ പറഞ്ഞിരുന്ന നിയമസ്ഥിതിയുടെ പൂർണ്ണമായും തെറ്റായ ഒരു വ്യാഖ്യാനത്തിന്മേൽ ഹൈക്കോടതി "ഹർജിക്കാരായ ഡയറക്ടർമാർ വഹിച്ച പങ്ക് എന്താണെന്നും കമ്പനിയുടെ സാമ്പത്തികകാര്യങ്ങളെയും ചെക്കുകൾ നൽകലിനെയും കമ്പനിയുടെ നിധികളി ന്മേലുള്ള നിയന്ത്രണത്തെയും സംബന്ധിച്ച് എങ്ങനെ അവർ ഉത്തരവാദികളായിരുന്നു വെന്നതിനെകുറിച്ചുള്ള യാതൊന്നും പ്രസ്താവി ച്ചിട്ടില്ലായിരുന്നു" എന്ന കാരണത്തിന്മേൽ പരാതി റദ്ദാക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട്, ഈ കോടതി കമ്പനി ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾ പരാമർശിക്കുകയും ഒരു ഡയറക്ടറുടെയോ സെക്രട്ടറിയുടെയോ മാനേജരുടെയോ (കമ്പനി ആക്റ്റിലെ 2(24)-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള) കമ്പനി ആക്റ്റിലെ അഞ്ചാം വകുപ്പിലെ (ഇ)-യും (എഫ്)-ഉം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരാളുടെയോ സംഗതിയിൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141(1)-ാം വകുപ്പിൻ കീഴിൽ കേസ് കൊണ്ടുവരുന്നതിന് അയാൾ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് കമ്പനിക്ക് ഉത്തര വാദിയുമായിരുന്നു എന്ന ഒരു പ്രസ്താവം പരാതിയിൽ ആവശ്യമാണെന്നും പരാതിയിൽ ചില വിവരങ്ങൾ അഭിലഷണീയമാണെങ്കിലും യാതൊരു കൂടുതൽ പ്രസ്താവവും ആവശ്യ മില്ലായെന്ന് നിരീക്ഷിക്കുകയും ചെയ്തിട്ടുള്ള *കെ.കെ. അഹൂജ* അഭി *വി.കെ. അറോറയും മറ്റൊരാളും* (2009 (4) കെ.എൽ.റ്റി എസ്.എൻ 51 (സി.നം. 45) എസ്.സി=(2009) 10 എസ്.സി.സി 48) എന്ന കേസിലേയ്ക്ക് തിരിയേണ്ടത് ആവശ്യ മാണ്. *എസ്.എം.എസ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്* അഭി *നീതാ ഭല്ലയും മറ്റൊരാളും* (2005(4) കെ.എൽ.റ്റി 209 എസ്.സി=(2005) 8 എസ്.സി.സി 89) ("എസ്.എം.എസ് ഫാർമാ (1)") എന്ന കേസിൽ ബാദ്ധ്യസ്ഥനാക്കപ്പെടണം എന്നുള്ള ആൾ പ്രസക്തമായ സമയത്ത് കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയു മായിരിക്കണം എന്നതാണ് 141—ാം വകുപ്പിന്റെ ആവശ്യം എന്ന് ഈ കോടതി നിരീക്ഷിക്കുക യുണ്ടായി. അങ്ങനെയുള്ള കേസുകളിൽ ഡയറക്ടറുടെ യാതൊരു കല്പിത ബാദ്ധ്യതയും ഇല്ലാത്തതിനാൽ ഇതിനെ ഒരു വസ്തുതയായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. *മന്നലാൽ ചമാരിയ* അഭി *പശ്ചിമ ബംഗാൾ സർക്കാർ* (2014(2) കെ.എൽ.റ്റി എസ്.എൻ 27 (സി.നം. 37) എസ്.സി=(2014) 4 എസ്സിഎഎൽഇ 55), *എ.കെ.സിംഘാനിയ* അഭി *ഗുജറാത്ത് സ്റ്റേറ്റ് ഫെർട്ടിലൈസർ കമ്പനി ലിമിറ്റഡ്* (2013(4) കെഎൽറ്റി എസ്എൻ 88 (സി.നം. 84) എസ് സി=(2013 (12) എസ് സിഎഎൽഇ 673), *റാല്ലിസ് ഇൻഡ്യാ ലിമിറ്റഡ്* അഭി *പൊദുരു വിദ്യാ ഭൂഷൺ & മറ്റുള്ളവരും* (2011 (2) കെഎൽറ്റി 376 (എസ് സി)=2011) 13 എസ് സിസി 88), *പരേഷ് പി.രാജ്ദാ* അഭി *മഹാരാഷ്ട്രാ സർക്കാറും മറ്റുള്ളവരും* (2008(2) കെഎൽറ്റി 983(എസ് സി)=(2008) 7 എസ് സി സി 442), *മാൾവാ കോട്ടൺ ആന്റ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്* അഭി *വിർസാ സിംഗ് സിദ്ധു ഉം മറ്റുള്ളവരും എൻ. രംഗാചാരി* അഭി *ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്* (2007) (2) കെഎൽറ്റി 1030 (എസ് സി)=(2007) 5 എസ് സി സി 108) എന്നീ കേസുകളും കൂടി പരാമർശിക്കാവുന്നതാണ്.

(ബി) പ്രതികൾ ഉദാഹരിച്ച വിധിന്യായങ്ങളെ സംബന്ധിച്ചിടത്തോളം, ഈ എല്ലാ വിധിന്യായ ങ്ങളും എസ്എംഎസ് ഫാർമ-(1) എന്ന കേസിൽ പ്രതിപാദിച്ചിരുന്ന നിയമത്തെ അനുവർത്തിച്ച തായി കരുതപ്പെട്ടു, ഒരു പ്രതിയായി ചേർക്കു വാൻ ആവശ്യപ്പെടുന്ന ഒരു ഡയറക്ടറുടെ നിശ്ചിത പങ്ക് പരാതിയിൽ തന്നെ വിശദീകരി ക്കേണ്ടതുണ്ട് എന്ന നിയമത്തിന്റെ ഏതെങ്കിലും പൊതുവായ ദൃഢപ്രസ്താവത്തെ അത് പ്രതിപാദിക്കുന്നില്ല.

(സി) കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141—ാം വകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിന് നടത്തേണ്ട പ്രസ്താവങ്ങളെ

വിലയിരുത്തുമ്പോൾ `ഇൻഡോർ മാനേജ്മെന്റ്' സിദ്ധാന്തം പരിഗണിക്കേണ്ട ഒരു പ്രസക്ത ഘടകമായിരിക്കുന്നതാണ്. ഒരു കമ്പനിയാൽ ചെക്ക് നൽകപ്പെട്ടിട്ടുള്ള ഒരു പരാതിക്കാരൻ ആ കമ്പനിയിലെ ഒരു പ്രത്യേക ഡയറക്ടർ നിർവ്വഹിക്കുന്ന ചുമതലകൾ അറിഞ്ഞിരിക്കണ മെന്നില്ല. ഡയറക്ടർമാർ ഓരോരുത്തരുടെയും ചുമതല അനന്യമായി കമ്പനിയുടെ ആഭ്യന്തര നടത്തിപ്പ് തന്നെയാണ്. ഇതുമായി ബന്ധപ്പെട്ട്, *രംഗാചാരിയേയും ശ്രീരാജ് ട്രാവൽസ് ആന്റ് ടൂർസ് ലിമിറ്റഡ്* അഭി *ഡെസ്റ്റിനേഷൻ ഓഫ് ദ വേൾഡ് (സബ്കോണ്ടിനന്റ്) പ്രൈവറ്റ് ലിമിറ്റഡ്* (66 കമ്പനി കേസ് 26 (ഡൽഹി) എന്ന കേസിലെ ഡൽഹി ഹൈക്കോടതിയുടെ വിധിന്യായ ത്തെയും പരാമർശിക്കുന്നത് ഉപയോഗ പ്രദമായിരിക്കുന്നതാണ്.

(ഡി) അന്തിമമായി, വാണിജ്യ ഇടപാടു കളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തു വാനാണ് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിൽ പരോക്ഷ ബാധ്യത ഉദ്ദേശിച്ചിട്ടുള്ളത് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഒറ്റപ്പെട്ട കേസുകൾ പരിഗണിക്കുന്ന വേളയിൽ ഈ ഉദ്ദേശ്യലക്ഷ്യം മനസ്സിൽ സൂക്ഷിക്കേണ്ടതും ഒരു പ്രത്യേക കേസിൽ നിന്നും ഉണ്ടാവുന്ന കഷ്ടത ഡയറക്ടർമാർക്ക് പ്രോസിക്യൂഷനിൽ നിന്നും ബുദ്ധിപൂർവ്വം ഒഴിഞ്ഞു മാറുവാൻ ശ്രമിക്കുന്ന തിനുള്ള അടിസ്ഥാനം ആകാൻ കഴിയുന്നതല്ല. രേഖയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ള ഫാറം 32 പോലുള്ള രേഖയിൽ നിന്നും ഡയറക്ടർ തെറ്റായി കുറ്റാരോപിതനാകുകയും മറ്റേ തെങ്കിലും കേസിൽ ഉൾപ്പെടാതെയുമിരിക്കുന്നു വെന്ന് വ്യക്തമാകുന്നിടത്ത് സംഹിതയിലെ 482-ാം വകുപ്പ് വിനിയോഗിക്കുവാൻ കഴിയുന്നതല്ല. നടപടികൾ റദ്ദാക്കുന്നതിൽ ഹൈക്കോടതിക്ക് സ്പഷ്ടമായി തെറ്റ് പറ്റിയിട്ടുള്ളതും അതുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് ദുർബലപ്പെടുത്തുവാൻ അർഹവുമാണ്.

അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യ മുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. ഗുരുകൃഷ്ണ കുമാർ മുകളിലെ വാദങ്ങൾ ആവർത്തിച്ച് പറയുകയുണ്ടായി.

9. എതിർകക്ഷികളുടെ ലിഖിതമായ വാദങ്ങളുടെ സാരം:

(എ) പ്രധാന പ്രതിയായ ശാന്തിലാൽ മേത്ത എല്ലാ കാര്യങ്ങളിലും വിചാരണ നേരിട്ടുകൊണ്ടി രിക്കുന്നു. ഇപ്പോഴത്തെ അപ്പീൽ ശാന്തിലാൽ മേത്തയുടെ മറ്റു കുടുംബാംഗങ്ങൾക്കായി, അതായത് എഴുപത് വയസ്സിന് മുകളിൽ പ്രായമുള്ള അയാളുടെ അച്ഛൻ കൻഹായിലാൽ മേത്തയും അമ്മ ശോഭാ മേത്തയും, അൻപത്തി രണ്ടു വയസ്സുള്ള അയാളുടെ ഭാര്യയും ഇരുപത്തിനാല് വയസ്സുള്ള അയാളുടെ മകനും, പരിമിതപ്പെടുത്തിയിരിക്കുന്നു. പീഡിപ്പിക്ക പ്പെടുവാനായി അവർ വലിച്ചിഴയ്ക്കപ്പെട്ടിരി ക്കുന്നു.

(ബി) ഡയറക്ടർ കമ്പനിയുടെ ചുമതല യിലും അതിന് ഉത്തരവാദിയുമായിരിക്കുന്നു വെന്ന വിശദീകരണമില്ലാത്ത പ്രസ്താവന മാത്രം പ്രോസിക്യൂഷൻ നിലനിറുത്തുവാൻ മതി യായതല്ല. (*ജി.എൻ.വർമ്മ* അഭി *ജാർഖണ്ഡ് സർക്കാരും മറ്റൊരാളും* (2014(2) കെഎൽറ്റി സപ്ലിമെന്ററി 74 (എസ് സി)=(2014)4 എസ് സി സി 282).

(സി) 141-ാം വകുപ്പിലെ നിയമഭാഷ വീണ്ടും ഉദ്ധരിക്കുന്നത് മതിയായതല്ല. ഒരാളെ പ്രതിയാക്കുവാൻ കഴിയുന്നതിന് മുമ്പ് അയാൾ വഹിച്ച പങ്കിനെക്കുറിച്ച് "എങ്ങനെ", "ഏതു രീതിയിൽ", "പങ്ക്", "വിവരണം" കൂടാതെ "നിശ്ചിത ആരോപണം" എന്നിവയാണ് പരാതിയിൽ സൂചിപ്പിക്കുവാൻ ആവശ്യപ്പെടുന്ന പരാതിയിലെ അനിവാര്യമായ ആവശ്യകതകൾ. ഇതുമായി ബന്ധപ്പെട്ട് *ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ ക്ലിപ്തം* അഭി *ഹർമീത് സിംഗ് പൈന്തലും മറ്റൊരാളും* (2010(2) കെഎൽറ്റി എസ് എൻ 10(സി.നം.13) എസ് സി=(2010)3 എസ് സി സി 330), *അനിത മൽഹോത്ര* അഭി *അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലും മറ്റൊരാളും* (2012) 1 എസ് സി സി 520), *എൻ.കെ. വാഹി* അഭി *ശേഖർ സിംഗും മറ്റുള്ളവരും* (2007(2) കെഎൽറ്റി 1021(എസ് സി)=(2007) 9 എസ് സി സി 481) എന്നീ കേസുകളിൽ ആശ്രയം അർപ്പിക്കുന്നു. കമ്പനി പ്രധാന പ്രതിയായ ഒരു കുറ്റത്തിന് പരോക്ഷ

മായി ബാധ്യസ്ഥനാക്കപ്പെടുന്ന ഒരാൾക്ക് കുറ്റക്കാരനാക്കപ്പെടുന്ന പ്രവൃത്തിയെ സംബന്ധിച്ച് വഹിക്കുവാൻ ഒരു പങ്ക് ഉണ്ടായിരുന്നുവെന്നും അങ്ങനെയുള്ള ആൾ, അയാളെ ബാദ്ധ്യസ്ഥനാക്കുവാൻ അയാൾക്ക് കൽപ്പിക്കപ്പെടുന്നതെന്ത് എന്നത് അറിഞ്ഞിരിക്കണമെന്നുള്ളത് ഉറപ്പ് വരുത്തുവാനാണ് ഈ ഉപാധികളാൽ ഉദ്ദേശിക്ക പ്പെട്ടിട്ടുള്ളത്.

(ഡി) അപ്പീൽവാദികളുടെ ഇൻഡോർ മാനേജ്മെന്റ് വാദം പൂർണ്ണമായും തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസിലെ ആന്തരിക ന്യൂനതകളെ സംബന്ധിച്ച് അന്യരെ സംരക്ഷിക്കുന്നതിനായി ഈ സിദ്ധാന്തം പരിമിതപ്പെടുത്തിയിരിക്കുന്നു. കമ്പനിക്ക് കടമെടുക്കുവാനുള്ള ഒരു അധികാരം ഒരിക്കലും ഉണ്ടായിരുന്നില്ലെന്നും അതുകൊണ്ട് നിയമപരമായ യാതൊരു ബാധ്യതയുമില്ലെന്നുള്ള ഒരു വാദം എടുത്തിരുന്നുവെങ്കിൽ ചെക്കുകൾ മടക്കി അയയ്ക്കുന്ന ഒരു കേസിൽ അതിന്റെ യഥാർത്ഥ പ്രയോഗമുണ്ടായിരിക്കുമായിരുന്നു. എല്ലാ ഡയറക്ടർമാരെയും അവരുടെ "പങ്ക്" അല്ലെങ്കിൽ "വഹിച്ച പങ്ക്" പോലും നൽകാതെ പ്രോസിക്യൂഷന് ഉൾപ്പെടുത്തുവാൻ ഒരന്യന് പൂർണ്ണ വിവേചനാധികാരം നൽകുന്നതിനായി ഈ സിദ്ധാന്തത്തിന്റെ സഹായം തേടുവാൻ കഴിയുകയില്ല. ഇതുമായി ബന്ധപ്പെട്ട്, *എം.ആർ.എഫ് ലിമിറ്റഡ് മുതലായവ* അഭി *മനോഹർ പരീക്കറും മറ്റുള്ളവരും* മുതലായവ (2010) 11 എസ് സി സി 374) എന്ന കേസിൽ ആശ്രയം അർപ്പിക്കുന്നു. *ശ്രീരാജ് ട്രാവൽസ് ആന്റ് ടൂർസ്* എന്ന കേസിലെ ഡൽഹി ഹൈക്കോടതിയുടെ വിധിന്യായം ഈ കോടതി പ്രതിപാദിച്ച നിയമത്തിന് നേരെ എതിരായിരിക്കുകയും അതുകൊണ്ട് ശരിയാണെന്ന് തോന്നാതിരിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഒരാൾ ഒരു കമ്പനിയുമായി ആ കമ്പനിയുടെ ഓഫീസിൽ വച്ച് ഇടപെടുകയോ ഇ-മെയിൽ മുഖേന വാണിജ്യ ഇടപാടിൽ ഏർപ്പെടുകയോ ചെയ്യുന്നെങ്കിൽ, രണ്ടു സംഗതികളിലും, ഒരു ചെക്ക് അതിന് പണം നൽകപ്പെടണമെന്ന ഉദ്ദേശ്യമില്ലാതെ നൽകുന്ന പ്രവൃത്തിക്ക് ഉത്തരവാദിയായ ആളുകളെ കുറിച്ച് വാണിജ്യ ലോകത്ത് അറിവുള്ളതാണ്. ആയതിനാൽ, അങ്ങനെയുള്ള സംഗതികളിൽ ഇൻഡോർ മാനേജ്മെന്റ് സിദ്ധാന്തത്തിന് പൂർണ്ണമായും യാതൊരു ബാധകതയുമില്ല.

(ഇ) എല്ലാ ഡയറക്ടർമാരേയും പ്രോസിക്യൂട്ട് ചെയ്യുന്നത് നീതിയുടെ താൽപ്പര്യത്തിന് എതിരായിരിക്കുന്നതാണ്. അങ്ങനെയുള്ള സമീപനം വിചാരണകളെ താമസപ്പെടുത്തുകയും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിന്റെ ശരിക്കുമുള്ള പദ്ധതിക്ക് എതിരായിരിക്കുകയും ചെയ്യുന്നതാണ്. എല്ലാ ഡയറക്ടർമാരേയും അനാവശ്യമായി പ്രോസിക്യൂട്ട് ചെയ്യുകയാണെങ്കിൽ, അത് നല്ല ആളുകൾ മുമ്പോട്ടു വരുന്നതിനേയും ഡയറക്ടർമാർ ആയിത്തീരുന്നതിനേയും തടസ്സ പ്പെടുത്തുന്നതുമാണ്. കോർപ്പറേറ്റ് നന്മയ്ക്ക് ഇത് പ്രതികൂല ഫലമുളവാക്കുന്നതാണ്.

എതിർകക്ഷികൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള ഡോ. എ.എം. സിങ്വി മുകളിലെ വാദങ്ങൾ ഊന്നിപ്പറയുകയുണ്ടായി.

10. ആദ്യം കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പിനെ വീണ്ടും ഉദ്ധരിക്കേണ്ടത് ആവശ്യമാണ് എന്തെന്നാൽ ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രശ്നം അതിനെ ചുറ്റിയുള്ളതാണ്. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പ് ഇപ്രകാരമാണ്:

"141. കമ്പനികളാലുള്ള കുറ്റങ്ങൾ.-(1) 138-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റം ചെയ്യുന്ന ആൾ, ഒരു കമ്പനിയാണെങ്കിൽ, ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന് വേണ്ടി കമ്പനിയുടെ ചുമതലയിലും അതിനു ഉത്തരവാദിയുമായിരുന്ന ഓരോ ആളും കമ്പനിയോടൊപ്പം ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും അതിനനുസൃതമായി എതിരായി നടപടി എടുക്കപ്പെടാനും ശിക്ഷിക്കപ്പെടാനും ബാധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഏതൊരാളേയും ആ കുറ്റം ചെയ്തത് അയാളുടെ അറിവോടെയല്ലന്നോ അങ്ങനെയുള്ള കുറ്റം ചെയ്യൽ തടയുവാൻ വേണ്ടത്ര ശ്രദ്ധ അയാൾ ചെലുത്തിയിരുന്നു

വെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ശിക്ഷക്ക് അർഹനായിത്തീർക്കുന്നതല്ലാത്ത താണ്:

[എന്നുമാത്രമല്ല ഒരാൾ, അതത് സംഗതി പോലെ, കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ കേന്ദ്ര സർക്കാറിന്റെയോ സംസ്ഥാന സർക്കാറിന്റെയോ ഉടമസ്ഥതയി ലുള്ളതോ നിയന്ത്രിക്കുന്നതോ ആയ ഒരു ധനകാര്യ കോർപ്പറേഷനിലോ അയാൾ വഹിക്കുന്ന ഏതെങ്കിലും ഉദ്യോഗമോ തൊഴിലോ ഹേതുവായി ഒരു കമ്പനിയുടെ ഒരു ഡയറക്ടറായി പദവി നിർദ്ദേശം ചെയ്യപ്പെടു ന്നിടത്ത്, അയാൾ ഈ അധ്യായപ്രകാരമുള്ള പ്രോസിക്യൂഷന് ബാധ്യസ്ഥനാ യിരിക്കുന്നതല്ല.]

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരി ക്കുകയും ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരു ടെയോ സെക്രട്ടറിയുടെയോ മറ്റുദ്യോഗസ്ഥ ന്റെയോ സമ്മതത്തോടോ മൗനാനുവാദ ത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ അവരുടെ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷയ്ക്കു കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെ യുള്ള ഡയറക്ടറോ മാനേജറോ സെക്രട്ടറിയോ മറ്റുദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും അതിനനുസൃതമായി എതിരായി നടപടി എടുക്ക പ്പെടാനും ശിക്ഷിക്കപ്പെടാനും ബാധ്യസ്ഥ നായിരിക്കുന്നതുമാണ്.

വിശദീകരണം.- ഈ വകുപ്പിന്റെ ആവശ്യ ങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും ആണ്; കൂടാതെ

(ബി) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം, ആ ഫേമിലെ ഒരു പങ്കാളിയെന്ന് അർത്ഥമാകുന്നു."

11. പ്രതിയായ കമ്പനിയുടെ ഡയറക്ടർമാരെ സംബന്ധിക്കുന്ന പരാതിയിലെ പ്രസക്ത ഖണ്ഡികകളെ ഉദ്ധരിക്കുന്നതും കൂടി ആവശ്യ മാണ്. അവ താഴെപ്പറയും പ്രകാരമാണ്:

"2. ഒന്നാം പ്രതി, 103—104, ശുഭ് അപ്പാർട്ട് മെന്റ്", 99-എൽ, ഭോപാൽപ്പുര, ഉദയ്പൂർ, പി.എസ്. ഭോപാൽപുര, രാജസ്ഥാൻ-313001-എന്ന സ്ഥലത്ത് അതിന്റെ രജിസ്റ്റർ ചെയ്ത ആഫീസുള്ള, 1956-ലെ കമ്പനി ആക്റ്റിന്റെ അർത്ഥത്തിനുള്ളിലുള്ള ഒരു കമ്പനിയും 2-ഉം 3-ഉം 4-ഉം 5-ഉം പ്രതികൾ അതിന്റെ ഡയറക്ടർ മാരും കുറ്റം ചെയ്ത സമയത്ത് പ്രസ്തുത 1—ാം പ്രതി കമ്പനിയുടെ ചുമതലയിലും അതിന്റെ നടത്തിപ്പിനും ദൈനംദിന ബിസിനസ്സിനും ഉത്തരവാദി യായിരിക്കുകയും ചെയ്തിരുന്നു.

3. പ്രതിയായ ആളുകളുടെ നിലവിലുള്ള നിയമപരമായ കടവും/അല്ലെങ്കിൽ ബാധ്യതയും, തീർത്തുകൊണ്ട് 1-ാം പ്രതി കമ്പനി രാജ്സമന്ദ് അർബൻ സഹകരണ ബാങ്ക് ക്ലിപ്തം, ഉദയ്പൂർ ശാഖ, രാജസ്ഥാൻ-313001—ൽ നിന്നും മാറാവുന്ന 40 ലക്ഷം രൂപയ്ക്കുള്ള 2011 ജൂലൈ 31-ാം തീയതിയിലെ 008049-ാം നമ്പരായുള്ള 2-ാം പ്രതി ഒപ്പിട്ട ഒരു അക്കൗണ്ട് പേയി ചെക്ക് നൽകു കയും പരാതിക്കാരന് കൈമാറുകയും ചെയ്തിരുന്നു".

ചെക്കുകൾ ഒപ്പിട്ട 2-ാം പ്രതി ഒഴികെയുള്ള മറ്റെല്ലാ പ്രതികൾക്കെതിരെയും ഹൈക്കോടതി പരാതി റദ്ദാക്കിയിരിക്കുന്നുവെന്നത് ഇവിടെ ശ്രദ്ധിക്കേണ്ടതാണ്.

12. വിവിധ വിധിന്യായങ്ങൾ ഞങ്ങളുടെ മുമ്പാകെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഈ കോടതി യുടെ വ്യത്യസ്ത ബെഞ്ചുകൾ ഈ പ്രശ്നത്തെ എങ്ങനെ കൈകാര്യം ചെയ്യുകയുണ്ടായി എന്നതിനെക്കുറിച്ച് ഒരു ധാരണ കിട്ടുന്നതിനു വേണ്ടി അവയെ ചുരുക്കത്തിൽ പരാമർശി ക്കേണ്ടത് ആവശ്യമാണ്. ഈ കോടതിയുടെ *എസ്എംഎസ് ഫാർമ--(1)* എന്ന മൂന്നംഗ ബെഞ്ചിന്റെ ഒരു വിധിന്യായത്തോടുകൂടി ഞങ്ങൾ ആരംഭിക്കേണ്ടതാണ്. പിന്നീടുള്ള എല്ലാ വിധിന്യായങ്ങളും രണ്ടംഗ ബെഞ്ചുകളുടെ വിധിന്യായങ്ങളാണ്. താഴെപ്പറയുന്ന ചോദ്യ ങ്ങളുടെ തീരുമാനത്തിനു വേണ്ടി രണ്ടംഗ ബെഞ്ച് നടത്തിയ റഫറൻസിനെ പരിഗണിക്കുക യായിരുന്നു മൂന്നംഗ ബെഞ്ച്:

“(എ) 1881—ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ആരോപണത്തിന്റെ സാരം മുഴുവനായി വായിച്ചാൽ പ്രസ്തുത വകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റുവാൻ മതിയായതാണോയെന്നും പ്രതിയാക്കപ്പെട്ട ആൾ കമ്പനിയുടെ ചുമതലയിലായിരിക്കുകയോ അതിന്റെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയായിരിക്കുകയോ ചെയ്തിരുന്നുവെന്ന് പരാതിയിൽ പ്രത്യേകമായി പ്രസ്താവിക്കേണ്ട ആവശ്യമില്ലയോ എന്നും?

(ബി) ഒരു കമ്പനിയിലെ ഒരു ഡയറക്ടർ ആ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിനു കമ്പനിയ്ക്ക് ഉത്തരവാദി ആയിരിക്കുകയും ചെയ്യുന്നുവെന്ന് കരുതപ്പെടുന്നുവോ എന്നും ആയതിനാൽ അയാൾ മറിച്ച് തെളിയിക്കാത്തപക്ഷം, ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നുവോയെന്നും.

(സി) പ്രത്യേക പ്രസ്താവങ്ങൾ ആവശ്യമാണെന്ന് വിധിച്ചിട്ടുണ്ടെങ്കിൽപ്പോലും, അങ്ങനെയുള്ള പ്രസ്താവങ്ങളുടെ അഭാവത്തിൽ, ചെക്കിൽ ഒപ്പിട്ട ആളും അല്ലെങ്കിൽ സമ്മതിച്ച പ്രകാരം കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് കമ്പനിക്ക് ഉത്തരവാദിയും ആയിരിക്കുന്ന മാനേജിംഗ് ഡയറക്ടർമാർക്കും അല്ലെങ്കിൽ ജോയിന്റ് മാനേജിംഗ് ഡയറക്ടർക്കും എതിരായി നടപടിയെടുക്കുവാൻ കഴിയുമോ”.

13. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ഉം, 141-ഉം വകുപ്പുകളും സംഹിതയിലെ 203—ഉം 204-ഉം വകുപ്പുകളും കമ്പനി ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകളും പരിഗണിച്ചതിനു ശേഷം, ഈ കോടതി റഫറൻസിൽ അവലംബിച്ചിരുന്ന ചോദ്യങ്ങൾക്ക് താഴെപ്പറയും പ്രകാരം മറുപടി പറയുകയുണ്ടായി:

“(എ) കുറ്റം ചെയ്ത സമയത്ത്, പ്രതിയാക്കപ്പെട്ട ആൾ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയും ആയിരുന്നുവെന്ന് 141-ാം വകുപ്പ് പ്രകാരമുള്ള ഒരു പരാതിയിൽ പ്രത്യേകമായി പ്രസ്താവിക്കേണ്ടത് ആവശ്യമാണ്. ഈ പ്രസ്താവം 141-ാം വകുപ്പിന്റെ അനിവാര്യമായ ഒരു ആവശ്യകതയും ഒരു പരാതിയിൽ പ്രസ്താവി ക്കേണ്ടതുമാണ്. ഈ പ്രസ്താവം ഒരു പരാതിയിൽ നടത്താതെ, 141-ാം വകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റപ്പെടുന്നതായി പറയുവാൻ കഴിയുകയില്ല.

(ബി) ഉപഖണ്ഡിക (ബി) യിൽ അവലംബിച്ചിരുന്ന ചോദ്യത്തിനുള്ള ഉത്തരം നിഷേധാത്മകമായി ഇരിക്കേണ്ടതാണ്. ഒരു കമ്പനിയുടെ ഒരു ഡയറക്ടറായി ഇരിക്കുന്നു എന്നത് മാത്രം ആ ആളെ ആക്റ്റിലെ 141-ാം വകുപ്പ് പ്രകാരം ബാധ്യസ്ഥനാക്കാൻ മതിയായതല്ല. ഒരു കമ്പനിയിലെ ഡയറക്ടർ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് അതിനോട് ഉത്തരവാദിയും ആയിരിക്കുന്നുവെന്ന് കരുതുവാൻ കഴിയുകയില്ല. 141-ാം വകുപ്പിന്റെ ആവശ്യകത എന്തെന്നാൽ ബാധ്യസ്ഥനാക്കപ്പെടാൻ ആവശ്യപ്പെടുന്ന ആൾ പ്രസക്തമായ സമയത്ത് കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയും ആയിരിക്കേണ്ടതാണ്. അങ്ങനെയുള്ള കേസുകളിൽ ഒരു ഡയറക്ടറുടെ കൽപ്പിത ബാധ്യത ഇല്ലാത്തതുകൊണ്ട് ഇതിനെ ഒരു വസ്തുതയായി പ്രസ്താവിക്കേണ്ടതാണ്.

(സി) (സി) ചോദ്യത്തിനുള്ള ഉത്തരം സ്വീകാര്യത്മകമായി ഇരിക്കേണ്ടതാണ്. സമ്മതിച്ചിട്ടുള്ള പോലെ മാനേജിംഗ് ഡയറക്ടറോ ജോയിന്റ് മാനേജിംഗ് ഡയറക്ടറോ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് കമ്പനിക്ക് ഉത്തരവാദിയായിരിക്കുന്നുവെന്നും ആ ചോദ്യം സൂചിപ്പിക്കുന്നു. അത് അപ്രകാരമാകു മ്പോൾ, ഒരു കമ്പനിയിൽ അങ്ങനെയുള്ള സ്ഥാനങ്ങൾ വഹിക്കുന്നവർ ആക്റ്റിലെ 141-ാം വകുപ്പ് പ്രകാരം ബാദ്ധ്യസ്ഥരായിത്തീരുന്നു. മാനേജിംഗ് ഡയറക്ടറായോ ജോയിന്റ് മാനേജിംഗ് ഡയറക്ടറായോ അവർ വഹിക്കുന്ന ഉദ്യോഗം ഹേതുവായി ഈ ആളുകൾ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയും ആയിരിക്കുന്നു. ആയതിനാൽ, അവർ 141-ാം വകുപ്പിൻകീഴിൽ ഉൾപ്പെടുന്നു. പണം നൽകപ്പെടാതിരിക്കുന്ന

ഒരു ചെക്ക് ഒപ്പിട്ട ആളെ സംബന്ധിച്ചിടത്തോളം, കുറ്റക്കാരനാക്കുന്ന പ്രവൃത്തിക്ക് അയാൾ സ്പഷ്ടമായി ഉത്തരവാദിയായിരിക്കുന്നതും 141-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൻകീഴിൽ ഉൾപ്പെടുന്നതുമാണ്".

14. *സരോജ് കുമാർ പൊദ്ദർ* അഭി *(ഡൽഹി എൻ സി റ്റി) സർക്കാരും മറ്റൊരാളും* (2007 (2) കെഎൽറ്റി സപ്ലി.43(എസ് സി)=(2007)3 എസ് സി സി 693) എന്ന കേസിൽ, അതിലെ അപ്പീൽവാദി, രാസസംയുക്തങ്ങളുടെ ഉത്പാദകനും വിതരണക്കാരനും ആയിരുന്ന 2-ാം എതിർകക്ഷിയുടെ പേരിൽ മൂന്നു ചെക്കുകൾ നൽകിയിരുന്ന ഒരു പൊതു ക്ലിപ്ത കമ്പനിയുടെ ഡയറക്ടറായിരുന്നു. ചെക്കുകൾക്ക് പണം നൽകപ്പെടാതിരിക്കെ, പരാതി ഫയൽ ചെയ്യുവാൻ ഇടയായി. പരാതി റദ്ദാക്കുന്നതിനുള്ള അപേക്ഷ അപ്പീൽവാദി ഹൈക്കോടതിയിൽ ഫയൽ ചെയ്തു. ഹൈക്കോടതി പ്രസ്തുത അപേക്ഷ തള്ളിക്കളയുകയുണ്ടായി. ഹൈക്കോടതിയുടെ ഉത്തരവിനെ ദുർബലപ്പെടുത്തുന്ന വേളയിലും എസ്എംഎസ് ഫാർമ (1)-നെ, പരാമർശിച്ചതിനു ശേഷവും ഈ കോടതിയുടെ രണ്ടംഗ ബെഞ്ച് താഴെപ്പറയും പ്രകാരം നിരീക്ഷിച്ചു:

"14. .................. അപ്പീൽവാദി ഏതൊരു ചെക്കും നൽകിയിട്ടില്ല. അയാൾ, ഇതിൽ മുമ്പ് ശ്രദ്ധിച്ചതു പോലെ, കമ്പനിയുടെ ഡയറക്ടർ സ്ഥാനത്തു നിന്നും രാജിവെച്ചിരുന്നു. പ്രസ്തുത രാജി കൃത്യമായി ഏത് തീയതിയിലാണ് കമ്പനി സ്വീകരിച്ചത് എന്നത് അറിയില്ല എന്നത് വാസ്തവമായേക്കാം, എന്നാൽ, മറ്റു വിധത്തിൽപ്പോലും, അപ്പീൽവാദി എങ്ങനെ, ഏതു വിധത്തിൽ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയായിരുന്നു അല്ലെങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച് മറ്റു വിധത്തിൽ അതിനോട് ഉത്തരവാദിയായിരുന്നു എന്നതിനെക്കുറിച്ച് പരാതി ഹർജികളിൽ യാതൊരു പ്രസ്താവവുമില്ല. അദ്ദേഹം ഏതൊരു ചെക്കും നൽകിയിരുന്നില്ല. ചെക്കിന് പണം നൽകപ്പെടാതിരിക്കുന്നതിന് അയാൾ എങ്ങനെ ഉത്തരവാദിയാണെന്ന് പ്രസ്താവിച്ചിട്ടില്ലായിരുന്നു. ഇപ്രകാരം 3-ാം ഖണ്ഡികയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ, നമ്മുടെ അഭിപ്രായത്തിൽ, ആക്റ്റിലെ 141-ാം വകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റുന്നില്ല".

ഒരു കമ്പനിയുടെ ഒരു ഡയറക്ടറെ കമ്പനിയുടെ പ്രവൃത്തികൾക്ക് പരോക്ഷമായി ബാധ്യസ്ഥനാക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി നിയമത്തിൽ ആവശ്യപ്പെടുന്ന പ്രകാരം പ്രത്യേക ആരോപണങ്ങൾ നടത്തേണ്ടത് പരാതിക്കാരന്റെ ഭാഗത്തുള്ള ബാധ്യതയായിരുന്നുവെന്നും ഈ കോടതി നിരീക്ഷിച്ചു.

15. റഫറൻസിന് എസ്എംഎസ് ഫാർമ—(1) ൽ ഉത്തരം നൽകിയിരിക്കെ ഒറ്റപ്പെട്ട കേസുകൾ നിയമം അനുസരിച്ച് തീർപ്പാക്കുന്നതിനു വേണ്ടി ഒരു ഉചിതമായ ബെഞ്ചിനു മുമ്പാകെ ലിസ്റ്റ് ചെയ്യുവാൻ നിർദ്ദേശിക്കപ്പെട്ടു. ഈ ഉത്തരവിന് അനുസൃതമായി അപ്പീൽ ഈ കോടതിയുടെ രണ്ടംഗ ബെഞ്ചിന് മുമ്പാകെ സമർപ്പിക്കപ്പെട്ടു. ഈ കോടതിയുടെ രണ്ടംഗ ബെഞ്ച് *എസ്എംഎസ് ഫാർമസ്യൂട്ടിക്കൽസ് ക്ലിപ്തം (2)* അഭി *നീത ഭല്ല* (2007 (3) കെഎൽറ്റി 672 (എസ് സി)=(2007) 4 എസ്സിസി 70) ("എസ്എംഎസ് ഫാർമ-(2))" എന്ന കേസിൽ പരാതിയിൽ എതിർകക്ഷിക്ക് എതിരായി അടങ്ങിയിരുന്ന ആരോപണങ്ങൾ അവ്യക്തവും അനിശ്ചിതവുമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഹൈക്കോടതി 1-ാം എതിർകക്ഷിക്ക് എതിരായ പരാതി റദ്ദാക്കിയിരുന്നു. രണ്ടംഗ ബെഞ്ച്, പരാതിയിൽ നടത്തിയിരുന്ന പ്രസ്താവങ്ങളുടെ ഒരു വെറും വായനയിന്മേൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പിൻ കീഴിൽ ഉദ്ദേശിക്കപ്പെട്ട പ്രകാരമുള്ള നിയമാധിഷ്ഠിത ആവശ്യകതകൾ നിറവേറ്റപ്പെട്ടിട്ടില്ലായിരുന്നുവെന്ന് അതിന് ബോധ്യപ്പെട്ടതായും ആയതിനാൽ ഹൈക്കോടതി വിധിന്യായത്തെ കുറ്റപ്പെടുത്തുവാൻ കഴിയില്ലെന്നും നിരീക്ഷിക്കുകയുണ്ടായി. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പിന്റെ ആവശ്യകതകളെ ന്യായീകരിക്കുന്ന പ്രസ്താവങ്ങൾ പരാതിയിൽ, അടങ്ങിയിരിക്കുക മാത്രമല്ല അതിലെ അപ്പീൽവാദി എങ്ങനെ, ഏതു രീതിയിൽ, കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദിയായിരുന്നു അല്ലെങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച് അതിന് മറ്റു

വിധത്തിൽ ഉത്തരവാദി ആയിരുന്നു എന്ന് കാണിക്കുകകൂടി ചെയ്തിരിക്കണം എന്ന് *സരോജ് കുമാർ പൊദ്ദർ* എന്ന കേസിൽ നടത്തിയിരുന്ന നിരീക്ഷണങ്ങളിലേക്ക് ഈ കോടതിയുടെ ശ്രദ്ധ ക്ഷണിച്ചപ്പോൾ, ഈ കോടതി, പ്രസ്തുത വിധിന്യായത്തിന്റെ ഒരു വെറും വായന, അങ്ങനെയുള്ള യാതൊരു പൊതുനിയമവും അതിൽ പ്രതിപാദിച്ചിരുന്നില്ലായെന്നും ആ നിരീക്ഷണങ്ങൾ പ്രസ്തുത കേസിന്റെ സന്ദർഭത്തിൽ, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റുന്ന യാതൊരു നേരിട്ടുള്ള പ്രസ്താവവും യാതൊന്നും അതിലെ അപ്പീൽ വാദിക്കെതിരായി നടത്തിയിരുന്നില്ലെങ്കിലും, അതിലെ അപ്പീൽവാദി അതിന് ബാധ്യസ്ഥനാണെന്ന് കാണിക്കുന്ന മറ്റു പ്രസ്താവങ്ങൾ ഉണ്ടായിരുന്നുവെന്ന വാദത്തെ പരിഗണിക്കുകയായിരുന്നതുകൊണ്ട് നടത്തിയതായിരുന്നു എന്ന് നിരീക്ഷിച്ചത് ശ്രദ്ധിക്കേണ്ടതാണ്.

16. *എൻ.കെ.വാഹി* എന്ന കേസിൽ മെസ്സേഴ്സ് വെസ്റ്റേൺ ഇൻഡ്യാ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഒരു ലിമിറ്റഡ് കമ്പനിയാണെന്നും അതിലെ എതിർകക്ഷികളും മറ്റുള്ള ചിലരും ആ കമ്പനിയുടെ ബിസിനസ്സ് തുടരുന്നതിന് ഉത്തരവാദിയായ ഡയറക്ടർമാർ/ആളുകൾ ആയിരുന്നുവെന്നും അവരുടെ ബാധ്യത കൂട്ടായും വെവ്വേറെയും ആയിരിക്കേണ്ടതാണെന്നും അതിലെ അപ്പീൽ വാദികൾ പരാതിയിൽ വാദിക്കുകയുണ്ടായി. അതിലെ എതിർകക്ഷികൾ സംഹിതയുടെ 482-ാം വകുപ്പ് വിനിയോഗിച്ചുകൊണ്ട് ഒരു അപേക്ഷ ഫയൽ ചെയ്തു. എതിർകക്ഷികൾ കമ്പനിയുടെ ചുമതലയിലായിരുന്നുവെന്നോ ബിസിനസ്സിന്റെ നടത്തിപ്പിന് അതിനോട് ഉത്തരവാദിയായിരുന്നുവെന്നോ തെളിവ് സ്ഥാപിക്കുന്നില്ല എന്ന കാരണത്താൽ സമൻസ് പുറപ്പെടുവിച്ചുകൊണ്ട് ആ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. അപ്പീലിൽ *എസ്എംഎസ് ഫാർമ—(1), സബിത രാമമൂർത്തി* അഭി *ആർ.ബി.എസ്. ചന്നബാസവരാധ്യ* (2006 (4) കെഎൽറ്റി 1017 (എസ് സി)=(2006) 10 എസ് സി സി 581), *സരോജ് കുമാർ പൊദ്ദർ* എന്നീ കേസുകളെ പിന്തുടർന്നുകൊണ്ട് ഈ കോടതിയുടെ രണ്ടംഗ ബെഞ്ച്, 141-ാം വകുപ്പ് നിയമപരമായ ഒരു കെട്ടുകഥ ഉയർത്തുകയും അത് കാരണം ഒരാൾ, അങ്ങനെയുള്ള കുറ്റം ചെയ്യലിന് വ്യക്തിപരമായി ബാധ്യസ്ഥനല്ലെങ്കിൽക്കൂടിയും, അതിന് പരോക്ഷ മായി ബാധ്യസ്ഥനായിരിക്കുന്നതാണ് എന്ന് പ്രസ്തുത വിധിന്യായങ്ങളിൽ പറഞ്ഞിട്ടുള്ളതിനെ ഊന്നിപ്പറയുകയുണ്ടായി. അവശ്യമായ പ്രസ്താവന പരാതിയിൽ നടത്തിയിരുന്നാൽ മാത്രമേ കമ്പനിക്ക് എതിരായി അങ്ങനെയുള്ള പരോക്ഷ ബാധ്യത അനുമാനിക്കുവാൻ കഴിയുകയുള്ളൂ. ഒരാളെ പരോക്ഷമായി ബാധ്യസ്ഥനാക്കാൻ കഴിയുന്നതിനു മുമ്പ്, നിയമാധിഷ്ഠിത ആവശ്യകതകളുടെ കർശനമായ അനുസരണം നിർബന്ധമാക്കേണ്ടതാണ് എന്നും നിരീക്ഷിക്കുകയുണ്ടായി. 141-ാം വകുപ്പ് അനുസരിച്ചുള്ള അടിസ്ഥാന പ്രസ്താവങ്ങൾ ഇല്ലായിരുന്നതും രണ്ടംഗ ബെഞ്ച് *എസ്എംഎസ് ഫാർമ (1)*-നെ പിന്തുടർന്നതും പരാതിയുടെ റദ്ദാക്കലിനെ സ്ഥിരീകരിച്ചതുമായ ഒരു കേസാണിതെന്ന് വ്യക്തമാണ്. ഈ വിധിന്യായത്തിലെ പ്രസക്തമായ ഖണ്ഡിക ഉദ്ധരിക്കേണ്ടത് ആവശ്യമാണ്.

"8. ആയതിനാൽ, ആരോപിതരായ ഡയറക്ടർമാർക്കെതിരെ ഒരു പ്രോസിക്യൂഷൻ ആരംഭിക്കുന്നതിന് ഇടപാടിൽ അവർ വഹിച്ച പങ്കിനെക്കുറിച്ച് ഒരു പ്രത്യേക ആരോപണം പരാതിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഡയറക്ടർമാർ എങ്ങനെ കമ്പനിയുടെ ചുമതലയിലും ബിസിനസ്സ് നടത്തിപ്പിന് ഉത്തരവാദികളും ആയിരിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തവും സ്പഷ്ടവുമായ ആരോപണം ഉണ്ടായിരിക്കേണ്ടതാണ്. വിവരണം വ്യക്തമായിരിക്കേണ്ടതാണ്. ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും കൃത്യമായ പദങ്ങൾ വീണ്ടും ഉദ്ധരിക്കേണ്ട ആവശ്യമില്ല എന്നത് സത്യമായതും കോടതിക്ക് ഓരോ കേസിന്റെയും വസ്തുതകളിൽ ഒരു തീരുമാനത്തിലേക്ക് വരാൻ എപ്പോഴും കഴിയുന്നതുമാണ്. എന്നാൽ ഇപ്പോഴും, ഏതെങ്കിലും പ്രസ്താവത്തിന്റെയോ നിശ്ചിത തെളിവിന്റെയോ അഭാവത്തിൽ ആകെ ഫലം പരാതി സ്വീകരിക്കത്തക്കതല്ല എന്നതായിരിക്കും".

17. *എൻ. രംഗാചാരി*യുടെ കേസിൽ ഈ കോടതിയുടെ രണ്ടംഗ ബെഞ്ച് അതേ ചോദ്യം

കൈകാര്യം ചെയ്യുകയായിരുന്നു. രണ്ടംഗ ബെഞ്ചിന്റെ മുമ്പാകെയുള്ള പരാതിയിൽ നടത്തിയിരുന്ന പ്രസ്താവങ്ങൾ സ്വഭാവത്തിൽ ഇപ്പോഴത്തെ കേസിലെ പരാതിയിൽ നടത്തിയിട്ടുള്ള പ്രസ്താവങ്ങൾക്ക് സമാനമായിരുന്നു. അതിലെ പരാതിക്കാരൻ ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബിഎസ്എൻഎൽ) ആയിരുന്നു. ഡാറ്റാ അക്സസ്സ് (ഇൻഡ്യാ) ലിമിറ്റഡ് അവരുടെ മുമ്പ് നിലനിന്നിരുന്ന ബാധ്യതകൾ തീർത്തുകൊണ്ട് നൽകിയ ചെക്കുകൾക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലം പണം നൽകപ്പെട്ടിട്ടില്ല എന്നതാണ് അതിന്റെ കേസ്. അപ്പീൽവാദി-- ഡാറ്റാ അക്സസ്സ് (ഇൻഡ്യാ) ലിമിറ്റഡ്, അയാൾ ഏതൊരു വേതനവും കൂടാതെ കമ്പനിയുടെ ഓണററി ചെയർമാനായി പദവി നിർദ്ദേശം ചെയ്യപ്പെട്ടുവെന്നും ആ കമ്പനിയിൽ ഒരു ഓണററി തസ്തിക വഹിച്ചുകൊണ്ടിരുന്നുവെന്നും പ്രസ്താവിച്ചുകൊണ്ട് പരാതി റദ്ദാക്കുന്നതിന് വേണ്ടി ഒരു ഹർജി ഫയൽ ചെയ്യുകയുണ്ടായി. അയാൾക്ക് സാമ്പത്തികവും ബിസിനസ്സ്പരവുമായ പ്രവർത്തനങ്ങൾ ഒരിക്കലും നൽകപ്പെട്ടിരുന്നില്ല. അയാൾക്കെതിരായി ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിനെ ന്യായീകരിക്കുവാൻ പര്യാപ്തമായ പ്രസ്താവങ്ങൾ പരാതിയിൽ അടങ്ങിയിട്ടില്ലായിരുന്നു. സംഹിതയിലെ 482—ാം വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ള ഒരു ഹർജിയിൽ അപ്പീൽവാദി ഉന്നയിച്ചിട്ടുള്ള വാദങ്ങളെ കോടതിക്ക് തീരുമാനിക്കുവാൻ കഴിയില്ല എന്ന കാരണത്താൽ ഹൈക്കോടതി ആ ഹർജി തള്ളിക്കളഞ്ഞു. ആ വാദങ്ങൾ വിചാരണയിൽ സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ കോടതി *പാമറുടെ കമ്പനി ലാ* (20-ാമത് പതിപ്പ്), എ. രാമയ്യയുടെ *ഗൈഡ് ടു ദി കമ്പനീസ് ആക്റ്റ്* (16—ാമത് പതിപ്പ്) ഗവ്വർ ആന്റ് ഡേവിസ് എഴുതിയ *പ്രിൻസിപ്പിൾസ് ഓഫ് മോഡേൺ കമ്പനി ലാ* (17-ാമത് പതിപ്പ്) എന്നിവയിൽ നിന്നുമുള്ള പ്രസക്തമായ ഭാഗങ്ങൾ ഈ കോടതി പരാമർശിക്കുകയും വാണിജ്യ ലോകത്ത്, ഒരു കമ്പനിയുമായി ഇടപാടുണ്ടായിരിക്കുന്ന ഒരാൾക്ക് കമ്പനിയുടെ ഡയറക്ടർമാർ കമ്പനി കാര്യങ്ങളുടെ ചുമതലയിലായിരിക്കുന്നു എന്ന് അനുമാനിക്കുവാൻ അവകാശമുണ്ടെന്നും വിചാരണയിൽ മറിച്ച് തെളിയിക്കേണ്ടത് ഡയറക്ടർമാർ ആണെന്നും പ്രകടമാക്കുകയും ചെയ്തിരുന്നു. കമ്പനിയുമായി ബിസിനസ്സ് ഇടപാടുകൾ ഉള്ള ഒരാൾക്ക് അതിന്റെ മാനേജ്മെന്റിനെ സംബന്ധിച്ച് കമ്പനിക്കകത്തുള്ള ഏർപ്പാടിനെക്കുറിച്ച് അറിവില്ലാതിരിക്കാവുന്നതാണെന്ന് ഈ കോടതി നിരീക്ഷിക്കുകയും കൂടി ചെയ്തു. പ്രസക്തമായി, *എസ്എംഎസ് ഫാർമ-(1)* ലെ മൂന്നംഗ ബെഞ്ചിന്റെ തീരുമാനം അതിന് ബാധകമായിരുന്നു എന്ന് ഈ കോടതി പ്രകടമാക്കി. പ്രതികൾ കമ്പനിയുടെ ഡയറക്ടർമാർ ആണെന്ന് ഉറപ്പിച്ചു പറയുന്നതിനു പുറമെ, അവർ കമ്പനിയുടെ ചുമതലയിലും അതിന്റെ ബിസിനസ്സ് നടത്തിപ്പിന് കമ്പനിയോട് ഉത്തരവാദിയായിരിക്കുകയും ചെയ്യുന്നുവെന്നുകൂടി പരാതിയിൽ ആരോപിക്കുന്നുവോയെന്ന് പരിശോധിക്കേണ്ടതാണെന്ന നിയമത്തെ *എസ് എം എസ് ഫാർമ-(1)* പ്രതിപാദിക്കുന്നതായി രണ്ടംഗ ബെഞ്ച് ഗ്രഹിച്ചിരുന്നു. പരാതി മുഴുവനായി വായിച്ചപ്പോൾ പണം നൽകപ്പെടാത്ത രണ്ട് ചെക്കുകൾ കമ്പനി നൽകിയ സമയത്ത്, അതിലെ അപ്പീൽവാദികൾ കമ്പനിയുടെ ഡയറക്ടർമാരായിരിക്കുകയും കമ്പനിയുടെ കാര്യങ്ങളുടെ ചുമതലയിലായിരിക്കുകയും ചെയ്തിരുന്നു എന്നുള്ളതായിരുന്നു പരാതിയിലെ ആരോപണങ്ങൾ എന്നത് വ്യക്തമായിരുന്നുവെന്നും ആയതിനാൽ ഹൈക്കോടതി ആ ഹർജിയെ അപ്പാടെ തള്ളിക്കളഞ്ഞിരുന്നുവെന്നും ഈ കോടതി നിരീക്ഷിക്കുകയുണ്ടായി.

18. *പരേഷ് പി. രാജ്ദാ* അഭി *മഹാരാഷ്ട്രാ സർക്കാരും മറ്റൊരാളും* (2008 (2) കെഎൽറ്റി 983 (എസ് സി)=(2008) 7 എസ് സി സി 442) എന്ന കേസിൽ ഈ കോടതിയുടെ രണ്ടംഗ ബെഞ്ചിനു മുമ്പാകെ സമാനമായ ചോദ്യം ഉയർന്നിരുന്നു. കമ്പനിയുടെ ഒരു ഉത്തരവാദപ്പെട്ട ആഫീസർ എന്ന നിലയിൽ അപ്പീൽവാദി തുല്യമായി ബാദ്ധ്യസ്ഥനാണെന്ന പ്രത്യേക ആരോപണങ്ങൾ അയാൾക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുണ്ടെന്നും വാസ്തവത്തിൽ അയാൾക്ക് വഹിക്കുവാൻ യാതൊരു പങ്കും ഇല്ലായിരുന്നുവെന്ന് അന്തിമമായി കണ്ടെത്തപ്പെടുകയാണെങ്കിൽ കുറ്റ

വിമുക്തമാക്കപ്പെടലിന് അയാൾക്ക് അവകാശമുണ്ട് എന്ന് പരാതിയുടെ ഒരു മൊത്തവായന വെളിപ്പെടുത്തിയിരിക്കുന്നു എന്ന കാരണത്താൽ പരാതി റദ്ദാക്കുവാൻ ഹൈക്കോടതി വിസമ്മതിക്കുകയുണ്ടായി. അതിനുശേഷം യഥാക്രമം കമ്പനിയുടെ ചെയർമാനും ഒരു ഡയറക്ടറു മായിരുന്ന 2-ഉം 4-ഉം പ്രതികൾ, ഈ കോടതിയെ സമീപിച്ചതായി കാണുന്നു. ഈ കോടതി *എസ്എംഎസ് ഫാർമ-(1)* നെയും *എൻ. രംഗാചാരിയേയും* പരാമർശിക്കുകയും *എസ്എംഎസ് ഫാർമ-(1)*-ൽ എടുത്തിരുന്ന വീക്ഷണത്തിൽ നിന്നും പരാതിക്കാരന് അനുകൂലമായി *എൻ. രംഗാചാരിയ*യിൽ ഒരു നേരിയ വ്യതിയാനം ശ്രദ്ധിക്കുകയും അന്തിമമായി മൊത്ത വിഷയവും പരാതിയിൽ നടത്തിയ പ്രസ്താവങ്ങളുടെ സ്വഭാവത്തിന്റെ ഒരു പരിശോധനയായി ചുരുങ്ങുന്നതാണെന്നും ശ്രദ്ധിക്കുകയുണ്ടായി. രണ്ടാം പ്രതി, കമ്പനിയുടെ ചെയർമാനായിരിക്കുകയും കമ്പനിയുടെ ദൈനംദിന കാര്യങ്ങൾക്ക് ഉത്തരവാദിയായിരിക്കുകയും ചെയ്തിരുന്നുവെന്നും ആയതിനാൽ പണം നൽകപ്പെടാത്ത ചെക്കുകളുടെ തുകകൾ തിരികെ നൽകുവാൻ ബാധ്യസ്ഥനായിരുന്നുവെന്നും പ്രസ്താവിച്ചിരുന്ന പരാതിയിലെ പ്രസക്തമായ ഖണ്ഡികകളെ രണ്ടംഗ ബെഞ്ച് ഉദ്ധരിക്കുകയുണ്ടായി. 3—ാം പ്രതി, കമ്പനിയുടെ ജോയിന്റ് മാനേജിംഗ് ഡയറക്ടറായി ഇരിക്കുകയും 4 ഉം 5 ഉം 6 ഉം പ്രതികൾ ഡയറക്ടർമാർ ആയിരിക്കുകയും ചെയ്തിരിക്കെ, കമ്പനിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാണെന്നും ആയതിനാൽ പണം നൽകപ്പെടാത്ത ചെക്കുകളിലെ തുകകൾ തിരികെ കൊടുക്കാൻ അവർ ബാധ്യസ്ഥരാണെന്നും പരാതിയിൽ പ്രസ്താവിച്ചിരുന്നു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ നിന്നും 2-ാം പ്രതി കമ്പനിയുടെ ബിസിനസ്സിന് ഉത്തരവാദിയായിരുന്നുവെന്നോ എന്ന ചോദ്യം ഗൗരവമായി എതിർക്കപ്പെട്ടിരുന്നില്ല എന്നു കാണുന്നതായി ഈ കോടതി നിരീക്ഷിക്കുക യുണ്ടായി. രണ്ടു കൂട്ടർക്കും, അപ്പീൽവാദികൾക്കും പ്രതികൾക്കും; എതിരായി വ്യക്തമായ ആരോപണങ്ങൾ ഉണ്ടായിരുന്നുവെന്നും അവർ കമ്പനിയുടെ ഉദ്യോഗസ്ഥരായിരിക്കുകയും കമ്പനിയുടെ കാര്യങ്ങൾക്ക് ഉത്തരവാദിയായിരിക്കുകയും ചെയ്തിരുന്നുവെന്നും വിചാരണ ഇതുവരേയും ആരംഭിച്ചിട്ടില്ലാത്ത ഒരു ഘട്ടത്തിൽ അവർക്കെതിരായ നടപടികൾ റദ്ദാക്കുന്നത് ഉചിതമല്ലെന്നും ഈ കോടതി നിരീക്ഷിക്കുക യുണ്ടായി.

19. *മാൾവാ കോട്ടൺ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്* എന്ന കേസിൽ ചെക്കുകൾ നൽകപ്പെടുന്നതിനു മുമ്പ് 1-ാം എതിർകക്ഷി ഡയറക്ടർഷിപ്പിൽ നിന്നും രാജിവെച്ചിരുന്നു എന്ന കാരണത്താൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം അയാൾക്ക് എതിരായി ആരംഭിക്കപ്പെട്ട നടപടികൾ റദ്ദാക്കുന്നതിനുവേണ്ടിയുള്ള അയാളുടെ അഭ്യർത്ഥന ഹൈക്കോടതി അംഗീകരിച്ചിരുന്നു. ചെക്കുകൾ നൽകപ്പെടുന്നതിനു മുമ്പ് 1-ാം എതിർകക്ഷി രാജിവെച്ചിരുന്നുവെന്നോ എന്നതിൽ വസ്തുതാപരമായ തർക്കം ഉൾപ്പെടുന്നുവെന്ന് ഈ കോടതി നിരീക്ഷിച്ചിരുന്നു. ഒരു കമ്പനിയുമായി ഇടപാടുള്ള വാണിജ്യലോകത്തെ ഒരാൾക്ക് ആ കമ്പനിയുടെ ഡയറക്ടർമാർ കമ്പനിയുടെ കാര്യങ്ങളുടെ ചുമതലയിലായിരിക്കുന്നുവെന്ന് അനുമാനിക്കുവാൻ അവകാശമുണ്ടെന്നും അവരുടെ അധികാരങ്ങളിന്മേൽ കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസ് ഏതെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അതിനെ വിചാരണയിൽ സ്ഥാപിക്കേണ്ടത് ഡയറക്ടർമാരാണ് എന്ന് നിരീക്ഷിച്ചിരുന്ന *എൻ. രംഗാചാരിയെ* പരാമർശിച്ചു കൊണ്ട് ഈ കോടതി, 1-ാം എതിർകക്ഷിക്ക് എതിരായ നടപടികളെ റദ്ദാക്കുന്നതിൽ ഹൈക്കോടതി ന്യായീകരിക്കപ്പെട്ടിരുന്നില്ല എന്ന് പ്രസ്താവിച്ചുകൊണ്ട് പരാതിക്കാരൻ ഫയൽ ചെയ്ത അപ്പീൽ അനുവദിക്കുകയുണ്ടായി.

20. കമ്പനി ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾ പരാമർശിച്ചതിനുശേഷവും സമാനമായ ഒരു ചോദ്യം ഈ കോടതി പരിഗണിക്കുകയായിരുന്ന *കെ.കെ. അഹൂജ* എന്ന കേസിൽ *എസ്എംഎസ് ഫാർമ (1)* ഉം *എസ്എംഎസ് ഫാർമ (2)* ഉം *സരോജ് കുമാർ*

*പൊദ്ദറും എൻ.കെ. വാഹിയും* പ്രസക്തമായ മറ്റു വിധിന്യായങ്ങളും പരാമർശിച്ചതിന് ശേഷം ഈ കോടതി കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പ് പ്രകാരമുള്ള സ്ഥിതി താഴെപ്പറയും പ്രകാരം സംഗ്രഹിക്കുകയുണ്ടായി:

"27. ആക്റ്റിലെ 141—ാം വകുപ്പ് പ്രകാരമുള്ള സ്ഥിതി ഇപ്രകാരം സംഗ്രഹിക്കാൻ കഴിയുന്നതാണ്.

(i) പ്രതി മാനേജിംഗ് ഡയറക്ടറോ ഒരു ജോയിന്റ് മാനേജിംഗ് ഡയറക്ടറോ ആണെങ്കിൽ അയാൾ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും കമ്പനിക്ക് ഉത്തരവാദിയും ആയിരുന്നുവെന്ന് പരാതിയിൽ ഒരു പ്രസ്താവം നടത്തേണ്ട ആവശ്യമില്ല. പ്രതി പ്രസക്തമായ സമയത്ത് മാനേജിംഗ് ഡയറക്ടറോ ജോയിന്റ് മാനേജിംഗ് ഡയറക്ടറോ ആയിരുന്നു എന്ന ഒരു പ്രസ്താവം നടത്തിയാൽ മതിയായതാണ്. ഇത് എന്തെന്നാൽ "ഡയറക്ടർ" എന്ന പദത്തിന് മുമ്പുള്ള "മാനേജിംഗ്" എന്ന ഉപപദം അവർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലായിരുന്നുവെന്നും കമ്പനിക്ക് ഉത്തരവാദിയായിരിക്കുന്നുവെന്നും വ്യക്തമാക്കുന്നു.

(ii) കമ്പനിക്ക് വേണ്ടി ഒപ്പിട്ട കമ്പനിയുടെ ഒരു ഡയറക്ടറുടെയോ ഒരു ഉദ്യോഗസ്ഥന്റെയോ സംഗതിയിൽ, അയാൾ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലായിരുന്നുവെന്നും കമ്പനിക്ക് ഉത്തരവാദിയായിരുന്നുവെന്നുമുള്ള ഒരു പ്രത്യേക പ്രസ്താവം നടത്തേണ്ട ആവശ്യമോ സമ്മതത്തെയോ മൗനാനുവാദത്തേയോ ഉപേക്ഷയേയോ കുറിച്ച് ഏതെങ്കിലും പ്രത്യേക ആരോപണം ഉന്നയിക്കേണ്ട ആവശ്യമോ ഇല്ല. പണം നൽകപ്പെടാത്ത ചെക്ക് കമ്പനിക്ക് വേണ്ടി അയാൾ ഒപ്പിട്ടിരുന്നുവെന്ന ശരിക്കുമുള്ള വസ്തുത 141-ാം വകുപ്പിലെ (2)—ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവാദിത്വത്തിന് കാരണമാകുന്നതാണ്.

(iii) ഒരു ഡയറക്ടറുടെയോ സെക്രട്ടറിയുടെയോ മാനേജരുടെയോ (കമ്പനി ആക്റ്റിലെ 2(24)—ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള) കമ്പനി ആക്റ്റിലെ 5-ാം വകുപ്പിലെ (ഇ) യും (എഫും) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു ആളിന്റെയോ സംഗതിയിൽ, അയാൾ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും കമ്പനിക്ക് ഉത്തരവാദിയും ആയിരുന്നുവെന്ന പരാതിയിലെ ഒരു പ്രസ്താവം ആക്റ്റിലെ 141 (1)-ാം വകുപ്പ് പ്രകാരമുള്ള കേസ് കൊണ്ടുവരുവാൻ ആവശ്യമാണ്. ചില വിവരങ്ങൾ അഭിലഷണീയമായിരിക്കുമെങ്കിലും, യാതൊരു കൂടുതൽ പ്രസ്താവവും പരാതിയിൽ ആവശ്യമില്ല. 141(2)-ാം വകുപ്പിൻകീഴിൽ ആ വിഷയത്തെ കൊണ്ടുവരുന്നതിന് സമ്മതത്തേയും മൗനാനുവാദത്തേയും അല്ലെങ്കിൽ ഉപേക്ഷയേയും സംബന്ധിക്കുന്ന അവശ്യമായ പ്രസ്താവങ്ങൾ പരാതിയിൽ നടത്തുന്നതു വഴി ആ ഉപവകുപ്പ് പ്രകാരം അവരെ ബാധ്യസ്ഥരാക്കുവാൻ കൂടി കഴിയുന്നതാണ്.

(iv) ഒരു കമ്പനിയുടെ മറ്റുദ്യോഗസ്ഥരെ 141-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം ബാധ്യസ്ഥരാക്കാൻ കഴിയുന്നതല്ല. ഒരു കമ്പനിയുടെ മറ്റുദ്യോഗസ്ഥരെ ആ കമ്പനിയിലുള്ള അവരുടെ സ്ഥാനവും കർത്തവ്യങ്ങളും ചെക്ക് നൽകലും അതിന് പണം നൽകപ്പെടാതിരിക്കലും, സമ്മതം വെളിപ്പെടുത്തലോ മൗനാനുവാദമോ ഉപേക്ഷയോ സംബന്ധിച്ച അവരുടെ പങ്കും പരാതിയിൽ പ്രസ്താവിക്കുന്നതുവഴി 141--ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം മാത്രം ബാധ്യസ്ഥരാക്കാൻ കഴിയുകയുള്ളൂ.

21. *ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ ക്ലിപ്തം* എന്ന കേസിൽ, ഇതേ ചോദ്യം ഈ കോടതി പരിഗണിക്കുകയായിരുന്നു. *എസ്എംഎസ് ഫാർമ--(1), എസ്എംഎസ് ഫാർമ (2), സരോജ് കുമാർ പൊദ്ദർ, എൻ.കെ. വാഹി, എൻ. രംഗാചാരി, പരേഷ് പി. രാജ്ദാ, കെ.കെ. അഹൂജ* എന്നിവയും പ്രസക്തമായ മറ്റു വിധിന്യായങ്ങളും പരാമർശിച്ചതിനുശേഷം ഈ കോടതി താഴെപ്പറയുന്ന തത്വങ്ങൾ പ്രതിപാദിക്കുകയുണ്ടായി.

"(i) പ്രതിയെ പരോക്ഷമായി ബാധ്യസ്ഥനാക്കുന്നതിന് നിയമപ്രകാരം ആവശ്യമായ പ്രത്യേക പ്രസ്താവങ്ങൾ പരാതിയിൽ നടത്തേണ്ട പ്രധാന ഉത്തരവാദിത്വം പരാതിക്കാര

നാണ്. ക്രിമിനൽ ബാധ്യത ബന്ധിപ്പിക്കുന്നതിന് ഓരോ ഡയറക്ടറും ഇടപാടിനെക്കുറിച്ച് അറിയണമെന്ന യാതൊരു അനുമാനവുമില്ല.

(ii) 141–ാം വകുപ്പ് എല്ലാ ഡയറക്ടർമാരേയും കുറ്റത്തിന് ബാധ്യസ്ഥരാക്കുന്നില്ല. കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലായിരിക്കുകയും ഉത്തരവാദികളായിരിക്കുകയും ചെയ്തവരുടെ മേൽ മാത്രമെ ക്രിമിനൽ ബാധ്യത ബന്ധിപ്പിക്കു വാൻ കഴിയുകയുള്ളൂ.

(iii) പ്രതികൾ കമ്പനിയുടെ ബിസിനസ്സിന്റെ ചുമതലയിലായിരിക്കുകയും ഉത്തരവാദികളായിരിക്കുകയും ചെയ്തിരുന്നുവെന്നും അവരുടെ സ്ഥാനം ഹേതുവായി നടപടി എടുക്കപ്പെടാൻ ബാധ്യസ്ഥരാണെന്നും എന്ന പരാതിയിലെ പ്രസ്താവങ്ങളോടൊപ്പം കമ്പനി ചെയ്ത കുറ്റത്തിന് പരാതിയിലെ പ്രതികളെ പരോക്ഷമായി ബാധ്യസ്ഥരാക്കുന്ന വിധം പരാതിയിൽ/ഹർജിയിൽ പ്രസ്താവിക്കുവാൻ ആവശ്യപ്പെടുന്ന അവശ്യ പ്രസ്താവനകൾ നടത്തപ്പെടുന്നെങ്കിൽ മാത്രമേ 1956–ലെ കമ്പനികൾ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തതോ ഏകാംഗീകൃതമായതോ ആയ ഒരു കമ്പനിക്കെതിരെ പരോക്ഷ ബാധ്യത അനുമാനിക്കുവാൻ കഴിയുകയുള്ളൂ.

(iv) ഒരാളിന്റെ ഭാഗത്തുള്ള പരോക്ഷ ബാധ്യത വാദിക്കപ്പെടുകയും തെളിയിക്കപ്പെടുകയും ചെയ്യേണ്ടതാണ്; അനുമാനിക്കപ്പെടേണ്ടതല്ല.

(v) പ്രതി ഒരു മാനേജിംഗ് ഡയറക്ടറോ ഒരു ജോയിന്റ് മാനേജിംഗ് ഡയറക്ടറോ ആണെങ്കിൽ, അപ്പോൾ പരാതിയിൽ പ്രത്യേക പ്രസ്താവം നടത്തേണ്ടത് ആവശ്യമില്ലാത്തതും അവരുടെ സ്ഥാനം ഹേതുവായി നടപടി എടുക്കപ്പെടാൻ അവർ ബാധ്യസ്ഥരുമാണ്.

(vi) പ്രതി കമ്പനിക്കു വേണ്ടി ചെക്കുകൾ ഒപ്പിട്ട ഒരു ഡയറക്ടറോ ഒരു ഉദ്യോഗസ്ഥനോ ആണെങ്കിൽ, അപ്പോഴും പ്രത്യേക പ്രസ്താവം പരാതിയിൽ നടത്തേണ്ട ആവശ്യമില്ല.

(vii) ബാധ്യസ്ഥനാക്കപ്പെടേണ്ട ആൾ പ്രസക്തമായ സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിന് ഉത്തരവാദിയും ആയിരിക്കേണ്ടതാണ്. അങ്ങനെയുള്ള കേസുകളിൽ ഒരു ഡയറക്ടറുടെ യാതൊരു കൽപ്പിത ബാധ്യതയും ഇല്ലാത്തതുകൊണ്ട് ഇതിനെ ഒരു വസ്തുതയായി പ്രസ്താവിക്കേണ്ടതാണ്".

22. *റാലിസ് ഇൻഡ്യാ ലിമിറ്റഡ്* എന്ന കേസിൽ ഈ കോടതി സമാനമായ ഒരു പ്രശ്നം പരിഗണിക്കുകയായിരുന്നു. സംഹിതയിലെ 482-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപേക്ഷ ഹൈക്കോടതി അനുവദിക്കുകയും അതിലെ അപേക്ഷകരെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തിരുന്നു. ഹൈക്കോടതിയുടെ ഉത്തരവിനെ റദ്ദാക്കുന്ന വേളയിൽ, പ്രസക്തമായ ആ സമയത്ത് എതിർകക്ഷികൾ ഫേമിലെ പങ്കാളികളായിരിക്കുകയും പങ്കാളിത്ത ഫേമിന്റെ ദൈനംദിന കാര്യങ്ങൾ നോക്കിനടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നുവെന്ന് പരാതിയിൽ പ്രസ്താവങ്ങൾ ഉണ്ടായിരുന്നതായി ഈ കോടതി കണ്ടെത്തിയിരുന്നു. ഈ പ്രസ്താവം എതിർകക്ഷികൾ നിഷേധിച്ചെങ്കിലും പരാതിയിൽ അപ്പീൽവാദി, പ്രത്യേകമായി പറഞ്ഞിരുന്നു, എന്നാൽ, പ്രസക്തമായ ആ സമയത്ത് എതിർകക്ഷികൾ പങ്കാളികളായിരുന്നില്ല എന്ന തെളിവുഭാരം അവരിൽ പ്രത്യേകമായി സ്ഥിതിചെയ്യുകയും ഈ കടമ അവർ സൂചന തെളിവ് മുഖേന നിറവേറ്റുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. വിവിധ തർക്ക വസ്തുതകൾ, ഉദാഹരണത്തിന്, പങ്കാളിത്തം എപ്പോൾ നിലവിൽ വന്നു, എതിർകക്ഷികൾ യഥാർത്ഥത്തിൽ എപ്പോൾ പങ്കാളിത്തത്തിൽ നിന്നു വിരമിച്ചു മുതലായവ ഉൾപ്പെട്ടിരിക്കുന്നിടത്ത്, പ്രസക്തമായ ആ സമയത്ത്, പ്രതികൾ യഥാക്രമം ഒരു കമ്പനിയിലെ ഡയറക്ടർമാരോ ഒരു ഫേമിലെ പങ്കാളികളോ ആയിരുന്നു എന്ന വസ്തുത പൂർണ്ണമായും സ്ഥാപിക്കപ്പെട്ട് നിലനിൽക്കുന്നതിനുശേഷം മാത്രമെ *എസ്എംഎസ് ഫാർമ—(1)* ലെ റേഷ്യോ പിന്തുടരുവാൻ കഴിയുകയുള്ളൂ എന്ന് ഈ കോടതി നിരീക്ഷിക്കുകയുണ്ടായി. ഫേമിന്റെ ഘടനയെതന്നെ സംബന്ധിച്ച് കക്ഷികൾ തമ്മിൽ ആരോപണങ്ങളും, പ്രത്യാരോപണങ്ങളും ഉള്ള കേസുകളിൽ *എസ്എംഎസ് ഫാർമ (1)*-ൽ പ്രതിപാദിച്ചിരുന്ന 'പ്രത്യേക പ്രസ്താവ' തത്വത്തിന് വിശാലമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

23. *അനിത മൽഹോത്ര* എന്ന കേസിൽ, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138—ാം വകുപ്പ് പ്രകാരം അപ്പീൽവാദിക്ക് എതിരായി ആരംഭിച്ചിരുന്ന ക്രിമിനൽ പരാതി റദ്ദാക്കുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് ഫയൽ ചെയ്തിരുന്ന ഹർജി ഹൈക്കോടതി തള്ളിക്കളഞ്ഞിരുന്നു. ചെക്കുകൾ നൽകിയിരുന്ന കമ്പനിയിലെ എക്സിക്യൂട്ടീവ് അല്ലാത്ത ഒരു ഡയറക്ടർ ആണെന്ന് അപ്പീൽവാദി അവകാശപ്പെട്ടിരുന്നു. അപ്പീൽവാദി, 20-11-1998-ൽ കമ്പനിയിൽ നിന്ന് രാജിവെച്ചിരുന്നു, എന്നാൽ ചെക്കുകൾ നൽകപ്പെട്ടത് 2004-ൽ ആണ് എന്ന് അവർ അവകാശപ്പെട്ടു. ഒരു നിർലക്ഷ്യ അന്വേഷണം നടത്തുന്നതും പരാതി റദ്ദാക്കുന്നതിന് ഒരു ഹർജി ഫയൽ ചെയ്തിട്ടുള്ള ഒരു ഘട്ടത്തിൽ പ്രതിയുടെ പ്രതിരോധം പരിഗണിക്കുന്നതും ഹൈക്കോടതിക്ക് യോജിച്ചതല്ലെങ്കിലും, സംശയത്തിനോ സന്ദേഹത്തിനോ അപ്പുറത്തുള്ള ഏതെങ്കിലും രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ, അവയെ അതിന് കണക്കിലെടുക്കാവുന്നതാണെന്ന് ഈ കോടതിയുടെ രണ്ടംഗ ബെഞ്ച് വിധിക്കുകയുണ്ടായി. തെളിവ് ആക്റ്റിലെ 74(2)--ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം കമ്പനി ആക്റ്റ് അനുസരിച്ച് ഒരു പൊതു രേഖയായിരുന്ന വാർഷിക റിട്ടേണിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ കോടതി പരിശോധിക്കുകയും ചെക്കുകൾ നൽകുന്നതിന് വളരെ മുമ്പ് അപ്പീൽവാദി കമ്പനിയുടെ ഡയറക്ടർഷിപ്പിൽ നിന്നും രാജിവെച്ചിരുന്നു എന്ന് വിധിക്കുകയും ചെയ്തു. ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കുന്ന വേളയിൽ, ഒരു ഡയറക്ടറുടെ സംഗതിയിൽ എങ്ങനെ, എതു രീതിയിൽ, ആ ഡയറക്ടർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലോ അതിന് ഉത്തരവാദിയോ ആയിരുന്നുവെന്ന് പരാതിയിൽ പ്രത്യേകമായി പറഞ്ഞിരിക്കേണ്ടതാണെന്നും അയാൾ അല്ലെങ്കിൽ അവർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിനുത്തരവാദിയും ആയിരുന്നുവെന്ന വിശദീകരണമില്ലാത്ത വെറും പ്രസ്താവം മതിയായതല്ല എന്നും ഈ കോടതി ഊന്നി പറയുകയുണ്ടായി. ഈ കോടതി മുമ്പാകെയുള്ള കേസിൽ അപ്പീൽവാദിയെ സംബന്ധിച്ച് വിശദീകരണമില്ലാത്തതും തിടുക്കത്തിലുമുള്ള വെറും പ്രസ്താവന ഒഴികെ, കമ്പനിയുടെ ദൈനംദിന കാര്യങ്ങളിലുള്ള അവരുടെ പങ്കിനെ പരാതിക്കാരൻ എടുത്തു പറഞ്ഞിട്ടില്ലായിരുന്നുവെന്നും ഈ കാരണത്താൽ മാത്രം അപ്പീൽ വാദിക്ക് വിജയിക്കുവാൻ അവകാശമുണ്ടെന്നും അത് നിരീക്ഷിക്കുകയുണ്ടായി.

24. *എ. കെ. സിംഘാനിയാ*യുടെ കേസിൽ, ഈ കോടതിയുടെ രണ്ടംഗ ബെഞ്ച് ഇതേ പ്രശ്നം പരിഗണിക്കുന്ന വേളയിൽ, പ്രതിയായ ആൾ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിന് ഉത്തരവാദിയും ആയിരുന്നുവെന്ന് ഒരു പരാതിക്കാരൻ പരാതിയിൽ പ്രസ്താവിക്കേണ്ടത് ആവശ്യമാണെന്ന് നിരീക്ഷിക്കുകയുണ്ടായി. അങ്ങനെയുള്ള ഒരു ആരോപണം ഉന്നയിക്കുന്നതിനുവേണ്ടി യാതൊരു പ്രത്യേക രൂപവും നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138—ാം വകുപ്പിലെ ഭാഷ വീണ്ടും ഉദ്ധരിക്കേണ്ട ആവശ്യമില്ലെങ്കിൽ കൂടിയും, പ്രതിയായ ആൾ പ്രസക്തമായ സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിന് ഉത്തരവാദിയും ആയിരുന്നുവെന്ന് കുറ്റാരോപണത്തിന്റെ സാരം വെളിപ്പെടുത്തുന്നുവെന്ന് പരാതിയുടെ ഒരു വായന പ്രകടമാക്കേണ്ടതാണ്.

25. *മന്നലാൽ ചമാരിയാ*യുടെ കേസിൽ, ഈ കോടതി മുകളിലത്തെ നിരീക്ഷണങ്ങൾ ഊന്നി പറയുകയും അതിനു മുമ്പാകെ നടത്തിയ പ്രസ്താവങ്ങളിൽ അപ്പീൽവാദികൾക്ക് എതിരായി യാതൊരു നിശ്ചിതമായതോ പൊതുവായി പോലുമോ ഉള്ള യാതൊരു ആരോപണവും ഉന്നയിക്കപ്പെട്ടില്ല എന്ന് നിരീക്ഷിക്കുകയും ചെയ്തു. ആയതിനാൽ, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138—ാം വകുപ്പ് പ്രകാരം അപ്പീൽവാദികൾക്ക് എതിരായി ഫയൽ ചെയ്തിരുന്ന പരാതി ഈ കോടതി, തള്ളിക്കളയുകയുണ്ടായി.

26. മുകളിലെ വിധിന്യായങ്ങളുടെ സൂക്ഷ്മ വായനയിൽ നിന്നും മൂന്നംഗ ബെഞ്ചിന്റെ വിധിന്യായമായ *എസ്എംഎസ് ഫാർമ—(1)*, ആ രംഗത്തെ ഇപ്പോഴും സ്വാധീനിക്കുന്നു.

പിന്നീടുള്ള എല്ലാ വിധി ന്യായങ്ങളിലും ഈ കോടതിയുടെ രണ്ടംഗ ബെഞ്ച് *എസ്എംഎസ് ഫാർമ (1)*-നെ അനുവർത്തിക്കുകയുണ്ടായി. *എൻ. രംഗാചാരി*യുടെ കേസിൽ പരാതിക്കാരന് അനുകൂലമായി ഒരു നേരിയ വ്യതിചലനമുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല, എന്നാൽ ആ വിധിന്യായത്തിൽപ്പോലും ബാധകമാകുന്ന പ്രാബല്യം *എസ്എംഎസ് ഫാർമ (1)*--ന് ഉണ്ട് എന്ന് രണ്ടംഗ ബെഞ്ച് അംഗീകരിക്കുന്നു. *എസ്എംഎസ് ഫാർമ--(1),* കെ.കെ. അഹൂജ, *ദേശീയ ചെറുകിട വ്യവസായ ക്ലിപ്തം* എന്നീ കേസുകളിൽ ഈ കോടതി അതിന്റെ തീരുമാനങ്ങൾ സംഗ്രഹിക്കുകയുണ്ടായി. ഈ കേസിൽ ഞങ്ങളെ സംബന്ധിച്ചുള്ളത് ചെക്കുകളിൽ ഒപ്പിടാത്തവരായ ഡയറക്ടർമാരാണ്. ചെക്കുകളിൽ ഒപ്പിടാത്തവരായ ഡയറക്ടർമാരെയോ, മാനേജിംഗ് ഡയറക്ടർമാരോ ജോയിന്റ് മാനേജിംഗ് ഡയറക്ടർമാരോ അല്ലാത്തവരെയോ സംബന്ധിച്ചിടത്തോളം, കുറ്റം ചെയ്ത പ്രസക്തമായ സമയത്ത് ഡയറക്ടർമാർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലായിരുന്നുവെന്നും അതിന് ഉത്തരവാദികളായിരുന്നുവെന്നും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പുമായി കൂട്ടിവായിച്ച 138-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത പരാതിയിൽ പ്രസ്താവിക്കേണ്ടത് ആവശ്യമാണ് എന്നത് മുകളിൽ പ്പറഞ്ഞ കേസുകളിൽ എടുത്തിരുന്ന തീരുമാനങ്ങളിൽ നിന്നും വ്യക്തമാണ്. ഇത് അടിസ്ഥാനമായ ഒരു അവശ്യകതയാണ്. അങ്ങനെയുള്ള ഡയറക്ടർമാർക്ക് യാതൊരു കൽപ്പിത ബാധ്യതയും ഇല്ലാത്തതാണ്.

27. ഈ പ്രസ്താവം പ്രാധാന്യം അർഹിക്കുന്നു എന്തെന്നാൽ അത് ഡയറക്ടർക്ക് എതിരായി പ്രോസസ്സ് നൽകുവാൻ മജിസ്ട്രേറ്റിനെ പ്രേരിപ്പിക്കുന്ന അടിസ്ഥാനവും അനിവാര്യവുമായ പ്രസ്താവമാണ്. അതുകൊണ്ടാണ്, ഒരു പരാതിയിലെ പ്രസ്താവങ്ങളുടെ അവശ്യകതാപ്രശ്നം നടപടിക്കുള്ള മതിയായ കാരണം യാതൊന്നുമില്ല എന്ന് മജിസ്ട്രേറ്റ് കാണുകയാണെങ്കിൽ ആരംഭത്തിൽ തന്നെ പരാതിയെ നിരസിക്കുവാനുള്ള അദ്ദേഹത്തിന്റെ സുവിവേകത്തെ അംഗീകരിക്കുന്ന, സംഹിതയിലെ 200 മുതൽ 204 വരെയുള്ള വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഒരു മജിസ്ട്രേറ്റിന്റെ അധികാരങ്ങളുടെ വെളിച്ചത്തിൽ വായിച്ച പ്രകാരമുള്ള കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ഉം 141-ഉം വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, പരിഗണിക്കേണ്ടിയിരിക്കുന്നുവെന്ന് എസ്എംഎസ് ഫാർമ-(1) ൽ ഈ കോടതി, നിരീക്ഷിച്ചത്. ഇപ്രകാരം, ഈ അടിസ്ഥാന പ്രസ്താവം കാണുന്നില്ലെങ്കിൽ, പ്രോസസ്സ് നൽകാതിരിക്കുന്നതിൽ മജിസ്ട്രേറ്റ് നിയമപരമായി ന്യായീകരിക്കപ്പെടുന്നു. ഒരു ഡയറക്ടർക്ക് എതിരായ അങ്ങനെയുള്ള ഒരു പരാതി റദ്ദാക്കുന്നതിനുവേണ്ടി സംഹിതയിലെ 482-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു ഹർജി ഒരു ഹൈക്കോടതി, പരിഗണിക്കുന്ന വേളയിൽ അതിന്റെ സമീപനം എന്തായിരിക്കണം എന്ന ചോദ്യമാണ് ഇവിടെ ഞങ്ങളെ സംബന്ധിച്ചിട്ടുള്ളത്. ഈ പ്രസ്താവം അവിടെയുണ്ടെങ്കിൽ, വിചാരണ മുമ്പോട്ടു പോകണമെന്ന് നിരീക്ഷിച്ചുകൊണ്ട് ഒരു തത്വം എന്ന നിലയിൽ ഹർജിയെ ഹൈക്കോടതി തള്ളിക്കളയണോ? മറ്റു സാഹചര്യം ഏതെങ്കിലുമുണ്ടെങ്കിൽ അവയെ പരിശോധിക്കുന്നതിൽ നിന്നും ഹൈക്കോടതി മാറ്റിനിർത്തപ്പെടുന്നോ? ഏതെങ്കിലും കോടതിയുടെ പ്രോസസ്സിന്റെ ദുരുപയോഗം തടയുവാനോ നീതിയുടെ ലക്ഷ്യങ്ങൾ മറ്റു വിധത്തിൽ കൈവരിക്കുവാനോ സംഹിതയിലെ 482-ാം വകുപ്പ് പ്രകാരമുള്ള അന്തർലീനമായ അധികാരം വിനിയോഗിക്കേണ്ടതാണ്. ഹൈക്കോടതിയുടെ അന്തർലീനമായ അധികാരങ്ങളിന്മേൽ അങ്ങനെയുള്ള വിലങ്ങുകൾ ഇടാൻ കഴിയുമോ? ഞങ്ങൾ അങ്ങനെ വിചാരിക്കുന്നില്ല.

28. കുറ്റം ചെയ്ത പ്രസക്തമായ സമയത്ത് ഡയറക്ടർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിന് ഉത്തരവാദിയുമായിരുന്നുവെന്ന് പരാതിയിൽ പ്രത്യേകമായി പ്രസ്താവിക്കേണ്ടത് ആവശ്യമാണെന്ന് *എസ്എംഎസ് ഫാർമ-(1)*-ൽ സംശയാതീതമായി പറയുന്നു. ഇത് ഒരു അടിസ്ഥാന അവശ്യകതയാണെന്ന് അത് പറയുന്നു. ഞങ്ങൾ ഇതിനകം ശ്രദ്ധിച്ചതു

പോലെ, പ്രോസസ്സ് നൽകുവാൻ മജിസ്ട്രേറ്റിനെ പ്രേരിപ്പിക്കുന്നതിനുള്ള ആവശ്യത്തിനു വേണ്ടിയാണ് ഈ പ്രസ്താവം. *എസ്എംഎസ് ഫാർമ—(1)*-നെ വീണ്ടും ഞങ്ങൾ വീക്ഷിക്കുകയാണെങ്കിൽ, ഒരു പ്രത്യേക കമ്പനിയെ സംബന്ധിച്ച് എന്തു ചെയ്യുവാനാണ് ഡയറക്ടർമാരുടെ ഒരു ബോർഡ് അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നത് എന്നത് കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും അനുസരിച്ച് ഡയറക്ടർമാർക്ക് നൽകപ്പെട്ടിട്ടുള്ള പങ്കുകളെയും ചുമതലകളെയും ആശ്രയിച്ചിരിക്കുന്നുവെന്ന് ആ വ്യവസ്ഥകൾ വെളിപ്പെടുത്തുന്നതായി കമ്പനി ആക്റ്റിലെ വിവിധ വ്യവസ്ഥകളെ പരാമർശിച്ചതിനുശേഷം നിരീക്ഷിക്കപ്പെട്ടിരിക്കുന്നതായി ഞങ്ങൾ കാണുന്നു. ഒരു കമ്പനിയിലെ ഒരു ഡയറക്ടറായി ഇരിക്കുന്നതുകൊണ്ട് മാത്രം ഒരാൾ ഒരു കമ്പനിക്ക് വേണ്ടി പ്രത്യേക ചുമതലകൾ നിർവ്വഹിക്കുന്നതായി ഊഹിക്കപ്പെടുന്നുവെന്ന് നിർദ്ദേശിക്കുന്ന യാതൊന്നുമില്ല. ഒരു ഡയറക്ടർ എന്ന നിലയിൽ, ഒരു കമ്പനിയുടെ നയപരമായ കാര്യങ്ങൾ സാധാരണയായി തീരുമാനിക്കുകയും അതിന്റെ ബിസിനസ്സിന്റെ ഗതിയ്ക്ക് വഴികാട്ടുകയും ചെയ്യുന്ന ആ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ യോഗത്തിൽ അയാൾ ഹാജരാകുന്നുണ്ടാവാം. ഒരു ഡയറക്ടർ ബോർഡിന്, കമ്പനിയുടെ ബോർഡിൽ നിന്നുള്ള ഒന്നോ രണ്ടോ ഡയറക്ടർമാർ അടങ്ങുന്ന ഉപസമിതികളെ നിയമിക്കാവുന്നതും അവയെ കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉത്തരവാദി ആക്കാവുന്നതുമാണ്. ഇതിൽ നിന്നും ഉയരുന്നതെന്തെന്നാൽ, ഒരു കമ്പനിയിലെ ഒരു ഡയറക്ടറുടെ പങ്ക് ഓരോ കേസിലുമുള്ള പ്രത്യേകം വസ്തുതകളെ ആശ്രയിച്ചിരിക്കുന്ന ഒരു വസ്തുതാപ്രശ്നമാണെന്നും ഒരു കമ്പനിയുടെ ഒരു ഡയറക്ടർ അതിന്റെ ദിനംപ്രതിയുള്ള കാര്യങ്ങളുടെ ചുമതലയിലാണെന്ന യാതൊരു സാർവ്വത്രിക ചട്ടവും ഇല്ലെന്നും ഉള്ളതാണെന്നും ഈ കോടതി നിരീക്ഷിക്കുകയുണ്ടായി. ഇതിൽ നിന്നും പിൻതുടരുന്നതെന്തെന്നാൽ, *എസ്എംഎസ് ഫാർമ-(1)*-ൽ പ്രസ്താവിച്ചിട്ടുള്ള അടിസ്ഥാന അവശ്യകത എല്ലാ കേസുകളിലും മതിയായയതാണെന്നും അങ്ങനെയുള്ള ഒരു പ്രസ്താവം ഉള്ളപ്പോഴെല്ലാം പ്രോസസ്സ് റദ്ദാക്കുന്നതിനു വേണ്ടി അഭ്യർത്ഥിച്ചുകൊണ്ട് ഫയൽ ചെയ്തിട്ടുള്ള ഹർജിയെ ഹൈക്കോടതി തള്ളിക്കളയേണ്ടതാണെന്ന് അതിൽ നിന്ന് തീരുമാനിക്കുവാൻ കഴിയുകയില്ല എന്നതാണ്. ഒരു ക്രിമിനൽ കേസിന്റെ കാതൽ അതിന്റെ വസ്തുതകളാണെന്നും വസ്തുതാപരമായ കാര്യങ്ങളിൽ ഒരു കോടതി, പൂർണ്ണമായും നടപടിക്രമപരമായ ഒരു കാര്യം പരിഗണിക്കാത്ത പക്ഷം, അനുവർത്തിക്കാൻ ആവശ്യപ്പെടുന്ന യാതൊരു നിശ്ചിത ഫോർമുലകളും ഇല്ല എന്നത് ഓർമ്മിക്കേണ്ടതാണ്. വാദങ്ങൾ മുന്നോട്ടു വയ്ക്കപ്പെട്ടിട്ടുള്ള 'ഇൻഡോർ മാനേജ്മെന്റ് സിദ്ധാന്തം' ചർച്ച ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കമ്പനി ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഡയറക്ടർ ചെക്ക് നൽകലുമായി ബന്ധപ്പെട്ടിരുന്നുവെന്ന് അനുമാനിക്കുവാൻ പരാതിക്കാരന് അവകാശമുള്ളതുപോലെ, ഡയറക്ടർക്ക് വിവിധ കാരണങ്ങളാൽ ചെക്ക് നൽകലുമായി അയാൾക്ക് ബന്ധമില്ലായിരുന്നുവെന്ന് വാദിക്കുവാൻ അവകാശമുണ്ടെന്ന് പറയുന്നത് പര്യാപ്തമാണ്. ഈ വാദങ്ങളെ പരിഗണിക്കേണ്ടത് ഹൈക്കോടതിയാണ്. നൽകപ്പെട്ടിട്ടുള്ള ഒരു കേസിൽ, ഹൈക്കോടതിയ്ക്ക്, പരാതിയുടെ മുഴുവൻ വായനയിൻമേലും നിരാക്ഷേപമായ ചില തെളിവോ സുവ്യക്തമായ സാഹചര്യങ്ങളോ കാണാൻ ഇടയായതിന്മേലും, അടിസ്ഥാന പ്രസ്താവം ഉണ്ടെങ്കിലും ഹർജി അനുവദിക്കപ്പെടാൻ അർഹതയുണ്ടെന്ന ഒരു തീരുമാനത്തിൽ വരാവുന്നതാണ്. ഇക്കാരണത്താലാണ്, ചില കേസുകളിൽ, *എസ്എംഎസ് ഫാർമ—(1)* നെ പരാമർശിച്ച ശേഷം, എന്നാൽ കേസിന്റെ മുഴുവൻ സാഹചര്യങ്ങളും പരിഗണിച്ച് ഈ കോടതി അടിസ്ഥാന പ്രസ്താവം മതിയായതല്ലായിരുന്നുവെന്നും കൂടുതലായി ചിലത് ആവശ്യമുണ്ടായിരുന്നുവെന്ന് കണ്ടെത്തുകയും പരാതിയെ റദ്ദാക്കുകയും ചെയ്തിട്ടുള്ളത്.

29. നൽകപ്പെട്ടിട്ടുള്ള ഒരു കേസിൽ, പ്രോസസ്സ് റദ്ദാക്കുന്നതിനു വേണ്ടി ഒരു ഹർജി ഫയൽ ചെയ്യുമ്പോൾ പരാതിയുടെ മുഴുവൻ വായനയിന്മേൽ, അടിസ്ഥാന പ്രസ്താവം മതിയായതാണെന്നും, അത് ഡയറക്ടർക്കെതിരായി ഒരു കേസ് സ്ഥാപിച്ചെടുക്കുന്നുവെന്നും, അടിസ്ഥാന പ്രസ്താവത്തെ അപര്യാപ്തമാക്കിക്കൊണ്ട് ഡയറക്ടർക്കെതിരായ ആരോപണത്തിന്റെ ആധാരം ഇല്ലാതെയാക്കപ്പെടുന്നുവെന്ന് നിർദ്ദേശിക്കുവാൻ യാതൊന്നുമില്ലെന്നും അയാൾക്കെതിരായി കുറ്റം സ്ഥാപിച്ചെടുക്കപ്പെടുന്നതു കൊണ്ട് അയാളുടെ അനന്തര പങ്ക് വിചാരണയിൽ പുറത്തു കൊണ്ടുവരുവാൻ കഴിയുന്നതാണെന്നും ഹൈക്കോടതിക്ക് കണ്ടെത്താവുന്നതാണ്. മറ്റൊരു കേസിൽ അടിസ്ഥാന പ്രസ്താവം ഉണ്ടെങ്കിൽപ്പോലും, ഹൈക്കോടതിക്ക് പരാതി റദ്ദാക്കാവുന്നതാണ്. അതിന്, അതിന്റെ അഭിപ്രായത്തിൽ പ്രസക്തമായ സമയത്ത് ഡയറക്ടർക്ക് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിനുത്തരവാദിയും ആയിരിക്കുവാൻ ഒരിക്കലും കഴിഞ്ഞിരുന്നില്ലെന്നും, ആയതിനാൽ, അയാൾക്കെതിരായി യാതൊരു കുറ്റവും സ്ഥാപിച്ചെടുക്കപ്പെടാതിരിക്കെ, അയാളെ വിചാരണയ്ക്കു നിർത്തുന്നത് കോടതി നടപടിയുടെ ദുരുപയോഗമായിരിക്കുമെന്നുമുള്ള ഒരു തീരുമാനത്തിലേക്ക് നയിക്കാവുന്ന നിരാക്ഷേപമായ ചില തെളിവോ സ്വീകാര്യമായ സാഹചര്യങ്ങളോ കാണാൻ ഇടയാകാവുന്നതാണ്.

30. അടിസ്ഥാന പ്രസ്താവം അനുസരിച്ച് പ്രോസസ്സ് നൽകുമ്പോൾ, ഡയറക്ടർമാർക്ക് എതിരായി പരാതി മുമ്പോട്ടു പോകേണ്ടതാണ്. എന്നാൽ, ഏതെങ്കിലും ഡയറക്ടർ, വിശദീകരണമില്ലാത്ത ഒരു പ്രസ്താവം മാത്രമേ പരാതിയിൽ നടത്തിയിട്ടുള്ളുവെന്നും ചെക്ക് നൽകലുമായി അയാൾ വാസ്തവത്തിൽ ബന്ധപ്പെട്ടിരിക്കുന്നില്ലായെന്നുമുള്ള കാരണത്തിന്മേൽ സംഹിതയിലെ 482-ാം വകുപ്പ് പ്രകാരം ഒരു ഹർജി ഫയൽ ചെയ്തുകൊണ്ട് പ്രോസസ്സ് റദ്ദാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾ പ്രോസസ്സ് റദ്ദാക്കുവാൻ ഹൈക്കോടതിയെ പ്രേരിപ്പിക്കുന്നതിനുവേണ്ടി തന്റെ വാദം തെളിയിക്കുന്നതിനുള്ള വിവാദപരമല്ലാത്ത മികച്ച ചില വസ്തുവോ സ്വീകാര്യമായ സാഹചര്യങ്ങളോ നൽകേണ്ടതാണ്. വിചാരണ നേരിടുവാൻ അയാളെ ഇടയാക്കുന്നത് കോടതി നടപടിയുടെ ദുരുപയോഗമായിരിക്കും എന്നൊരു കേസ് അയാൾ സ്ഥാപിച്ചെടുക്കേണ്ടതാണ്. അടിസ്ഥാന പ്രസ്താവം കൂടാതെ പരാതിയിൽ തന്റെ പങ്കിനെക്കുറിച്ച് യാതൊരു വിവരങ്ങളും നൽകപ്പെട്ടിട്ടില്ലായെന്ന കാരണത്താൽ മാത്രം പരാതി റദ്ദാക്കിയെടുക്കുവാൻ അയാൾക്ക് കഴിയുകയില്ല, എന്തെന്നാൽ അയാളെ വിചാരണയ്ക്ക് അയയ്ക്കുവാൻ അടിസ്ഥാന പ്രസ്താവം സാധാരണയായി മതിയായിരിക്കുന്നതും അയാളുടെ അനന്തര പങ്ക് വിചാരണയിൽ പുറത്തു കൊണ്ടുവരുവാൻ സാധിക്കുമെന്ന് വാദിക്കുവാൻ കഴിയുന്നതുമാണ്. ഒരു പരാതിയുടെ റദ്ദാക്കൽ ഗൗരവമായ ഒരു കാര്യമാണ്. ചോദിക്കുന്നതിനു വേണ്ടി പരാതി റദ്ദാക്കുവാൻ കഴിയുകയില്ല. ഒരു പരാതി റദ്ദാക്കുന്നതിന് ഡയറക്ടർക്കെതിരായി യാതൊരു കുറ്റവും ഒട്ടുംതന്നെ സ്ഥാപിച്ചെടുക്കപ്പെടുന്നില്ല എന്ന് കാണിച്ചിരിക്കേണ്ടതാണ്.

31. ഇതുമായി ബന്ധപ്പെട്ട്, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പുമായി കൂട്ടിവായിച്ച്, 138 വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു പരാതിയിന്മേൽ മജിസ്ട്രേറ്റ് പ്രോസസ്സ് നൽകിയിരുന്ന *ഹർഷേന്ദ്ര കുമാർ. ഡി* അഭി *രബതിലത കോലിയും മറ്റുള്ളവരും* (2011(1) കെഎൽറ്റി 732 (എസ് സി)=(2011) 3 എസ് സി സി 351) എന്ന കേസിനെ പരാമർശിക്കുന്നത് ഗുണകരമായിരിക്കുന്നതാണ്. അതിലെ അപ്പീൽവാദി, സംഹിതയിലെ 401-ാം വകുപ്പുമായി കൂട്ടിവായിച്ച 397-ാം വകുപ്പ് പ്രകാരം റിവിഷൻ അപേക്ഷ ഫയൽ ചെയ്തുകൊണ്ട് നടപടിയെ ചോദ്യം ചെയ്തിരുന്നു. അപ്പീൽവാദി-ഡയറക്ടറുടെ കേസ് എന്തെന്നാൽ, അയാൾ ഡയറക്ടർ ഷിപ്പിൽ നിന്നും രാജിവെച്ചിരുന്നുവെന്നതാണ്. അയാളുടെ രാജി സ്വീകരിക്കപ്പെടുകയും കമ്പനികളുടെ രജിസ്ട്രാറെ അറിയിക്കുകയും ചെയ്തിരുന്നു. അപ്പീൽവാദി കമ്പനിയുടെ ദൈനംദിന കാര്യങ്ങൾക്ക് ഉത്തരവാദിയായിരുന്നുവെന്നും അയാളുടെയും മറ്റു ഡയറക്ടർമാരുടെയും ഉറപ്പിന്മേലാണ് ആ ഡിമാന്റ് ഡ്രാഫ്റ്റുകൾ

നൽകപ്പെട്ടതെന്നും പരാതിയിൽ പ്രസ്താവിച്ചിരുന്നു. ഈ പ്രസ്താവം ഉണ്ടെങ്കിലും ചെക്ക് നൽകുന്നതിന് വളരെ മുമ്പ് തന്നെ ഡയറക്ടർ തസ്തികയിൽ നിന്നും രാജിവെച്ചിരുന്നുവെന്നത് പ്രതിഫലിച്ചിരുന്ന കമ്പനി പാസ്സാക്കിയ തീരുമാനവും ഫാറം 32 കമ്പനി സമർപ്പിച്ചിരുന്നുവെന്ന വസ്തുതയും കണക്കിലെടുത്തുകൊണ്ട് ഈ കോടതി പരാതിയെ റദ്ദാക്കി. പ്രതി സമർപ്പിച്ച രേഖകൾ കണക്കിലെടുക്കുവാൻ കഴിയില്ലായെന്ന് ഈ കോടതി മുമ്പാകെ വാദിക്കുകയുണ്ടായി. ഈ വാദത്തെ തള്ളിക്കൊണ്ട് ഈ കോടതി താഴെപ്പറയും പ്രകാരം നിരീക്ഷിച്ചു:

"24. *അവദ് കിഷോർ ഗുപ്ത 3* എന്ന കേസിൽ, സംഹിതയിലെ 482-ാം വകുപ്പ് പ്രകാരമുള്ള അധികാരത്തിന്റെ വ്യാപ്തി പരിഗണിക്കുന്ന വേളയിൽ ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചു (എസ് സി സി പേജ് 701, ഖണ്ഡിക 13).

"13. അന്വേഷണം പൂർണ്ണമല്ലായിരുന്നതും ആ ഘട്ടത്തിൽ സ്വീകാര്യത അനിവാര്യമായി വിചാരണയ്ക്കുള്ള ഒരു വിഷയമായി ഇരിക്കുന്ന വസ്തുക്കളെ ഹൈക്കോടതി പരിശോധിക്കുന്നതിന് അനുവദനീയമല്ലാതിരുന്നതും ശ്രദ്ധിക്കേണ്ടതാണ്. സംഹിതയിലെ 482-ാം വകുപ്പ് പ്രകാരം അധികാരിത വിനിയോഗിക്കുമ്പോൾ, കോടതിയ്ക്ക് അത് ഒരു വിചാരണ ന്യായാധിപൻ എന്ന പോലെ പ്രവർത്തിക്കുന്നതിന് അനുവാദമില്ലാത്തതാണ്."

25. ഞങ്ങളുടെ വിധിന്യായത്തിൽ, വിചാരണ ഇനി നടക്കേണ്ടിയിരിക്കുന്നതും വിഷയം സമൻസ് അയയ്ക്കലിന്റെയോ നടപടി കൊടുക്കലിന്റെയോ ഘട്ടത്തിലിരിക്കുന്ന ഒരു ക്രിമിനൽ കേസിൽ, പ്രതി ആശ്രയിച്ചിരിക്കുന്ന പൊതുരേഖകളുടെ സ്വഭാവത്തിലുള്ള വസ്തുക്കളോ സംശയത്തിനോ സന്ദേഹത്തിനോ അപ്പുറത്തുള്ള വസ്തുക്കളോ, യാതൊരു സാഹചര്യത്തിലും, ഹൈക്കോടതിക്ക് സംഹിതയിലെ 482-ാം വകുപ്പു പ്രകാരമുള്ള അതിന്റെ അധികാര്യത വിനിയോഗിച്ചുകൊണ്ടോ ആ വിഷയത്തിനു വേണ്ടി 397-ാം വകുപ്പു പ്രകാരമുള്ള റിവിഷണൽ അധികാര്യത വിനിയോഗിച്ചുകൊണ്ടോ പരിശോധിക്കുവാൻ കഴിയുകയില്ലായെന്ന് അർത്ഥമാക്കുന്നുവെന്ന് മുകളിലെ നിരീക്ഷണങ്ങളെ ഗ്രഹിക്കുവാൻ കഴിയുകയില്ല. പരാതി റദ്ദാക്കുവാൻ ആവശ്യപ്പെടുന്ന ഒരു കേസിൽ സംഹിതയിലെ 482-ാം വകുപ്പുപ്രകാരമുള്ള അന്തർലീനമായ അധികാര്യതയോ 397-ാം വകുപ്പുപ്രകാരമുള്ള റിവിഷണൽ അധികാര്യതയോ വിനിയോഗിക്കുമ്പോൾ, പ്രതിയുടെ പ്രതിരോധം ഹൈക്കോടതി പരിഗണിക്കുന്നതോ ആരോപണങ്ങളിലെ കഴമ്പുകളെ സംബന്ധിച്ച് ഒരു അന്വേഷണ വിചാരണയിൽ പ്രവേശിക്കുന്നതോ ഉചിതമല്ല എന്നത് ഇപ്പോൾ ന്യായമായി തീരുമാനിക്കപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും, ഉചിതമായ ഒരു കേസിൽ, പ്രതി ഹാജരാക്കിയിട്ടുള്ള സംശയത്തിനോ സന്ദേഹത്തിനോ അപ്പുറത്തുള്ള രേഖകളിൽ അയാൾക്ക് എതിരായ ആരോപണങ്ങൾക്ക് നിലനിൽക്കുവാൻ കഴിയുകയില്ല എന്ന് കാണുന്നെങ്കിൽ, പ്രതിയെ വിചാരണയ്ക്ക് തരംതാഴ്ത്തുകയും അയാളുടെ പ്രതിരോധം വിചാരണക്കോടതിയുടെ മുമ്പാകെ തെളിയിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നത് നീതിയുടെ പരിഹാസമായി ഇരിക്കുന്നതാണ്. അങ്ങനെയുള്ള ഒരു വിഷയത്തിൽ, നീതിയുടെ പ്രോത്സാഹനത്തിനുവേണ്ടി അല്ലെങ്കിൽ അനീതിയോ നടപടിയുടെ ദുരുപയോഗമോ തടയുന്നതിന്, ഹൈക്കോടതിക്ക് ആ വിഷയവുമായി പ്രധാന ബന്ധമുള്ള വസ്തുക്കളെ പ്രഥമ ദൃഷ്ടിയായുള്ള ഘട്ടത്തിൽ തന്നെ പരിശോധിക്കാവുന്നതാണ്.

26. ക്രിമിനൽ പ്രോസിക്യൂഷൻ ഗൗരവമായ ഒരു വിഷയമാണ്; അത് ഒരാളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നു. ഒരാളുടെ അന്തസ്സിന്, അയാളെ ഒരു ക്രിമിനൽ കേസിൽ, വലിച്ചിഴയ്ക്കുന്നതിനേക്കാൾ കൂടുതൽ കേട് വരുത്തിവയ്ക്കുവാൻ കഴിയുകയില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ, കമ്പനിയുടെ ഡയറക്ടർ തസ്തികയിൽ നിന്നുമുള്ള അപ്പീൽവാദിയുടെ രാജിയെ സംബന്ധിക്കുന്ന വിവാദപരമല്ലാത്ത രേഖകളെ പരിഗണിക്കാത്തതിൽ ഹൈക്കോടതിക്ക് ഗുരുതരമായ തെറ്റുപറ്റിയിരിക്കുന്നു. ഹൈക്കോടതി ഈ രേഖകൾ പരിഗണിച്ചിരിന്നുവെങ്കിൽ, കമ്പനി ചെക്കുകൾ നൽകിയതിന് വളരെ മുമ്പുതന്നെ അപ്പീൽവാദി രാജിവെച്ചിരുന്നുവെന്നത് പ്രകടമായിരിക്കുമായിരുന്നു."

*അനിത മൽഹോത്ര* എന്ന കേസിൽ ഇതിനകം ശ്രദ്ധിച്ചതു പോലെ, ചെക്കുകൾ നൽകുന്നതിനു വളരെ മുമ്പുതന്നെ അതിലെ അപ്പീൽവാദി/ഡയറക്ടർ ഡയറക്ടർഷിപ്പിൽ നിന്നും രാജിവെച്ചിരുന്നു എന്ന് സ്ഥാപിക്കപ്പെട്ട *ഹർഷേന്ദ്രകുമാർ* എന്ന കേസിനെ അവലംബിച്ചുകൊണ്ട്, തെളിവ് ആക്റ്റിലെ 74(2)-ാം വകുപ്പുമായി കൂട്ടിവായിച്ച കമ്പനി ആക്റ്റ് പ്രകാരം ഒരു പൊതു രേഖയായിരുന്ന വാർഷിക റിട്ടേണിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനെ ആശ്രയിച്ചുകൊണ്ട് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പുമായി കൂട്ടിവായിച്ച 138-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത പരാതി ഈ കോടതി റദ്ദാക്കുകയുണ്ടായി. പരാതിയിൽ ആവശ്യമായ പ്രസ്താവങ്ങൾ അടങ്ങിയിരുന്നു എന്ന വസ്തുത ഉണ്ടായിരുന്നിട്ടുപോലും ഇത് ചെയ്യപ്പെടുകയുണ്ടായി. ആയതിനാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, എല്ലാ ഡയറക്ടർമാർക്കും എതിരായി പരാതി ഫയൽ ചെയ്യുന്നത് കോടതി നടപടിയുടെ ദുരുപയോഗമാണെന്ന് ഹൈക്കോടതിക്ക് കരുതാവുന്ന ഒരു കേസ് ഉണ്ടായിരുന്നിരിക്കണം. അങ്ങനെയുള്ള കേസുകളിൽ പ്രതി സമർപ്പിച്ചിട്ടുള്ള വസ്തു പരിശോധിച്ചതിനുശേഷം പരാതി റദ്ദാക്കിയതിൽ ഹൈക്കോടതി ന്യായീകരിക്കപ്പെടുന്നതാണ്. ആ ഘട്ടത്തിൽ ഒരു ചെറിയ വിചാരണയോ ഒരു നിർലക്ഷ്യ അന്വേഷണമോ ഉണ്ടായിരിക്കുവാനാകില്ല. ആ വസ്തു അതിൽ കാണുന്നതുപോലെ, ബോധ്യപ്പെടുത്തുന്നതോ വിവാദപരമല്ലാത്തതോ ആയിരിക്കേണ്ടതാണ് അല്ലെങ്കിൽ ഡയറക്ടർമാരുടെ നിരപരാധിത്വം സ്ഥാപിക്കുവാൻ യാതൊരു വിചാരണയും ആവശ്യപ്പെടാത്ത പൂർണ്ണമായും സ്വീകാര്യമായ സാഹചര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

33. ഞങ്ങളുടെ തീരുമാനങ്ങൾ താഴെപ്പറയും പ്രകാരം ഞങ്ങൾക്ക് സംഗ്രഹിക്കാവുന്നതാണ്:

(എ) കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 141-ാം വകുപ്പുമായി കൂട്ടിവായിച്ച 138-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ള ഒരു പരാതിയിൽ കുറ്റം ചെയ്ത പ്രസക്തമായ സമയത്ത് ഡയറക്ടർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിനു ഉത്തരവാദിയും ആയിരുന്നുവെന്ന അടിസ്ഥാന പ്രസ്താവം ഒരിക്കൽ നടത്തിയിരുന്നാൽ, മജിസ്ട്രേറ്റിന് അങ്ങനെയുള്ള ഡയറക്ടർക്ക് എതിരായി പ്രോസസ്സ് നൽകുവാൻ കഴിയുന്നതാണ്;

(ബി) അങ്ങനെയുള്ള ഒരു പരാതി റദ്ദാക്കുന്നതിനുവേണ്ടി ആ ഡയറക്ടർ സംഹിതയിലെ 482-ാം വകുപ്പുപ്രകാരം ഒരു ഹർജി ഫയൽ ചെയ്യുകയാണെങ്കിൽ, ഹൈക്കോടതിക്ക്, ഒരു പ്രത്യേക കേസിലെ വസ്തുതകളിൽ, പരാതിയുടെ മുഴുവൻ വായനയിന്മേൽ, ഡയറക്ടർക്കെതിരെ ഒരു കേസ് സ്ഥാപിച്ചെടുക്കുവാൻ മതിയായ അടിസ്ഥാന പ്രസ്താവം പരാതിയിൽ അടങ്ങിയിട്ടുണ്ട് എന്നതുകൊണ്ട് പരാതിയെ റദ്ദാക്കാൻ വിസമ്മതിക്കാവുന്നതാണ്;

(സി) നൽകപ്പെട്ടിട്ടുള്ള ഒരു കേസിലെ വസ്തുതകളിൽ, പരാതിയുടെ മുഴുവൻ വായനയിന്മേൽ, ഹൈക്കോടതിക്ക്, അടിസ്ഥാന പ്രസ്താവം ഉണ്ടെങ്കിലും, ഡയറക്ടറുടെ പങ്കിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പരാതിയിൽ ഇല്ലാത്തതുകൊണ്ട് പരാതി റദ്ദാക്കാവുന്നതാണ്. ചെക്കുകൾ നൽകലുമായി ഡയറക്ടർ ബന്ധപ്പെട്ടിരിക്കുവാൻ സാധ്യതയില്ലെന്നും വിചാരണ നേരിടുവാൻ അയാളോട് ആവശ്യപ്പെടുന്നത് കോടതി നടപടിയുടെ ദുരുപയോഗമായിരിക്കുമെന്നും വ്യക്തമായി സൂചിപ്പിക്കാവുന്ന, സംശയത്തിനോ സന്ദേഹത്തിനോ അപ്പുറത്തുള്ള നിരാക്ഷേപമായ, വിവാദപരമല്ലാത്ത തെളിവോ പൂർണ്ണമായും സ്വീകാര്യമായ സാഹചര്യങ്ങളോ കണ്ടെത്തിയിരിക്കെ, അതിന് അപ്രകാരം ചെയ്യാവുന്നതാണ്. അടിസ്ഥാന പ്രസ്താവം ഉണ്ടെങ്കിലും, ഡയറക്ടർക്ക് എതിരായി യാതൊരു കേസും സ്ഥാപിച്ചെടുക്കപ്പെടുന്നില്ല എന്ന ഒരു തീരുമാനത്തിൽ അതിന് എത്താവുന്നതാണ്. പ്രസക്തമായ സമയത്ത് മാരകമായ അസുഖം മൂലം കിടപ്പിലായി കഷ്ടപ്പെടുന്ന ഒരു ഡയറക്ടറുടെയോ ചെക്കുകൾ നൽകുന്നതിന് വളരെ മുമ്പ് രാജിവെച്ച ഒരു ഡയറക്ടറുടെയോ കേസിനെ ഉദാഹരണമായി എടുക്കാം. അങ്ങനെയുള്ള കേസുകളിൽ അങ്ങനെയുള്ള ഒരു ഡയറക്ടറെ പ്രോസിക്യൂട്ട് ചെയ്യുന്നത് നിർബന്ധിച്ച് സമ്മതിപ്പിക്കുന്ന ഒരു തന്ത്രം മാത്രമാണെന്ന് ഹൈക്കോടതിക്ക് ബോധ്യപ്പെടുകയാണെങ്കിൽ, ഹൈക്കോടതിക്ക്

നടപടികൾ റദ്ദാക്കാവുന്നതാണ്. അങ്ങനെയുള്ള കേസ് സ്ഥാപിക്കുവാൻ സംശയത്തിനോ സന്ദേഹത്തിനോ അപ്പുറത്തുള്ള നിരാക്ഷേപ മായ, വിവാദ പരമല്ലാത്ത തെളിവോ പൂർണ്ണ മായും സ്വീകാര്യമായ ചില സാഹചര്യങ്ങളോ ഹൈക്കോടതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടു വരേണ്ടിയിരിക്കുന്നുവെന്ന് പ്രസ്താവിക്കുന്നത് ആവർത്തനമാണ്. അങ്ങനെയുള്ള കേസുകൾ കുറവും തമ്മിൽ വളരെ അകലെ ആകാവു ന്നതും എന്നാൽ അങ്ങനെയുള്ള ഒരു കേസ് അവിടെ ഉണ്ടായിരിക്കുമെന്ന സാധ്യത തള്ളിക്കളയുവാനും കഴിയുകയില്ല. അങ്ങനെ യുള്ള തെളിവിന്റെയോ സാഹചര്യങ്ങളുടെയോ അഭാവത്തിൽ പരാതി റദ്ദാക്കുവാൻ കഴിയുക യില്ല;

(ഡി) സംഹിതയിലെ 482-ാം വകുപ്പ് പ്രകാരമുള്ള ഹൈക്കോടതിയുടെ അധികാരത്തി ന്മേൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തു വാൻ കഴിയുകയില്ല. മറ്റു പലതിന്റെയും കൂട്ടത്തിൽ കോടതി നടപടിയുടെ ദുരുപയോഗം തടയുന്നതിന് ഈ അധികാരം ഹൈക്കോടതി പരിമിതമായും വളരെ സൂക്ഷ്മതയോടു കൂടിയും എപ്പോഴും ഉപയോഗിക്കുന്നതും ഉപയോഗിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഹൈക്കോടതി അനുവർത്തിക്കേണ്ട യാതൊരു നിശ്ചിത ഫോർമുലകൾ ഇല്ലാത്തതും ഈ അധികാരത്തിന്റെ വിനിയോഗം ഓരോ കേസിലെയും വസ്തുതകളെയും സാഹചര്യ ങ്ങളെയും ആശ്രയിച്ചിരിക്കുന്നതുമാണ്. ആ ഘട്ടത്തിൽ, ഹൈക്കോടതി ഒരു ചെറിയ വിചാരണയോ നിർലക്ഷ്യ അന്വേഷണമോ നടത്തുകയില്ല, എന്നാൽ ഒരു പ്രത്യേക ഡയറക്ടർ എന്ന നിലയിൽ യാതൊരു വിചാരണയും ആവശ്യമില്ലെന്ന് തീരുമാനി ക്കുവാൻ അതിനെ നയിക്കാവുന്ന നിരാക്ഷേപ മായ തെളിവോ പൂർണ്ണമായും സ്വീകാര്യമായ സാഹചര്യങ്ങളോ കണക്കിലെടുക്കുന്നതിൽ നിന്നും യാതൊന്നും അതിനെ തടയുന്നില്ല.

34. മുകളിലത്തെ ചർച്ചയുടെ വെളിച്ചത്തിൽ ഇപ്പോഴത്തെ കേസിലെ വസ്തുതകൾ ഞങ്ങൾ പരിശോധിക്കുന്നതാണ്. ഈ കേസിൽ, ഹൈക്കോടതി, അതിന്റെ മുമ്പാകെ ഉന്നയിക്ക പ്പെട്ട ആദ്യത്തെ ചോദ്യത്തിന് എതിർകക്ഷി കൾക്ക് അനുകൂലമായി ഉത്തരം നൽകുക യുണ്ടായി. "*പ്രസക്തമായ സമയത്ത് ഡയറക്ടർ മാർ കമ്പനിയുടെ ചുമതലയിലും അതിന് ഉത്തരവാദികളും ആയിരുന്നുവെന്ന പ്രസ്താവ ങ്ങൾ ഒഴികെ, അവർ വഹിച്ച പങ്ക് എന്തായി രുന്നുവെന്നും കമ്പനിയുടെ ധന കാര്യങ്ങളേയും ചെക്ക് നൽകലിനേയും കമ്പനിയുടെ ഫണ്ടുകളിന്മേലുള്ള നിയന്ത്രണ ത്തെയും സംബന്ധിച്ച് അവർ എങ്ങനെ ഉത്തരവാദി കളായിരുന്നു എന്നതിനെയും കുറിച്ച് യാതൊന്നും പരാതിയിൽ പ്രസ്താവിച്ചിരുന്നില്ല*" എന്ന് ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. അപ്രകാരം നിരീക്ഷിച്ചതിനുശേഷം, പ്രതികൾ ക്കെതിരായുള്ള നടപടികൾ ഹൈക്കോടതി റദ്ദാക്കി. ഈ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ, രാജിവച്ചിട്ടുള്ള ഡയറക്ടറെ, അയാളുടെ രാജി കമ്പനിയുടെ ഡയറക്ടർ ബോർഡ് സ്വീകരിച്ചതിനുശേഷം പ്രോസിക്യൂട്ട് ചെയ്യു വാൻ കഴിയുമോ എന്ന് ഹൈക്കോടതി മുമ്പാകെ ഉന്നയിക്കപ്പെട്ട രണ്ടാമത്തെ ചോദ്യത്തിലേക്ക് അത് പ്രവേശിച്ചില്ല. പ്രസക്തമായി, എതിർ കക്ഷികൾ ഫയൽ ചെയ്ത അപേക്ഷ യിൽ, സാരവത്തായ സമയത്ത് ഡയറക്ടർമാർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിന് ഉത്തരവാദികളും ആയിരുന്നില്ലായെന്ന വ്യക്തമായ യാതൊരു കേസും, സംശയത്തിനോ സന്ദേഹത്തിനോ അപ്പുറത്തുള്ള വിവാദപരമല്ലാത്തതോ നിരാക്ഷേപമായതോ ആയ ഏതെങ്കിലും തെളിവോ പൂർണ്ണമായും സ്വീകാര്യമായ സാഹചര്യങ്ങളോ പരാമർശിക്കുകയോ ഹാജരാ ക്കുകയോ ചെയ്തുകൊണ്ട് സ്ഥാപിച്ചെടു ത്തിട്ടില്ലായിരുന്നു. **സിദ്ധാർത്ഥ് മേത്ത** 30-09-2010-ൽ കമ്പനിയുടെ ഡയറക്ടർഷിപ്പിൽ നിന്നും രാജിവെച്ചിരുന്നു എന്നുമാത്രം പ്രസ്താവിച്ചിരിക്കുന്നു, എന്നാൽ, **അനിത മൽഹോത്ര***യുടെ* കേസിൽ ചെയ്തത് പോലെ പ്രശ്നത്തിലുള്ള ചെക്കുകൾ നൽക പ്പെടുന്നതിനു വളരെ മുമ്പ് അയാൾ വാസ്തവത്തിൽ രാജിവെച്ചിരുന്നുയെന്ന് കാണിക്കുവാനുള്ള വിവാദപരമല്ലാത്തതോ നിരാക്ഷേപ മായതോ ആയ യാതൊരു തെളിവും ഹൈക്കോടതി മുമ്പാകെ ഹാജരാക്കിയിരുന്നില്ല. **കൻഹയ്യാ ലാൽ മേത്ത**യുടെയും **അനുമേത്ത** യുടെയും കേസും സമാനമായവയാണ്.

പ്രസക്തമായ സമയത്ത് അവർ കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതലയിലും അതിനുത്തരവാദികളുമായിരുന്നില്ല എന്ന വാദം ദൃഢീകരിക്കുവാൻ യാതൊന്നും ഹാജരാക്കിയിരുന്നില്ല. ഈ സാഹചര്യങ്ങളിൽ ഈ വിഷയം പുതിയ ഹിയറിംഗിനുവേണ്ടി ഹൈക്കോടതിയിലേക്ക് തിരിച്ചയയ്ക്കപ്പെടാൻ അർഹിക്കുന്നുവെന്നതാണ് ഞങ്ങളുടെ അഭിപ്രായം. എന്നിരുന്നാലും, **ശോഭാമേത്ത**യ്ക്ക് എതിരായുള്ള നടപടി റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി പാസ്സാക്കിയ ഉത്തരവിനെ സ്ഥിരീകരിക്കുവാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. **ശോഭാ മേത്ത** 70 വയസ്സിൽ കൂടുതൽ പ്രായമുള്ള ഒരു വൃദ്ധയാണെന്ന് പറഞ്ഞിരിക്കുന്നു. ഈ വസ്തുത പരിഗണിച്ചുകൊണ്ടും കേസിലെ പ്രത്യേക വസ്തുതകളിലും സാഹചര്യങ്ങളിലുമുള്ള പരാതിയുടെ മുഴുവൻ വായനയിന്മേലും അവരെ വിചാരണയ്ക്ക് നിറുത്തുന്നത് കോടതി നടപടിയുടെ ഒരു ദുരുപയോഗമായിരിക്കുമെന്ന് ഞങ്ങൾ കരുതുന്നു. എന്നിരുന്നാലും, ഈ വിധിന്യായത്തിൽ ഞങ്ങൾ പരിഗണിച്ചിട്ടുള്ള വിധിന്യായങ്ങളുടെയും എടുത്തിട്ടുള്ള തീരുമാനങ്ങളുടെയും വെളിച്ചത്തിൽ മറ്റു ഡയറക്ടർമാരുടെ കേസുകൾ ഹൈക്കോടതി പരിഗണിക്കേണ്ടത് ആവശ്യമാണ്. ഈ സാഹചര്യത്തിൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവിനെ, 2011—ലെ സി.സി. നം. 24035-ൽ ഒരു പ്രതിയായ **ശോഭ മേത്ത**യ്ക്ക് എതിരായി നൽകിയിരുന്ന പ്രോസസ്സിനെ അത് റദ്ദാക്കുന്ന വ്യാപ്തിയോളം, ഞങ്ങൾ സ്ഥിരീ കരിക്കുന്നു. ചോദ്യംചെയ്യപ്പെട്ട ഉത്തരവിനെ, അത് മറ്റു ഡയറക്ടർമാരായ **കൻഹയ്യാലാൽ മേത്ത, അനു മേത്ത, സിദ്ധാർത്ഥ് മേത്ത** എന്നിവർക്കെതിരായി നൽകിയിരുന്ന പ്രോസസ്സിനെ റദ്ദാക്കുന്ന വ്യാപ്തിയോളം, ഞങ്ങൾ ദുർബലപ്പെടുത്തുന്നു. ഈ വിഷയം ഞങ്ങൾ ഹൈക്കോടതിയിലേക്ക് തിരിച്ചയയ്ക്കുന്നു. പുതുതായി കക്ഷികളെ കേൾക്കുവാനും വിഷയം പരിഗണിക്കുവാനും ഹൈക്കോടതിയോട് ഞങ്ങൾ ആവശ്യപ്പെടുന്നു. ഈ കേസിന്റെ യഥാർത്ഥ യോഗ്യതയിന്മേൽ ഏതൊരു അഭിപ്രായവും ഞങ്ങൾ വെളിപ്പെടുത്തിയിട്ടില്ല എന്ന് ഞങ്ങൾ വ്യക്തമാക്കുന്നതും ഈ ഉത്തരവിൽ ഞങ്ങൾ പറഞ്ഞിട്ടുള്ള യാതൊന്നും കേസിന്റെ യഥാർത്ഥ യോഗ്യതകളിന്മേലുള്ള ഞങ്ങളുടെ അഭിപ്രായ പ്രകടനമായി വ്യാഖ്യാനിക്കപ്പെടാൻ പാടില്ലാത്തതുമാണ്. ഈ വിഷയം സ്വതന്ത്രമായി പരിഗണിക്കുവാൻ ഹൈക്കോടതിയോട് ആവശ്യപ്പെടുന്നു. 2011-ലെ പരാതികൾ ആണെന്ന വസ്തുത പരിഗണിച്ചുകൊണ്ട് വിഷയം കഴിയുന്നത്ര സത്വരമായി, ഉത്തമമായി ആറുമാസത്തിനുള്ളിൽ തീർപ്പാക്കുവാൻ ഹൈക്കോടതിയോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

35. ക്രിമിനൽ അപ്പീലുകൾ, മേൽ പ്രസ്താവിച്ച നിബന്ധനകളിൽ തീർപ്പാക്കപ്പെടുന്നു.

*[2014 (4) കെഎൽറ്റി 389 (എസ്‌സി)]*

# ഹൈക്കോടതി വിധിന്യായങ്ങൾ

34/1772/15/DTP.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ചീഫ് ജസ്റ്റിസ് മഞ്ജുള ചെല്ലൂർ

## ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ

**കേരള സർക്കാരും മറ്റുള്ളവരും**

**അഭി**

**മാനുവൽ**

**റിട്ട് അപ്പീൽ നമ്പർ. 2222/2012**

2013 മാർച്ച് 1-ന് വിധി പ്രസ്താവിച്ചത്

**സ്റ്റാമ്പ് ആക്റ്റ്, 1959 (കേരള)—പട്ടികയിലെ 42-ാം ക്രമനമ്പർ-(2011-ൽ ഭേദഗതി ചെയ്ത പ്രകാരം)- മരണശാസനംകൂടാതെ മാതാ പിതാക്കൾ മരണപ്പെടൽ-എട്ട് മക്കളിൽ മൂന്ന് പേരും കൂടി മരണശാസനം കൂടാതെ മരണ പ്പെടൽ-വസ്തു ഭാഗംവയ്ക്കൽ- അടയ്ക്കേണ്ട തായ സ്റ്റാമ്പ് ഡ്യൂട്ടി- മാതാപിതാക്കളുടെ വസ്തു ഭാഗംവയ്ക്കൽ മരണപ്പെട്ടുപോയ കുട്ടികളുടെ ആൺമക്കളും പെൺമക്കളും നിയമാനുസൃത അവകാശികളും തമ്മിലായിരുന്നതിനാൽ, അത് 'കുടുംബം' എന്നതിന്റെ നിർവ്വചനത്തിൻകീഴിൽ വരുന്നു- 'കുടുംബം' എന്നതിന്റെ നിർവ്വചന ത്തിൽ പറഞ്ഞിട്ടുള്ള ആളുകളുടെ ഏതൊരു ക്രമമാറ്റത്തിനും സംയോജനത്തിനും കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടിയുടെ ആനുകൂല്യത്തിന് അവകാശ മുണ്ടായിരിക്കുന്നതാണ്-അതുകൊണ്ട് അടയ്ക്കേണ്ടതായ സ്റ്റാമ്പ് ഡ്യൂട്ടി 1000 രൂപ യാണ്.**

## വിധിന്യായം

1. എതിർകക്ഷി/റിട്ട് ഹർജിക്കാരൻ ഹാജരാക്കിയ ഭാഗപത്രം 1000 രൂപ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിന്മേൽ രജിസ്റ്റർ ചെയ്യുവാൻ 3-ാം അപ്പീൽവാദിയെ നിർദ്ദേശിച്ചുകൊണ്ടുള്ള പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിൽ നിന്നാണ് സർക്കാർ ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്.

2. എതിർകക്ഷി അദ്ദേഹത്തിന്റെ സഹോദരന്മാരോടും സഹോദരിമാരോടും മരണപ്പെട്ട ഒരു സഹോദരന്റെയും, മരണപ്പെട്ട ഒരു സഹോദരിയുടെയും നിയമപരമായ അനന്തരാവകാശികളോടും ഒപ്പം, അവരുടെ മാതാപിതാക്കളുടെയും അവിവാഹിതനും മരണശാസനം കൂടാതെ മരിച്ചുപോയിട്ടുള്ളതു മായ മറ്റൊരു സഹോദരന്റെയും മരണത്തോടെ അവർക്ക് വന്നുചേർന്ന വസ്തുക്കളുടെ ഭാഗംവെയ്ക്കലിൽ ഏർപ്പെട്ടിട്ടുള്ളതാണ്. രജിസ്റ്റർ ചെയ്യുന്ന അധികാരി ആയതിനെ 1000 രൂപയുടെ മുദ്രപത്രത്തിൽ ഭാഗപത്രമായി രജിസ്റ്റർ ചെയ്യുവാൻ വിസമ്മതിക്കുകയും മൂല്യത്തിന് അനുസരിച്ച് 6% സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കണമെന്ന് നിർബന്ധിക്കുകയും ചെയ്തു. സിംഗിൾ ജഡ്ജി, 2011-ലെ ധനകാര്യ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള 1959-ലെ കേരള സ്റ്റാമ്പ് ആക്റ്റ് (ഇതിനുശേഷം 'സ്റ്റാമ്പ് ആക്റ്റ്' എന്നാണ് പരാമർശിക്കപ്പെടുക) പട്ടികയിലെ

ക്രമനമ്പർ 42-നുള്ള വിശദീകരണത്തിന് ഒരു വ്യാഖ്യാനം നൽകവേ, ഭേദഗതി പ്രകാരം സഹോദരൻമാരുടെയും സഹോദരിമാരുടെയും നിയമപരമായ അനന്തരാവകാശികൾ 'കുടുംബം' ത്തിന്റെ ഭാഗമാകുന്നില്ല എന്ന അപ്പീൽവാദികളുടെ അവകാശവാദം തള്ളിക്കളയുകയുണ്ടായി.

3. പട്ടികയിലെ ഭേദഗതി ചെയ്യപ്പെട്ട ക്രമനമ്പർ 42 ഞങ്ങൾ ഇവിടെ പറയുന്നു.

42. ഭാഗം വയ്ക്കൽ.- ഭാഗപത്രം 2(കെ) വകുപ്പാൽ നിർവ്വചിയ്ക്കപ്പെട്ട പ്രകാരമുള്ളത്.

XXX XXX XXX

| | |
|---|---|
| (i) ഭാഗം വയ്ക്കൽ കുടുംബാംഗങ്ങൾ എല്ലാവരും തമ്മിലോ അവരിൽ ചിലർ തമ്മിലോ ആയിരിക്കുന്നിടത്ത് | വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ മൂല്യവില അല്ലെങ്കിൽ ന്യായവില ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ നൂറു രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ |

വിശദീകരണം.- കുടുംബം എന്നാൽ, അതതു സംഗതിപോലെ, അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, മരണപ്പെട്ട മക്കളുടെ നിയമാനുസൃത അനന്തരാവകാശികൾ, ആരെങ്കിലും ഉണ്ടെങ്കിൽ, അവരും എന്നർത്ഥ മാകുന്നു.

XXX XXX XXX XXX

4. മുകളിലെ ഭാഗംവയ്ക്കൽ സഹോദരന്മാരും സഹോദരിമാരും സഹോദരൻമാരുടെയും സഹോദരിമാരുടെയും നിയമാനുസൃത അനന്തര അവകാശികളുമാണ് നടത്തിയിട്ടുള്ളത് എന്നതാണ് റിട്ട് അപ്പീലിലെ സർക്കാരിന്റെ വാദം. മരണപ്പെട്ട സഹോദരന്മാരുടെയും സഹോദരിമാരുടെയും നിയമാനുസൃത അനന്തരാവകാശികൾ കുടുംബം എന്നതിന്റെ നിർവ്വചനത്തിനുള്ളിൽ വരാത്തതുകൊണ്ട്, ആയത് ഒരു ഭാഗപത്രമല്ലെന്നും മൂല്യത്തിനനുസരിച്ച് ഡ്യൂട്ടി അടയ്ക്കേണ്ടതുണ്ട് എന്നതുമാണ് സർക്കാരിന്റെ വാദം.

1697/2012-ാം നമ്പർ റിട്ട് അപ്പീലിലെ ഈ കോടതിയുടെ 29-11-2012-ാം തീയതിയിലെ ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തെ സർക്കാർ ആശ്രയിക്കുകയും ചെയ്യുന്നുണ്ട്.

5. സർക്കാർ ആശ്രയിക്കുന്ന വിധിന്യായം നോക്കുമ്പോൾ, ആ കേസിൽ വെളിവായിട്ടുള്ള വസ്തുതകൾ കാണിക്കുന്നത് ശ്രീമതി. ലക്ഷ്മി എന്ന ഒരാൾ അവരുടെ വസ്തു സംബന്ധിച്ച്, ആയത് തന്റെ മകൻ കുമാരനും ചെറുമകൻ ബാഹുലേയനും ഒസ്യത്ത് നൽകിക്കൊണ്ട് ഒരു വിൽപത്രം ഒപ്പിട്ട് പൂർത്തീകരിക്കുകയുണ്ടായി എന്ന് കാണിക്കുന്നതായി ഞങ്ങൾ കാണുന്നു. അവരുടെ മകൻ കുമാരൻ മരണപ്പെട്ടിരിക്കെ കുമാരന്റെ ഭാര്യയും മക്കളും ചെറുമകൻ ബാഹുലേയനും തമ്മിൽ ഭാഗം വയ്ക്കൽ നടത്തപ്പെട്ടു. ആയതിനാൽ, യഥാർത്ഥത്തിൽ ഭാഗം വയ്ക്കൽ മാതാപിതാക്കളുടെ സഹോദരി-സഹോദരന്മാരുടെ മക്കളും ഒരു അമ്മായിയും തമ്മിലായിരുന്നു. അത് ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് പറഞ്ഞിട്ടുള്ളത് അനുസരിച്ച് സ്റ്റാമ്പ് ആക്റ്റിലെ പട്ടികയിലെ ക്രമനമ്പർ 42(i) നു കീഴിൽ വരുന്ന ഒരു ഭാഗംവയ്ക്കലാണെന്ന് അവകാശപ്പെടുന്നതിൽ നിന്നും അതിലെ ഹർജിക്കാരെ അനർഹരാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ദൃഢപ്രസ്താവത്തോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. ആ കേസിൽ, മരണശാസനം കൂടാതെയുള്ള വന്നുചേരൽ അല്ലായിരുന്നു, എന്നാൽ ഒസ്യത്ത് കർത്താവുമായി ബന്ധമുണ്ടായിരുന്ന രണ്ട് ആളുകളുടെ പേരിലുള്ള ഒരു ഒസ്യത്ത് കാരണം ഉണ്ടായ വന്നുചേരലായിരുന്നു അത് എന്ന് ഞങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നു. ഗുണഭോക്താക്കൾക്ക് ഒസ്യത്ത് കർത്താക്കളുമായി ബന്ധമുണ്ടായിരുന്നെങ്കിലും, അവരുടെ ബന്ധം പ്രസ്തുത ഭേദഗതിയിൻകീഴിൽ വിഭാവനം ചെയ്യപ്പെട്ടതിനുള്ളിൽ വന്നിരുന്നില്ല എന്ന വസ്തുത അവശേഷിക്കുന്നു, എന്നിരുന്നാലും, പ്രസ്തുത വിധിന്യായം ഈ കേസിൽ വസ്തുതവശാൽ ബാധകമല്ലാത്തതും വ്യക്തമായി വേർതിരിക്കാവുന്നതും ആണെന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

6. ഭേദഗതി വായിച്ചതിൽ, മേൽ ഉദ്ധരിച്ചപോലെ, 'കുടുംബം' എന്ന പദത്തിൽ അച്ഛൻ,

അമ്മ, മകൻ, മകൾ, സഹോദരൻ, സഹോദരി, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അനന്തരാവകാശികൾ മുതലായവർ ഉൾപ്പെടുന്നു. മക്കൾക്ക് അച്ഛനും അമ്മയും ജീവിച്ചിരിപ്പുണ്ടെങ്കിൽ മാത്രമെ ആൺമക്കളും പെൺമക്കളും എന്ന പദവി ഉള്ളതായി പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്നും മറ്റു വിധത്തിൽ അവർ സഹോദരന്മാരും സഹോദരിമാരും മാത്രം ആയിരിക്കുമെന്നും പറയുവാൻ കഴിയുന്നതല്ല. 'കുടുംബം' എന്നതിന്റെ നിർവ്വചനത്തിൽ പറഞ്ഞിട്ടുള്ള ആളുകളുടെ ഏതൊരു ക്രമംമാറ്റത്തിനും സംയോജനത്തിനും സ്റ്റാമ്പ് ആക്റ്റിലെ പട്ടികയിലെ ക്രമനമ്പർ 42(i) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടിയുടെ ആനുകൂല്യം അവകാശപ്പെടുന്ന ഒരു ഭാഗം വയ്ക്കലിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

7. കേസിലെ വസ്തുതകൾ ചുരുക്കത്തിൽ പരിശോധിക്കുമ്പോൾ ഇസഹാക്കിനും മറിയമിനും എട്ട് കുട്ടികൾ ഉണ്ടായിരുന്നുവെന്നും അവരിൽ ഒരാളായ ശീമോൻ മരണശാസനം ഇല്ലാതെയും കുട്ടികൾ ഇല്ലാതെയും അവിവാഹിതനായും മരണപ്പെട്ടുവെന്നും വെളിപ്പെടുത്തുന്നു. ഇസഹാക്കിന്റേയും മറിയത്തിന്റേയും ശീമോന്റെയും മരണത്തിനു ശേഷം ഏഴ് സഹോദരങ്ങൾ ഉണ്ടായിരുന്നതും അവരിൽ വീണ്ടും യോഹന്നാൻ, മറിയാമ്മ എന്നീ പേരുകാരായ രണ്ട് പേർ മരണപ്പെട്ടിട്ടുള്ളതുമാണ്. എക്സിബിറ്റ്.പി 1 ഭാഗപത്രത്തിൽ 1 മുതൽ 5 വരെയുള്ള ക്രമനനമ്പരുകാർ ഇസഹാക്കിന്റെയും മറിയത്തിന്റെയും മക്കളും 6 മുതൽ 12 വരെയുള്ള ക്രമനമ്പരുകാർ മരണപ്പെട്ട യോഹന്നാന്റെ മക്കളും, ക്രമനമ്പർ 13 അയാളുടെ ഭാര്യയും ക്രമനമ്പർ 14 മരണപ്പെട്ട മറിയമ്മയുടെ നിയമാനുസൃത അനന്തരാവകാശിയുമായിരുന്നു. ആയതിനാൽ, ഇസഹാക്കിന്റെയും മറിയത്തിന്റെയും കുടുംബം, എക്സിബിറ്റ്-പി1-ന്റെ സമയത്ത് അത് നിലനിന്നിരുന്നപോലെ, അവർക്ക് മുമ്പ് മരിച്ചുപോയ മാതാപിതാക്കളുടെയും സഹോദരന്റെയും വസ്തുക്കൾ അവർക്കിടയിൽ ഭാഗം വെച്ചിട്ടുള്ളതാണ്. അതുകൊണ്ട്, ഭാഗംവയ്ക്കൽ ആൺമക്കളും പെൺമക്കളും മരിച്ചുപോയ മക്കളുടെ അനന്തരാവകാശികളും തമ്മിൽ ആയിരുന്നു. അത് സ്പഷ്ടമായും പട്ടികയിലെ ക്രമനമ്പർ 42 പ്രകാരമുള്ള "കുടുംബ"-ത്തിന്റെ ഭേദഗതി ചെയ്യപ്പെട്ട നിർവ്വചനത്തിൻകീഴിൽ, അത് ഇപ്പോൾ നിലനിൽക്കുന്നതുപോലെ, വരുന്നതാണ്.

മേൽപറഞ്ഞ കണ്ടെത്തലിന്റെ വെളിച്ചത്തിൽ, പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിൽ ഇടപെടുവാൻ ഏതൊരു കാരണവും ഞങ്ങൾ കാണുന്നില്ലാത്തതും ആയതിനെ ഞങ്ങൾ ശരിവയ്ക്കുകയും ചെലവ് സംബന്ധിച്ച ഉത്തരവൊന്നും ഇല്ലാതെ അപ്പീൽ തള്ളിക്കളയുകയും ചെയ്യുന്നു.

*[2013 (1) കെ.എച്ച്.സി 765]*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് ഡോ. മഞ്ജുള ചെല്ലൂർ**

**&**

**ബഹു. ജസ്റ്റിസ് എ.എം. ഷഫീഖ്**

**റിട്ട് ഹർജി 4983/2010-ൽ നിന്നുള്ള**

**റിട്ട് അപ്പീൽ നം. 473/2010**

**സാറാ വർഗ്ഗീസ് (അപ്പീൽവാദി/ഹർജിക്കാരി)**

**അഭി**

**കേരള സർക്കാരും മറ്റുള്ളവരും (എതിർകക്ഷികൾ)**

*2014 ഏപ്രിൽ 11-ന് വിധി പ്രസ്താവിച്ചത്*

1975-ലെ കെട്ടിട നികുതി ആക്റ്റ് (കേരള), വകുപ്പുകൾ 5 & 5 എ-വിറക് സൂക്ഷിച്ചു വയ്ക്കുന്നതിന് ഉപയോഗിച്ച അടുക്കളയുടെ ചെറിയ ഭാഗം ആക്റ്റ് പ്രകാരം ഒഴിവാക്കപ്പെടാൻ കഴിയുമായിരുന്ന വിറകുസംഭരണ സ്ഥലം ആകുന്നില്ല. വിറകുസംഭരണ സ്ഥലം കുറച്ചാൽ പോലും ആയത് വിനിർദ്ദിഷ്ട സ്ഥല പരിധിയ്ക്കപ്പുറം ആകുമായിരുന്നതു കൊണ്ട് ഉടമസ്ഥ ആഡംബര നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥയാണ്.

## വിധിന്യായം

*ജസ്റ്റിസ് എ.എം. ഷഫീഖ്*

ഈ അപ്പീൽ റിട്ട് ഹർജിക്കാരി ഫയൽ ചെയ്തിട്ടുള്ളതാണ്. നികുതി കൊടുക്കുന്നതിനു വേണ്ടി ഹർജിക്കാരിയുടെ കെട്ടിടത്തിന് മതിപ്പ് നിർണ്ണയിച്ചു കൊണ്ട് 1975-ലെ കേരള കെട്ടിട നികുതി ആക്റ്റ് പ്രകാരം അധികാരസ്ഥാനങ്ങൾ പുറപ്പെടുവിച്ച ഉത്തരവുകൾ ചോദ്യംചെയ്തു കൊണ്ടാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. തർക്കം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ചുള്ളതാണ്. അധികാരസ്ഥാനങ്ങളുടെ അഭിപ്രായത്തിൽ, എക്സിബിറ്റ്-പി2 പ്രകാരം അളവ് 302.51 സ്ക്വയർമീറ്ററും, എക്സിബിറ്റ്-പി5 അനുസരിച്ച് അത് 302.57 സ്ക്വയർമീറ്ററും എക്സിബിറ്റ്-പി11-ൽ 308.54 സ്ക്വയർമീറ്ററും ആണ്.

2. വീണ്ടും, എക്സിബിറ്റ്-പി12-ൽ കാണുന്നതുപോലെ കാർപോർച്ചിന്റെ സ്ഥലം വിട്ടുകൊണ്ട്, ഹർജിക്കാരിയുടെ കെട്ടിടത്തിന് 291.82 സ്ക്വയർമീറ്റർ തറവിസ്തീർണ്ണം ഉള്ളതാകുന്നു.

3. ഹർജിക്കാരി ഉന്നയിച്ചിട്ടുള്ള പ്രധാന വാദം എന്തെന്നാൽ ഹർജിക്കാരിക്ക് ഒഴിവാക്കപ്പെടേണ്ടതായ ഒരു വിറകുസംഭരണ മുറി ഉണ്ടെന്നും, എന്നാൽ പ്രസ്തുത സ്ഥലം അതിനു വിരുദ്ധമായി എക്സിബിറ്റ്-പി12-ൽ കെട്ടിട നികുതിയുടെ ആവശ്യത്തിലേയ്ക്കായി മതിപ്പിടുകയും ചെയ്തിട്ടുണ്ട് എന്നാണ്.

4. ഹർജിക്കാരി ഹാജരാക്കിയ എക്സിബിറ്റ്-പി9 സ്കെച്ചിൽ നിന്ന് വ്യക്തമാകുന്നതു പോലെ, വിറകുള്ള സ്ഥലം കെട്ടിടത്തിന്റെ

ഭാഗമാവുകയും അതിന് ഡൈനിംഗ് ഹാളിൽ ക്കൂടി അല്ലാതെ പ്രത്യേകം ഒരു പ്രവേശന കവാടം ഇല്ലാതിരിക്കുകയും, കൂടാതെ അത് കെട്ടിടത്തോട് ചേർന്നുള്ള സ്ഥലം അല്ലാതിരി ക്കുകയും ചെയ്യുന്നിടത്തോളം, ആക്റ്റ് പ്രകാരമുള്ള അധികാര സ്ഥാനങ്ങളുടെ കണ്ടെത്തലുകളിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ഇടപെട്ടില്ല എന്ന ഒരു അഭിപ്രായം പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി തന്നെ രൂപപ്പെടുത്തി.

5. ആക്റ്റിലെ വ്യവസ്ഥകളെ ആശ്രയിച്ചു കൊണ്ട് വിറകുള്ള സ്ഥലം കെട്ടിടത്തിന്റെ ഭാഗമായി കണക്കാക്കുന്നതിൽ അധികാര സ്ഥാനങ്ങൾ നിയമത്തിൽ ഗുരുതരമായ തെറ്റ് ചെയ്തിട്ടുണ്ടെന്ന് അപ്പീൽവാദിയ്ക്ക് വേണ്ടി യുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വ്യക്തമായി വാദിക്കുന്നു. അതിനു പുറമെ, ഓരോ സമയത്തും അളവിൽ വ്യത്യാസ മുണ്ടായിരുന്നുവെന്ന് വാദിക്കുന്നു. മൊത്തം വിസ്തീർണ്ണമായ 302.57 സ്ക്വയർമീറ്ററിൽ നിന്നും കാർപോർച്ച് വിസ്തീർണ്ണമായ 17.15 സ്ക്വയർമീറ്റർ കുറയ്ക്കുകയാണെങ്കിൽ, വിസ്തീർണ്ണം 285.42 സ്ക്വയർമീറ്റർ ആകു മായിരുന്നത്രത്തോളം എക്സി ബിറ്റ്-പി12-ൽ കാണിച്ചിരിക്കുന്ന കണക്ക് തന്നെ തെറ്റാണെന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ചൂണ്ടി ക്കാണിക്കുന്നു.

6. പ്രത്യക്ഷത്തിൽ, അധികാരസ്ഥാനങ്ങൾ കണക്കാക്കിയ തറവിസ്തീർണ്ണമനുസരിച്ച് കെട്ടിട നികുതി കൊടുക്കുവാൻ അപ്പീൽവാദി ബാദ്ധ്യസ്ഥ യായി തീരുന്നതും തറവിസ്തീർണ്ണം 278.76 സ്ക്വയർമീറ്ററിൽ കൂടുതലാണെങ്കിൽ, അവർ ആക്റ്റിലെ 5 എ വകുപ്പ് പ്രകാരം ആഡംബര നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥ യായിരിക്കുന്നതുമാണ്. അപ്പീൽവാദി പറഞ്ഞ തനുസരിച്ച്, വിറകുള്ള സ്ഥലത്തെ, മൊത്തം വിസ്തീർണ്ണമായ 285.42 സ്ക്വയർമീറ്ററിൽ നിന്നും കുറയ്ക്കുകയാണെങ്കിൽ, അവർ ആഡംബര നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥ യാകുകയില്ല.

7. വിറകുള്ള സ്ഥലം ഒഴിവാക്കലുമായി ബന്ധപ്പെട്ട, കെട്ടിട നികുതി ആക്റ്റിലെ 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പും (5)-ാം ഉപവകുപ്പും അതിന്റെ പരിമിതി വ്യവസ്ഥയും താഴെ പറയുംപ്രകാരമാണ്:

"5. കെട്ടിട നികുതി ചുമത്തൽ.-(1) ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, നിശ്ചയിക്കപ്പെട്ട ദിവസമോ അതിനു ശേഷമോ നിർമ്മാണം പൂർത്തീകരിച്ച ഓരോ കെട്ടിടത്തിന്മേലും പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ തറവിസ്തീർണ്ണ ത്തിന്റെ അടിസ്ഥാനത്തിൽ ഒരു നികുതി (ഇതിനുശേഷം "കെട്ടിട നികുതി" എന്നാണ് പരാമർശിക്കപ്പെടുക) ചുമത്തേണ്ടതാണ്.

xxx xxx xxx

(5) കെട്ടിടത്തിന്റെ കൂടുതൽ സൗകര്യ പ്രദമായ ഉപയോഗത്തിനുവേണ്ടി കെട്ടിടത്തോട് ചേർന്ന് ഔട്ട്-ഹൗസുകളോ ഗ്യാരേജുകളോ മറ്റ് നിർമ്മിതികളോ ഉള്ളിടത്ത്, അങ്ങനെയുള്ള നിർമ്മിതിയുടെ തറവിസ്തീർണ്ണം പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർക്കേണ്ടതും അതിനനുസൃതമായി കെട്ടിട നികുതി ചുമത്തേണ്ടതുമാണ്.

എന്നാൽ, വിറക് സംഭരണത്തിന്റെ ആവശ്യ ത്തിലേയ്ക്കോ ഏതെങ്കിലും താമസേതര ആവശ്യത്തിലേയ്ക്കോ ഉപയോഗിക്കുന്ന, താമസിക്കുന്നതിനുള്ള ഒരു കെട്ടിടത്തോട് ചേർന്നുള്ള ഒരു ഗ്യാരേജിന്റെയോ മറ്റേ തെങ്കിലും എടുപ്പിന്റെയോ നിർമ്മിതി യുടെയോ തറവിസ്തീർണ്ണം ആ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർക്കാൻ പാടില്ലാത്ത താണ്".

വിറകുള്ള സ്ഥലമെന്ന് പറയപ്പെടുന്ന സ്ഥലം, അടുക്കളയായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ ഭാഗമാണെന്ന് അധികാര സ്ഥാനങ്ങൾ തീരുമാനത്തിൽ എത്തിച്ചേർന്നി ട്ടുള്ളതാണ്. അടുക്കള ഭാഗവും വിറക് സംഭരണ ഭാഗവും സൂചിപ്പിക്കുവാൻ അപ്പീൽവാദി ചില ഫോട്ടോഗ്രാഫുകൾ ഹാജരാക്കുകയുണ്ടായി. അനുബന്ധം II ആണ് പ്രസ്തുത പ്ലാൻ. പ്രത്യക്ഷത്തിൽ, അത് അടുക്കളയുടെ ഭാഗമാണ്. അടുക്കള ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതും കെട്ടിട നികുതിയുടെ ആവശ്യത്തിലേയ്ക്കായി

കണക്കാക്കാൻ കഴിയുന്ന കെട്ടിട ഭാഗവുമാണ്. വിറകുപയോഗിക്കുന്ന അടുക്കള നിർമ്മിച്ചിട്ടുള്ള അതേ സ്ഥലത്തുതന്നെ വിറകും തീ കത്തിയ്ക്കുന്നതിനുള്ള വസ്തുക്കളും കൂടി സൂക്ഷിച്ചുവച്ചിട്ടുള്ളതാണെന്ന് അപ്പീൽവാദിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ചൂണ്ടിക്കാണിക്കുന്നു.

8. നിയമത്തിലെ വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ, ഒരു ഒഴിവാക്കൽ അനുവദിക്കപ്പെടേണ്ടതാണെങ്കിൽ, അത് കെട്ടിടത്തോട് ചേർന്നുള്ളതും വിറകു സംഭരിക്കുന്ന ആവശ്യത്തിലേയ്ക്കായി ഉപയോഗിക്കുന്നതുമായ ഒരു കെട്ടിടത്തെ സംബന്ധിച്ച് ആയിരിക്കേണ്ടതാണ്. അടുക്കളയുടെ ഒരു ചെറിയ ഭാഗം വിറക് സംഭരണത്തിനുവേണ്ടി ഉപയോഗിക്കുകയാണെങ്കിൽ, അത് നിയമ പ്രകാരം ഒഴിവാക്കാൻ കഴിയുമായിരുന്ന ഒരു വിറക് സംഭരണ സ്ഥലം ആകുന്നതല്ല. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, വിറക് സംഭരണത്തിന് വേണ്ടി ഉപയോഗിക്കുന്നതായി ആരോപിക്കപ്പെടുന്ന കെട്ടിട ഭാഗത്തിനുള്ള ഏതെങ്കിലും ഒഴിവാക്കലിന് അപ്പീൽവാദിയ്ക്ക് അവകാശവാദം ഉന്നയിക്കാൻ കഴിയുമെന്ന് ഞങ്ങൾ കരുതുന്നില്ല.

9. അളവ് സംബന്ധിച്ചിടത്തോളം, അത് 291.52 സ്ക്വയർമീറ്ററോ 284.42 സ്ക്വയർമീറ്ററോ ആണെങ്കിൽപോലും ഹർജിക്കാരി ആഡംബര നികുതി കൊടുക്കാൻ കടപ്പെട്ടിരിക്കുന്നിടത്തോളം, ആയത് ഏതുതരത്തിലും യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ല.

ഫലത്തിൽ, അപ്പീൽവാദി പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഏതൊന്നും പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിൽ ഇടപെടുന്നതിന് ഉതകുമെന്ന് ഞങ്ങൾ കരുതുന്നില്ല. അതിനനുസൃതമായി റിട്ട് അപ്പീൽ തള്ളിയിരിക്കുന്നു.

*[2014(3) കെ.എൽ.റ്റി. എസ്.എൻ 21 (സി.നം. 22)]*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. എം. ജോസഫ്**

**&**

**ബഹു. ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ**

**ആനന്ദ് അനൂപ്**

**അഭി**

**യൂണിയൻ ഓഫ് ഇന്ത്യ**

**റിട്ട് അപ്പീൽ നമ്പർ 1541/2013**

2014 ജൂൺ 19–ന് വിധി പ്രസ്താവിച്ചത്

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 226–കേന്ദ്ര സർക്കാരിനെതിരായി നിവൃത്തികൾ ആവശ്യപ്പെടുന്ന ഒരു റിട്ട് ഹർജി, നിവൃത്തികൾ ആവശ്യപ്പെടുന്നതിനെ സംബന്ധിച്ച വ്യവഹാര കാരണം കേരള ഹൈക്കോടതിയുടെ അധികാരിതാ പരിധികൾക്കുള്ളിൽ പൂർണ്ണ മായോ ഭാഗികമായോ ഉത്ഭവിക്കുന്ന ഒരു കേസിൽ മാത്രമേ കേരളാ ഹൈക്കോടതിയുടെ മുമ്പാകെ നിലനിർത്തുവാൻ കഴിയുകയുള്ളൂ.**

## വിധിന്യായം

*ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ*

2013–ലെ 20823–ാം നമ്പർ റിട്ട് ഹർജിയിലെ (സിവിൽ) ഹർജിക്കാരനാണ് ഞങ്ങളുടെ മുമ്പാകെയുള്ള അപ്പീൽവാദി. ഈ അപ്പീൽ തീർപ്പാക്കലിന് ആവശ്യമായ സംക്ഷിപ്തമായ വസ്തുതകൾ താഴെപ്പറയുന്നവയാണ്:-

2013–14 അക്കാദമിക വർഷത്തിനുള്ള എം.ബി.ബി.എസ് കോഴ്സ് പ്രവേശനത്തിനു വേണ്ടി മൂന്നാം എതിർകക്ഷിവിദ്യാസ്ഥാപനം നടത്തിയ പ്രീ–മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഹാജരായ ഒരു അപേക്ഷകനാണ് അപ്പീൽവാദി. മൂന്നാം എതിർകക്ഷി വിദ്യാസ്ഥാപനം മഹാരാഷ്ട്രയിൽ സ്ഥിതി ചെയ്യുന്നു. പൊതുവിഭാഗത്തിലും ഭാരതത്തിന്റെ ഭരണഘടനയുടെ വ്യവസ്ഥകൾ പ്രകാരം സംവരണത്തിന് അർഹമായ വിഭാഗങ്ങളിലും നിന്നുമുള്ള അപേക്ഷകർക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള സീറ്റുകൾക്ക് പുറമെ, ഭാരത സർക്കാരിന്റെ നിർദ്ദിഷ്ടനാമാക്കൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള, സെൻട്രൽ പൂൾ സീറ്റുകൾ എന്ന് പരാമർശിക്കപ്പെടുന്ന നാല് സീറ്റുകൾ ഉണ്ടെന്ന് റിട്ട് ഹർജിയിൽ എക്സിബിറ്റ് പി–1 ആയി ഹാജരാക്കിയിട്ടുള്ള, മൂന്നാം എതിർകക്ഷി വിദ്യാസ്ഥാപനം പ്രസിദ്ധീകരിച്ച പ്രോസ് പെക്റ്റസിൽ പറഞ്ഞിരിക്കുന്നു. അർഹരായ അപേക്ഷകർക്കിടയിൽ നിന്നും ഭാരത സർക്കാറിന്റെ ന്യൂഡൽഹിയിലെ ആരോഗ്യവും കുടുംബക്ഷേമവും മന്ത്രാലയത്തിനാൽ നടത്ത പ്പെടുന്ന തിരഞ്ഞെടുപ്പിനനുസൃതമായി കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. പ്രസ്തുത സീറ്റുകൾക്കുള്ള നാമനിർദ്ദേശത്തിനു വേണ്ടി അപേക്ഷിക്കുവാൻ അർഹരായ ആളുകളുടെ വിഭാഗങ്ങളും ആയതിന് വേണ്ടി അപേക്ഷകൾ സമർപ്പിക്കേണ്ട രീതിയും എക്സിബിറ്റ് പി–1 പ്രോസ്പെക്റ്റസിൽ പറഞ്ഞിരിക്കുന്നു.

2. മൂന്നാം എതിർകക്ഷിവിദ്യാസ്ഥാപനം നടത്തിയ എൻട്രൻസ് പരീക്ഷയിൽ ഹാജരായ തായും പ്രസ്തുത പരീക്ഷയിൽ പാസ്സായതായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തിട്ടുള്ള അപ്പീൽവാദി, സെൻട്രൽ പൂൾ സീറ്റുകൾക്കുള്ള നാമനിർദ്ദേശത്തിനുവേണ്ടി ഒരു അപേക്ഷ ഭാരത സർക്കാരിന്റെ പദവിനിർദ്ദേശം ചെയ്യപ്പെട്ട മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരായ ഒന്നും രണ്ടും എതിർകക്ഷികൾ മുമ്പാകെ സമർപ്പിക്കുക യുണ്ടായി. അപ്പീൽവാദി, തന്റെ പിതാവ് ഇന്ത്യൻ നാവികസേനയിൽ ഒരു കമാന്റ് ഏവിയേഷൻ ആഫീസർ-II ആയി സേവനം അനുഷ്ഠിക്കുന്നത് കൊണ്ട് "പ്രതിരോധ ഉദ്യോഗസ്ഥന്റെ രക്ഷാദീനൻ" (ward of defence personnel) എന്ന വിഭാഗത്തിൻ കീഴിൽ നാമനിർദ്ദേശത്തി നുള്ള തന്റെ അവകാശ വാദം ഉന്നയിക്കുക യുണ്ടായി. അപ്പീൽവാദി സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷിയിൽ നിന്നും യാതൊരു പ്രതികരണവും ലഭിക്കാ തിരിക്കെ, എക്സിബിറ്റ് പി-1 പ്രോസ്പെക്റ്റസിൽ വിനിർദ്ദേശിച്ചിട്ടുള്ളവയ്ക്ക് വിരുദ്ധമായ മാന ദണ്ഡം സ്വീകരിച്ചുകൊണ്ട് ഒരു സെലക്ട് ലിസ്റ്റിന് അന്തിമരൂപം നൽകുവാൻ എതിർ കക്ഷികൾ ഉദ്ദേശിച്ചുകൊണ്ടിരി ക്കുന്നുവെന്ന് അയാളെ അറിയിക്കുക കൂടിയുണ്ടായി. ഇത് എക്സിബിറ്റ് പി-1 പ്രോസ്പെക്റ്റസിന് അനുസൃതമായി സെൻട്രൽ പൂൾ സീറ്റിനുള്ള നിർദ്ദിഷ്ട നാമാക്കളുടെ സെലക്ട് ലിസ്റ്റിന് അന്തിമരൂപം നൽകുവാൻ ഒന്നും രണ്ടും എതിർകക്ഷികൾക്കുള്ള ഒരു നിർദ്ദേശം ആവശ്യപ്പെട്ടുകൊണ്ട് റിട്ട് ഹർജി സമർപ്പിക്കു വാൻ അപ്പീൽവാദിയെ നയിച്ചിരിക്കുന്നു.

3. നിലനിൽപ്പ് പ്രശ്നത്തിൻമേൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി റിട്ട് ഹർജി തള്ളിക്കളഞ്ഞു. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധി ന്യായത്തിലെ പ്രസക്തഭാഗം താഴെപ്പറയും പ്രകാരമാണ്:

"ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകനേയും അതുപോലെ തന്നെ ഒന്നും രണ്ടും എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള സ്റ്റാൻഡിംഗ് കൗൺസിലിനേയും വിശദമായി കേട്ടു. വാദങ്ങളും നടപടികളും പരിശോധിച്ചശേഷം, ഹർജിക്കാരൻ, ഗതിയെയും നടപടിയെയും കുറിച്ച് തികച്ചും സങ്കടക്കാരനാണെങ്കിൽ, മൂന്നാം എതിർകക്ഷിയിന്മേൽ അധികാരിത യുള്ള ബന്ധപ്പെട്ട കോടതിയെ അനിവാര്യമായി സമീപിക്കേണ്ടതാണെന്ന് ഈ കോടതി കാണുന്നു. ഈ കേസിലെ ഹർജിക്കാരന് ഏതെങ്കിലും നിവൃത്തി നൽകുവാൻ ഈ കോടതിയുടെ പ്രാദേശിക അധികാരിത വിപുലമാകുന്നില്ല.

ഉചിതമായ നിവൃത്തിക്കുവേണ്ടി ഉചിതമായ കോടതിയെ സമീപിക്കുവാനുള്ള ഹർജി ക്കാരന്റെ അവകാശത്തിന് ഭംഗംവരുത്താതെ റിട്ട് ഹർജി തള്ളിക്കളയുന്നു."

മുകളിലെ വിധിന്യായമാണ് ഈ റിട്ട് അപ്പീലിൽ ചോദ്യം ചെയ്യപ്പെടുന്നത്.

4. അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ.പി.സി. ശശിധരനെയും ഒന്നും രണ്ടും എതിർകക്ഷി കൾക്കു വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള കേന്ദ്ര സർക്കാർ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ. പി. സഞ്ജയ്യെയും ഞങ്ങൾ കേൾക്കുക യുണ്ടായി. റിട്ട് ഹർജിയിൽ അഭ്യർത്ഥിച്ചിട്ടുള്ള നിവൃത്തി മൂന്നാം എതിർ കക്ഷി വിദ്യാ സ്ഥാപനത്തിൽ സെൻട്രൽ പൂൾ സീറ്റുകൾ ക്കുള്ള നിർദ്ദിഷ്ടനാമാക്കളുടെ സെലക്ട് ലിസ്റ്റിനു അന്തിമരൂപം നൽകുവാൻ ഒന്നും രണ്ടും എതിർകക്ഷികൾക്കുള്ള ഒരു നിർദ്ദേശം ആയിരുന്നിടത്തോളം, ഭാരതത്തിന്റെ ഭരണ ഘടനയുടെ 226-ാം അനുച്ഛേദ പ്രകാരമുള്ള ഒരു റിട്ട് ഹർജി സ്വീകരിക്കുന്ന കാര്യത്തിൽ കേരള ഹൈക്കോടതിക്ക് പ്രാദേശിക അധികാരിത യുണ്ടായിരിക്കും എന്ന് അപ്പീൽവാദിക്കു വേണ്ടിയുള്ള അഭിഭാഷകൻ വാദിക്കുന്നു. റിട്ട് ഹർജിയിൽ അഭ്യർത്ഥിച്ചിട്ടുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഒന്നും രണ്ടും എതിർകക്ഷികൾക്ക് ആയിരുന്നിട ത്തോളം, കേരളത്തിൽ അയാളുടെ വാസ സ്ഥലമായ തലശ്ശേരിയിൽ അധികാരിത യുണ്ടായിരുന്ന കേരള ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി നിലനിർത്തുവാൻ കഴിയുമായി രുന്നുവെന്ന് വാദിക്കുവാൻ ഭരണഘടനയുടെ

അനുച്ഛേദം 226(2)-ലെ വ്യവസ്ഥകളെ അദ്ദേഹം, പ്രത്യേകിച്ചും പരാമർശി ക്കുന്നു. അയാളുടെ അപേക്ഷ ഒന്നും രണ്ടും എതിർകക്ഷികൾ മുമ്പാകെ കേരളത്തിൽ നിന്നും സമർപ്പിച്ചിരിക്കുകയും അയാൾ കേരളത്തിലെ ഒരു താമസക്കാരനായിരിക്കുകയും ചെയ്തിരുന്നിടത്തോളം, അയാളുടെ അപേക്ഷയിൻ മേലുള്ള ഏതെങ്കിലും തീരുമാനം അറിയിക്കാതിരിക്കലോ അയാളുടെ അപേക്ഷയിൻമേൽ ഏതെങ്കിലും പ്രതികൂലമായ തീരുമാനം അറിയിക്കലോ കേരളത്തിലെ അയാളുടെ അവകാശങ്ങളെ ബാധിക്കുന്നതും അതുകൊണ്ട്, ഭാരതത്തിന്റെ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്കു വേണ്ടി എതിർകക്ഷികൾക്ക് എതിരായ അയാളുടെ വ്യവഹാരകാരണത്തിന്റെ ഒരു ഭാഗം കേരളത്തിൽ ഉത്ഭവിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സെൻട്രൽ പൂൾ സീറ്റുകൾക്കുള്ള നാമനിർദ്ദേശത്തിന് വേണ്ടിയുള്ള അയാളുടെ അപേക്ഷയിൻമേൽ എടുക്കേണ്ട ഒരു തീരുമാനത്തിൽ മൂന്നാം എതിർകക്ഷി വിദ്യാസ്ഥാപനത്തിന് വഹിക്കുവാൻ യാതൊരു പങ്കും ഇല്ലായിരുന്നിടത്തോളം, മൂന്നാം എതിർകക്ഷിയില്ലേൽ അധികാരിതയുള്ള ഹൈക്കോടതി ഏത് പ്രകാരത്തിലും 226-ാം അനുച്ഛേദപ്രകാരം ഒരു റിട്ട് ഹർജി സ്വീകരിക്കുവാൻ അധികാരിതയുള്ള കോടതിയായിരിക്കുവാൻ കഴിയുകയില്ല എന്ന് അദ്ദേഹം വീണ്ടും ചൂണ്ടിക്കാട്ടുന്നു.

5. മറുവശത്ത്, അപ്പീൽവാദി സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം എടുക്കേണ്ടിയിരുന്നത് ഡൽഹിയിൽ ആയിരിക്കുകയും വിഷയം മഹാരാഷ്ട്രയിലെ ഒരു വിദ്യാസ്ഥാപനത്തിലേക്കുള്ള പ്രവേശനത്തെ സംബന്ധിച്ചതും ആയിരുന്നിട ത്തോളം, റിട്ട് ഹർജിയെ സ്വീകരിക്കുവാൻ അധികാരിതയുള്ള കോടതികൾ ആ സംസ്ഥാനങ്ങളിലെ ഹൈക്കോടതികൾ ആണെന്ന് പാണ്ഡിത്യമുള്ള കേന്ദ്രസർക്കാർ സ്റ്റാൻഡിംഗ് കൗൺസൽ വാദിക്കുന്നു.

6. റിട്ട് ഹർജിയുടെ നിലനില്പ് പ്രശ്നത്തിൻ മേലുള്ള എതിർവാദങ്ങൾ ഞങ്ങൾ പരിഗണിച്ചിട്ടുണ്ട്. അഭ്യർത്ഥിച്ചിട്ടുള്ള നിവൃത്തികൾ കേരള സംസ്ഥാനത്തിന്റെ പ്രാദേശിക പരിധികൾക്ക് പുറത്തുള്ള സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ആളുകൾക്കോ അധികാരസ്ഥാനങ്ങൾക്കോ എതിരായിരിക്കുന്ന ഒരു റിട്ട് ഹർജി ഭാരതത്തിന്റെ ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരം സ്വീകരിക്കുവാൻ ഈ കോടതിക്ക് അധികാരിതയുണ്ടോ എന്നതാണ് ഇപ്പോഴത്തെ കേസിൽ സാരവത്തായി തീരുമാനിക്കേണ്ടിയിരിക്കുന്നത്. 226-ാം അനുച്ഛേദത്തിന്റെ നിയമനിർമ്മാണ ചരിത്രം ഭരണഘടന (15-ാം ഭേദഗതി) ആക്റ്റ്, 1963 മുഖേനയുള്ള 1963-ലെ അതിന്റെ ഭേദഗതിയ്ക്ക് മുമ്പായി അത് നിന്നിരുന്ന പ്രകാരമുള്ള വ്യവസ്ഥയുടെ ഭാഷ അനുസരിച്ച്, ഒരു ഹൈക്കോടതിക്ക് ഒരു റിട്ടോ ഉത്തരവോ, ആർക്കെതിരെയാണോ ആ റിട്ട് ആവശ്യപ്പെട്ടിട്ടുള്ളത് ആ ആളോ അധികാരസ്ഥാനമോ സർക്കാരോ ആ ഹൈക്കോടതിയുടെ പ്രാദേശികാധികാരിതയ്ക്കുള്ളിൽ ഭൗതികമായി താമസക്കാരനായിരിക്കുകയോ സ്ഥിതി ചെയ്യുകയോ ചെയ്യാത്തപക്ഷം, പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വെളിപ്പെടുത്തുന്നു. 1963-ലെ ഭേദഗതിക്ക് അനുസൃതമായിട്ടാണ്, വ്യവഹാരകാരണം ആ ഹൈക്കോടതിയുടെ പ്രാദേശികാധികാരിതയ്ക്കുള്ളിൽ പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിക്കുന്നുവെങ്കിൽ, അതിന് മറ്റൊരു ഹൈക്കോടതിയുടെ അധികാരിത യ്ക്കുള്ളിൽ താമസക്കാരായ ഒരു സർക്കാരിനോ അധികാരസ്ഥാനത്തിനോ ആളിനോ എതിരായി ഒരു റിട്ട് പുറപ്പെടുവിക്കാവുന്നതാണെന്ന് ഖണ്ഡം (1 എ) (അത് പിന്നീട് 1976-ലെ ഭരണഘടന (42-ാം ഭേദഗതി) മുഖേന ഖണ്ഡം (2) ആയി പുനർഅക്കമിടപ്പെട്ടു) വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഭരണഘടനയുടെ അനുച്ഛേദം 226(2) താഴെപ്പറയും പ്രകാരമാണ്.

**[226. ചില റിട്ടുകൾ പുറപ്പെടുവിക്കുവാൻ ഹൈക്കോടതിക്കുള്ള അധികാരം:-**

(1) ……………..

(2) ഏതെങ്കിലും സർക്കാരിനോ അധികാരസ്ഥാനത്തിനോ ആൾക്കോ എതിരായി നിർദ്ദേശങ്ങളോ ഉത്തരവുകളോ റിട്ടുകളോ പുറപ്പെടുവിക്കുവാൻ (1)-ാം ഖണ്ഡത്തിൽ നൽകിയിട്ടുള്ള

അധികാരം, ആ അധികാരം പ്രയോഗിക്കുവാൻ ഇടയാക്കുന്ന വ്യവഹാരകാരണം പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിച്ച ഭൂപ്രദേശത്ത്, ആ ഭൂപ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന ഏതൊരു ഹൈക്കോടതിക്കും ആ സർക്കാരിന്റെയോ അധികാര സ്ഥാനത്തിന്റെയോ ആസ്ഥാനം അഥവാ ആ ആളുടെ വാസസ്ഥലം ആ ഭൂപ്രദേശത്തിനുള്ളിൽ അല്ലെങ്കിൽ തന്നെയും, പ്രയോഗിക്കാവുന്ന താണ്.

അനുച്ഛേദം 226(2), അത് ഇപ്പോൾ നില നിൽക്കുന്ന പ്രകാരം, 226-ാം അനുച്ഛേദ പ്രകാരമുള്ള ഒരു ഹർജി:

(i) ആർക്കെതിരെയാണോ നിവൃത്തി ആവശ്യപ്പെടുന്നത് ആ ആളോ അധികാര സ്ഥാനമോ ഏതു കോടതിയുടെ പ്രാദേശിക അധികാരിതയ്ക്കുള്ളിൽ താമസിക്കുകയോ സ്ഥിതിചെയ്യുകയോ ചെയ്യുന്നത് അതിന്റെയോ;

*അല്ലെങ്കിൽ*

(ii) 226-ാം അനുച്ഛേദപ്രകാരം നിവൃത്തി ആവശ്യപ്പെടുന്നതിനെ സംബന്ധിച്ച വ്യവഹാര കാരണം ഏത് ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളിലാണോ പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിച്ചിട്ടുള്ളത് അതിന്റെയോ,

മുമ്പാകെ ബോധിപ്പിക്കുവാൻ കഴിയുന്നതാണെന്ന് സൂചിപ്പിക്കുന്നു.

7. ഞങ്ങളുടെ മുമ്പാകെയുള്ള കേസിൽ മുകളിൽ കുറിച്ച ഐച്ഛികം (ii) ലാണ് ഞങ്ങൾ ശ്രദ്ധ പതിപ്പിക്കുന്നത്. അപ്പീൽവാദി, ഡൽഹി ഹൈക്കോടതിയുടെ അധികാരിതാ പരിധിയ്ക്കുള്ളിൽ ഇരിപ്പിടം സ്ഥിതിചെയ്യുന്ന, കേന്ദ്രസർക്കാരിനെ പ്രതിനിധീകരിക്കുന്ന ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ അടിസ്ഥാനപരമായി നിവൃത്തി ആവശ്യപ്പെടുന്നു. കേന്ദ്രസർക്കാരിന് എതിരായി നിവൃത്തികൾ ആവശ്യപ്പെടുന്ന ഒരു റിട്ട് ഹർജി, നിവൃത്തി ആവശ്യപ്പെടുന്നതിനെ സംബന്ധിച്ച വ്യവഹാര കാരണം കേരള ഹൈക്കോടതിയുടെ അധികാരിതാ പരിധിയ്ക്കുള്ളിൽ പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിക്കുന്ന ഒരു കേസിൽ മാത്രമേ കേരള ഹൈക്കോടതിയുടെ മുമ്പാകെ നിലനിറുത്തുവാൻ കഴിയുകയുള്ളൂ. അനുച്ഛേദം 226 (2)-ൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ "വ്യവഹാര കാരണം" എന്നതാണ് "വ്യവഹാരാ വകാശം" എന്നതല്ല എന്നുള്ളത് ഉടൻ തന്നെ ശ്രദ്ധിക്കേണ്ടതാണ്. രണ്ടു പദപ്രയോഗങ്ങളും തമ്മിലുള്ള വ്യത്യാസം പ്രാധാന്യമുള്ളതാണ്. എന്തെന്നാൽ, "വ്യവഹാര കാരണം" എന്ന പദപ്രയോഗത്തിന്റെ അർത്ഥം ഒരാൾ മനസ്സിലാക്കുവാൻ അത് സഹായിക്കുന്നു. പാണ്ഡിത്യമുള്ള ഗ്രന്ഥ കർത്താവ് ദുർഗ്ഗാ ദാസ് ബാസു ഭാരതത്തിന്റെ ഭരണഘടനയെ കുറിച്ചുള്ള തന്റെ വ്യാഖ്യാനത്തിൽ (8-ാം പതിപ്പ്, 2010) പറഞ്ഞിട്ടുള്ളതുപോലെ "രണ്ടു പദപ്രയോഗങ്ങളും ഏകാർത്ഥ പദമായതോ പരസ്പരം മാറ്റത്തക്കതോ അല്ല. ഒരു അവകാശത്തിലെ കടന്നുകയറ്റം ഉണ്ടാകുന്ന ഉടൻതന്നെ ഒരു വ്യവഹാരാവകാശം ഉത്ഭവിക്കുന്നു. ഒരു വ്യവഹാരാവകാശം ഒരു വ്യവഹാരകാരണത്തെ പ്രാവർത്തികമാക്കുവാനുള്ള ഒരു അവകാശമാണ്. കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ അധികാര സ്ഥാനത്തിന്റെയോ ആളിന്റെയോ ഉത്തരവിനാൽ സങ്കടം അനുഭവിച്ചുകൊണ്ടിരിക്കുന്ന, രാജ്യത്ത് എവിടെയെങ്കിലും താമസിക്കുന്ന ഒരാൾക്ക് നിയമത്തിൽ ഒരു വ്യവഹാരാവകാശമുണ്ടായിരിക്കാവുന്നതും എന്നാൽ, വ്യവഹാര കാരണം പ്രാദേശികാധികാരിതയ്ക്കുള്ളിൽ പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിക്കുമ്പോൾ മാത്രമേ 226-ാം അനുച്ഛേദപ്രകാരം ഹൈക്കോടതിയുടെ അധികാരിതയുടെ സഹായം തേടുവാൻ കഴിയുകയുള്ളൂ". ഈ വ്യത്യാസം *നാകുൽ ദിയോ സിങ്* അഭി *ഡെപ്യൂട്ടി കമാന്റന്റ്* (1999 (3) കെ.എൽ.റ്റി 629 (എഫ്.ബി) എന്ന കേസിലെ ഈ കോടതിയുടെ ഫുൾ ബെഞ്ച് വിധിന്യായത്തിൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

8. "വ്യവഹാരകാരണം" എന്ന പദ പ്രയോഗം സുപ്രീം കോടതിയുടെ നിരവധി വിധിന്യായങ്ങളിലും മുകളിൽ പരാമർശിച്ച ഈ കോടതിയുടെ ഫുൾ ബെഞ്ച് വിധിയിലും നീതിന്യായ വെളിപ്പെടുത്തലിന്റെ വിഷയ വസ്തുവായിരുന്നു. ആ പദപ്രയോഗ ത്തിന്റെ വ്യാഖ്യാനം ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൽ അതിന്റെ ഉപയോഗത്തിന്റെ

സന്ദർഭത്തിൽ നൽകപ്പെടുകയും അപ്രകാരം ചെയ്യുന്നതിൽ സിവിൽ നടപടി നിയമസംഹിതയുടെ ആവശ്യകതയ്ക്കുവേണ്ടി ആ പദപ്രയോഗത്തിന്റെ വ്യാഖ്യാനത്തിൽ ആശ്രയം അർപ്പിക്കുകയും കൂടി ചെയ്തിട്ടുണ്ട്. സുപ്രീം കോടതിയുടെ പ്രധാനപ്പെട്ട വിധിന്യായങ്ങളിൽ ചിലതിന്റെ ഒരു സംക്ഷിപ്ത സർവ്വെ ഈ ഘട്ടത്തിൽ ഉചിതമാകാവുന്നതാണ്.

(i) *ഓയിൽ ആന്റ് നാചുറൽ ഗ്യാസ് കമ്മീഷൻ* അഭി *ഉത്പാൽ കുമാർ ബസുവും മറ്റുള്ളവരും* (1994) 4 എസ്.സി.സി 711 എന്ന കേസിൽ കൽക്കട്ടയിൽ സ്ഥിതിചെയ്തിരുന്ന ഒരു കമ്പനിയ്ക്ക് ഗുജറാത്തിൽ ഒരു കെറെസിൻ റിക്കവറി പ്രോസസിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഒരു കോൺട്രാക്ട് നൽകിയതുമായി ബന്ധപ്പെട്ട് ഒരു ടെണ്ടർ കമ്മിറ്റി എടുത്ത തീരുമാനത്തെ എതിർക്കുവാൻ കഴിയുമായിരുന്നോ എന്ന പ്രശ്നത്തെ പരിഗണിക്കുവാൻ സുപ്രീം കോടതിയ്ക്ക് അവസരമുണ്ടായിരുന്നു. ടെണ്ടർ കമ്മിറ്റി ന്യൂദില്ലിയിൽ പ്രവർത്തിക്കുകയും കൽക്കട്ട കമ്പനി ഉയർത്തിയ വാദം കൽക്കട്ട ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളിൽ വച്ച് ടെണ്ടറിനെക്കുറിച്ച് അറിയുവാൻ ഇടയായതുകൊണ്ട് അവിടെ നിന്നും ടെണ്ടറിന് പ്രതികരിക്കുകയും കൽക്കട്ടയിൽ സ്ഥിതി ചെയ്തിരുന്ന അതിന്റെ രജിസ്റ്റേർഡ് ഓഫീസിൽ നിന്നും ആശയവിനിമയങ്ങൾ വഴി എതിർകക്ഷികളിൽ നിന്നും നീതി ആവശ്യപ്പെടുകയും ചെയ്തിരുന്നിടത്തോളം, വ്യവഹാര കാരണത്തിന്റെ ഒരു ഭാഗം കൽക്കട്ടയിൽ ഉത്ഭവിച്ചു എന്നതായിരുന്നു. പ്രസ്തുത വാദം കോടതി താഴെപ്പറയും പ്രകാരം തള്ളിപ്പറഞ്ഞു.

5. 226-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡം-32-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും എന്ന ഒരു നോൺ ഒബ്സ്റ്റാന്റി ഉപവാക്യത്തോടുകൂടി ആരംഭിക്കുകയും ഓരോ ഹൈക്കോടതിക്കും "ഏതെല്ലാം ഭൂപ്രദേശങ്ങൾ സംബന്ധിച്ച് അത് അധികാരിത പ്രയോഗിക്കുന്നുവോ, അവിടെല്ലാം", III-ാം ഭാഗം നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പ്രാവർത്തികമാക്കുന്നതിനുവേണ്ടിയോ മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടിയോ, "ആ ഭൂപ്രദേശങ്ങളിലുള്ള" ഏതെങ്കിലും ആൾക്കോ അധികാര സ്ഥാനത്തിനോ, സമുചിതമായ സംഗതികളിൽ ഏതെങ്കിലും സർക്കാർ ഉൾപ്പെടെ, നിർദ്ദേശങ്ങളോ ഉത്തരവുകളോ റിട്ടുകളോ പുറപ്പെടുവിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നു. 226-ാം അനുച്ഛേദത്തിന്റെ 2-ാം ഖണ്ഡപ്രകാരം ഹൈക്കോടതിക്ക് വ്യവഹാരകാരണം അത് അധികാരിത പ്രയോഗിക്കുന്ന ഭൂപ്രദേശത്തിനുള്ളിൽ പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സർക്കാരിന്റെയോ അധികാര സ്ഥാനത്തിന്റെയോ ഇരിപ്പിടമോ അങ്ങനെയുള്ള ആളിന്റെ താമസസ്ഥലമോ ആ ഭൂപ്രദേശങ്ങൾക്കുള്ളിൽ അല്ലെങ്കിൽ ത്തന്നെയും, (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ടിട്ടുള്ള അതിന്റെ അധികാരം വിനിയോഗിക്കാവുന്നതാണ്. ഭരണ ഘടനയുടെ 226-ാം അനുച്ഛേദത്തിലെ മുൻപറഞ്ഞ രണ്ട് ഖണ്ഡങ്ങളുടെ ഒരു സാധാരണ വായനയിൽ, ഒരു ഹൈക്കോടതിക്ക് ഭരണഘടനയുടെ III-ാം ഭാഗം നൽകിയിട്ടുള്ള മൗലികാവകാശങ്ങളിൽ ഏതെങ്കിലും പ്രാവർത്തികമാക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ആവശ്യത്തിനു വേണ്ടിയോ നിർദ്ദേശങ്ങളോ ഉത്തരവുകളോ റിട്ടുകളോ പുറപ്പെടുവിക്കുവാനുള്ള അധികാരം, ഏത് ഭൂപ്രദേശങ്ങൾ സംബന്ധിച്ച് അത് അധികാരിത പ്രയോഗിക്കുന്നുവോ അവയ്ക്കുള്ളിൽ വ്യവഹാര കാരണം പൂർണ്ണമായോ ഭാഗികമായോ ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ, ആർക്കെതിരെയാണോ ആ നിർദ്ദേശമോ ഉത്തരവോ റിട്ടോ പുറപ്പെടുവിക്കുന്നത് ആ സർക്കാരിന്റെയോ അധികാരസ്ഥാനത്തിന്റെയോ ഇരിപ്പിടമോ ആളിന്റെ താമസസ്ഥലമോ പ്രസ്തുത ഭൂപ്രദേശങ്ങൾക്കുള്ളിൽ അല്ലെങ്കിൽ ത്തന്നെയും, വിനിയോഗിക്കുവാൻ കഴിയുന്നതാണ്. കൽക്കട്ട ഹൈക്കോടതിക്ക് അധികാരിത നൽകുന്നതിനായി വ്യവഹാര കാരണത്തിന്റെ ഒരു ഭാഗമെങ്കിലും ആ കോടതിയുടെ പ്രാദേശികാധികാരിതക്കുള്ളിൽ ഉത്ഭവിച്ചിരുന്നുവെന്ന് എൻ.ഐ.സി.സി.ഒ തെളിയിക്കേണ്ടതാണ്. അത് റിട്ട് ഹർജിയിലെ അതിന്റെ കേസിന് ഏറ്റവും നല്ലതാണ്.

6. "വ്യവഹാരകാരണം" എന്ന പദപ്രയോഗം ഹർജിക്കാരൻ തെളിയിക്കേണ്ട വസ്തുതകളുടെ ഭാണ്ഡം എന്നർത്ഥമാക്കുന്നതും, മറുകക്ഷിയുടെ ആരോപണങ്ങൾ നിഷേധിക്കപ്പെട്ടാൽ, അയാൾക്ക് അനുകൂലമായ കോടതിയാലുള്ള ഒരു വിധിന്യായത്തിന് അയാൾക്ക് അവകാശ മുണ്ടായിരിക്കുകയും ചെയ്യും എന്നുള്ളത് കൃത്യമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. *ചന്ദ്കൗർ* അഭി *പർത്താബ് സിംഗ്* എന്ന കേസിൽ വാട്സൺ പ്രഭു പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്:-

"....... വ്യവഹാരകാരണത്തിന് പ്രതി സ്ഥാപിക്കാവുന്ന പ്രതിവാദവുമായി എന്തു തന്നെയായാലും യാതൊരു ബന്ധവുമില്ല, അത് വാദി അഭ്യർത്ഥിച്ചിട്ടുള്ള നിവൃത്തിയുടെ സ്വഭാവത്തെ ആശ്രയിക്കുന്നുമില്ല. അത് തികച്ചും അന്യായത്തിൽ വ്യവഹാര കാരണ മായി പ്രതിപാദിച്ചിട്ടുള്ള കാരണത്തെ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഏത് സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയാണോ വാദി, തനിക്ക് അനുകൂലമായ ഒരു തീരുമാന ത്തിൽ എത്തിച്ചേരുവാൻ കോടതിയോട് ആവശ്യപ്പെടുന്നത് അവയെ പരാമർശിക്കുന്നു".

ആയതിനാൽ, പ്രാദേശികാധികാരിത ഇല്ലെന്നുള്ള ആക്ഷേപം തീരുമാനിക്കുന്നതിൽ കോടതി വ്യവഹാരകാരണത്തിന് അനുകൂല മായി വാദിച്ചിട്ടുള്ള എല്ലാ വസ്തുതകളെയും, പ്രസ്തുത വസ്തുതകൾ ശരിയാണെന്നുള്ള തിനെയോ മറ്റ് തരത്തിലുള്ളതാണെന്ന തിനെയോ കുറിച്ചുള്ള ഒരു അന്വേഷണത്തിൽ പ്രവേശിക്കാതെ, പരിഗണനയ്ക്ക് എടുക്കേണ്ട താണ്. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, ഒരു റിട്ട് ഹർജി സ്വീകരിക്കുവാൻ ഒരു ഹൈക്കോടതിയ്ക്ക് പ്രാദേശികാധികാരിത യുണ്ടോ എന്ന ചോദ്യത്തിന് ഹർജിയിൽ നടത്തിയിട്ടുള്ള പ്രസ്താവനകളുടെ അടിസ്ഥാന ത്തിൽ ഉത്തരം നൽകേണ്ടതാണ്, അതിന്റെ സത്യമോ മറ്റ് പ്രകാരമോ എന്നുള്ളത് സാരവത്ത ല്ലാത്തതാണ്. ഇതിനെ വ്യത്യസ്തമായി പറഞ്ഞാൽ, പ്രാദേശികാധികാരിതാപ്രശ്നം ഹർജിയിൽ വാദിച്ചിട്ടുള്ള വസ്തുതകളിന്മേൽ തീരുമാനിക്കേണ്ടതാണ്. അതുകൊണ്ട്, ഇപ്പോഴത്തെ കേസിൽ ആരോപിക്കപ്പെട്ട വസ്തുതകളിൻമേൽ പോലും തർക്കത്തിലുള്ള റിട്ട് ഹർജി സ്വീകരിക്കുവാനും തീരുമാനിക്കു വാനും കൽക്കട്ട ഹൈക്കോടതിക്ക് അധികാരിത ഉണ്ടായിരുന്നുവോ എന്ന ചോദ്യം, വ്യവഹാര കാരണത്തിന്റെ ഒരു ഭാഗം കൽക്കട്ട ഹൈക്കോടതിയുടെ അധികാരിതക്കുള്ളിൽ ഉത്ഭവിച്ചിരുന്നുവെന്ന് സ്ഥാപിക്കുവാൻ 5, 7, 18, 22, 26, 43 എന്നീ ഖണ്ഡികകളിൽ നടത്തിയിട്ടുള്ള പ്രസ്താവനകൾ നിയമത്തിൽ മതിയായതാണോ എന്നതിനെ ആശ്രയിച്ചിരി ക്കേണ്ടതാണ്.

(ii) *യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും* അഭി *അദാനി എക്സ്പോർട്സ് ലിമിറ്റഡും മറ്റൊരാളും* ((2002) 1 എസ്.സി.സി 567) എന്ന കേസിൽ ഒരു കമ്പനിയുടെ രജിസ്റ്റേഡ് ആഫീസ് നിലനിന്നിരുന്നത്മാത്രം, ഏത് ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളി ലാണോ ആ കമ്പനിയുടെ രജിസ്റ്റേഡ് ആഫീസ് സ്ഥിതിചെയ്തിരുന്നത്, അതിന് സ്വതസിദ്ധം ഒരു വ്യവഹാരകാരണം നൽകുന്നുവെന്ന വാദത്തെ സുപ്രീംകോടതി തള്ളിപ്പറഞ്ഞിരുന്നു. അപ്രകാരം ചെയ്യുമ്പോൾ, പരാതിതന്നെ മറ്റൊരു കോടതിയുടെ പ്രാദേശികാധികാര പരിധി ക്കുള്ളിൽ ഫയൽചെയ്യപ്പെട്ടിരുന്നാൽ തന്നെയും, ഏത് ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളിലാണോ അന്വേഷണം തുടർന്നുകൊണ്ടിരുന്നത് അതിന് മുൻപാകെ ഒരു റിട്ട് ഹർജി നിലനിർത്തുവാൻ കഴിഞ്ഞി രുന്നുവെന്ന ദൃഢപ്രസ്താവത്തിന് മുൻ കീഴ്വഴക്കങ്ങൾ ഉണ്ടായിരുന്നുവെന്ന സുപ്രീംകോടതിയുടെ *നവീൻചന്ദ്ര* അഭി *മഹാരാഷ്ട്ര സർക്കാർ* ((2000)7 എസ്.സി.സി 640) എന്ന കേസിലെ മുൻ വിധിയിൽ ആശ്രയം അർപ്പിച്ചു കൊണ്ടുള്ള അപ്പീൽവാദിക്കു വേണ്ടിയുള്ള വാദം കോടതി ശ്രദ്ധയിൽ എടുത്തു. ഒരു ക്രിമിനൽ തർക്കം ഉൾപ്പെടുന്ന ഒരു കാര്യത്തിൽ അങ്ങനെയുള്ള തർക്കത്തിന്റെ അനന്തരഫലങ്ങൾ ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരം ഉറപ്പ് നൽകപ്പെട്ടിട്ടുള്ള ഒരു പൗരന്റെ വ്യക്തിപരമായ സ്വാതന്ത്ര്യവുമായി നേരിട്ടുള്ള ഒരു ബന്ധം സാധ്യമാകാവുന്ന താണെന്ന് തുടർന്ന് കോടതി സ്പഷ്ടീകരിച്ചു.

അങ്ങനെയുള്ള കേസുകളിൽ അപേക്ഷകന്റെ താമസസ്ഥലത്തിൻ മേൽ അധികാരിതയുള്ള കോടതിക്ക് ആ പൗരൻ സമർപ്പിച്ച ഒരു റിട്ട് ഹർജി സ്വീകരിക്കുവാനുള്ള അധികാരിത ഉണ്ടായിരിക്കുന്നതാണ്.

(iii) *കുസും ഇൻഗോട്ട്സ്& അലോയിസ് ലിമിറ്റഡ്* അഭി യൂണിയ*ൻ ഓഫ് ഇന്ത്യ* ((2004) 6 എസ്.സി.സി 254) എന്ന കേസിൽ വ്യവഹാര കാരണത്തിന്റെ ഒരു ചെറിയ ഭാഗം ഹൈക്കോടതിയുടെ പ്രാദേശികാധികാരിത യ്ക്കുള്ളിൽ ഉത്ഭവിക്കുന്നെങ്കിൽപോലും, ആയത് യഥാർത്ഥയോഗ്യതകളിന്മേൽ ആ വിഷയത്തെ തീരുമാനിക്കുവാൻ ഹൈക്കോടതിയെ നിർബന്ധിക്കുന്ന ഒരു നിർണ്ണായക ഘടകമായി പരിഗണിക്കപ്പെടാ വുന്നതല്ല എന്ന് സ്പഷ്ടീകരിക്കപ്പെടുക യുണ്ടായി. ഉചിതമായ കേസുകളിൽ, ഒരു പ്രത്യേക തർക്കം തീരുമാനിക്കുവാനുള്ള കോടതി എന്ന തത്വം വിനിയോഗിച്ചുകൊണ്ട് കോടതിക്ക് അതിന്റെ വിവേചനാധികാരിത വിനിയോഗിക്കുവാൻ വിസമ്മതിക്കാവുന്നതാണ്.

9. *റീഡ്* അഭി *ബ്രൗൺ* (1888 (22) ക്യൂ.ബി.ഡി 128) എന്ന കേസിൽ "വ്യവഹാരകാരണം" എന്നാൽ, "വാദി മറുകക്ഷിയുടെ ആരോപണ ങ്ങൾ നിഷേധിച്ചാൽ, കോടതിയുടെ വിധി ന്യായത്തിനുള്ള തന്റെ അവകാശത്തെ പിന്തുണയ്ക്കുവാനായി തെളിയിക്കുവാൻ അവശ്യമായിട്ടുള്ള ഓരോ വസ്തുതയുമാണ്. അതിൽ ഓരോ വസ്തുതയും തെളിയിക്കുവാൻ അവശ്യമായ എല്ലാ തെളിവ് ശകലവും ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ, അവശ്യമായി തെളിയിക്കപ്പെടേണ്ട എല്ലാ വസ്തുതയും ഉൾപ്പെട്ടിട്ടുള്ളതും ആകുന്നു" എന്ന് എം.ആർ. എഷർ പ്രഭു നിർവ്വചിച്ചിട്ടുണ്ട്. കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചിട്ടുള്ളതും സ്ഥിരമായി അംഗീകരിയ്ക്കപ്പെട്ടിട്ടുള്ളതും സുപ്രീംകോടതിയുടെ ഒരുപാട് വിധി ന്യായങ്ങളിൽ ബാധകമാക്കപ്പെട്ടിട്ടുള്ളതും ആയ ഈ നിർവ്വചനത്തിന്റെ വെളിച്ചത്തിൽ, നമ്മുടെ മുമ്പാകെയുള്ള കേസിൽ അപ്പീൽവാദിക്ക് ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരമുള്ള നടപടികളിൽ ഈ കോടതി മുമ്പാകെ അയാൾക്ക് ശക്തിപൂർവ്വം വാദിക്കുവാൻ കഴിയുന്ന ഒരു വ്യവഹാര കാരണം ഉണ്ടോ എന്ന് കണ്ടെത്തുവാനായി വാദങ്ങളെ പരിശോധിക്കുവാൻ ഞങ്ങൾ ഇപ്പോൾ മുന്നോട്ട് പോകേണ്ടതാണ്.

10. ഈ കേസിൽ, ഈ ഹൈക്കോടതിക്ക് പ്രാദേശിക അധികാരിത നൽകുന്ന ഒരു വ്യവഹാരകാരണം അപ്പീൽവാദിക്കുണ്ടെന്ന് വാദിക്കുവാൻ താഴെപ്പറയുന്ന വസ്തുതകളെ അയാൾ ആശ്രയിക്കുന്നതായി വാദങ്ങളുടെ സൂക്ഷ്മമായ ഒരു വായന, വെളിപ്പെടുത്തുന്നു.

(i) കേരളത്തിലെ തലശ്ശേരിയിൽ താമസി ക്കുന്ന ഒരാളാണ് അപ്പീൽവാദി.

(ii) എം. ബി. ബി. എസ്. കോഴ്സിനുള്ള സെലക്ഷനുവേണ്ടി കേരളത്തിലെ തലശ്ശേരിയിൽ നിന്നും മൂന്നാം എതിർ കക്ഷിവിദ്യാസ്ഥാപനത്തിൽ അയാൾ അപേക്ഷിക്കുകയും എൻട്രൻസ് പരീക്ഷ എഴുതുവാൻ അയാളെ പ്രാപ്തനാക്കുന്ന ഹാൾ ടിക്കറ്റ് തലശ്ശേരിയിൽ വച്ച് അയാൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

(iii) സെൻട്രൽ പൂൾ സീറ്റുകളിലേക്കുള്ള നാമനിർദ്ദേശത്തിനുള്ള അയാളുടെ അപേക്ഷയും ഒന്നും രണ്ടും എതിർകക്ഷികളുടെ മുൻപാകെ തലശ്ശേരിയിൽ നിന്നും സമർപ്പി ച്ചിരുന്നു.

(iv) അയാൾക്ക് എതിരായ ഏതെങ്കിലും പ്രതികൂല തീരുമാനത്തിന്റെ ഫലം പോലെ ഏതെങ്കിലും തീരുമാനം അറിയിക്കാതിരിക്കലും, അയാൾ താമസിച്ചിരുന്ന തലശ്ശേരിയിലുള്ള അയാളുടെ അവകാശങ്ങളെ ബാധിക്കുന്നതാണ്.

പ്രസ്തുത വസ്തുതകളുടെ അടിസ്ഥാന ത്തിലാണ് അപ്പീൽവാദി, മൂന്നാം എതിർകക്ഷി വിദ്യാസ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിനു വേണ്ടി സെൻട്രൽ പൂൾ സീറ്റുകളിലേക്ക് നാമനിർദ്ദേശത്തിനുള്ള തന്റെ അപേക്ഷ പരിഗണിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അധികാര സ്ഥാനങ്ങളായ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരായി നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നത്. ഒന്നും രണ്ടും എതിർ

കക്ഷികൾ എടുക്കേണ്ട തീരുമാനം അത്യന്താപേക്ഷിതമായി സെൻട്രൽ പൂൾ സീറ്റുകളിലേയ്ക്ക് ഒരു നാമനിർദ്ദേശത്തിനുള്ള ആനുകൂല്യത്തിന് അപ്പീൽവാദിയുടെ അർഹത തീരുമാനിക്കുന്ന ഒന്നാണ്. ആയതിനാൽ, അപ്പീൽവാദി ഉന്നയിക്കുന്ന അവകാശം, "പ്രതിരോധ ഉദ്യോഗസ്ഥന്റെ രക്ഷാദീനൻ" (ward of defence personnel) എന്ന നിലയിൽ നാമനിർദ്ദേശത്തിനുള്ള തന്റെ സ്ഥാനാർത്ഥിത്വത്തിന്റെ ന്യായമായ പരിഗണനയ്ക്കുള്ള അവകാശമാണ്. അപ്പീൽവാദി നാമനിർദ്ദേശത്തിനുള്ള തന്റെ സ്ഥാനാർത്ഥിത്വത്തിന്റെ ന്യായമായ പരിഗണനയ്ക്കുള്ള അവകാശം സ്ഥാപിക്കുന്നതിനായി തെളിയിക്കേണ്ടിയിരുന്ന, ഈ കോടതിയുടെ പ്രാദേശികാധികാരപരിധികളുമായി ഒരു ബന്ധമുള്ള, ഏതെങ്കിലും വസ്തുതയുണ്ടെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. തീരുമാനം, ഒന്നും രണ്ടും എതിർകക്ഷികൾ അവ സ്ഥിതിചെയ്യുന്ന ന്യൂഡൽഹിയിൽ വച്ചും അപ്പീൽവാദി അവർക്ക് ലഭ്യമാക്കിയ പ്രസക്തമായ വസ്തുവിന്റെ അടിസ്ഥാനത്തിലും എടുക്കേണ്ടിയിരുന്ന ഒന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽവാദി ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരമുള്ള തന്റെ അവകാശങ്ങൾ ശക്തമായി വാദിക്കുന്നതിനുവേണ്ടി ന്യൂഡൽഹിയിലെ ഹൈക്കോടതിയെ സമീപിക്കേണ്ടിയിരുന്നു. ഇപ്പോഴത്തെ കേസിൽ യാതൊരു വ്യവഹാര കാരണവും, പൂർണ്ണമായോ ഭാഗികമായോ ഈ കോടതിയുടെ അധികാരിതാ പരിധിക്കുള്ളിൽ ഉത്ഭവിക്കുന്നില്ലായെന്നതാണ് ഞങ്ങളുടെ വീക്ഷണം. ആയതിനാൽ അപ്പീൽ പരാജയപ്പെടുകയും അതിന് അനുസൃതമായി അത് തള്ളിക്കളയുകയും ചെയ്യപ്പെടുന്നു. ചെലവുകൾ യാതൊന്നുമില്ല.

*[2014(3) കെ.എൽ.റ്റി 171]*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് വി.കെ. മോഹനൻ**

**&**

**ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ്**

**ഡോ. സിഡ്ഡു.കെ. രാജൻ**

**അഭി**

**ഡോ. അജിത്. എം**

**ആദ്യ ഹർജി (കുടുംബ കോടതി) നമ്പർ 309/2014 (ആർ)**

2014 ജൂലൈ 4-ന് വിധി പ്രസ്താവിച്ചത്

**ഹിന്ദു വിവാഹ ആക്റ്റ് (1955-ലെ 25), വകുപ്പ് 13 ബി (2)-കുടുംബ കോടതി ആക്റ്റ് (1984-ലെ 66), വകുപ്പ് 7-പരസ്പര സമ്മത ത്തോടെയുള്ള വിവാഹ മോചനം- കുടുംബ കോടതിയുടെ അധികാരങ്ങൾ- ആക്റ്റിലെ വകുപ്പ് 13-ബി (2)-ൽ നിർണ്ണയിച്ചിട്ടുള്ള ആറ് മാസ കാലാവധി വേണ്ടെന്നുവയ്ക്കുവാനും പ്രസ്തുത കാലാവധി അവസാനിക്കുന്നതിന് മുമ്പ് അപേക്ഷ സമർപ്പിക്കാൻ കക്ഷികളെ അനുവദിക്കുവാനും കുടുംബ കോടതിയ്ക്ക് കഴിയുന്നതല്ല.**

## വിധിന്യായം

*ജസ്റ്റിസ് എ. ഹരിപ്രസാദ്*

ആദ്യ ഹർജി ഭാരതത്തിന്റെ ഭരണഘടന യുടെ 227-ാം അനുച്ഛേദപ്രകാരം ഫയൽ ചെയ്തിട്ടുള്ളതാണ്. ഹർജിക്കാരി താഴെ പറയുന്ന നിവൃത്തികൾ ആവശ്യപ്പെടുന്നു:

"(i) ആദ്യഹർജി നം. 708/2014 ആറുമാസ കാലയളവ് വേണ്ടെന്നു വച്ചുകൊണ്ടും അടുത്ത വിചാരണ തീയതികൊണ്ടും സത്വരമായി തീർപ്പാക്കുവാൻ തൃശ്ശൂർ കുടുംബ കോടതിയിലെ പാണ്ഡിത്യമുള്ള ജഡ്ജിയ്ക്ക് ഒരു നിർദ്ദേശം നൽകുക;

(ii) കേസിന്റെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അഭ്യർത്ഥിക്കപ്പെടാവുന്നതും ഈ ബഹു. കോടതി ഉചിതമെന്നു കരുതാവുന്നതുമായ അങ്ങനെയുള്ള മറ്റ് ഉത്തരവുകളും നിർദ്ദേശവും പുറപ്പെടുവിക്കുക".

2. വസ്തുതകളുടെ കാതൽ:

ഹർജിക്കാരി എതിർകക്ഷിയുടെ ഭാര്യയാണ്. സമ്മതിച്ചിട്ടുള്ളപ്രകാരം, അവർ 1955-ലെ ഹിന്ദു വിവാഹ ആക്റ്റിനാൽ (ചുരുക്കത്തിൽ "ആക്റ്റ്") അനുശാസിക്കപ്പെടുന്ന ഹിന്ദുക്കളാകുന്നു. അവരുടെ വിവാഹം 10-7-2009-ൽ ചടങ്ങു കളനുസരിച്ച് നടത്തപ്പെടുകയുണ്ടായി.

3. വൈവാഹിക സുഖസന്തോഷം ദീർഘ കാലം നീണ്ടുനിന്നില്ല. ക്രമേണ അവരുടെ ബന്ധം വഷളായിത്തീർന്നു. ഒടുവിൽ, ഭാര്യാ-ഭർത്താക്കന്മാരായി ഒരുമിച്ച് ജീവിക്കുന്നത് അസാദ്ധ്യമെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. ഭാര്യ 2014-ലെ ആദ്യഹർജി (കുടുംബ കോടതി) 59/ 2014 ലുമായി ഭാര്യ ഈ കോടതിയെ സമീപിച്ചതു കൊണ്ട്, കക്ഷികൾക്ക് ഇടയിൽ മുൻപ് ഒരു വ്യവഹാരവലയം ഉണ്ടായിട്ടുള്ളതാണ്. ആ നടപടികളിൽ, അഭിപ്രായ വ്യത്യാസങ്ങൾ മദ്ധ്യസ്ഥതയിൽ ഒത്തുതീർപ്പാക്കുവാനുള്ള

ഒരവസരത്തിന് ശ്രമിക്കുവാൻ കക്ഷികളോട് ഈ കോടതി നിർദ്ദേശിക്കുകയുണ്ടായി. ആ നിർദ്ദേശത്തി നനുസൃതമായി, കക്ഷികൾ കേരള മീഡിയേഷൻ സെന്ററിനെ സമീപിച്ചു. കക്ഷികൾ തമ്മിൽ മറ്റു വ്യവഹാരങ്ങളും നിലവിലുണ്ടായിരുന്നു എന്നതുകൂടി ശ്രദ്ധിക്കേണ്ടതാണ്. എല്ലാ തർക്കങ്ങളും കക്ഷികൾ മദ്ധ്യസ്ഥതയിൽ ഒത്തുതീർത്തു. കക്ഷികൾ തമ്മിൽ ഒപ്പിട്ടു പൂർത്തീകരിച്ച 2014 മാർച്ച് 24-ലെ മദ്ധ്യസ്ഥ ഒത്തുതീർപ്പ് കരാർ പ്രകാരം, ആദ്യഹർജി (കുടുംബ കോടതി) 59/2014 ഈ കോടതി എക്സിബിറ്റ് പി-4 വിധിന്യായം മുഖേന തീർപ്പാക്കി. മദ്ധ്യസ്ഥ ഒത്തുതീർപ്പ് കരാറിന്റെ ഒരു പകർപ്പ് എക്സിബിറ്റ് പി-4 വിധിന്യായത്തോട് കൂട്ടിച്ചേർത്തിരിക്കുന്നു. മദ്ധ്യസ്ഥ ഒത്തുതീർപ്പ് കരാറിൽ സമ്മതിച്ച പ്രകാരം, ഹർജിക്കാരിയും എതിർകക്ഷിയും തൃശൂർ കുടുംബ കോടതി മുമ്പാകെ ആക്റ്റിലെ 13 ബി വകുപ്പ് പ്രകാരം വിവാഹ മോചനത്തിനുള്ള ഒരു ഹർജി കൂട്ടായി ഫയൽ ചെയ്യുകയുണ്ടായി. ഹർജിയുടെ ഒരു പകർപ്പ് ഹാജരാക്കിയിട്ടുള്ളതും എക്സിബിറ്റ് പി-1 ആയി അടയാളപ്പെടുത്തിയിട്ടുള്ളതുമാണ്. ഹർജിക്കാരി കുടുംബ കോടതി മുമ്പാകെ ആക്റ്റിലെ 13 ബി (2) വകുപ്പു പ്രകാരം നിർണ്ണയിച്ചിട്ടുള്ള ആറുമാസ കാത്തിരിപ്പ് കാലാവധി വേണ്ടെന്നുവയ്ക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ഫയൽ ചെയ്ത വ്യവഹാര മദ്ധ്യേയുള്ള അപേക്ഷയാണ് എക്സിബിറ്റ്പി-2. ഹർജിയുടെ വാദതീയതി മുൻകൂട്ടിയാക്കുന്നതിന് കുടുംബ കോടതി മുമ്പാകെ ഫയൽ ചെയ്തിരിക്കുന്ന അപേക്ഷയാണ് എക്സിബിറ്റ്പി-3. ഈ അപേക്ഷകൾ കുടുംബ കോടതി പരിഗണിച്ചില്ല. അതുകൊണ്ട് ഹർജിക്കാരി ഈ കോടതി മുമ്പാകെ വന്നിട്ടുള്ളതാണ്.

4. ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ.കാളീശ്വരൻ രാജിനെ കേൾക്കുകയുണ്ടായി. ഈ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള പ്രധാന വിഷയങ്ങൾക്ക് ബാധകമാകുന്ന, നിർബന്ധിതവും നീതി പൂർവ്വകവുമായ കീഴ്വഴക്കങ്ങൾ ശ്രദ്ധിച്ചു കൊണ്ട് എതിർകക്ഷിയ്ക്ക് ഒരു നോട്ടീസ് അയയ്ക്കാതെ തന്നെ ഈ വിഷയം തീർപ്പാക്കാൻ കഴിയുമെന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

5. ആക്റ്റിന്റെ 13 ബി വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള ആറുമാസ കാത്തിരിപ്പ് കാലാവധി ഉചിതമായ കേസുകളിൽ വേണ്ടെന്നു വയ്ക്കുവാൻ കുടുംബ കോടതിയ്ക്ക് അധികാരമുണ്ടെന്ന വാദം ബലപ്പെടുത്തുന്നതിനായി വളരെയധികം വിധിന്യായങ്ങളെ ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ആശ്രയിച്ചിട്ടുള്ളതാണ്. ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് നൽകിയിട്ടുള്ള ഒരു വിധിന്യായമായ *ലക്ഷ്മിപ്രസാദ്* അഭി *ഹരീഷ്.ജി. പണിക്കർ* (2014 (1) കെ.എൽ.റ്റി 850): (2014 എ.ഐ.ആർ സിസി 2095 (കേരള)) എന്ന കേസിലെയും *പ്രിയങ്ക ഖന്ന* അഭി *അമിത് ഖന്ന* (2012 (1) കെ.എൽ.റ്റി 249 (എസ്.സി)) എന്ന കേസിലെയും റേഷ്യോ വിശദമായി ഞങ്ങൾ പരിഗണിക്കേണ്ട ആവശ്യം മാത്രമേയുള്ളൂ. മറ്റ് വിധിന്യായങ്ങൾ വിവിധ ഹൈക്കോടതികൾ പുറപ്പെടുവിച്ചിട്ടുള്ളതും അനുനയിപ്പിക്കുന്ന മൂല്യം മാത്രം ഉള്ളതുമാണ്. ഈ വിധിന്യായങ്ങളുടെ വ്യാപ്തിയും ബാധകതയും ഈ വിധിന്യായത്തിലെ രണ്ടാം ഭാഗത്തിൽ ഞങ്ങൾ പരിഗണിക്കുന്നതാണ്.

6. സ്പഷ്ടതയ്ക്ക് വേണ്ടി ആക്റ്റിലെ 13 ബി വകുപ്പ് താഴെ ഉദ്ധരിക്കുന്നു:

"*പരസ്പര സമ്മതത്തോടെയുള്ള വിവാഹ മോചനം.*-(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു വിവാഹമോചന വിധി മുഖേന വിവാഹം വേർപെടുത്തുന്നതിനുള്ള ഒരു ഹർജി വിവാഹത്തിലെ ഇരുകക്ഷികൾക്കും ഒരുമിച്ച്, അങ്ങനെയുള്ള വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്തപ്പെട്ടത് 1976-ലെ വിവാഹ നിയമങ്ങൾ (ഭേദഗതി) ആക്റ്റിന്റെ (1976-ലെ 68) പ്രാരംഭത്തിന് മുമ്പോ പിമ്പോ ആയിരുന്നാലും, അവർ ഒരു വർഷമോ അതിൽ കൂടുതലോ ആയ ഒരു കാലയളവിലേയ്ക്ക് വേർപിരിഞ്ഞ് ജീവിച്ചു വരികയാണെന്നും ഒരുമിച്ച് ജീവിക്കുവാൻ അവർക്ക് സാധ്യമായിരുന്നില്ലെന്നും വിവാഹം വേർപെടുത്തേണ്ടതാണെന്നും അവർ പരസ്പരം സമ്മതിച്ചിട്ടുണ്ടെന്നും ഉള്ള കാരണത്തിന്മേൽ, ജില്ലാകോടതിയിൽ സമർപ്പിക്കാവുന്നതാണ്.

(2) ഒന്നാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഹർജി സമർപ്പിച്ച തീയതിക്കുശേഷം ആറു മാസം മുമ്പല്ലാതെയും പ്രസ്തുത തീയതിയ്ക്ക് ശേഷം പതിനെട്ട് മാസങ്ങൾ കഴിയാതെയും ഇരുകക്ഷികളും ആവശ്യപ്പെടുന്നതിന്മേൽ, അതിനിടയിൽ ആ ഹർജി പിൻവലിക്കപ്പെടുന്നില്ലെങ്കിൽ, കോടതി, കക്ഷികളെ കേട്ടതിനുശേഷവും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനു ശേഷവും ഒരു വിവാഹം ചടങ്ങുകൾ അനുസരിച്ച് നടത്തപ്പെട്ടിട്ടുണ്ടെന്നും ഹർജിയിലെ പ്രസ്താവനകൾ ശരിയാണെന്നും ബോദ്ധ്യപ്പെടുന്നതിന്മേൽ, വിധിയുടെ തീയതി മുതൽ പ്രാബല്യത്തോടു കൂടി ആ വിവാഹം വേർപെടുത്തപ്പെടേണ്ടതാണെന്ന് പ്രഖ്യാപിച്ചു കൊണ്ടുള്ള ഒരു വിവാഹമോചന വിധി പാസ്സാക്കേണ്ടതാണ്".

7. ആക്റ്റിലെ 13 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, (27-05-1976 മുതൽ പ്രാബല്യത്തോടു കൂടിയ) 1976-ലെ 68-ാം ആക്റ്റ് മുഖേനയുള്ള ആക്റ്റിന്റെ ഭേദഗതിയുടെ പ്രാരംഭത്തിനു മുമ്പോ ശേഷമോ ചടങ്ങുകൾ അനുസരിച്ച് നടത്തപ്പെട്ട വിവാഹങ്ങൾക്ക് ബാധകമാണ്. ആക്റ്റിലെ 13 ബി വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ ഒരു സൂക്ഷ്മ പരിശോധനയിൽ, ഈ വ്യവസ്ഥ പ്രകാരം ഒരു ഹർജി ഫയൽ ചെയ്യുന്നതിനുള്ള വ്യവഹാര കാരണം വിവാഹത്തിലെ കക്ഷികൾ ഒരു വർഷമോ അതിൽ കൂടുതലോ ആയ ഒരു കാലയളവിലേയ്ക്ക് വേർപെട്ട് ജീവിച്ചുവരുകയാണെന്നും ഒരുമിച്ച് ജീവിക്കുവാൻ അവർക്ക് കഴിയാതിരിക്കുകയാണെന്നും ഉള്ള കാരണത്താൽ സിദ്ധിക്കുന്ന താണെന്ന് കാണുവാൻ കഴിയുന്നതാണ്. മുൻപറഞ്ഞ കാരണങ്ങളാൽ വിവാഹം വേർപെടുത്ത പ്പെടേണ്ടതാണെന്ന് കക്ഷികൾ പരസ്പരം സമ്മതിച്ചി ട്ടുണ്ടെന്നുള്ളതാണ് കാതലായ മുൻ ആവശ്യകോപാധി.

8. പരസ്പര സമ്മതം മുഖേന വിവാഹ മോചനത്തിനുള്ള ഹർജി ഫയൽ ചെയ്തതിനു ശേഷം സ്വീകരിക്കേണ്ടതായ നടപടികൾ ആക്റ്റിലെ 13 ബി (2) വകുപ്പിൻകീഴിൽ വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു. ഈ വകുപ്പു പ്രകാരമുള്ള നിവൃത്തി ആവശ്യപ്പെടുന്നതിനുവേണ്ടിയുള്ള ഒരു ഹർജി ഫയൽ ചെയ്യുന്നതിന് ആറുമാസ കാലയളവ് അത് നിർണ്ണയിക്കുന്നു. കക്ഷികൾ ഹർജി ഫയൽ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള പരമാവധി സമയപരിധി 18 മാസമാണ്. ഹർജി ഫയൽ ചെയ്യുന്ന തീയതിയ്ക്ക് ആറുമാസത്തിനു ശേഷവും പ്രസ്തുത തീയതിയ്ക്കു ശേഷം 18 മാസം അവസാനിക്കുന്നതിനു മുമ്പും വിവാഹ മോചനത്തിനുള്ള ഒരു ഹർജി കക്ഷികൾ ഫയൽ ചെയ്യുകയാണെങ്കിലും അതിനിടയിൽ ഹർജി പിൻവലിയ്ക്കാതിരിക്കുകയാണെങ്കിലും കോടതി കക്ഷികളെ കേൾക്കുകയും ഉചിതമായ അന്വേഷണം നടത്തുകയും ചെയ്യേണ്ടതാണെന്ന് ആ വ്യവസ്ഥ വെളിവാക്കുന്നു. കൂടാതെ ആക്റ്റിലെ 13 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന കാരണങ്ങൾ ആ തീയതിയിൽ പോലും തുടർന്നിരുന്നുവെന്നും ഹർജിയിലെ പ്രസ്താവനകൾ സത്യമാണെന്നും ബോദ്ധ്യപ്പെട്ടതിന്മേൽ, അനന്തരം, കോടതി വിധിയുടെ തീയതി മുതൽ പ്രാബല്യത്തോടു കൂടി വിവാഹം വേർപെടുത്തേണ്ടതാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് ഒരു വിധി പാസ്സാക്കേണ്ടതാണ്. ഹർജിയിലെ പ്രസ്താവനകളുടെ സത്യാവസ്ഥയെക്കുറിച്ച് കോടതി ഒരു അന്വേഷണം നടത്തേണ്ടതാണെന്നത് അനിവാര്യമാണ്. കക്ഷികൾ ഹർജി ഫയൽ ചെയ്യുന്നതിനുവേണ്ടി ആറുമാസ കാത്തിരിപ്പ് കാലയളവ് ഏർപ്പെടുത്തുന്നതിന്റെ പ്രകടമായ ഉദ്ദേശ്യം പുനഃസമാഗമത്തിന്റെ സാധ്യത ആരായുന്നതിനുവേണ്ടിയാണ്. ആക്റ്റിലെ 13 ബി (1) വകുപ്പുപ്രകാരം ഫയൽ ചെയ്ത ഹർജിയുടെ കാലപരിധി 18 മാസമാണ്. അതുകൊണ്ട് കക്ഷികൾക്ക്, അവർ അപ്രകാരം തെരഞ്ഞെടുക്കുന്നുവെങ്കിൽ, വിവാഹം നിലനിർത്തേണ്ടതുണ്ടോ അല്ലെങ്കിൽ ഒരു വിവാഹമോചന വിധി മുഖേന അത് അവസാനിപ്പിയ്ക്കേണ്ടതുണ്ടോ എന്നതിനെ കുറിച്ചുള്ള ആലോചനയ്ക്ക് ഒരു വർഷം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്.

9. ഒരു വിവാഹമോചന വിധി മുഖേന വിവാഹം വേർപെടുത്തുന്നതിനുള്ള ഏതൊരു

ഹർജിയും അത് ഫയൽ ചെയ്യുന്ന തീയതിയിൽ, വിവാഹ തീയതി മുതൽ ഒരു വർഷം കഴിഞ്ഞിട്ടില്ലാത്തപക്ഷം, ഒരു കോടതിയ്ക്കും പരിഗണനയ്ക്കെടുക്കുവാൻ ക്ഷമത ഉണ്ടായിരിക്കുന്നതല്ല എന്ന് പ്രതിപാദിക്കുന്ന ആക്റ്റിലെ 14-ാം വകുപ്പിന് 13 ബി വകുപ്പ് വിധേയമായിരിക്കുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ആക്റ്റിലെ 14-ാം വകുപ്പ് അങ്ങനെയാണെങ്കിൽ തന്നെയും എന്ന ഒരു ഉപവാക്യത്തോടുകൂടി ആരംഭിക്കുന്നതും ഇത്, ആ വകുപ്പിലുള്ള സമയനിബന്ധന, ആക്റ്റിലെ 13 ബി വകുപ്പിനും കൂടി ബാധകമാകുന്നുവെന്ന വ്യക്തമായ ഒരു സൂചന നൽകുകയും ചെയ്യുന്നു. അതിനുപുറമെ, പരസ്പര സമ്മതം മുഖേന വിവാഹമോചനത്തിനുള്ള ഒരു ഹർജി ഫയൽ ചെയ്യുവാനുള്ള അവകാശം ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമാണെന്നും ആക്റ്റിലെ 13 ബി വകുപ്പ് പ്രതിപാദിക്കുന്നു, അതുവഴി ഇത് ആക്റ്റിന്റെ 14-ാം വകുപ്പിന് അധീനമാണെന്ന് അർത്ഥമാകുന്നു.

10. ആക്റ്റിലെ 13 ബി (2) വകുപ്പിൽ നിർണ്ണയിച്ചിട്ടുള്ള ആറുമാസ കാലാവധി വേണ്ടെന്നുവയ്ക്കുവാനും പ്രസ്തുത കാല അളവ് അവസാനിക്കുന്നതിന് മുമ്പ് ഹർജി ഫയൽ ചെയ്യുവാൻ കക്ഷികളെ അനുവദിക്കുവാനും കുടുംബക്കോടതിയ്ക്ക് കഴിയുമോ എന്നുള്ളതാണ് ഈ കേസിലെ വിഷമിപ്പിക്കുന്ന ചോദ്യം. സ്റ്റാറ്റ്യൂട്ട് മുഖേന നിശ്ചയിച്ചിട്ടുള്ള കാത്തിരിപ്പ് കാലാവധി വേണ്ടെന്നുവയ്ക്കുവാൻ കുടുംബ കോടതിയ്ക്ക് അധികാരമില്ലെങ്കിൽ പിന്നെ അപേക്ഷിച്ച പ്രകാരമുള്ള യാതൊരു നിർദ്ദേശവും നൽകുവാൻ ഈ കോടതിയ്ക്ക് കഴിയുന്നതല്ല.

11. ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ, *ലക്ഷ്മി പ്രസാദിന്റെ* (2014 എ.ഐ.ആർ. സി.സി 2095 (കേരള)) (മുകളിലെ) കേസിനെയും *പ്രിയങ്ക ഖന്നയുടെ* (മുകളിലെ) കേസിനെയും വളരെയധികം ആശ്രയിക്കുകയുണ്ടായി. അവയെ പരിഗണിക്കുന്നതിനു മുമ്പ്, *അഞ്ജന കിഷോർ* അഭി *പുനീത് കിഷോർ* (2002 (10) എസ്.സി.സി 194) എന്ന കേസിലെ പരമോന്നത കോടതിയുടെ വിധി ഞങ്ങൾ പരിഗണിക്കുന്നതാണ്. മുംബൈയിൽ ബാന്ദ്ര കുടുംബ കോടതി മുമ്പാകെ എതിർകക്ഷിയായ ഭർത്താവ് ഫയൽ ചെയ്ത വിവാഹമോചന ഹർജി മാറ്റുന്നതിനായി ഹർജിക്കാരി സുപ്രീം കോടതിയെ സമീപിച്ചു എന്നാണ് ആ വിധിന്യായത്തിലെ വസ്തുതകൾ കാണിക്കുന്നത്. ഉത്തർപ്രദേശിലെ ഷഹരാൻപൂർ കുടുംബ കോടതിയിലേയ്ക്ക് കേസ് മാറ്റുവാൻ അവർ ആവശ്യപ്പെടുകയുണ്ടായി. തർക്കം രമ്യമായി പരിഹരിക്കുന്നതിന് ഉത്തമശ്രമങ്ങൾ നടത്തിയെങ്കിലും, കക്ഷികൾ അവരുടെ ബന്ധം പുനഃസ്ഥാപിക്കുന്നതിന് തയ്യാറല്ലായിരുന്നു. അവർ സുപ്രീംകോടതി മുമ്പാകെ ഒരു അനുരഞ്ജന കരാർ ഫയൽ ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ തുടർന്നുള്ള സംഭവവികാസങ്ങൾ കണക്കിലെടുത്തു കൊണ്ട് സുപ്രീംകോടതി ആക്റ്റിലെ 13 ബി വകുപ്പു പ്രകാരം പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനം അനുവദിക്കുന്നതിനുവേണ്ടി മുംബൈയിലെ ബാന്ദ്ര കുടുംബ കോടതി മുമ്പാകെ ഒരു കൂട്ടുഹർജി ഫയൽ ചെയ്യുവാൻ കക്ഷികളോട് നിർദ്ദേശിച്ചു. വിവാഹമോചനം അനുവദിക്കുന്നതിനുള്ള സമയം കുറയ്ക്കുന്നതിനായി ഒരു അപേക്ഷ ഫയൽചെയ്യുന്നതിന് കൂടി അവരെ അനുവദിക്കുകയും അങ്ങനെയുള്ള അപേക്ഷ കോടതി മുമ്പാകെ സമർപ്പിക്കുന്നതിന്മേൽ ആറുമാസം കാത്തിരിക്കുന്നതിന്റെ ആവശ്യം വേണ്ടെന്നു വയ്ക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുവാൻ സുപ്രീം കോടതി ഭാരതത്തിന്റെ ഭരണഘടനയുടെ 142-ാം അനുച്ഛേദപ്രകാരമുള്ള അതിന്റെ അധികാരം വിനിയോഗിച്ചിരുന്നു എന്നത് വിധിന്യായത്തിൽ നിന്നും വ്യക്തമായി തിരിച്ചറിയാവുന്നതാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ 142-ാം അനുച്ഛേദം സുപ്രീംകോടതിയെ, അതിന്റെ മുമ്പാകെ തീർപ്പാകാതെയുള്ള ഏതെങ്കിലും വ്യവഹാരത്തിലോ വിഷയത്തിലോ സമ്പൂർണ്ണ നീതി നടത്തുന്നതിന് ആവശ്യമായ അങ്ങനെയുള്ള വിധി പാസ്സാക്കുന്നതിനോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനോ അധികാരപ്പെടുത്തുന്നു. അപ്രകാരം പാസ്സാക്കിയ അങ്ങനെയുള്ള ഏതെങ്കിലും

വിധിയോ ഉത്തരവോ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഭാരതത്തിന്റെ ഭൂപ്രദേശം മുഴുവൻ നടപ്പിലാക്കപ്പെടാവുന്നതാണ്. ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം നിലവിലുള്ള നിയമപരമായ ചട്ടക്കൂടിനെ പോഷിപ്പിക്കുന്നതിനാണ് അല്ലാതെ അതിനെ ഇല്ലാതാക്കുന്നതിനല്ല എന്നർത്ഥമാകുന്നു. ഇത് കക്ഷികൾക്കിടയിൽ സമ്പൂർണ്ണ നീതി നടപ്പാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. നിലവിലുള്ള നിയമവ്യവസ്ഥകൾ മുഖേന കാര്യക്ഷമമായും ഉചിതമായും പരിഹരിക്കാൻ കഴിയാത്ത സാഹചര്യങ്ങളെ നേരിടുന്നതിനാണ് ഇത് ഉദ്ദേശിക്കപ്പെടുന്നത്. നൽകപ്പെട്ടിട്ടുള്ള സാഹചര്യത്തിന് യോജിക്കുന്ന നിവൃത്തികൾ രൂപപ്പെടുത്തുവാൻ വേണ്ടുവോളം ഈ അധികാരം, നിലകൊള്ളണമെന്ന ലക്ഷ്യത്തോടെ ഇതിനെ വ്യാഖ്യാനിക്കാതെയും പട്ടികയിൽ കൊള്ളിക്കാതെയും വിടുന്നത് യുക്തമാണെന്ന് പരമോന്നത കോടതി വിധിച്ചിട്ടുണ്ട്. ഈ അധികാരം സുപ്രീം കോടതിയ്ക്ക് മാത്രമാണ് നൽകിയിരിക്കുന്നത്, മറ്റാർക്കുമല്ല എന്ന മഹാവസ്തുത തന്നെ അത് കക്ഷികൾക്കിടയിൽ സമ്പൂർണ്ണ നീതി നടപ്പാക്കുന്ന അന്തിമലക്ഷ്യം കണക്കിലെടുത്തുകൊണ്ട് വേണ്ടത്ര നിയന്ത്രണത്തോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്ക പ്പെടുമെന്നതിനുള്ള ഒരു ഉറപ്പാണ്. *ഡൽഹി ഡെവലപ്മെന്റ് അതോറിറ്റി* അഭി സ്കിപ്പർ കൺസ്ട്രക്ഷൻ കമ്പനി (പ്രൈ.) ലിമിറ്റഡ് (1996) 4 എസ്.സി.സി 622] ; [എ ഐ ആർ 1996 എസ് സി 2005 കാണുക] സമ്പൂർണ്ണ നീതി നടപ്പാക്കുവാനുള്ള കോടതിയുടെ അധികാരം ഏതെങ്കിലും നിയമ വ്യവസ്ഥയിലേയ്ക്ക് ഒതുക്കിനിർത്തപ്പെടുന്നില്ലെന്ന് പരമോന്നത കോടതി വിവിധ വിധിന്യായങ്ങളിൽ വിധിച്ചിട്ടുള്ളതാണ്. അധികാരത്തിന്നെ വിനിയോഗം ഏതെങ്കിലും നിയമദത്ത അധികാരത്തിൽ, ക്ലിപ്തപ്പെടുത്തിയിട്ടില്ല എന്തെന്നാൽ നിയമദത്തവ്യവസ്ഥകൾക്ക് ഭരണഘടനാ സംബന്ധമായ വ്യവസ്ഥകളെ അതിലംഘിക്കുവാൻ കഴിയുകയില്ല. മേലും, ഏതെങ്കിലും ഉത്തരവ് പാസ്സാക്കുന്നതിന് മുമ്പ് നിറവേറ്റപ്പെടേണ്ട ചില ഔപചാരികതകൾ നിയമങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണെന്നതു കൊണ്ട് മാത്രം ഭരണഘടനയുടെ അനുച്ഛേദം 142(1) പ്രകാരമുള്ള അധികാരത്തിന്റെ വീര്യം കുറയ്ക്കുവാൻ സാധിക്കുന്നതല്ല എന്ന് വിധിച്ചിട്ടുള്ളതാണ്. [*മുഹമ്മദ് അനീസ്* അഭി *യൂണിയൻ ഓഫ് ഇൻഡ്യ*, 1994 സപ്ലി (1) എസ്.സി.സി 145; *ഡൽഹി ജുഡീഷ്യൽ സർവ്വീസ് അസ്സോസിയേഷൻ* അഭി *ഗുജറാത്ത് സർക്കാർ* (1991) 4 എസ് സി സി 406: എ.ഐ.ആർ 1991 എസ് സി 2176; *യൂണിയൻ കാർബൈഡ് കോർപ്പറേഷൻ* അഭി *യൂണിയൻ ഓഫ് ഇൻഡ്യ* (1991) 4 എസ് സി സി 584): (എ.ഐ.ആർ 1992 എസ് സി 248) എന്നീ കേസുകൾ കാണുക]. സുപ്രീം കോടതി ഭരണഘടനയുടെ 142-ാം അനുച്ഛേദപ്രകാരമുള്ള അതിന്റെ അധികാരിത *അഞ്ജന കിഷോറിന്റെ* കേസിൽ (മുകളിലെ) പ്രകടമായി വിനിയോഗിച്ചിട്ടുള്ളതാണ്. ഇത്തരത്തിലുള്ള ഒരു അധികാരം രാജ്യത്തെ മറ്റേതൊരു കോടതിയ്ക്കും ലഭ്യമല്ല എന്നുള്ളതാണ് സംഗതിയുടെ വസ്തുത. ആയതിനാൽ, *അഞ്ജന കിഷോറിന്റെ* കേസിൽ (മുകളിലെ)പരമോന്നത കോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഈ കോടതിയ്ക്ക് ആവർത്തിക്കുവാൻ കഴിയുകയില്ല എന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

12. ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ *പ്രിയങ്കാ ഖന്നയുടെ* കേസിൽ (മുകളിലെ) ആശ്രയം അർപ്പിക്കുകയുണ്ടായി. കക്ഷികൾ 2006 മുതൽ വ്യവഹാരത്തിലായിരുന്നുവെന്നുംസാരവത്തായ സമയത്ത് അവർ തമ്മിൽ 12 കേസുകൾ ഉണ്ടായിരുന്നുവെന്നുമുള്ള വസ്തുതകൾ ശ്രദ്ധയിൽ എടുത്തുകൊണ്ട്, അവരുടെ ബന്ധം വളരെ മോശമായ ഒരു രീതിയിൽ തകർന്നിട്ടുണ്ടെന്നും ആക്റ്റിലെ 13 ബി വകുപ്പിൻകീഴിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ വിഷയം ആറുമാസ കാലയളവിലേയ്ക്ക് നീട്ടിവയ്ക്കപ്പെട്ടിരുന്നാൽപോലും അവർ തമ്മിൽ ഒരു സൗഹൃദബന്ധത്തിന് യാതൊരു സാദ്ധ്യതയും പൂർണ്ണമായും ഇല്ലായിരുന്നുവെന്നും കരുതുവാൻ മാത്രമെ കഴിഞ്ഞിരുന്നുള്ളൂവെന്നും നിലവിലിരിക്കുന്ന വ്യവഹാരങ്ങളുടെ ഗതിയിൽ

നിന്നും സുപ്രീംകോടതി അനുമാനിക്കുക യുണ്ടായി. കേസിന്റെ പ്രത്യേക വസ്തുത കളിലും സാഹചര്യങ്ങളിലും, സുപ്രീംകോടതി, കക്ഷികൾ തമ്മിലുള്ള എല്ലാ വ്യവഹാരങ്ങളും അവസാനിപ്പിക്കുകയും ആക്റ്റിലെ 13 ബി വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപേക്ഷ അനുവദിയ്ക്കുകയും അതുവഴി കക്ഷികൾ തമ്മിലുള്ള വിവാഹം വേർപെടുത്തുകയും ചെയ്തു. അതിനനുസൃതമായി ഒരു വിധി തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരി ക്കുന്നു. ഇവിടെയും, സുപ്രീംകോടതി, ഭാരതത്തിന്റെ ഭരണ ഘടനയുടെ 142-ാം അനുച്ഛേദപ്രകാരമുള്ള അതിന്റെ മുഴുവൻ അധികാരവും വിനിയോഗിക്കുകയായിരുന്നു വെന്ന് വ്യക്തമാകുന്നു. അതുകൊണ്ട്, ആ വ്യവസ്ഥയിൽ നിർണ്ണയിച്ചിട്ടുള്ള കാത്തിരിപ്പ് കാലാവധി വേണ്ടെന്നുവയ്ക്കുവാൻ കുടുംബ കോടതിയ്ക്ക് അധികാരമുണ്ടെന്ന് വാദിക്കുന്ന തിന് ഹർജിക്കാരിയെ സഹായിക്കുവാൻ ആ വിധിന്യായത്തിന് കഴിയുകയില്ല.

13. *ലക്ഷ്മീപ്രസാദിന്റെ* കേസ് (2014 എ.ഐ.ആർ സി സി 2095 (കേരള)) (മുകളിലെ) കൈകാര്യം ചെയ്യുന്നതിന് മുമ്പ്, ഞങ്ങൾ വിഷയത്തിന് പ്രസക്തമായ, സുപ്രീം കോടതിയുടെ ബാധകമാകുന്ന രണ്ട് മുൻ വിധിന്യായങ്ങൾ പരാമർശിക്കേണ്ടതുണ്ട്. *അനിൽകുമാർ ജെയ്ൻ* അഭി *മായാ ജെയ്ൻ* ((2009) 10 എസ്.സി.സി 415): (എ.ഐ.ആർ 2010 എസ്.സി 229 16-ഉം 17-ഉം ഖണ്ഡികകൾ) എന്നതായിരുന്നു ഒരു കേസ്, അതിൽ നേരെയാക്കാനാകാത്തവിധം തകർന്ന വിവാഹ ബന്ധത്തിലെ കക്ഷികൾ ആക്റ്റിലെ 13 ബി വകുപ്പ് പ്രകാരമുള്ള ഒരു ഹർജിയുമായി കുടുംബ കോടതിയെ സമീപിച്ചിരുന്നു. കുടുംബ കോടതിയിലെ പാണ്ഡിത്യമുള്ള ജഡ്ജി ഹർജി പരിഗണിക്കുന്നതിനുള്ള സമയം അത് ഫയൽ ചെയ്ത് ആറ് മാസങ്ങൾക്ക് ശേഷം നിശ്ചയി ച്ചിട്ടുള്ളതാണ്. ആറുമാസങ്ങൾക്ക് ശേഷം, വിഷയം കോടതി പരിഗണനയ്ക്ക് എടുത്തു. അപ്പീൽവാദിയായ ഭർത്താവ്, ഒരുമിച്ച് ജീവിക്കുവാൻ കക്ഷികൾക്ക് സാധിച്ചിരുന്നില്ല എന്ന വസ്തുത നിമിത്തം പരസ്പര വിവാഹ മോചനത്തിന്റെ ഒരു വിധി പാസ്സാക്കേണ്ട താണെന്നുള്ള അയാളുടെ മുൻനിലപാട് ആവർത്തിച്ചു. എന്നിരുന്നാലും, എതിർ കക്ഷിയായ ഭാര്യ വിവാഹ മോചനത്തിന് മുഖംതിരിക്കുകയും വിവാഹമോചനത്തിനുള്ള അവരുടെ സമ്മതം പിൻവലിക്കുകയും ചെയ്തു. ആ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് വിചാരണ കോടതി ഹർജി തള്ളിക്കളഞ്ഞു. വിഷയം ഹൈക്കോടതി മുമ്പാകെ കൊണ്ടു വരപ്പെട്ടു. ഹൈക്കോടതി മുമ്പാകെ, എതിർ കക്ഷിയായ ഭാര്യ അവരുടെ ഭർത്താവിൽ നിന്ന് വേർപെട്ട് ജീവിക്കാനുള്ള അവരുടെ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി, എന്നാൽ, വിവാഹം വേർപെടുത്തുന്നതിനുള്ള ഒരു വിധി പാസ്സാക്കുവാൻ അവർ ആവശ്യപ്പെട്ടില്ല. എതിർകക്ഷിയായ ഭാര്യയുടെ നിലപാട് കണക്കിലെടുത്തുകൊണ്ട് ഹൈക്കോടതി, അപ്പീൽ തള്ളുകയും ചെയ്തു. ആ വിധിന്യായം മുഖേന സങ്കടപ്പെട്ടുകൊണ്ട്, ഭർത്താവ് പരമോന്നത കോടതിയെ സമീപിച്ചു. ആ സാഹചര്യങ്ങളിൽ, സുപ്രീം കോടതി, വ്യവസ്ഥയുടെ ഉദ്ദേശവും വ്യാപ്തിയും ഇക്കാര്യത്തിലുള്ള മുൻവിധി ന്യായങ്ങളുംകൂടി പരിഗണിക്കുകയുണ്ടായി. ആ വിധിന്യായ ത്തിലെ 27 മുതൽ 29 വരെയുള്ള ഖണ്ഡിക കളിലെ നിയമ പ്രസ്താവം താഴെ പറയും പ്രകാരമാണ്:

"27. വിവാഹബന്ധങ്ങൾ പൂർണ്ണമായും തകരുകയും എന്തായിരുന്നാലും ദമ്പതികൾ വീണ്ടും ഒരുമിച്ചുചേരുന്നതിന് എന്തൊക്കെ യായാലും യാതൊരു സാധ്യതയും ഇല്ലാതിരി ക്കുകയും ചെയ്തിട്ടുള്ള ഒരവസ്ഥ നേരിട്ട പ്പോൾ, സുപ്രീം കോടതി തുടർന്നുള്ള എല്ലാ കേസുകളിലും കക്ഷികൾക്ക് സമ്പൂർണ്ണ നീതി നടപ്പാക്കുന്നതിനായി ഭാരതത്തിന്റെ ഭരണ ഘടനയുടെ 142-ാം അനുച്ഛേദ പ്രകാരമുള്ള അതിന്റെ അസാധാരണ അധികാരങ്ങൾ വിനിയോഗിക്കുകയുണ്ടായി. അങ്ങനെയുള്ള ഒരവസ്ഥയിൽ, വിവാഹബന്ധങ്ങളുമായി ഒരേ നിലയിൽ തുടരുന്നത് നീതിയുടെ ഒരു വികൃതാനുകരണം ആയിരിക്കും എന്ന് ഈ കോടതിയ്ക്ക് തോന്നുകയുണ്ടായി.

28. എന്നിരുന്നാലും, ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരം സുപ്രീം കോടതിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഇല്ലാതിരിക്കെ, ചില ഹൈക്കോടതികളിൽ ഈ ചോദ്യം ഉദിക്കുകയും, നേരെയാക്കാനാകാത്തവിധം വിവാഹം തകർന്നിട്ടുണ്ടെന്ന വസ്തുത ഉണ്ടായിരുന്നിട്ടും ആയത് 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 13--ാം വകുപ്പോ 13 ബി വകുപ്പോ പ്രകാരം വിവാഹമോചനത്തിനുള്ള ഒരു വിധി അനുവദിക്കുന്നതിനുള്ള ഒരു കാരണമല്ലെന്ന് മിക്ക കേസുകളിലും വിധിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിക്കാവുന്നതാണ്.

29. അന്തിമവിശകലനത്തിൽ മുൻപറഞ്ഞ ചർച്ച രണ്ട് ദൃഢപ്രസ്താവങ്ങൾ നിരത്തുന്നു. വിവാഹത്തിന്റെ നേരെയാക്കാനാകാത്ത വിധമുള്ള തകർച്ച, വിവാഹ മോചനം അനുവദിക്കുന്നതിനായി 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 13-ാം വകുപ്പിന്റെയോ 13 ബി വകുപ്പിന്റെയോ കീഴിൽ സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങളിൽ ഒന്നാകുന്നില്ലെങ്കിലും, പ്രസ്തുത സിദ്ധാന്തം മേൽപ്പറഞ്ഞ രണ്ട് വ്യവസ്ഥകളിൽ ഏതെങ്കിലും പ്രകാരമുള്ള ഒരു നടപടിക്ക്, ആ നടപടികൾ സുപ്രീം കോടതി മുമ്പാകെ ആകുന്നിടത്ത് മാത്രം ബാധകമാക്കാൻ കഴിയുമെന്നാണ് ആദ്യത്തെ ദൃഢപ്രസ്താവം. സുപ്രീം കോടതിയ്ക്ക്, ഭരണഘടനയുടെ 142-ാം അനുച്ഛേദപ്രകാരം അതിന്റെ അസാധാരണമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മുൻപറഞ്ഞ ആക്റ്റിലെ 13 ബി വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആറുമാസത്തെ നിയമാനുസൃത കാലാവധി പോലും കാത്തിരിക്കാതെ കക്ഷികൾക്ക് നിവൃത്തി അനുവദിയ്ക്കുവാൻ കഴിയുന്നതാണ്. വിവാഹത്തിന്റെ നേരെയാക്കാനാവാത്ത വിധമുള്ള തകർച്ച എന്ന ഈ സിദ്ധാന്തം ഹൈക്കോടതികൾക്ക് പോലുമില്ല, അവയ്ക്ക് ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരം സുപ്രീം കോടതി വിനിയോഗിക്കുന്ന അധികാരങ്ങൾക്ക് സമാനമായ അധികാരങ്ങൾ ഇല്ല. ആയതിനാൽ, ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള കാലാവധികൾക്കു മുമ്പോ, 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 13-ഉം, 13 ബി-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്ത കാരണങ്ങളിൻമേലോ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ സിവിൽ കോടതികൾക്കും കഴിയുകയില്ല, ഹൈക്കോടതികൾക്ക് പോലും കഴിയുകയില്ല".

14. തുടർന്ന്, *മനീഷ് ഗോയൽ* അഭി *രോഹിണി ഗോയൽ* ((2010) 4 എസ്.സി.സി. 393): (എ ഐ ആർ 2010 എസ്.സി. 1099) എന്ന കേസിലെ വിധിയിൽ ഭാരതത്തിന്റെ ഭരണഘടനയുടെ 142-ാം അനുച്ഛേദപ്രകാരമുള്ള സുപ്രീം കോടതിയുടെ അധികാരത്തെ സംബന്ധിക്കുന്ന നിയമം സമ്പൂർണ്ണ നീതി നടപ്പാക്കുന്നതിന് ലഭ്യമായ ഒന്നാണെന്ന് സുപ്രീം കോടതി വീണ്ടും പ്രസ്താവിക്കുകയും, എന്നാൽ, സാധാരണയായി നിയമത്തിന് വിരുദ്ധമായ ഒരു നിർദ്ദേശം നൽകുവാൻ ഒരു കോടതിയ്ക്കും ക്ഷമതയില്ലെന്നും നിയമപരമായ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിന് ഒരു അധികാരസ്ഥാനത്തോട് നിർദ്ദേശിക്കുവാൻ കോടതിയ്ക്ക് കഴിയുകയില്ലെന്നും നിരീക്ഷിക്കുകയുണ്ടായി. കോടതികൾ നിയമവാഴ്ച നടപ്പിലാക്കാനുള്ളവയാണെന്നും നിയമം പ്രതിപാദിച്ചിട്ടുള്ളതിന് എതിരായ ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിക്കാനുള്ളവയല്ലെന്നും നിരീക്ഷിച്ചിരിക്കുന്നു.

15. *മനീഷ് ഗോയലിന്റെ* കേസിൽ (എ.ഐ.ആർ 2010 എസ്.സി 1099) (മുകളിലെ) സുപ്രീം കോടതി വീണ്ടും പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"കേസിലെ വസ്തുതകൾ, വിവാഹ മോചനം അനുവദിക്കുവാൻ കഴിയുമായിരുന്ന നിയമത്തിലുള്ള ഒരു കാരണം നൽകുന്നില്ലെങ്കിൽപോലും, വിവാഹം പൂർണ്ണമായും പ്രായോഗികമല്ലെന്നും വൈകാരികമായി നിർജ്ജീവമാണെന്നും ഉദ്ധാരണത്തിന് അതീതമാണെന്നും നേരെയാക്കാനാവാത്ത വിധം തകർന്നിട്ടുണ്ടെന്നും കോടതി കാണുന്നിടത്ത്, വിവാഹം വേർപെടുത്തുന്നതിനുവേണ്ടി ഈ കോടതി ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം വിനിയോഗിച്ചു കൊണ്ടിരിക്കുന്നു എന്നുള്ള വസ്തുതയെക്കുറിച്ച് ഞങ്ങൾ പൂർണ്ണമായും

ബോധമുള്ളവരാണ്. *റൊമേഷ് ചന്ദർ* അഭി *സാവിത്രി* ((1995) 2 എസ്.സി.സി 7: എ.ഐ.ആർ 1995 എസ്.സി 851; *കാഞ്ചൻ ദേവി* അഭി *പ്രമോദ് കുമാർ മിത്തൽ*, (1996) 8 എസ്.സി.സി 90: എ ഐ ആർ 1996 എസ്.സി 3192; *അനിത സഭർവാൾ* അഭി *അനിൽ സഭർവാൾ*, (1997)11 എസ്.സി.സി 490; *അശോക് ഹറാ* അഭി *രൂപ ബിപിൻ സവേരി*, (1997) 4 എസ്.സി.സി 226; എ ഐ ആർ 1997 എസ്.സി 1266; *കിരൺ* അഭി *ശരദ് ദത്ത്* (2000) 10 എസ്.സി.സി 243; *സ്വാതി വർമ്മ* അഭി *രാജൻ വർമ്മ*, (2004) 1 എസ്.സി.സി 123: 2004 എസ്.സി.സി (ക്രിമിനൽ) 25: എ ഐ ആർ 2004 എസ്.സി 161; *ഹർപിത് സിംഗ് ആനന്ദ്* അഭി *പശ്ചിമബംഗാൾ സർക്കാർ* (2004) 10 എസ്.സി.സി 505: 2004 എസ്.സി.സി (ക്രിമിനൽ) 1911; *ജിമ്മി സുദർശൻ പുരോഹിത്* അഭി *സുദർശൻ ശരദ് പുരോഹിത്* (2005) 13 എസ്.സി.സി 410; *ദുർഗ്ഗ പ്രസന്ന തൃപാഠി* അഭി *അരുന്ധതി തൃപാഠി*, (2005) 7 എസ്.സി.സി 353: എ ഐ ആർ 2005 എസ്.സി 3297; *നവീൻ കോഹ്‌ലി* അഭി *നീലു കോഹ്‌ലി*, (2006) 4 എസ്.സി.സി 558: എ ഐ ആർ 2006 എസ്.സി 1675; *സംഗമിത്ര ഘോഷ്* അഭി *കാജൽ കുമാർ ഘോഷ്* (2007) 2 എസ്.സി.സി 220: (2006 എ ഐ ആർ എസ് സി ഡബ്ല്യൂ 5983); *ഋഷികേശ് ശർമ്മ* അഭി *സരോജ് ശർമ്മ* (2007) 2 എസ്.സി.സി 263; *സമർ ഘോഷ്* അഭി *ജയാ ഘോഷ്* ((2007) 4 എസ്.സി.സി 511; *സതീഷ് സിതോൾ* അഭി *ഗംഗ*, (2008) 7 എസ്.സി.സി 734: (2008) 3 എസ്.സി.സി (ക്രിമിനൽ) 225: എ ഐ ആർ 2008 എസ്.സി 3093 എന്നീ കേസുകളിലെ വിധിന്യായങ്ങളിൽ നിന്നും വ്യക്തമാകുന്നതുപോലെ, കക്ഷികൾ തമ്മിലുള്ള എല്ലാ വ്യവഹാരങ്ങളും അവസാനിപ്പിക്കുവാനും വീണ്ടുമുള്ള വേദനയിൽ നിന്നും അവരെ രക്ഷിക്കുവാനും ആണ് വിവാഹമോചന വിധി അനുവദിച്ചിട്ടുള്ളത്. എന്നിരുന്നാലും, നിയമനിർമ്മാണസഭ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വിവാഹ മോചനത്തിനുള്ള കാരണത്താൽ കക്ഷികളെ രക്ഷിക്കാൻ ഈ കോടതി എത്തിപ്പെട്ടിട്ടുള്ള കേസുകളാണ് ഇവ".

ആ കേസിലെ വസ്തുതകളും സാഹചര്യങ്ങളും ശ്രദ്ധാപൂർവ്വം പരിശോധിച്ചതിനു ശേഷം സുപ്രീം കോടതി, അത് ഉന്മൂലനം ചെയ്യുവാൻ ആവശ്യമായിരുന്ന, നീതിധാരയ്ക്ക് എന്തെങ്കിലും തടസ്സം ഉണ്ടായിരുന്നതോ കക്ഷികളോടു അനീതി ഉണ്ടായിരുന്നതോ ആയ, ഒരു കേസ് അല്ലായിരുന്നു എന്ന് വിധിയ്ക്കുകയുണ്ടായി. ഹർജി സാധാരണ പൊതുപ്രാധാന്യമുള്ള ഏതൊരു ചോദ്യവും ഉന്നയിച്ചിരുന്നില്ല എന്നും കണ്ടെത്തി. ആയതിനാൽ, ആ കേസിൽ സുപ്രീം കോടതി ഭാരതത്തിന്റെ ഭരണഘടനയുടെ 142-ാം അനുച്ഛേദപ്രകാരമുള്ള അതിന്റെ അധികാരം വിനിയോഗിക്കുവാൻ വിസമ്മതിച്ചു.

16. മേൽപ്രസ്താവിച്ച പ്രകാരം, പ്രധാന വിഷയത്തിന്മേലുള്ള നിയമം മനസ്സിലാക്കിയതിനു ശേഷം, *ലക്ഷ്മിപ്രസാദിന്റെ* കേസിലെ (2014 എ ഐ ആർ സി സി 2095 (കേരള) (മുകളിലെ) വിധിവാചകത്തിന്റെ നിലനിൽപ്പ് ഞങ്ങൾ പരിഗണിക്കുന്നതാണ്. ചർച്ചയുടെ പൂർത്തീകരണത്തിനുവേണ്ടി ഞങ്ങൾ അടിസ്ഥാന വസ്തുതകൾ ചുരുക്കത്തിൽ പരിഗണിക്കുന്നതാണ്. ആക്റ്റിലെ ക്രൂരത എന്ന കാരണം ഉന്നയിച്ചുകൊണ്ട് ആക്റ്റിലെ 13(1) (ഥ്എ) വകുപ്പ് പ്രകാരം ഭർത്താവ് വിവാഹമോചനത്തിനുവേണ്ടിയുള്ള ഒരു ഹർജി ഫയൽ ചെയ്യുകയുണ്ടായി. വിചാരണയ്ക്കുശേഷം, ഹർജി അനുവദിക്കുകയും ഒരു വിവാഹമോചന വിധി മുഖേന വിവാഹം വേർപെടുത്തുകയും ചെയ്തു. ആ വിധിയെ ഭാര്യ അപ്പീലിൽ ഈ കോടതി മുമ്പാകെ ചോദ്യം ചെയ്തു. അപ്പീൽ നിലവിലുള്ളപ്പോൾ, ഇരു കക്ഷികൾക്കുംവേണ്ടി ഹാജരായ അഭിഭാഷകരുടെ അഭ്യർത്ഥന പ്രകാരം ഈ കോടതി കക്ഷികളെ മദ്ധ്യസ്ഥതയ്ക്ക് അയയ്ക്കുക യുണ്ടായി. മദ്ധ്യസ്ഥത വിജയിക്കുകയും കക്ഷികൾ അവരുടെ തർക്കം ഒത്തുതീർക്കുകയും അവർ ഒരു കരാർ മെമ്മോറാണ്ടം ഒപ്പിട്ടുപൂർത്തീ കരിക്കുകയും ചെയ്തു. കേസ് പരിഗണനയ്ക്ക് എടുത്തപ്പോൾ, കക്ഷികൾ പരസ്പര സമ്മതത്തിന്മേലുള്ള ഒരു വിവാഹ മോചന വിധി മുഖേന വിവാഹം വേർപെടുത്തുവാൻ അവർക്ക് സമ്മതമാണെന്ന് ഈ കോടതിയെ അറിയിച്ചു. ആ കാഴ്ചപ്പാടോടെ, പരസ്പര സമ്മതം മുഖേന വിവാഹം വേർപെടുത്തൽ ആവശ്യപ്പെട്ടു കൊണ്ട് അവർ മുകളിലത്തെ അപ്പീലിൽ ഒരു

ഇടക്കാല അപേക്ഷ ഫയൽചെയ്തു. ആ അപേക്ഷയെ ഇരുകക്ഷികളും ഫയൽചെയ്ത സത്യവാങ്മൂലങ്ങൾ പിന്താങ്ങുകയും, അവയിൽ അവർ പരസ്പര സമ്മതത്തോടെ വിവാഹം വേർപെടുത്തുന്നതിനുള്ള അവരുടെ തീരുമാനം ആവർത്തിക്കുകയുമുണ്ടായി. ഈ കോടതി, *വിശാലാക്ഷി* അഭി *ശിവരാമൻ നായർ* എന്ന കേസിലെയും (1991 (1) കെ.എൽ.റ്റി 910) *ശ്രീലത* അഭി *ദീപ്തി കുമാർ* എന്ന കേസിലെയും (1998 (1) കെ.എൽ.റ്റി 195): (എ ഐ ആർ 1998 കേരള 97) വിധിന്യായങ്ങളിലെ തത്വങ്ങളും അതുപോലെതന്നെ മറ്റ് ഹൈക്കോടതികളുടെ വിധിന്യായങ്ങളും ശ്രദ്ധയിൽ എടുത്തുകൊണ്ട്, ഉചിതമായ കേസുകളിൽ ആക്റ്റിലെ 13 ബി (2) വകുപ്പ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള കാത്തിരിപ്പ് കാലാവധി വേണ്ടെന്നു വയ്ക്കാൻ കഴിയുന്നതാണെന്ന് വിധിക്കുകയുണ്ടായി. *ലക്ഷ്മി പ്രസാദിന്റെ* കേസ് (2014 എ ഐ ആർ സി.സി 2095 (കേരളം)) കൈകാര്യം ചെയ്യുമ്പോൾ, ബാധകമായ മുൻവിധികൾ, അതായത് *അനിൽ കുമാർ ജെയ്ന്റെ*കേസും (എ ഐ ആർ 2010 എസ് സി 229) *മനീഷ് ഗോയലിന്റെ* കേസും (എ ഐ ആർ 2010 എസ്.സി 1099) (മുകളിൽ പ്രതിപാദിച്ച) ഡിവിഷൻ ബെഞ്ചിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടില്ലായിരുന്നു. *ലക്ഷ്മി പ്രസാദിന്റെ* കേസ് അത് നിയമപരമായ വ്യവസ്ഥയ്ക്കും ബാധകമായ മുൻവിധികൾക്കും എതിരായി പോയതുകൊണ്ട്, തെറ്റായി വിധിക്കപ്പെടുക യുണ്ടായി എന്ന് മുകളിലത്തെ പശ്ചാത്തല ത്തിൽ കാണുവാൻ കഴിയുന്നതാണ്. പ്രശ്നത്തോട് നിയമപരമായ ഒരു വ്യത്യസ്ഥ സമീപനം ഞങ്ങൾക്ക് ഉണ്ടായിരുന്നിരുന്നെങ്കിൽ ഒരു ഫുൾ ബെഞ്ചിന്റെ പരിഗണനയ്ക്കുവേണ്ടി ലക്ഷ്മി പ്രസാദിന്റെ കേസിലെ റേഷ്യോ പരാമർശിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരായിരിക്കുമായിരുന്നു. എന്നാൽ ഇവിടെ പരമോന്നത കോടതിയുടെ വിധി ന്യായങ്ങളാൽ നിയമസ്ഥിതി തീരുമാനിക്ക പ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ലക്ഷ്മീ പ്രസാദിന്റെ കേസിൽ പ്രസ്താവിച്ചിട്ടുള്ള നിയമതത്വം, അത് ബാധകമായ മുൻ വിധികൾക്ക് എതിരായി പോകുന്നതിനാൽ നിയമപരമായി അസ്വീകാര്യമാണെന്നും ആയതിനാൽ അതിന് യാതൊരു പരാമർശവും ആവശ്യമില്ലെന്നും ഞങ്ങൾ കാണുന്നു. ബഹുമാനപുരസ്സരം, ഞങ്ങൾ ലക്ഷ്മി പ്രസാദിന്റെ കേസിലെ (മുകളിലെ) റേഷ്യോ ശരിയായ നിയമം അല്ലെന്നു വിധിയ്ക്കുന്നു. *ലക്ഷ്മി പ്രസാദിന്റെ* കേസിലെ വിധി വാചകത്തിന്റെ അടിസ്ഥാനത്തിൽ, ഏതൊരു നിവൃത്തിയും ആവശ്യപ്പെടാൻ ഹർജിക്കാരിക്ക് അർഹതയില്ല. *പ്രിയങ്ക ഖന്നയുടെ* കേസിൽ (മുകളിലെ) സുപ്രീംകോടതി പ്രസ്താവിച്ചിട്ടുള്ള നിയമവും, കുടുംബകോടതിക്ക് ആക്റ്റിലെ 13 ബി (2) വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള കാത്തിരിപ്പ് കാലയളവ് വെട്ടിക്കുറയ്ക്കാൻ കഴിയുമെന്ന് വാദിക്കുന്നതിന് ഹർജിക്കാരിക്ക് സഹായകമായിരിക്കുന്നതല്ല.

ഫലത്തിൽ, ഹർജിയ്ക്ക് നിയമപരമായ ഏതൊരു അടിസ്ഥാനവും ഇല്ലാത്തതും, ആയതിനാൽ, ഇത് തള്ളിക്കളയേണ്ടതാണെന്നും ഞങ്ങൾ കാണുന്നു. അതുകൊണ്ട് ഞങ്ങൾ അപ്രകാരം ചെയ്യുന്നു.

ഹർജി തള്ളിയിരിക്കുന്നു.

*(എഐആർ 2014 കേരള 161)*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് സി.റ്റി. രവികുമാർ**

**അച്യുതൻ കുട്ടി നായർ**

**അഭി**

**സീതക്കുട്ടി അമ്മ**

**റിവിഷൻ ഹർജി (കുടുംബ കോടതി) നമ്പർ. 79/2012**

2014 ആഗസ്റ്റ് 11-ന് വിധി പ്രസ്താവിച്ചത്

**ക്രിമിനൽ നടപടി നിയമസംഹിത, 1973, വകുപ്പ് 125-വിവാഹിതയായ ഒരു പുത്രിയോട് അവരുടെ അച്ഛന്/അമ്മയ്ക്ക് സംരക്ഷണത്തുക നൽകുവാൻ ഉത്തരവിടുന്നതിനു മുമ്പ്, അങ്ങനെയുള്ള പുത്രിക്ക് അവരുടെ ഭർത്താവിന്റെ സമ്പത്തിൽ/വരുമാനത്തിൽ ആശ്രയിക്കാതെയുള്ള അവരുടേതായ മതിയായസമ്പത്ത് ഉണ്ട് എന്ന് കോടതിക്ക് ബോധ്യ പ്പെടേണ്ടതാണ്.**

## ഉത്തരവ്

റിവിഷൻ ഹർജിക്കാർ മലപ്പുറം കുടുംബ കോടതിയുടെ ഫയലിലുള്ള എം.സി. നം. 1209/10 ലെ എതിർകക്ഷികളും അതിലെ ഹർജിക്കാർ ഇതിലെ എതിർകക്ഷികളുമാണ്. ഇതിലെ എതിർകക്ഷി ഹർജിക്കാർ ഉൾപ്പെടെ ഒൻപത് മക്കളുള്ള തൊണ്ണൂറിനും നൂറിനും ഇടയിൽ വയസ്സുള്ള ഒരു വ്യക്തിയും അവർ ഹർജിക്കാരിൽ നിന്നുമാത്രം സംരക്ഷണത്തുക ആവശ്യപ്പെട്ടുകൊണ്ട് എം.സി ഫയൽ ചെയ്തിട്ടുള്ളതുമാകുന്നു. സമ്മതിച്ചിട്ടുള്ളതുപോലെ, അവർ രുഗ്മിണി എന്ന് പേരുള്ള മറ്റൊരു പുത്രിയോടൊപ്പം താമസിച്ചുവരുന്നു. റിവിഷൻ ഹർജിക്കാർ ഓരോരുത്തരിൽ നിന്നും പ്രതിമാസം 5000 രൂപ സംരക്ഷണത്തുകയായി ആവശ്യപ്പെട്ടു കൊണ്ട് ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ് പ്രകാരം എം.സി. നം. 1209/2010 ഫയൽചെയ്തിരുന്നു. ഹർജിക്കാരി തൊണ്ണൂറിനും നൂറിനും ഇടയിൽ പ്രായമുള്ള ഒരു വ്യക്തിയാണെന്നും സ്പഷ്ടമായി, സ്വയം നിലനിൽക്കുവാൻ അവർക്ക് യാതൊരു സമ്പത്തും കിട്ടിയിട്ടില്ലെന്നും പ്രായാധിക്യത്താലും വിവിധ രോഗങ്ങളാലും അവർ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും അവരുടെ ചികിത്സാ ചെലവുകൾ സ്വന്തമായി വഹിക്കുവാനുള്ള ഒരു സ്ഥിതിയിൽ അല്ല അവരെന്നും ഉള്ള പ്രസ്താവങ്ങളോടുകൂടി അവർ കുടുംബ കോടതിയെ സമീപിച്ചു. എതിർവാദങ്ങളിന്മേൽ, കുടുംബ കോടതി ഹർജിക്കാരിക്ക് ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ് പ്രകാരം സംരക്ഷണത്തുക ലഭിക്കുവാൻ അവകാശമുണ്ടോ, ഉണ്ടെങ്കിൽ നിരക്ക് എന്തായിരിക്കണം എന്നതിനെക്കുറിച്ചുള്ള സംഗതികൾ പരിഗണനയ്ക്കായി തയ്യാറാക്കി. റിവിഷൻ ഹർജിക്കാരുടെ/അതിലെ എതിർകക്ഷികളുടെ ഭാഗത്തുനിന്നും, ഒന്നാം ഹർജിക്കാരി, എതിർകക്ഷി സാക്ഷി 1 ആയി വിസ്തരിക്കപ്പെട്ടു. റിവിഷൻ ഹർജിക്കാർക്കും അതുപോലെ തന്നെ ഇതിലെ എതിർകക്ഷിക്കും/അതിലെ ഹർജിക്കാരിക്കും വേണ്ടി യാതൊരു രേഖകളും ഹാജരാക്കിയിരുന്നില്ല. തെളിവിന്റെ ശ്രദ്ധാപൂർവ്വമായ ഒരു പരിഗണനയ്ക്കുശേഷം,

എതിർകക്ഷിക്ക് സ്വയം നിലനിൽക്കുവാൻ ഏതെങ്കിലും സമ്പത്തോ വരുമാനമോ ഇല്ലെന്നും ഹർജിക്കാർക്ക് അവരുടെ അമ്മയെ, ഇതിലെ എതിർകക്ഷിയെ സംരക്ഷിക്കുവാൻ മതിയായ വരുമാനമുണ്ടെന്നുമുള്ള തീരുമാന ത്തിൽ കുടുംബ കോടതി എത്തിച്ചേർന്നു. വിഷയത്തിന്റെ ആ വീക്ഷണത്തിൽ, എം.സി അനുവദിക്കപ്പെടുകയും എം.സി ഫയൽ ചെയ്ത തീയതി മുതൽ പ്രതിമാസം 3000 രൂപ വീതം എതിർകക്ഷിക്ക് നൽകുവാൻ റിവിഷൻ ഹർജിക്കാരോട് നിർദ്ദേശിക്കുകയും ചെയ്തു. പ്രകടമാകുന്നതുപോലെ, റിവിഷൻ ഹർജിക്കാർ, അവരുടെ അമ്മ അവരിൽ ആരെങ്കിലു മോടൊപ്പം വരികയും താമസിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രം അവർക്ക് സംരക്ഷണ ത്തുക നൽകുകയും അവരെ സംരക്ഷി ക്കുകയും ചെയ്യുമെന്ന ഒരു വാദം ഉന്നയി ച്ചിരുന്നു. കുടുംബ കോടതി, *ചതപോപന്ദവിത ബാലൻ* അഭി *ചതപോപന്ദവിത ദേവി* (2009 (1) കെഎൽറ്റി 52=2009 (1) കെഎച്ച്സി 156) എന്ന കേസിലെ ഈ കോടതിയുടെ ഒരു വിധി ന്യായത്തെ ആശ്രയിച്ചുകൊണ്ട് പ്രസ്തുത വാദത്തെ അപ്പാടെ തള്ളിക്കളഞ്ഞു. മകന്, അമ്മ അയാളോടൊപ്പം താമസിക്കുന്നെങ്കിൽ മാത്രമെ, അയാൾ സംരക്ഷണത്തുക കൊടുക്കുകയുള്ളൂവെന്ന് വാദിക്കുവാൻ കഴിയുകയില്ലായെന്നും തന്റെ അച്ഛനെയോ, അമ്മയെയോ, കുട്ടിയെയോ, ഭാര്യയെയോ സംരക്ഷിക്കുവാൻ മതിയായ സമ്പത്തുള്ള ഒരാളുടെ കടമ അങ്ങനെയുള്ള അച്ഛന്റെയോ, അമ്മയുടെയോ, കുട്ടിയുടെയോ, ഭാര്യ യുടെയോ താമസസ്ഥലത്തെ സാധാരണമായി ആശ്രയിച്ചിട്ടില്ല എന്ന് അതിൽ വിധിക്കുകയും ചെയ്തു ആ നിയമസ്ഥിതി നിഷേധിക്കാ നാകാത്തതാണ്.

2. ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പാസ്സാക്കുന്ന വേളയിൽ എതിർകക്ഷിയുടെ പുത്രിമാരായ ഇതിലെ 2-ഉം 4-ഉം 5-ഉം ഹർജിക്കാർക്ക് അവരുടെ ഭർത്താക്കന്മാരുടെ സമ്പത്തിനെയോ വരുമാനത്തിനെയോ ആശ്രയിക്കാതെ അവർക്ക് സ്വന്തമായി മതിയായ സമ്പത്ത് ഉണ്ടായിരുന്നോ എന്ന ചോദ്യം കുടുംബ കോടതി പരിഗണനയി ലെടുക്കുവാൻ പരാജയപ്പെട്ടിരുന്നു എന്നതാണ് റിവിഷൻ ഹർജിക്കാരുടെ കാതലായ വാദം. പ്രസ്തുത വാദത്തിന് അനുകൂലമായി, റിവിഷൻ ഹർജിക്കാർക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ *വിജയ മനോഹർ അർബത്ത്* അഭി *കാശി റാവു രാജാറാം സവായി* (1987 (1) കെഎൽറ്റി 674 (എസ് സി)=(1987)2 എസ് സി സി 278) എന്ന കേസിലെ ബഹു. പരമോന്നത കോടതിയുടെ ഒരു വിധിന്യായത്തെ ആശ്രയി ക്കുകയുണ്ടായി. ആശ്രിതരെ നിർഗ്ഗതിയിലും നിരാശ്രയത്വത്തിലും അലഞ്ഞു നടക്കലിലും നിന്ന് രക്ഷിക്കുവാൻ പെട്ടെന്നുള്ള ഒരു പരിഹാരം നൽകുന്നതും ഒരു സാമൂഹിക ആവശ്യത്തെ സഹായിക്കുന്നതുമാണ് 125-ാം വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യം എന്ന് വിധിക്കുക യുണ്ടായി. ഒരു പുത്രന്റെയോ ഒരു പുത്രി യുടെയോ സാമൂഹിക കടമയിൽ നിന്നുമുള്ള ധാർമ്മിക കടമയാണ് അയാളുടെ/അവരുടെ മാതാപിതാക്കളെ സംരക്ഷിക്കുന്നതും 125(1)-ാം വകുപ്പിലെ (ഡി) ഖണ്ഡത്തിലുള്ള "അയാളുടെ പിതാവോ മാതാവോ" എന്ന പദപ്രയോഗം പുത്രന്റെ പിതാവിനോ മാതാവിനോ ആയി മാത്രം പരിമിതപ്പെടുത്തി യിട്ടില്ലാത്തതും, എന്നാൽ പുത്രിയുടെ പിതാവിനെയോ മാതാവിനെയോ കൂടിയും ഉൾപ്പെടുത്തുന്നതും ആ നിലയ്ക്ക് ആ പദപ്രയോഗത്തിന് ക്രിമിനൽ നടപടി നിയമസംഹിതയിലെ 2 (വൈ) വകുപ്പും ജനറൽ ക്ലാസസ് ആക്റ്റിലെ 13(1)-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരമുള്ള ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 8-ാം വകുപ്പനുസരിച്ച് "അവരുടെ പിതാവോ മാതാവോ" എന്നുകൂടി അർത്ഥം കൽപ്പിക്കേണ്ടതാണെന്നും വിധിക്കുക യുണ്ടായി. ഈ സന്ദർഭത്തിൽ 7-ഉം 8-ഉം ഖണ്ഡികകൾ പ്രസക്തമാണ്. അവ ഇപ്രകാരമാണ്:-

7. 125 (1)-ാം വകുപ്പിലെ (ഡി) ഖണ്ഡ പ്രകാരം ഒരു പിതാവിന് അയാളുടെ പുത്രിയിൽ നിന്നും അവർ, വിവാഹിതയായാലും അല്ലെങ്കിലും സംരക്ഷണത്തുക അവകാശ പ്പെടാൻ അർഹതയില്ലായെന്ന് അപ്പീൽ വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദിക്കുകയുണ്ടായി. 'ഡി' ഖണ്ഡത്തിലെ 'അയാളുടെ' എന്ന സർവ്വ നാമത്തിലെ ഉപയോഗത്തിലേക്ക് ഞങ്ങളുടെ

ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതും ആ സർവ്വനാമം തന്റെ മാതാപിതാക്കളെ സംരക്ഷിക്കുവാനുള്ള കടമ മകനിൽ മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത് എന്നു സൂചിപ്പിക്കുന്നുവെന്ന് ബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. മാതാപിതാക്കൾക്ക് പുത്രിയിൽ നിന്നും കൂടി സംരക്ഷണത്തുക ആവശ്യപ്പെടാൻ കഴിയുമെന്ന് നിയമനിർമ്മാണ സഭ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, 'അയാളുടെ' എന്ന സർവ്വനാമം അത് ഉപയോഗിക്കുമായിരുന്നില്ല എന്ന് അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി.

8. ഈ വാദം സ്വീകരിക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. (ഡി) ഖണ്ഡം "അയാളുടെ പിതാവോ മാതാവോ" എന്ന പദപ്രയോഗം ഉപയോഗിച്ചിട്ടുള്ളത് ശരിയാണ്, എന്നാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, 'അയാളുടെ' എന്ന പദത്തിന്റെ ഉപയോഗം മാതാപിതാക്കൾ അവരുടെ പുത്രിയിൽ നിന്ന് സംരക്ഷണത്തുക അവകാശപ്പെടുന്നതിനെ ഒഴിവാക്കുന്നില്ല. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 2(വൈ) വകുപ്പ്, ഇതിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിൽ നിർവ്വചിച്ചിട്ടുള്ളതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ സംഹിതയിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 'അയാൾ' എന്ന സർവ്വനാമവും അതിന്റെ അനുബന്ധ പദങ്ങളും പുരുഷനോ സ്ത്രീയോ ആയ ഏത് വ്യക്തിക്കും വേണ്ടി ഉപയോഗിക്കപ്പെടുന്നുവെന്ന് ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 8-ാം വകുപ്പ് പ്രതിപാദിക്കുന്നു. ഇപ്രകാരം, ക്രിമിനൽ നടപടി നിയമ സംഹിതയിലെ 2(വൈ) വകുപ്പുമായി കൂട്ടിവായിച്ച ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 8-ാം വകുപ്പനുസരിച്ച് ക്രിമിനൽ നടപടി നിയമസംഹിതയിലെ 125(1)-ാം വകുപ്പിലെ (ഡി) ഖണ്ഡത്തിലുള്ള 'അയാളുടെ' എന്ന സർവ്വനാമം ഒരു സ്ത്രീയെക്കൂടി സൂചിപ്പിക്കുന്നു. എല്ലാ കേന്ദ്ര ആക്റ്റുകളിലും റഗുലേഷനുകളിലും, വിഷയ ത്തിനോ സന്ദർഭത്തിനോ വിരുദ്ധമായതെന്തെങ്കിലുമില്ലാത്ത പക്ഷം, പുല്ലിംഗത്തെ ഉദ്ദേശിക്കുന്ന വാക്കുകളിൽ സ്ത്രീകളും ഉൾപ്പെടുന്നതായി എടുക്കപ്പെടേണ്ടതാണ് എന്ന് ജനറൽ ക്ലാസസ് ആക്റ്റിലെ 13(1)-ാം വകുപ്പ് പ്രതിപാദിക്കുന്നു. ആയതിനാൽ, ക്രിമിനൽ നടപടി നിയമസംഹിതയിലെ 125(1)-ാം വകുപ്പിലെ (ഡി) ഖണ്ഡത്തിൽ ഉപയോഗിച്ച പ്രകാരമുള്ള 'അയാളുടെ' എന്ന സർവ്വനാമത്തിൽ ഒരു പുരുഷനും ഒരു സ്ത്രീയും, രണ്ടു പേരും ഉൾപ്പെടുന്നു. **മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, മാതാപിതാക്കൾക്ക് അവരുടെ വിവാഹിതയായ പുത്രിക്കെതിരായി ഒരു പിതാവിനോ ഒരു മാതാവിനോ അനുകൂലമായി സംരക്ഷണത്തുക അവകാശപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതും ആ പുത്രിക്ക് അവരുടെ ഭർത്താവിന്റെ സമ്പത്തിനെയോ വരുമാനത്തിനെയോ ആശ്രയിക്കാതെയുള്ള അവരുടേതായ മതിയായ സമ്പത്ത് ഉണ്ടെന്നും, അതതുസംഗതിപോലെ, ആ പിതാവിനോ ആ മാതാവിനോ അദ്ദേഹത്തിന് സ്വയമായോ അവർക്ക് സ്വയമായോ നിലനിൽക്കുവാൻ കഴിവില്ലാതിരിക്കുന്നുവെന്നും കോടതിയ്ക്ക് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്.**

3. ഇപ്രകാരം, *വിജയ മനോഹർ അർബത്തിന്റെ* കേസിലെ (മുകളിലത്തെ) വിധിന്യായം അനുസരിച്ച് പിതാവോ മാതാവോ അദ്ദേഹത്തിന് സ്വയമായോ അവർക്ക് സ്വയമായോ നിലനിൽക്കുവാൻ കഴിവില്ലാതിരിക്കുമ്പോൾ, ഒരു പുത്രന്റെയോ ഒരു പുത്രിയുടെയോ അവന്റെ/അവരുടെ മാതാപിതാക്കളെ സംരക്ഷിക്കുവാനുള്ള ധാർമ്മികപരവും നിയമപരവുമായ കടമയെ സംബന്ധിച്ച സ്ഥിതി ന്യായമായി തീരുമാനിക്കപ്പെട്ടിരിക്കുന്നു. മാതാപിതാക്കൾക്ക് അവരുടെ പുത്രി/പുത്രിമാരിൽ നിന്നും, അവർ വിവാഹിതരായാലും അല്ലെങ്കിലും, സംരക്ഷണത്തുക അവകാശപ്പെടാനുള്ള അർഹത കൂടി ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ആ പിതാവിനോ മാതാവിനോ അദ്ദേഹത്തിന് സ്വയമായോ അവർക്ക് സ്വയമായോ നിലനിൽക്കുവാൻ കഴിയാതിരിക്കണം. എന്നിരുന്നാലും, അങ്ങനെയുള്ള ഒരവകാശവാദത്തെ സംബന്ധിച്ച് ബന്ധപ്പെട്ട വിവാഹിതയായ പുത്രി/പുത്രി

മാർക്ക് അവളുടെ ഭർത്താവിന്റെ/അവരുടെ ഭർത്താക്കന്മാരുടെ സമ്പത്തിനെയോ വരുമാനത്തിനെയോ ആശ്രയിക്കാതെ അവൾക്ക്/അവർക്ക് സ്വന്തമായി മതിയായ സമ്പത്ത് ഉണ്ട് എന്ന് ബോധ്യപ്പെടേണ്ടത് കോടതിയിൽ ഔദ്യോഗിക പദവി വഹിക്കുന്ന ആളിനാണ്. ഈ കേസിൽ, അതിലെ ഹർജിക്കാരിക്ക്/ഇതിലെ എതിർ കക്ഷിക്ക് സ്വയം നിലനിൽക്കുവാൻ കഴിയാതിരിക്കുന്നുവെന്ന ഫലത്തിലേക്കുള്ള ഒരു കണ്ടെത്തലുണ്ട്. ആ കണ്ടെത്തൽ ചോദ്യം ചെയ്യപ്പെടുന്നില്ല. അവർ ഇപ്പോൾ മറ്റൊരു പുത്രിയോടൊപ്പം ജീവിക്കുന്നുവെന്ന തർക്കരഹിതമായ വസ്തുത അവർക്ക് സംരക്ഷണ തുക ലഭിക്കുവാൻ അർഹതയില്ല എന്നു വിധിക്കുന്ന തിനുള്ള കാരണമല്ല. എന്നാൽ അതേ സമയം, സമ്മതിച്ചിട്ടുള്ള പ്രകാരം (സ്പഷ്ട മാകുന്നതു പോലെയും) 2 ഉം, 4 ഉം 5 ഉം എതിർകക്ഷികൾക്ക് അവരുടെ ഭർത്താക്കന്മാരുടെ സമ്പത്തിനെയോ വരുമാനത്തിനെയോ ആശ്രയിക്കാതെ അവരുടേതായ മതിയായ സമ്പത്ത് ഉണ്ടായിരുന്നോ എന്ന പ്രശ്നത്തെക്കുറിച്ച് ചോദ്യംചെയ്യപ്പെടുന്ന ഉത്തരവിൽ സ്വതന്ത്രമായ യാതൊരു പരിഗണനയും ഉണ്ടായിരുന്നില്ല. എം.സി നടപടികളിൽ എതിർകക്ഷികളുടെ ഭാഗത്തു നിന്നും സാക്ഷിക്കൂട്ടിൽ കയറിയ ഒന്നാം ഹർജിക്കാരൻ, അയാൾക്ക് വരുമാനം ഉണ്ടായിരിക്കുന്നുവെന്നും മറ്റുള്ളവർക്ക് ഭൂസ്വത്തുക്കൾ ഉണ്ടായിരിക്കുന്നുവെന്നുമുള്ള ഫലത്തിലേക്ക് തെളിവ് നൽകിയിട്ടുള്ളത് ശരിയാണ്. 2 ഉം 4 ഉം 5 ഉം ഹർജിക്കാർക്ക് സ്വതന്ത്രമായ സമ്പത്തും വരുമാനവും ഉണ്ടായിരിക്കുന്നുവെന്ന് ഗണിക്കുന്നതിന് അങ്ങനെയുള്ള ഭൂമി അവരുടെ പേരിലാണോ? ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പാസ്സാക്കുന്ന വേളയിൽ അങ്ങനെയുള്ള ഒരു പരിഗണന നടത്തിയിരുന്നില്ല. ചുരുക്കത്തിൽ, 2-ഉം 4-ഉം 5-ഉം ഹർജിക്കാർക്ക് അവരുടെ ഭർത്താക്കന്മാരെ ആശ്രയിക്കാതെയുള്ള അവരുടേതായ സമ്പത്തും വരുമാനവും ഉണ്ടായിരിക്കുന്നുവെന്ന യാതൊരു കണ്ടെത്തലും ഇല്ലാത്തതും അത് സംബന്ധിച്ചുള്ള ഒരു കണ്ടെത്തൽ നടത്തുവാനുള്ള ഏതെങ്കിലും പരിഗണനയുടെ അഭാവത്തിൽ, കുടുംബ കോടതി ആ ചോദ്യം പരിഗണിക്കേണ്ടിയിരുന്നു. എതിർഭാഗം സാക്ഷി 1 ആയി വിസ്തരിക്കപ്പെട്ട 1-ാം ഹർജിക്കാരൻ ജീവിച്ചിരിപ്പില്ല. എതിർകക്ഷിയുടെ പുത്രൻമാരിൽ ഒരാളായ മൂന്നാം ഹർജിക്കാരന്റെ സംഗതിയിൽ, തന്റെ അമ്മയെ സംരക്ഷിക്കുവാനുള്ള ബാധ്യതയിൽ നിന്നും അയാൾക്ക് ഒഴിഞ്ഞുമാറുവാൻ കഴിയാത്തതും അയാൾ, സംരക്ഷണത്തുകയുടെ തോതിന്റെ നിർണ്ണയം തർക്കിച്ചുവെങ്കിലും എതിർകക്ഷിയെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വത്തെയും ബാധ്യതയെയും വിചാരണവേളയിൽ ശരിയായും ന്യായമായും തർക്കിച്ചിട്ടില്ലാത്തതുമാണ്. എന്നിരുന്നാലും, മൂന്നാം ഹർജിക്കാരിയെ സംബന്ധിച്ച് നിർണ്ണയിച്ച സംരക്ഷണത്തുകയുടെ തോതുമായി ഇടപെടുവാനുള്ള യാതൊരു കാരണവും സ്ഥാപിച്ചിരുന്നില്ല. ആയതിനാൽ, ഇതിലെ എതിർകക്ഷിക്ക് എം.സി. ഫയൽചെയ്ത തീയതി മുതൽ പ്രതിമാസം 3000 രൂപ നൽകുവാൻ കുടുംബ കോടതി മൂന്നാം ഹർജിക്കാരനോട് നിർദ്ദേശിക്കുന്ന വ്യാപ്തി യോളം എം.സി. നമ്പർ 1209/2010-ലെ അതിന്റെ നിർദ്ദേശവുമായി ഇടപെടുവാൻ ഏതൊരു കാരണവും ഞാൻ കാണുന്നില്ല. 05-11-2013 ലെ ഈ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, മൂന്നാം ഹർജിക്കാരൻ എം.സി. നമ്പർ 1209/2010-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിലെ എതിർകക്ഷിക്ക് കൊടുക്കേണ്ടതായ തുകയിലേക്ക് ഏതാനും തുക കൊടുക്കുകയും കൂടി ചെയ്തിട്ടുണ്ടെന്നും റിവിഷൻ ഹർജിക്കാർക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചിരിക്കുന്നു. അതേ സമയം, മുകളിലത്തെ എം.സി യിലെ ഉത്തരവ് പ്രകാരം മൂന്നാം ഹർജിക്കാരൻ തന്റെ ബാധ്യത തീർക്കുവാൻ കൊടുക്കേണ്ട തുക ശരിക്കും എത്രയാണ് എന്നുള്ളതിനെക്കുറിച്ച് വ്യക്തമാകുന്നില്ല. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ, എം.സി. നമ്പർ 1209/2010-ലെ ഉത്തരവ് അനുസരിക്കുന്നതിനായി മൂന്നാം എതിർകക്ഷി നൽകിയിട്ടുള്ള തുക കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ്, കുടുംബ കോടതി മുമ്പാകെ എം.സി. നമ്പർ 1209/2010-ൽ തീർപ്പാക്കാതെയിരിക്കുന്ന അപേക്ഷയിൽ ഫയൽ ചെയ്യുവാൻ

അയാൾക്ക് സ്വാതന്ത്ര്യ മുണ്ടായിരിക്കുന്നതാണ്. അയാൾ, ഇതിനകം തന്നെ കൊടുത്തിട്ടുള്ള തുക നിജപ്പെടുത്തിയതിനുശേഷം ബാക്കി തുക കൊടുക്കുവാൻ മാത്രം അയാൾ ബാധ്യസ്ഥനായിരിക്കുന്നതും പ്രസ്തുത ഉത്തരവനുസരിച്ചുള്ള സംരക്ഷണത്തുക കൂടി അയാൾ തുടർന്ന് നൽകേണ്ടതാണെന്നും പറയേണ്ടത് ആവശ്യമില്ല. 2-ഉം, 4-ഉം, 5-ഉം ഹർജിക്കാർക്ക് എതിരായി, ഇതിനകം പ്രസ്താവിച്ചതുപോലെ, അവർക്ക്, അവരുടെ ഭർത്താക്കന്മാരുടെ വരുമാനത്തെ ആശ്രയിക്കാതെയുള്ള അവരുടേതായ മതിയായ സമ്പത്ത് ഉണ്ടായിരുന്നോ എന്ന പ്രശ്നങ്ങളുടെ യഥാർത്ഥമായ ഒരു പരിഗണനയെ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പ്രതിഫലിപ്പിക്കുന്നില്ല. ആ ചോദ്യത്തിന് കുടുംബ കോടതി യാതൊരു പ്രത്യേക കണ്ടെത്തലിലും എത്തിച്ചേർന്നിട്ടില്ലായെന്ന് ആ ഉത്തരവിന്റെ ഒരു സൂക്ഷ്മ പരിശോധന വെളിവാക്കുന്നു. *വിജയ മനോഹർ അർബത്തിന്റെ* കേസിലെ (മുകളിലത്തെ) വിധിന്യായത്തിന്റെ വെളിച്ചത്തിൽ, ഒരു പിതാവിനോ മാതാവിനോ അനുകൂലമായി വിവാഹിതയായ ഒരു പുത്രിക്കെതിരെ സംരക്ഷണത്തുക ഉത്തരവാകുന്നതിനു മുമ്പ് ബന്ധപ്പെട്ട പുത്രി/പുത്രിമാർക്ക് അവളുടെ/അവരുടെ ഭർത്താവ്/ഭർത്താക്കന്മാരുടെ സമ്പത്തിനെയോ വരുമാനത്തിനെയോ ആശ്രയിക്കാതെയുള്ള അവളുടെയോ/അവരുടെയോ ആയ മതിയായ സമ്പത്ത് ഉണ്ട് എന്ന് ബോധ്യപ്പെടുവാൻ കോടതി ബാധ്യസ്ഥമാണെന്നുള്ള കാഴ്ചപ്പാടാണ് എനിക്കുള്ളത്. അങ്ങനെയുള്ള ഒരു പരിഗണനയും പ്രത്യേക കണ്ടെത്തലും എം.സി. നമ്പർ 1209/2010-ലെ ഉത്തരവിൽ ഇല്ലാതിരിക്കുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള പരിഗണനയുടെ ആവശ്യത്തിനും 2-ഉം, 4-ഉം, 5-ഉം ഹർജിക്കാരെ സംബന്ധിച്ച് പുതിയ ഉത്തരവുകൾ പാസ്സാക്കുന്നതിനും വേണ്ടി ഈ വിഷയം തിരിച്ചയയ്ക്കപ്പെടേണ്ടതാണ്. ആ പ്രശ്നം തീരുമാനിക്കുവാൻ കുടുംബ കോടതിയെ പ്രാപ്തമാക്കുന്നതിന് എം.സി. യിലുള്ള ഉത്തരവിനെ, അത് ഇതിലെ 2-ഉം, 5-ഉം ഹർജിക്കാർക്ക് ബാധകമാകുന്ന വ്യാപ്തിയോളം റദ്ദാക്കപ്പെടുന്നു. ഹർജിക്കാർ ഈ വിധിന്യായത്തിന്റെ ഒരു പകർപ്പ് അത് കൈപ്പറ്റിയ തീയതി മുതൽ രണ്ടാഴ്ച യ്ക്കുള്ളിൽ കുടുംബ കോടതി മുമ്പാകെ ഹാജരാക്കേണ്ടതാണ്. അതിന്മേൽ, കുടുംബ കോടതി *വിജയ മനോഹർ അർബത്തിന്റെ* കേസിലെ (മുകളിലത്തെ) വിധിന്യായത്തിന്റെ വെളിച്ചത്തിൽ, നിയമം ആവശ്യപ്പെടുന്ന പ്രകാരം 2-ഉം, 4-ഉം, 5-ഉം എതിർകക്ഷികളിൽ നിന്നും സംരക്ഷണത്തുകയ്ക്കുള്ള ഇതിലെ എതിർകക്ഷിയുടെ അവകാശവാദം പരിഗണിക്കുന്നതാണ്. എതിർകക്ഷിയുടെ വയസ്സും അവരുടെ ആവശ്യകതകളും കണക്കിലെടുത്തുകൊണ്ട്, 2-ഉം, 4-ഉം, 5-ഉം എതിർകക്ഷികൾ ഓരോരുത്തരും പ്രതിമാസം 2000 രൂപ വീതം നാലു മാസക്കാലാവധിയിലേയ്ക്ക് കൂട്ടായി കൊടുക്കേണ്ടതും അതിനുള്ളിൽ മുൻപറഞ്ഞ പ്രശ്നത്തിന്റെ നിർദ്ദേശിച്ച പ്രകാരമുള്ള ഒരു പരിഗണന നടത്തിയതിനുശേഷം വിഷയം അവസാനിപ്പി ക്കേണ്ടതുമാണ്. 2-ഉം, 4-ഉം, 5-ഉം ഹർജിക്കാർക്കും കൂടാതെ എതിർകക്ഷിക്കും അവസരങ്ങൾ നൽകിയതിനു ശേഷം ഇത് ചെയ്യേണ്ടതാണ്. കുടിശ്ശികകൾ കൊടുക്കുവാനോ സംരക്ഷണത്തുകയിലേക്ക് ഏതെങ്കിലും തുക കൊടുക്കുവാനോ ഉള്ള പ്രസ്തുത ഹർജിക്കാരുടെ ബാധ്യത, അങ്ങനെയുള്ള പരിഗണനയുടെ അനന്തരഫലത്തെയും ഉത്തരവു കളെയും ആശ്രയിച്ചിരിക്കുന്നതാണ്.

അതിന് അനുസൃതമായി ഉത്തരവായി.

*[2014(4) കെ.എൽ.റ്റി 354]*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് റ്റി.ആർ. രാമചന്ദ്രൻ നായർ**

**&**

**ബഹു. ജസ്റ്റിസ് കെ. എബ്രഹാം മാത്യു**

**ത്രേസ സേവ്യർ**

**അഭി**

**മേരി സൈമൺ**

**ആർ.എഫ്.എ. നമ്പർ. 240/2003**

2014 സെപ്റ്റംബർ 1-ന് വിധി പ്രസ്താവിച്ചത്

**1908-ലെ സിവിൽ നടപടി നിയമസംഹിത, ഓർഡർ XLI ചട്ടം 30-കാരണങ്ങൾ ഇല്ലാതെയുള്ള ഒരു വിധിന്യായം ന്യായാധിപൻ മനസ്സിരുത്തിയിട്ടില്ലാത്തതിനെ വെളിപ്പെടുത്തുന്നു.**

**1872-ലെ തെളിവ് ആക്റ്റ്, വകുപ്പുകൾ 3&115-വാദതടസ്സം-വാദ തടസ്സംപോലല്ലാതെ, അഡ്മിഷൻ ഒരു തർക്കവിഷയം തീരുമാനിക്കുന്നതിൽ കോടതി പരിഗണനയിലെടുക്കേണ്ട തെളിവിന്റെ ഒരു ഇനം മാത്രമാണ്, അഡ്മിഷനെ എതിരെ അഡ്മിഷൻ ഉണ്ടായിരിക്കുന്നുവെന്ന കാരണത്താൽ കക്ഷികളിലൊരാളുടെ അഡ്മിഷൻ അതിന് അവഗണിക്കുവാൻ കഴിയുകയില്ല-മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ട തെളിവ് ശകലത്തിന്റെ സംഗതിയിൽ ഉള്ളതുപോലെ, അഡ്മിഷനുകളിൽ ഏതാണ് പരിഗണിക്കപ്പെടേണ്ടത് എന്ന് അത് തീരുമാനിക്കേണ്ടിയിരിക്കുന്നു.**

**1925-ലെ പിൻതുടർച്ചാവകാശ ആക്റ്റ്, വകുപ്പ് 63-1872-ലെ തെളിവ് ആക്റ്റ്, വകുപ്പ് 68-സംശയാസ്പദമായ സാഹചര്യങ്ങൾ- വിൽപ്പത്രത്തിൽ ഒസ്യത്തുകർത്താവ് അയാളുടെ ഒപ്പ് പതിച്ചിട്ടുണ്ടെന്ന് പ്രസ്താവകൻ തെളിയിച്ചാൽ മാത്രം പോര, എന്നാൽ അതിലെ ഉള്ളടക്കം ഒസ്യത്തുകർത്താവ് മനസിലാക്കിയിരുന്നുവെന്ന് അയാൾ തെളിയിക്കേണ്ടതും ആവശ്യമാണ്.**

## വിധിന്യായം

*ജസ്റ്റിസ് കെ. എബ്രഹാം മാത്യു*

ഈ റഗുലർ ഫസ്റ്റ് അപ്പീൽ വാദി ഫയൽ ചെയ്തിട്ടുള്ളതാണ്, ആരോപിച്ചിട്ടുള്ള പ്രകാരം അവരുടെ ഭർത്താവിന്റെ സഹോദരൻ ഒപ്പിട്ടു പൂർത്തീകരിച്ച വിൽപ്പത്രത്തിനുള്ള നിയമസാധുതാ സാക്ഷിപകർപ്പ് നൽകുവാനുള്ള അവരുടെ അഭ്യർത്ഥന ജില്ലാക്കോടതി നിരസിക്കുകയുണ്ടായി.

2. തൊമ്മൻ എന്ന ഒരാൾക്ക് തന്റെ ഉടമസ്ഥതയിൽ ചില വസ്തുവകകൾ ഉണ്ടായിരുന്നു. അയാൾ മരണശാസനം കൂടാതെ മരണപ്പെടുകയുണ്ടായി. സേവ്യറും ആന്റണിയും അയാളുടെ പുത്രൻമാരും ഒന്നാം പ്രതിയായ മേരി അയാളുടെ ഏകമകളുമായിരുന്നു. 1/1962-ലെ ആദ്യഹർജിയിൽ, സേവ്യർ അയാളുടെ സഹോദരനായ

ആന്റണിക്ക് ചിത്തഭ്രമമാണെന്ന ഒരു പ്രഖ്യാപനം നേടുകയും അയാൾ ആന്റണിയുടെ രക്ഷാകർത്താവായി സ്വയം നിയമിതനാവുകയും ചെയ്തു. 12-01-1979-ൽ സേവ്യർ മരണപ്പെട്ടു. അതിനുശേഷം, അയാളുടെ ഭാര്യ ത്രേസ (ഇതിനുശേഷം വാദിയെന്നാണ് പരാമർശിക്കപ്പെടുക) ഫയൽ ചെയ്ത ആദ്യഹർജി 403/1980-ലെ ഉത്തരവ് മുഖേന ജില്ലാ കോടതി അവരെ ആന്റണിയുടെ രക്ഷാകർത്താവായി നിയമിച്ചു. തന്റെ അമ്മാവനായ ആന്റണിക്ക് മാനസികാസുഖം ഒന്നുമില്ലായിരുന്നു എന്ന ഒന്നാം എതിർകക്ഷി മേരിയുടെ അനന്തരവൻ പീറ്റർ തോംസണിന്റെ (ഈ കേസിലെ കൂടുതലായുള്ള 8-ാം പ്രതി) വാദം കോടതി സ്വീകരിച്ചില്ല. അയാൾ ഫയൽചെയ്ത എംഎഫ്എ 32/1982-ൽ ഹൈക്കോടതി ജില്ലാക്കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും ആദ്യഹർജിയെ വീണ്ടും പരിഗണനയ്ക്കായി റിമാന്റ് ചെയ്യുകയും ചെയ്തു. വിഷയം ജില്ലാക്കോടതിയുടെ പരിഗണനയിലായിരിക്കുമ്പോൾ, ഈ കേസിലെ വാദി ആദ്യഹർജി തുടരുവാൻ നിർബന്ധമില്ല എന്ന ഒരു സ്റ്റേറ്റ്മെന്റ് ഫയൽചെയ്തുകൊണ്ട് അതിനെ ഉപേക്ഷി ക്കുകയുണ്ടായി. അവർ അവരുടെ ഭർത്താവായ സേവ്യറുടെ നിയമാനുസൃത അനന്തരാവകാശി എന്ന നിലയിൽ പകുതി പങ്ക് തനിക്കും അയാളുടെ സഹോദരൻ ആന്റണിക്ക് പകുതി പങ്കും വിഹിതമായി ആവശ്യപ്പെട്ടുകൊണ്ട് അവരുടെ ഭർത്തൃപിതാവിന്റെ വസ്തുവകകൾ ഭാഗംവയ്ക്കുവാൻ വേണ്ടി ആദ്യവ്യവഹാരം 112/1984 ഫയൽ ചെയ്യുകയുണ്ടായി. തൊമ്മന്റെ മൂന്ന് മക്കളിൽ ഓരോരുത്തർക്കും സ്വത്തിനു തുല്യ അവകാശം ഉണ്ടായിരുന്നുവെന്ന് കോടതി കണ്ടെത്തുകയും അവർ ഓരോരുത്തർക്കും പ്രാരംഭവിധി മുഖേന മൂന്നിലൊന്ന് പങ്ക് വീതംവച്ചു കൊടുക്കുകയും ചെയ്തു. പ്രാരംഭ വിധി പാസ്സാക്കുന്നതിനു മുമ്പ് 03-04-1986-ൽ ആന്റണി എക്സിബിറ്റ് എ-10 വിൽപ്പത്രം ഒപ്പിട്ട്പൂർത്തീകരിച്ചിരുന്നു. അയാൾ 16-08-1994-ൽ മരണപ്പെട്ടു. രണ്ടു വർഷത്തിനു ശേഷം 1996-ൽ ആന്റണിയുടെ വിൽപ്പത്രത്തി നുള്ള നിയമ സാധുതാ സാക്ഷ്യപത്രം നൽകുന്ന തിനുവേണ്ടി വാദി ആദ്യഹർജി 482/1996 ഫയൽ ചെയ്തു. ആന്റണിയുടെ സഹോദരി മേരി ആയിരുന്നു ഒന്നാം പ്രതി. ആദ്യഹർജി 403/1980-ൽ ആന്റണി ചിത്തഭ്രമം ഉള്ള ആളായിരുന്നു എന്ന അവരുടെ വാദങ്ങളുടെ അടിസ്ഥാനത്തിൽ അയാൾക്ക് താൽപ്പര്യമുള്ള ഒരു മാനസികാവസ്ഥ ഉണ്ടായിരുന്നുവെന്ന് വാദി വാദിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്ത പ്പെടുന്നു എന്ന ഒരു വാദം അവർ ഉന്നയിക്കുക യുണ്ടായി. വിൽപ്പത്രം യഥാർത്ഥമല്ലാത്തതും അത് അനുചിത സ്വാധീനവും ബലാൽ ക്കരണവും വഞ്ചനയും മുഖേന കലുഷമാക്ക പ്പെട്ടിരിക്കുന്നു എന്ന ഒരു വാദം അവർ ഉന്നയിക്കുകയും കൂടി ചെയ്തു. ആദ്യഹർജി ആദ്യവ്യവഹാരം 23/2001 ആയി പുനരക്ക മിടപ്പെട്ടു. വ്യവഹാരം നിലവിലിരിക്കെ ഒന്നാം പ്രതി മരണപ്പെടുകയും അവരുടെ മക്കൾ 7 മുതൽ 9 വരെയുള്ള കൂടുതൽ പ്രതികളായി കക്ഷി ചേർക്കപ്പെടുകയും ചെയ്തു. രണ്ടും ആറും പ്രതികൾ യഥാക്രമം വാദിയുടെ ദത്തുപുത്രിയും അവരുടെ ഭർത്താവുമാണ്. 3 മുതൽ 5 വരെയുള്ള പ്രതികൾ അവരുടെ മക്കളാണ്. വാദിയും 2 മുതൽ 5 വരെയുള്ള പ്രതികളും വിൽപ്പത്ര പ്രകാരമുള്ള ഒസ്യത്ത് അവകാശികളാണ്. പാണ്ഡിത്യമുള്ള സബ് ജഡ്ജി വിചാരണക്കുശേഷം വിൽപ്പത്രം യഥാർത്ഥമല്ലെന്ന് വിധിക്കുകയും അതിനനു സൃതമായി അദ്ദേഹം വ്യവഹാരം തള്ളി ക്കളയുകയും ചെയ്തു. ആ വിധിന്യായത്തെ ഈ അപ്പീലിൽ വാദി ചോദ്യംചെയ്യുന്നു. അവർ മരണപ്പെടുകയും അവരുടെ മക്കൾ കൂടുതൽ അപ്പീൽ വാദികളായി കക്ഷി ചേർക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

3. പാണ്ഡിത്യമുള്ള സബ്ജഡ്ജി ആന്റണിയുടെ മാനസിക അവസ്ഥയെക്കുറിച്ച് താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുക യുണ്ടായി. "അതു കൊണ്ട് ആന്റണി ചിത്ത ഭ്രമമുള്ള ഒരാളായിരുന്നുവെന്ന ഫലത്തി ലേക്കുള്ള രേഖ സൃഷ്ടിക്കുവാൻ ഹർജിക്കാരി ആഗ്രഹിച്ചിരുന്നുവെന്ന് അത് അർത്ഥ മാകുന്നു......... ആന്റണി ചിത്തഭ്രമമുള്ള ഒരാളായിരുന്നുവെന്ന് സ്ഥാപിക്കുവാൻ ഹർജി ക്കാരിയുടെ ഭർത്താവ് ആവശ്യമായ എല്ലാ

രേഖയും സൃഷ്ടിക്കുകയുണ്ടായി (ഖണ്ഡിക 11)”. എന്നാൽ, അതേ ഖണ്ഡികയിലുള്ള അവസാനത്തെ വാക്യം ഇതാണ്: “എക്സിബിറ്റ് ബി--18 ലും പ്രതിഭാഗം രണ്ടാം സാക്ഷിയുടെ മൊഴിയിലും നിന്ന് 1980--ൽ അതായത് നോട്ടീസിന്റെ തീയതിയിൽ ആന്റണി ചിത്തഭ്രമമുള്ള ഒരാളായിരുന്നു എന്നുകൂടി കാണുന്നു”. വീണ്ടും, 17-ാം ഖണ്ഡികയിൽ അയാൾ ഇപ്രകാരം പറയുകയുണ്ടായി: “അതുകൊണ്ട് ആന്റണി മാനസിക രോഗത്താൽ കഷ്ടം അനുഭവിച്ചു കൊണ്ടിരുന്നുവെന്ന് മാനുവൽ സെക്വേറയുടെ മൊഴിയും എക്സിബിറ്റ് ബി 19--ഉം കാണിക്കുന്നു”. എന്നാൽ 19-ാം ഖണ്ഡികയിൽ താഴെ പറയുന്ന വാക്യവും ഞങ്ങൾ കാണുന്നു: “മുഴുവൻ വസ്തുതകളും ഒളിച്ചുവച്ചുകൊണ്ട് ത്രേസയും സേവ്യറും ഏതോ ഗൂഢോദ്ദേശ്യത്തോടുകൂടി ആന്റണിയെ ചിത്തഭ്രമമുള്ള ഒരാളായി ചിത്രീകരിക്കുവാൻ ശ്രമിച്ചു”. ഇപ്രകാരം യാതൊരു നിശ്ചിത കണ്ടെത്തലും ഇല്ലാത്തതു മാത്രമല്ല, എന്നാൽ ആന്റണിയുടെ ബുദ്ധിസ്ഥിരതയെക്കുറിച്ച് കീഴ്ക്കോടതിയുടെ വിധിന്യായത്തിൽ പരസ്പര വിരുദ്ധമായ നിരീക്ഷണങ്ങൾ കൂടി ഉള്ളതാണ്, അത് കേസിലെ പ്രധാന ചോദ്യമാണ്.

4. പാണ്ഡിത്യമുള്ള സബ് ജഡ്ജി തെളിവ് വിചിന്തനം ചെയ്തിട്ടുണ്ടെങ്കിലും, അദ്ദേഹം അത് വിശകലനം ചെയ്തിട്ടില്ല. വിവിധ സംഗതികളെക്കുറിച്ച് തെളിവിനെ അടിസ്ഥാനമാക്കിയിട്ടുള്ള കാരണങ്ങൾ അദ്ദേഹത്തിന്റെ വിധിന്യായത്തിൽ ഇല്ലാതിരിക്കുന്നു.

5. കാരണങ്ങൾ ഇല്ലാതെയുള്ള ഒരു വിധിന്യായം ന്യായാധിപൻ മനസ്സിരുത്തിയിട്ടില്ലാത്തതിനെ വെളിപ്പെടുത്തുന്നു. ന്യായാധിപൻ എങ്ങനെ തന്റെ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്നുവെന്ന് അറിയുവാനുള്ള ഒരു അവകാശം വ്യവഹാരിക്കും നിയമവൃത്തിക്കും ഉണ്ട്. ഈ യുക്തിവിചാര പ്രക്രിയ ഒരു നല്ല വിധിന്യായം ഉണ്ടാക്കുന്നു. *സ്വരൺ ലത* അഭി *ഹരീന്ദ്ര കുമാർ ബാനർജി* (എ.ഐ.ആർ 1969 എസ്.സി 1167) എന്ന കേസിൽ സുപ്രീം കോടതി ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:

“.........തർക്കവിഷയം തീരുമാനിക്കുന്ന, കാരണങ്ങളാൽ പിൻതാങ്ങപ്പെടാത്ത വെറും ഒരു ഉത്തരവ് വിധിന്യായമേ അല്ല. വിധിന്യായം തോന്നലിന്റെയോ സ്വകാര്യ താല്പര്യത്തിന്റെയോ ഫലമല്ല, എന്നാൽ തർക്കവിഷയത്തിലേക്കുള്ള നീതിന്യായപരമായ ഒരു സമീപനമാണെന്ന് ഉറപ്പുവരുത്തുവാനാണ് കാരണങ്ങൾ രേഖപ്പെടുത്തൽ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്: നിയമത്തിനും നിയമത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള നടപടിക്രമത്തിനും അനുസൃതമായുള്ള വിഷയത്തിന്റെ ന്യായനിർണ്ണയം ഉറപ്പുവരുത്തുവാനും കൂടി അത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു”. പരമോന്നത കോടതിയുടെ ഇനിയുമുള്ള മറ്റൊരു വിധിന്യായം *ഹിന്ദുസ്ഥാൻ ടൈംസ് ലിമിറ്റഡ്* അഭി *യൂണിയൻ ഓഫ് ഇന്ത്യ* ((1998) 2 എസ്.സി.സി 242) എന്നതാണ്. “ഞങ്ങളുടെ വീക്ഷണത്തിൽ യുക്തിസഹമായ ഒരു വിധിന്യായം പരാജയപ്പെടുന്ന കക്ഷിക്കോ അയാളുടെ അഭിഭാഷകനോ നൽകുന്ന സംതൃപ്തിയാണ് ഒരു നല്ല വിധിന്യായത്തിന്റെ മാറ്റുരയ്ക്കൽ” എന്ന് സുപ്രീം കോടതി പറയുകയുണ്ടായി.

6. വിധിന്യായം നിയമചോദ്യങ്ങളെ മാത്രം അവലംബിക്കുന്ന ഒരു കേസിനും അത് വസ്തുതാ ചോദ്യങ്ങളെ കൂടി അവലംബിക്കുന്ന ഒരു കേസിനും തമ്മിൽ വ്യത്യാസമുണ്ട്. ഒരു കേസ് തെളിവിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കുവാൻ ആവശ്യമാകുന്നിടത്ത്, ആ വിധിന്യായത്തിൽ വാദങ്ങളിലെ വസ്തുതകളും അതുപോലെതന്നെ തെളിവിലെ വസ്തുതകളും അടങ്ങിയിരിക്കേണ്ടതാണ്. എന്നാൽ, അത് മതിയായതല്ല എന്തുകൊണ്ടെന്നാൽ വസ്തുതകളുടെ ഒരു പ്രസ്താവന ഒരു വിധിന്യായമല്ല. തെളിവിന്റെ വിചിന്തനം പോലും മതിയാകുന്നതല്ല. തെളിവിന്റെ വിശകലനം ഉണ്ടായിരിക്കേണ്ടതാണ്. ഓരോ തെളിവ് ശകലത്തിനും പരിഗണനയും വിശകലനവും ആവശ്യമാകുന്നു. സാക്ഷിയെ വിശ്വസിക്കുന്നതിനോ അവിശ്വസിക്കുന്നതിനോ രേഖകളിന്മേൽ പ്രവർത്തിക്കുന്നതിനോ പ്രവർത്തിക്കാതിരിക്കുന്നതിനോ ഉള്ള കാരണങ്ങളും വാക്കാലോ രേഖാമൂലമായുള്ളതോ ആയ ഓരോ തെളിവ്

ഇനത്തിന്റെയും തെളിവ് സംബന്ധിയായ മൂല്യവും വിധിന്യായത്തിൽ ഉണ്ടായിരിക്കേണ്ട താണ്. ഈ പ്രക്രിയയിൽ, വിചാരണയിൽ ഉറപ്പ് വരുത്തിയ വസ്തുതകളിലേക്ക് നിയമം പ്രയോഗിക്കുവാൻ കോടതി ആവശ്യപ്പെടുന്നു. നീതിന്യായപരമായ തീരുമാനത്തിനുള്ള കാരണങ്ങളാണ് ഒരു വിധിന്യായത്തിന്റെ ആത്മാവ്. തെളിവ് വിശകലനം ചെയ്യുന്നതിൽ അല്ലെങ്കിൽ വിലയിരുത്തുന്നതിൽ നിന്നും വ്യത്യസ്ഥമാണ് കാരണങ്ങൾ നൽകുന്നത്. അവസാനമായി, കോടതി സ്വീകരിച്ചിട്ടുള്ള രണ്ടു ഭാഗത്തുമുള്ള തെളിവിന്റെ വിലയിരുത്തൽ ഉണ്ടായിരിക്കേണ്ട താണ്, ആയതിന്റെ ഫലം കേസിന്റെ അന്തിമവിധി ആയിരിക്കുന്നതാണ്.

7. പ്രതികൾ ഉന്നയിച്ച വാദതടസ്സ വാദത്തിന് പരിഗണന ആവശ്യമായിരുന്നു എന്നതായിരുന്നു കീഴ്ക്കോടതിയുടെ അഭിപ്രായം. എന്നാൽ, വ്യവഹാരം തള്ളിക്കളഞ്ഞത് വിൽപ്പത്രം യഥാർത്ഥമായതല്ല എന്ന കണ്ടെത്തലിനെ മാത്രം അടിസ്ഥാനമാക്കിയായിരുന്നു. ആയത് മറിച്ച് അത് ഒപ്പിട്ട് പൂർത്തീകരിച്ചതിനെക്കുറിച്ച് കുറച്ച് സംശയം ഉണ്ടെന്ന കീഴ്ക്കോടതിയുടെ നിരീക്ഷണത്തിന്റെ ഫലമാണ്.

8. ഈ അപ്പീലിൽ പരിഗണനയ്ക്കായി ഉയരുന്ന ആദ്യത്തെ സംഗതി, വാദതടസ്സ വാദം സംബന്ധിച്ചുള്ളതാണ്. മുകളിൽ പ്രസ്താവിച്ചതുപോലെ, ചിത്തഭ്രമത്തിന്റെ കാരണത്താൽ ആന്റണിക്ക് സ്വയം പരിരക്ഷിക്കുവാൻ കഴിവില്ലായിരുന്നു എന്നതാണ് വാദി ഫയൽ ചെയ്തിരുന്ന ആദ്യഹർജി നമ്പർ 403/1980 ലെ പ്രത്യേക ആരോപണം; നേരെമറിച്ച്, ആന്റണിക്ക് യാതൊരു മാനസിക അസുഖവും ഇല്ലായിരുന്നു എന്നതാണ് ആദ്യഹർജിയിൽ രണ്ടാം എതിർ കക്ഷിയായിരുന്ന കൂടുതലായുള്ള എട്ടാം പ്രതിയുടെ വാദം. എന്നാൽ, ആന്റണി ബുദ്ധിസ്ഥിരതയുള്ള ആളായിരുന്നു എന്ന് ആദ്യം പറഞ്ഞ ആൾ വാദിക്കുകയും അയാൾ മാനസികരോഗിയായിരുന്നുവെന്ന് രണ്ടാമത് പറഞ്ഞ ആളും അതുപോലെ തന്നെ മറ്റു പ്രതികളും വാദിക്കുകയും ചെയ്യുന്നിടത്തോളം അവരുടെ പങ്കുകളുടെ നേർ വിപരീതം ഈ വ്യവഹാരത്തിൽ ദൃശ്യമായിരുന്നു. അപ്പീൽവാദികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകനായ ശ്രീ. ആർ.ഡി. ഷേണായി ഇത് വാദതടസ്സത്തിന് എതിരായ വാദതടസ്സത്തിന്റെ ഒരു കേസ്സാണ് എന്ന് ബോധിപ്പിച്ചിരിക്കുന്നു.

9. പ്രസ്താവന മുഖേനയുള്ള വാദതടസ്സത്തെ സംബന്ധിച്ചുള്ള നിയമം എന്ന പുസ്തകത്തിൽ (ജോർജ്ജ് സ്പെൻസർ ബവറും സർ അലക്സാണ്ടർ കിംകോം ടർണറും എഴുതി 1977-ൽ ബട്ടർവർത്സ് (ലണ്ടൻ) പ്രസിദ്ധീകരിച്ച 3-ാം പതിപ്പിലെ 154-ാം പേജിലെ 155-ാം ഖണ്ഡിക) വാദതടസ്സത്തിനെതിരായ വാദതടസ്സത്തെ വിശദീകരിച്ചിരിക്കുന്നു:

"പ്രഥമദൃഷ്ട്യായുള്ള ഒരു വാദതടസ്സ കേസിന് സ്വീകാര്യാത്മകമായ ഒരു നല്ല ഉത്തരം, ആ വാദതടസ്സത്തിന് വഴിവച്ചതായി ആശ്രയിച്ചിട്ടുള്ള പ്രസ്താവന, റെപ്രസെന്ററോട് റെപ്രസെന്റി നടത്തിയ ഒരു മുൻപ്രസ്താവനയിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്നു അല്ലെങ്കിൽ അതിന്റെ അനന്തരഫലമായിരുന്നു എന്നുള്ള തെളിവിനാൽ സ്ഥിരീകരിക്കപ്പെടുന്നു. അങ്ങനെയുള്ള ഏതൊരു കേസിലും, ഒരു കക്ഷിയുടെ ഗൂഢമായ പ്രവർത്തനം മറ്റേ കക്ഷിയുടെ ഗൂഢമായ എതിർപ്രവർത്തനം കൊണ്ട് തകർക്കപ്പെടുകയും വസ്തുതകളൊഴികെ തീരുമാന വിഷയമായി യാതൊന്നും അവശേഷിക്കാതിരിക്കുകയും ചെയ്യുന്നു. റെപ്രസെന്റർ, അയാളുടെ പ്രസ്താവനയാൽ വാദതടസ്സം ചെയ്യപ്പെടുന്നു എന്ന് സ്ഥാപിക്കുന്നതിൽ നിന്നും റെപ്രസെന്റി തന്റെ സ്വന്തം പ്രസ്താവനയാൽ വാദ തടസ്സം ചെയ്യപ്പെടുന്നു. "വാദതടസ്സത്തിന് എതിരായ വാദതടസ്സം വിഷയത്തെ പൂർണ്ണമായും തുടച്ചു മാറ്റുന്നു" എന്ന പഴയ ഫോർമുല കൊണ്ട് ഇതാണ് അർത്ഥമാക്കുന്നത്.

10. ഹാൾസ്ബറിയുടെ ഇംഗ്ലണ്ടിലെ നിയമങ്ങൾ എന്ന പുസ്തകത്തിൽ (394-ാം ഖണ്ഡിക, 3—ാം പതിപ്പ്, 15—ാം വാല്യം പേജ് 211) വാദതടസ്സത്തിന് എതിരായ വാദതടസ്സം, വിഷയത്തെ വ്യക്തമായി എതിർസ്ഥാനത്താക്കുന്നു എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഈ തത്വം *സിവ റാവു ഹനജി അഭി ജീവന റായി*

(1864(2) എം.എച്ച്.സി.ആർ.31), *സരൂപ് ചന്ദ്* അഭി *മുസമ്മദ് പാണി* (1917 (37) ഐ.സി. 198), *ജീവൻലാൽ* അഭി *ബെഹരി ലാൽ* (1918(45) ഐ.സി.68)-ഉം *ജെതിഭായിയും മറ്റുള്ളവരും* അഭി *ചബിൽദാസ് ദൂൻഗാർസിയും മറ്റുള്ളവരും* (എ.ഐ.ആർ. 1935 സിന്ധ് 142) എന്നീ കേസുകളിൽ നിരീക്ഷിച്ചിട്ടുള്ളതുപോലെ ഇന്ത്യയിലും ബാധകമാക്കിയിട്ടുണ്ട്.

11. പരിഗണനയ്ക്കു വരുന്ന അനിവാര്യമായ ചോദ്യം വാദതടസ്സം എന്ന പൊതു നിയമം ആകർഷിക്കപ്പെടുന്നോ എന്നതാണ്. വാദിയുടെ ഭർത്താവായ സേവ്യർ, ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന അയാളുടെ ആരോപണ ത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഹർജി 01/ 1962-ൽ ആന്റണിയുടെ രക്ഷാകർത്താവായി നിയമിക്കപ്പെടുകയും ആന്റണിക്ക് സ്വന്തമായ ചില വസ്തുവകകൾ കൈയ്യൊഴിയുവാനുള്ള അനുവാദം അയാൾക്ക് നൽകുകയും ചെയ്യുക യുണ്ടായി. അവർ ഫയൽചെയ്ത ആദ്യഹർജി 403/1980-ൽ ആന്റണി മാനസിക അസുഖമുള്ള യാളായിരുന്നുവെന്നും അയാൾക്ക് ഒരു രക്ഷാകർത്താവ് ആവശ്യമാണെന്നും വാദി ആരോപിച്ചിരുന്നു. ആദ്യഹർജി 403/1980-ൽ ആന്റണി ബുദ്ധിസ്ഥിരതയുള്ള ആളായിരുന്നു വെന്ന് കൂടുതലായുള്ള 8-ാം പ്രതി ഫയൽ ചെയ്ത എതിർപത്രികയിൽ, അയാൾ വാദിച്ചിരുന്നു. ആന്റണി ബുദ്ധിസ്ഥിരതയുള്ള ആളായിരുന്നുവെന്നും ആരോപിച്ചിട്ടുള്ളതു പോലെ അയാൾ ഒപ്പിട്ടുപൂർത്തീകരിച്ച എക്സിബിറ്റ് എ-10 വിൽപ്പത്രം സാധുവാണെന്നു മുള്ള ഒരു വാദം ഈ വ്യവഹാരത്തിൽ ഉന്നയിക്കുന്നതിൽ നിന്നും വാദിയെയും ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്നും ആ വിൽപ്പത്രം അസാധുവാണെന്നും ഉറപ്പിച്ചു പറയുന്നതിൽ നിന്നും 1-ഉം 7 മുതൽ 9 വരെയുമുള്ള പ്രതികളെയും തടയുന്ന വാദതടസ്സമായി ഈ പ്രസ്താവനകൾ പ്രവർത്തിക്കുന്നുവോ?

12. *ചഹൻലാൽ കേശവ്ലാൽ മേത്ത* അഭി *പട്ടേൽ നരൻദാസ് ഹരിഭായി* (എ.ഐ.ആർ 1982 എസ്.സി.സി 121) എന്ന കേസിൽ ഒരു കേസിനെ തെളിവ് ആക്റ്റിലെ 115-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള വാദതടസ്സത്തിന്റെ പരിധിക്കു ള്ളിൽ കൊണ്ടുവരുന്നതിനുള്ള ആവശ്യ കതകൾ സുപ്രീം കോടതി പരിഗണിക്കുക യുണ്ടായി.

"(1) മറ്റൊരാൾക്ക് ഒരു ആളോ അയാളുടെ അധികാരപ്പെടുത്തപ്പെട്ട ഏജന്റോ മുഖേനയുള്ള ഏതെങ്കിലും രൂപത്തിലുള്ള ഒരു പ്രസ്താ വനയോ, പ്രഖ്യാപനമോ കൃത്യമോ കൃത്യ വിലോപമോ ഉണ്ടായിരിക്കണം; (2) ആ പ്രസ്താവന ഒരു വസ്തുതയുടെ അസ്ഥിത്വത്തെ ക്കുറിച്ച് ആയിരിക്കേണ്ടതും കോൺട്രാക്റ്റിൽ നടപ്പാക്കിയിരിക്കാവുന്നതോ നടപ്പാക്കിയിരി ക്കാവുന്നതല്ലാത്തതോ ആയ വരുംകാല വാഗ്ദാനങ്ങളെയോ ഉദ്ദേശ്യത്തെയോ കുറിച്ച് ആയിരിക്കുവാൻ പാടില്ലാത്തതുമാണ്; (3) ആ പ്രസ്താവന വിശ്വസിക്കപ്പെടണം എന്ന ഉദ്ദേശത്തോടുകൂടി ആയിരുന്നിരിക്കണം; (4) അത് സത്യമാണെന്ന വിശ്വാസം മറ്റേ കക്ഷിയുടെ ഭാഗത്ത് ഉണ്ടായിരുന്നിരിക്കണം; (5) ആ പ്രഖ്യാപനത്തിന്റെയോ കൃത്യത്തിന്റെയോ കൃത്യവിലോപത്തിന്റെയോ വിശ്വാസത്തിൻ മേൽ പ്രവൃത്തി ഉണ്ടായിരുന്നിരിക്കണം, എന്നു പറഞ്ഞാൽ, ആ പ്രഖ്യാപനമോ കൃത്യമോ കൃത്യവിലോപമോ അതിന്റെ വിശ്വാസത്തി ന്മേൽ പ്രവർത്തിക്കുവാൻ മറ്റൊരാളെയും തനിക്ക് പ്രതികൂലമായോ ഹാനികരമായോ തന്റെ മുൻനിലപാട് മാറ്റുവാനും യഥാർത്ഥമായി ഇടവരുത്തിയിരിക്കണം; (6) ആ തെറ്റി ദ്ധരിപ്പിക്കലോ, പെരുമാറ്റമോ കൃത്യവിലോപമോ മറ്റേ കക്ഷി അയാൾക്ക് പ്രതികൂലമായി പ്രവർത്തിക്കുന്നതിലേക്ക് നയിച്ചതിനുള്ള ഉറ്റ കാരണമായിരുന്നിരിക്കണം; (7) വാദ തടസ്സത്തിന്റെ ആനുകൂല്യം അവകാശപ്പെടുന്ന ആൾ, കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതിയെ ക്കുറിച്ച് തനിക്ക് അറിവില്ലായിരുന്നു എന്ന് കാണിച്ചിരിക്കണം. അയാൾക്ക് കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതിയെക്കുറിച്ചുള്ള അറിവോ അറിവിനുള്ള മാർഗ്ഗമോ ഉണ്ടായിരുന്നു വെങ്കിൽ, യാതൊരു വാദതടസ്സവും സാദ്ധ്യമല്ല; (8) പ്രസ്താവന നടത്തപ്പെട്ട ആൾക്കോ ആർക്കുവേണ്ടിയാണോ അത് ഉദ്ദേശിക്കപ്പെട്ടത് അയാൾക്കോ മാത്രമേ അതിനെ സ്വയം പ്രയോജനപ്പെടുത്തുവാൻ കഴിയുകയുള്ളൂ".

13. ബന്ധപ്പെട്ട പ്രതികൾക്ക്, അവർ സേവ്യറുടെയോ വാദിയുടെയോ ആരോപണം സത്യമെന്ന് വിശ്വസിച്ചിരുന്നതായി യാതൊരു കേസുമില്ല. സേവ്യറുടെയോ വാദിയുടെയോ പ്രഖ്യാപനം, അവർ അതിന്റെ വിശ്വാസത്തിന്മേൽ പ്രവർത്തിക്കുവാനും അവരുടെ നിലപാട് മാറ്റുവാനും ഇടവരുത്തിയിട്ടില്ല. നേരെമറിച്ച്, വാദിയുടെ ആരോപണം തെറ്റായിരുന്നു എന്നതായിരുന്നു കൂടുതലായുള്ള എട്ടാം പ്രതിയുടെ ഉറച്ച കേസ്. വാദിയുടെ പ്രസ്താവനയാൽ തെറ്റായി നയിക്കപ്പെട്ടിട്ടുണ്ടെന്ന് ഒന്നാം പ്രതിയും അവകാശപ്പെടുന്നില്ല, 7 മുതൽ 9 വരെയുള്ള കൂടുതൽ പ്രതികളും അവകാശപ്പെടുന്നില്ല. ഇത് വാദതടസ്സ തത്വത്തിന്റെ വ്യാപ്തിയിൽ നിന്നും കേസിനെ പുറത്താക്കുന്നു. ഇതേ കാരണങ്ങളാൽ, ഈ കേസിലെ കൂടുതലായുള്ള 8-ാംപ്രതി ആദ്യഹർജി നം. 403/1980-ൽ ഈ വാദം ഉന്നയിച്ചിരുന്നിടത്തോളം തീരുമാനം വ്യത്യസ്ഥമായിരിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് വാദതടസ്സ തത്വം ബന്ധപ്പെട്ട വാദികൾക്കോ പ്രതികൾക്കോ ബാധകമാകുന്നതല്ല.

14. വാദതടസ്സ തത്വം ഈ കേസിന്റെ വസ്തുതകൾക്ക് ബാധകമല്ലെന്ന് കണ്ടെത്തിയിരിക്കെ, ആദ്യഹർജി 1/1962-ലെ നടപടികളിൽ സേവ്യറുടെയും, കോടതികൾ മുമ്പാകെയും മറ്റെവിടെയും ഉള്ള മുൻ നടപടികളിൽ വാദിയുടെയും പ്രസ്താവനകളുടെ പ്രഭാവം ഞങ്ങൾ പരിശോധിക്കേണ്ടതാണ്. അവ അഡ്മിഷനുകൾ ആകുന്നുവോ? അവ അങ്ങനെ ആകുന്നെങ്കിൽ, അവയുടെ തെളിവുപരമായ മൂല്യം എന്താണ്?

15. തെളിവ് ആക്റ്റിലെ 17-ഉം 18-ഉം വകുപ്പുകൾ താഴെ പറയും പ്രകാരമാണ്:

17. **അഡ്മിഷന്റെ നിർവ്വചനം.-** ഒരു അഡ്മിഷൻ ഏതെങ്കിലും വിവാദ വസ്തുതയോ പ്രസക്ത വസ്തുതയോ സംബന്ധിച്ച ഏതെങ്കിലും നിഗമനത്തെ സൂചിപ്പിക്കുന്നതും, അതിനുശേഷം പറഞ്ഞിട്ടുള്ള ആളുകളിൽ ആരെങ്കിലും ഇതിനുശേഷം പറഞ്ഞിട്ടുള്ള പരിത:സ്ഥിതികളിൽ ചെയ്തിട്ടുള്ളതുമായ (വാക്കാലോ രേഖാമൂലമോ ഇലക്ട്രോണിക് രൂപത്തിൽ അടങ്ങിയിട്ടുള്ളതോ ആയ) ഒരു പ്രസ്താവന ആകുന്നു.

18. **നടപടിയിലെ കക്ഷിയാലോ അയാളുടെ ഏജന്റാലോ ഉള്ള അഡ്മിഷൻ.**-നടപടിയിലെ ഒരു കക്ഷിയോ അല്ലെങ്കിൽ കേസിന്റെ പരിതഃസ്ഥിതികളിൽ, ചെയ്യുവാൻ അയാൾ പ്രകടമായോ, വ്യംഗ്യമായോ അധികാരപ്പെടുത്തിയിട്ടുള്ള ആളാണെന്ന് കോടതി കരുതുന്ന അങ്ങനെയുള്ള ഏതെങ്കിലും കക്ഷിയുടെ ഏജന്റോ ചെയ്തിട്ടുള്ള പ്രസ്താവനകൾ അഡ്മിഷനുകളാകുന്നു.

**കക്ഷിയാൽ പ്രാതിനിധ്യ സ്വഭാവത്തിൽ.-** പ്രാതിനിധ്യ സ്വഭാവത്തിൽ വ്യവഹാരം ബോധിപ്പിക്കുന്ന കക്ഷികളോ, ഏതു കക്ഷികൾക്കെതിരായാണോ പ്രാതിനിധ്യ സ്വഭാവത്തിൽ വ്യവഹാരം ബോധിപ്പിക്കപ്പെടുന്നത്, അങ്ങനെയുള്ള കക്ഷികളോ ചെയ്യുന്ന പ്രസ്താവനകൾ അവ ചെയ്യുന്ന കക്ഷിക്ക് പ്രാതിനിധ്യ സ്വഭാവം ഉണ്ടായിരുന്നപ്പോൾ ചെയ്തിട്ടുള്ളവയല്ലാത്ത പക്ഷം, അഡ്മിഷനുകളല്ല.

(1) **വിഷയത്തിൽ താൽപ്പര്യമുള്ള കക്ഷിയാൽ.**-നടപടിയുടെ വിഷയത്തിൽ ഏതെങ്കിലും ഉടമ എന്ന നിലയിലുള്ളതോ ധനപരമോ ആയ ഏതെങ്കിലും താൽപ്പര്യം ഉണ്ടായിരിക്കുകയും പ്രസ്താവന അങ്ങനെ താൽപ്പര്യമുള്ള ആളുകൾ എന്ന നിലയിൽ ചെയ്യുകയും ചെയ്യുന്ന ആളുകൾ, അല്ലെങ്കിൽ

(2) **താൽപ്പര്യം ഏത് ആളിൽ നിന്നാണോ സിദ്ധിച്ചത് ആ ആളാൽ.**- ഏത് ആളുകളിൽ നിന്നാണോ വ്യവഹാരകക്ഷികൾക്ക് വ്യവഹാര വിഷയത്തിൽ അവർക്കുള്ള താൽപ്പര്യം സിദ്ധിച്ചത് ആ ആളുകൾ, ചെയ്യുന്ന പ്രസ്താവനകൾ, അവ ചെയ്യുന്ന ആളുകളുടെ താൽപ്പര്യം തുടർന്നു കൊണ്ടിരിക്കുമ്പോഴാണ് ചെയ്യുന്നതെങ്കിൽ, അഡ്മിഷനുകളാകുന്നു.

16. 18-ാം വകുപ്പിലെ 'നടപടികൾ', അഡ്മിഷൻ എന്നു പറയപ്പെടുന്ന മുൻ പ്രസ്താവന ഏത് നടപടികളിലാണോ തെളിയിക്കുവാൻ ആവശ്യപ്പെടുന്നത് ആ നടപടികളെ പരാമർശിക്കുന്നു. മുൻ പ്രസ്താവന ഒരു കോടതിയുടെയോ ഏതെങ്കിലും അധികാര സ്ഥാനത്തിന്റെയോ

മുമ്പാകെയുള്ള ഒരു നടപടിയിൽ നടത്തിയ തായിരിക്കണം എന്ന് ഒട്ടും തന്നെ ആവശ്യ മില്ലാത്തതാണ്. ഒരു അഡ്മിഷനായി യോഗ്യത നേടുവാൻ ഒരു പ്രസ്താവന സ്വയം വേദനിപ്പി ക്കുന്നതാകണമെന്ന് ആവശ്യമില്ല; സ്വയം പ്രയോജനപ്പെടുന്ന ഒരു പ്രസ്താവനയും ഒരു അഡ്മിഷൻ ആയി തീരാവുന്നതാണ്.

17. പ്രശ്നത്തിലുള്ള ഒരു വസ്തുതയെയോ പ്രസക്തമായ ഒരു വസ്തുതയെയോക്കുറിച്ചുള്ള നിഗമനത്തെ നിർദ്ദേശിക്കുന്ന ഒരു പ്രസ്താവന-

(1) (പ്രസ്താവന) ചെയ്യുന്നയാൾ നടപടി യിലെ ഒരു കക്ഷിയാണെങ്കിൽ;

(2) (പ്രസ്താവന) ചെയ്യുന്നയാൾ നടപടിയിലെ ഒരു കക്ഷിയല്ലെങ്കിൽ കൂടിയും, നടപടിയുടെ വിഷയത്തിൽ അയാൾക്ക് ഉടമ എന്ന നിലയിലുള്ളതോ ധനപരമോ ആയ താൽപ്പര്യങ്ങൾ ഉണ്ടായിരുന്നിരിക്കുകയും അങ്ങനെ താൽപ്പര്യമുള്ള ആൾ എന്ന നിലയിൽ ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിൽ;

(3) (പ്രസ്താവന) ചെയ്യുന്നയാൾ നടപടിയിലെ ഒരു കക്ഷി അല്ലെങ്കിൽക്കൂടിയും നടപടിയിലെ കക്ഷികൾ അയാളിൽ നിന്നാണ് നടപടി വിഷയത്തിൽ താത്പര്യമെടുത്തിട്ടുള്ള താണെങ്കിൽ, ഒരു അഡ്മിഷൻ ആണെന്ന് തെളിവ് ആക്റ്റിലെ 17-ഉം 18-ഉം വകുപ്പുകളുടെ കൂട്ടിച്ചേർത്തുള്ള ഒരു വായന കാണിക്കുന്നു.

18. ആദ്യഹർജി 1/1962-ലെ ഇംഗ്ലീഷിലുള്ള ഒരു ഹർജിയുടെ പകർപ്പാണ് എക്സിബിറ്റ് ബി--9, അതിൽ സേവ്യർ, തന്റെ സഹോദരൻ ആന്റണി കഴിഞ്ഞ കുറേ വർഷങ്ങളായി "ബുദ്ധിസ്ഥിരതയുള്ള ആളായിരുന്നില്ല എന്നും സ്വയം പരിരക്ഷിക്കുവാനുള്ള സ്ഥിതിയിൽ അല്ലായിരുന്നുവെന്നും" പറഞ്ഞിരുന്നു. എക്സിബിറ്റ് ബി-12-ൽ നിന്നും വെളി വാകുന്നതുപോലെ ആദ്യഹർജി 1/1962-ൽ ഫയൽചെയ്ത ഐ.എ 1133/1968-ലും അയാൾ അതേ പ്രസ്താവന ആവർത്തിച്ചിരുന്നു.

19. സേവ്യർ ജീവിച്ചിരിപ്പില്ലാത്തതും അയാൾ ഈ വ്യവഹാരത്തിലെ ഒരു കക്ഷിയല്ലാത്തതും അത് അയാളുടെ പ്രസ്താവനകളെ തെളിവ് ആക്റ്റിലെ 18-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന മൂന്ന് വിഭാഗങ്ങ ളിലെ ആദ്യത്തേതിൽ നിന്നും പുറത്താക്കുന്നു.

20. ആന്റണിയുടെ മാനസികാവസ്ഥ മാത്രം ആദ്യഹർജി 1/1962-ലെ വിഷയമായിരുന്നതു കൊണ്ട്, സേവ്യർക്ക് വിഷയത്തിൽ ഉടമയെന്ന നിലയിലുള്ളതോ ധനപരമോ ആയ ഏതെങ്കിലും താൽപ്പര്യങ്ങൾ ഉള്ള യാതൊരു ചോദ്യവും ഇല്ലായിരുന്നു, അത് അയാളുടെ പ്രസ്താവന രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല എന്നർത്ഥമാക്കുന്നു.

21. എക്സിബിറ്റ് എ-10 വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിച്ച സമയത്തുള്ള ആന്റണിയുടെ മാനസികാവസ്ഥ മാത്രമാണ് ഇപ്പോഴത്തെ കേസിലെ വിഷയം അതിൽ ഉൾപ്പെട്ടിരുന്ന വസ്തുവകകൾ അല്ല. കക്ഷികൾക്ക് വിഷയ ത്തിലെ അവരുടെ താൽപ്പര്യങ്ങൾ സേവ്യറിൽ നിന്ന് ലഭിച്ചിട്ടുള്ള ഒരു കേസല്ല ഇത്. അതു കൊണ്ട് സേവ്യറുടെ പ്രസ്താവന മൂന്നാമത്തെ വിഭാഗത്തിൻ കീഴിലും വരുന്നില്ല.

22. ആദ്യഹർജി 1/1962-ൽ സേവ്യർ നടത്തിയ പ്രസ്താവന തെളിവ് ആക്റ്റിലെ 18-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള 17-ാം വകുപ്പിന് കീഴിൽ വരുന്ന ഒരു അഡ്മിഷൻ അല്ല എന്ന തീരുമാനത്തിലേക്ക് ഞങ്ങളെ എത്തിക്കുന്നു. 18-ാം വകുപ്പ് ആകർഷിക്ക പ്പെടുന്നില്ലായെങ്കിൽ, 19-ഉം 20-ഉം വകുപ്പുകൾ ഈ കേസിലെ ആവശ്യത്തിന് പ്രസക്ത മല്ലാതിരിക്കെ, 21-ാം വകുപ്പിന് യാതൊരു ബാധകതയും ഇല്ലെന്ന് ഇത് യാതൊരു സംശയവും കൂടാതെ സമ്മതിക്കുന്നു.

23. ആദ്യഹർജി നം. 403/1980-ലെ എക്സിബിറ്റ് ബി 1 വാദങ്ങളിലുള്ള വാദിയുടെ പ്രസ്താവനയിലേക്ക് വരുമ്പോൾ, ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്ന് അവർ പ്രത്യേകമായി ആരോപിച്ചിരുന്നു, അതായിരുന്നു അവരെ അയാളുടെ രക്ഷാകർത്താവായി നിയമി ക്കുവാനുള്ള അവരുടെ അവകാശ വാദത്തിന്റെ അടിസ്ഥാനം. "എതിർകക്ഷി (ആന്റണി) കഴിഞ്ഞ കുറെ വർഷങ്ങളായി ചിത്തഭ്രമമുള്ള ആളാണെന്നും സ്വയം പരിരക്ഷിക്കുവാനും അയാളുടെ കാര്യങ്ങൾ നടത്തുവാനുമുള്ള സ്ഥിതിയിലല്ലെന്നും" അവർ കോടതിയോട് പറഞ്ഞിരുന്നു. വസ്തു ആർജ്ജന ഉദ്യോഗ സ്ഥന് മുമ്പാകെ അവർ ഫയൽചെയ്ത

എക്സിബിറ്റ് ബി-2 അപേക്ഷയിലും വസ്തു ആർജ്ജന കേസ് 6/1981-ൽ വസ്തു ആർജ്ജന ഉദ്യോഗസ്ഥന് മുമ്പാകെ ഫയൽചെയ്ത എക്സിബിറ്റ് ബി-3 റഫറൻസ് അപേക്ഷയിലും ആദ്യഹർജി നം. 403/1980—ൽ ഫയൽ ചെയ്ത എക്സിബിറ്റ് ബി-5 ബോണ്ടിലും ആദ്യഹർജി നം. 403/1980-ൽ രേഖപ്പെടുത്തിയ എക്സിബിറ്റ് ബി-13 മൊഴിയിലും ആദ്യവ്യവഹാരം നമ്പർ 321/1981-ൽ നൽകിയ എക്സിബിറ്റ് ബി-15 മൊഴിയിലും ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്ന് അവർ പ്രഖ്യാപിച്ചിരുന്നു.

24. ആന്റണിയുടെ ബുദ്ധിസ്ഥിരതയാണ് ഈ കേസിലെ ഒരു വിവാദ്യവസ്തുത. മുകളിൽ പരാമർശിച്ച വാദിയുടെ പ്രസ്താവനകൾ ആ തർക്കവിഷയത്തെ സംബന്ധിച്ചുള്ളവയായിരുന്നു. അവർ ഈ വ്യവഹാരത്തിലെ ഒരു കക്ഷിയാണ്. ഈ വസ്തുതകൾ തെളിവ് ആക്റ്റിലെ 17-ഉം 18-ഉം വകുപ്പുകളുടെ ആവശ്യകതകൾ നിറവേറ്റുകയും തെളിവ് ആക്റ്റിലെ 21-ാം വകുപ്പു പ്രകാരം അവ പ്രസക്തവുമാണ്.

25. മുകളിൽ സൂചിപ്പിച്ചതുപോലെ, ആന്റണിക്ക് യാതൊരു മാനസിക അസുഖവും ഇല്ലായിരുന്നുവെന്ന ഒരു നിലപാട് ആദ്യഹർജി നം. 403/1980-ൽ കൂടുതലായുള്ള എട്ടാം പ്രതി എടുത്തിരുന്നു. അയാളുടെ പ്രസ്താവനയും ഒരു അഡ്മിഷൻ ആകുന്നെങ്കിൽ, ഇത് അഡ്മിഷന് എതിരായ അഡ്മിഷൻ ഉള്ള ഒരു കേസാണ്. അതിന്റെ നിയമപരമായ അനന്തര ഫലങ്ങൾ എന്തൊക്കെയാണ്?

26. *ഭവർലാൽ* അഭി *മധുര പ്രസാദ്* (എ.ഐ.ആർ 1962 എം.പി.141) എന്ന കേസിൽ അഡ്മിഷന് എതിരായ അഡ്മിഷൻ പരസ്പരം നശീകരിക്കുന്നതാണെന്നും അവ അവഗണിക്കപ്പെടേണ്ടത് മാത്രമാണെന്നും വിധിക്കുകയുണ്ടായി. പാണ്ഡിത്യമുള്ള ന്യായാധിപൻ ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:

"*കേദാർനാഥ് അഭി പ്രഹ്ലാദ് റായി* (എ.ഐ.ആർ 1960 എസ്.സി. 213) എന്ന കേസിൽ ഓരോ കക്ഷിയും അവർക്ക് തന്നെ ഹാനികരമാകുന്ന അഡ്മിഷനുകൾ നടത്തിയിട്ടുള്ളിടത്ത് പരസ്പര അഡ്മിഷനുകൾ പരസ്പരം റദ്ദാകുകയും ആരോപിക്കപ്പെട്ട അങ്ങനെയുള്ള അഡ്മിഷനുകളെ കണക്കിലെടുക്കാതെ പരിഗണനയ്ക്കുള്ള പ്രശ്നം രേഖയിലുള്ള വസ്തുതയിന്മേൽ തീരുമാനിക്കേണ്ടിവരും എന്നത് ഫലമായിരി ക്കുകയും ചെയ്യും എന്ന് സുപ്രീം കോടതിയിലെ ന്യായാധിപൻമാർ വീണ്ടും പ്രതിപാദിക്കുകയുണ്ടായി.

ഇപ്പോഴത്തെ കേസും ഈ തരത്തിലുള്ള ഒന്നാണ് എന്നതാണ് ഞങ്ങളുടെ അഭിപ്രായം, ഇവിടെയും കക്ഷികളുടെ പെരുമാറ്റവും അതുപോലെതന്നെ രേഖയിലുള്ള കത്തിടപാടിൽ കാണിക്കുന്നതുപോലെ കക്ഷികൾ അവരുടെ സ്വന്തം താൽപ്പര്യത്തിന് എതിരായി അഡ്മിഷനുകൾ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ, ഒന്നാം എതിർകക്ഷി അയാളുടെ 04-01-1955-ലെ നോട്ടീസിൽ (എക്സിബിറ്റ് പി-5) ചെയ്തിട്ടുള്ളതായി ആരോപിച്ചിട്ടുള്ള അഡ്മിഷനുകൾക്ക് അപ്പീൽവാദി അയാളുടെ 04-01-1955-ലെ നോട്ടീസിൽ (എക്സിബിറ്റ് പി-6) നടത്തിയിട്ടുള്ള എതിർ അഡ്മിഷന്റെ അടിസ്ഥാനത്തിൽ യാതൊരു പ്രാധാന്യവും ഉണ്ടായിരിക്കുന്നതല്ല".

എന്നാൽ, *കേദാർനാഥ്* അഭി *പ്രഹ്ളാദ് റായി* എന്ന കേസിൽ (മുകളിൽ പറഞ്ഞത്) 'പരസ്പര അഡ്മിഷനുകൾ' പരസ്പരം റദ്ദാക്കുന്നതാണ് എന്ന് പ്രതിപാദിച്ചിരുന്നില്ല. പരമോന്നത കോടതി മുമ്പാകെ പരിഗണനയ്ക്ക് വന്ന ചോദ്യം വാദതടസ്സത്തെ കുറിച്ചല്ല *തുല്യതെറ്റിനെ* സംബന്ധിച്ചായിരുന്നു.

27. *മൻരാജ്* അഭി *രാമേശ്വർ* (1962 രാജസ്ഥാൻ: എൽ.ഡബ്ല്യു. 507) എന്ന കേസിൽ വാദതടസ്സത്തിന് എതിരായ വാദതടസ്സം വിഷയത്തെ പൂർണ്ണമായും ഇല്ലാതാക്കുന്നു എന്ന തത്വം അഡ്മിഷന് എതിരായ അഡ്മിഷനും കൂടി തുല്യമായി ബാധകമാകുന്നുവെന്ന് രാജസ്ഥാൻ ഹൈക്കോടതി വിധിക്കുകയുണ്ടായി.

28. *തുളസീറാം ജഗന്നാഥ് സാവോജി അഭി മറോത്തി ദോമ കോഷെയും മറ്റൊരാളും* (1980 മഹാരാഷ്ട്ര. എൽ.ജെ. 205) എന്ന കേസിൽ, അഡ്മിഷന് എതിരായ അഡ്മിഷനെ

അവഗണിക്കുവാൻ കഴിയുകയില്ല എന്ന അഭിപ്രായം ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ച് പ്രകടിപ്പിച്ചു. പാണ്ഡിത്യമുള്ള ന്യായാധിപൻ ഇപ്രകാരം പറഞ്ഞു:

"..............എന്നാൽ എന്റെ അഭിപ്രായത്തിൽ, അഡ്മിഷനുകളെ വിലയിരുത്തുന്നതാണ് ശരിയായ സമീപനം, രണ്ട് അഡ്മിഷനുകളെയും റദ്ദാക്കുന്നതല്ല. കക്ഷികളിൽ ഓരോരുത്തരും നടത്തിയിട്ടുള്ള അഡ്മിഷനുകളുടെ തെളിവു പരമായ മൂല്യം തിട്ടപ്പെടുത്തിയശേഷം ഒരു അഡ്മിഷന് മറ്റേതിനെക്കാൾ കൂടുതൽ മുൻഗണന നൽകിക്കൊണ്ട് കോടതിക്ക് സ്വീകരിക്കാവുന്നതാണ്. എന്നിരുന്നാലും, രണ്ട് അഡ്മിഷനുകളെയും റദ്ദാക്കുന്നത് സാദ്ധ്യമല്ലാതിരിക്കുന്നതാണ്".

ഈ വിധിന്യായം പരമോന്നത കോടതി മുമ്പാകെ ചോദ്യംചെയ്യപ്പെടുകയും ആയത് അതിനെ സ്ഥിരീകരിക്കുകയും ചെയ്തു. (*മറോത്തി* അഭി *തുളസിറാമും മറ്റൊരാളും* (1994) സപ്ലി: 3 എസ്.സി.സി 746). എന്നാൽ സുപ്രീം കോടതി അഡ്മിഷന് എതിരായ അഡ്മിഷനെ പരിഗണിക്കുകയോ അതിനെ എങ്ങനെ പരിഗണിക്കണമെന്ന അഭിപ്രായം പ്രകടിപ്പിക്കുകയോ ചെയ്തില്ല.

29. മുകളിലെ മൂന്ന് വിധിന്യായങ്ങളിലൊന്നിലും ആ വീക്ഷണം എടുക്കുന്നതിനുള്ള കാരണം പറഞ്ഞിട്ടില്ല, അതിന്റെ ഫലമായി അവയെക്കൊണ്ട് യാതൊരു സഹായമോ പ്രാധാന്യമോ ഇല്ലാത്തതാകുന്നു.

30. വാദതടസ്സത്തിനും അഡ്മിഷനും തമ്മിൽ ഒരു വ്യക്തമായ വ്യത്യാസമുണ്ട്. "തെളിവ് നിലവിലുള്ളതോ നിലവിലുണ്ടായിരുന്നിട്ടുള്ളതോ ആയ വസ്തുതകളെ സ്ഥാപിക്കുന്ന മാധ്യമം മാത്രമായിരിക്കുമ്പോൾ വാദതടസ്സങ്ങൾ നിർണ്ണായകമായി സ്വീകരിക്കപ്പെടുകയും അവ അവകാശത്തിന്റെ യഥാർത്ഥ യോഗ്യതകളിലേക്കുള്ള എല്ലാ അന്വേഷണത്തെയും ഒഴിവാക്കുകയും ചെയ്യുന്നു എന്നതിലാണ് വാദതടസ്സങ്ങൾ തെളിവിൽ നിന്നും വ്യത്യാസപ്പെടുന്നത്". (യു.എസ്. ദി കാർസോ, 53 എഫ്.2.ഡി 374 (സി.സി.എ 2ഡി സിഐആർ 1931) കോർപ്പസ് ജൂറിസ് സെക്കണ്ടം പേജ് 331 (വാല്യം 31, 2008 എഡിഷൻ കാണുക) വാദതടസ്സം ഒരു പരിപൂർണ്ണ തടസ്സത്തെ സൃഷ്ടിക്കുന്നു. എന്നാൽ അഡ്മിഷൻ ഒരു വസ്തുതയെ തെളിയിക്കുവാനുള്ള ഒരു തെളിവ് ശകലം മാത്രമായിരിക്കുകയും അത് തടസ്സം സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്നതും തെളിവ് ആക്റ്റിലെ 31-ാം വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വാദതടസ്സമായി പ്രവർത്തിക്കാത്തപക്ഷം, അത് തെറ്റായിരുന്നുവെന്നോ സത്യമല്ലാതിരുന്നെന്നോ തെറ്റിദ്ധരിക്കപ്പെട്ടതായിരുന്നുവെന്നോ അഡ്മിഷൻ ചെയ്യുന്ന കക്ഷിക്ക് എപ്പോഴും തെളിയിക്കാവുന്നതുമാണ്.

31. വാദതടസ്സം പോലല്ലാതെ അഡ്മിഷൻ, ഒരു തർക്കവിഷയം തീരുമാനിക്കുന്നതിൽ കോടതി പരിഗണനയിൽ എടുക്കേണ്ട ഒരു തെളിവ് ഇനം മാത്രമായതുകൊണ്ട്, അഡ്മിഷന് എതിരായ അഡ്മിഷൻ ഉണ്ട് എന്ന കാരണത്താൽ കക്ഷികളിൽ ആരുടെയും അഡ്മിഷനുകളെ അവഗണിക്കുവാൻ അതിന് കഴിയുകയില്ല. മറ്റ് ഏതെങ്കിലും തെളിവ് ശകലത്തിന്റെ സംഗതിയിൽ എന്ന പോലെ, അഡ്മിഷനുകളിൽ ഏതാണ് പരിഗണിക്കേണ്ടത് എന്ന് അത് തീരുമാനിക്കേണ്ടിയിരിക്കുന്നു. *മൻരാജ്* അഭി *രാമേശ്വർ* (1969 രാജസ്ഥാൻ. എൽ.ഡബ്ല്യൂ 507) എന്ന കേസിൽ രാജസ്ഥാൻ ഹൈക്കോടതി പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുവാൻ ഞങ്ങൾക്ക് വളരെ പ്രയാസമാണ്.

32. ഈ കേസ് ആരംഭിച്ച സമയത്ത് കൂടുതലായുള്ള എട്ടാം പ്രതി ഇതിലെ ഒരു കക്ഷി ആയിരുന്നില്ല. പിന്നീട്, വ്യവഹാരം നിലവിലിരിക്കെ മരണപ്പെട്ട ഒന്നാം പ്രതിയുടെ ഒരു നിയമാനുസൃത അനന്തരാവകാശി എന്ന നിലയിൽ അയാൾ കക്ഷി ചേർക്കപ്പെട്ടു. അയാളുടെ പ്രസ്താവന ഒന്നാം പ്രതിക്ക് ബാധകമല്ലായിരുന്നു. അവരുടെ (ഒന്നാം പ്രതിയുടെ) മരണത്തിനു മുമ്പ് ഈ കേസ് തീർപ്പാക്കപ്പെട്ടിരുന്നുവെങ്കിൽ, അയാളുടെ പ്രസ്താവന അപ്രസക്തമായിരിക്കുമായിരുന്നു. അവരുടെ മരണം മാത്രമാണ് അതിന്റെ പരിഗണന ആവശ്യമാക്കിത്തീർത്തിട്ടുള്ളത്.

33. ഒരു വാദിയുടെയോ ഒരു പ്രതിയുടെയോ അഡ്മിഷൻ കൂട്ടുവാദികളുടെയോ കൂട്ടു പ്രതികളുടെയോ ഒരു അഡ്മിഷൻ അല്ലാത്ത താകുന്നു. (*ചാണ്ടി അവിരാ അഭി തൊമ്മൻ വർക്കി*) (1951 കെഎൽറ്റി 7 (എഫ്.ബി) & *സീതാറാം മോത്തിലാൽ കലാൽ* അഭി *സന്തനു പ്രസാദ് ജയശങ്കർ ഭട്ട്* (എ.ഐ.ആർ 1966 എസ്.സി 1697). എന്നാൽ ആ പ്രസ്താവന കൂട്ടുവാദികളുടെയോ കൂട്ടുപ്രതികളുടെയോ ഏജന്റ് എന്ന നിലയിൽ അയാൾ നടത്തിയി ട്ടുണ്ടെങ്കിൽ അത് അവർക്കും കൂടി ബാധക മാകുന്നതാണ്. ടെയിലർ തന്റെ 'തെളിവ് നിയമം' എന്ന പുസ്തകത്തിൽ, സൃഷ്ടാവു മായി താൽപ്പര്യത്തിൽ സമീകരിക്കപ്പെട്ട ഒരാളുടെ അഡ്മിഷൻ സൃഷ്ടാവിനും ബാധകമാകുന്നതാണ് എന്ന് നിരീക്ഷിക്കുക യുണ്ടായി (സെക്ഷൻ 740 പേജ് 473 പതിപ്പ് 12). ഒന്നാം പ്രതിയോ കൂടുതലായുള്ള 7—ഉം 9—ഉം പ്രതികളോ താൽപ്പര്യത്തിൽ കൂടുതലായുള്ള 8--ാം പ്രതിയുമായി സ്വയം സമീകരിച്ചിട്ടില്ല. അയാൾ ആ പ്രസ്താവന തന്റെ വ്യക്തിപരമായ നിലയിലാണ് നടത്തിയിട്ടുള്ളത്. അത് വാദിക്കോ കൂടുതലായുള്ള 7--ഉം 9--ഉം പ്രതികൾക്കോ ബാധകമാകുന്നതല്ല. ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന് വാദിക്കുവാനും തെളിയിക്കുവാനും ഉള്ള അവരുടെ അവകാശം അവരിൽ നിന്നും എടുത്തുകളയുവാൻ കഴിയുകയില്ല. അതുകൊണ്ട് അവർക്ക് അയാളുടെ പ്രസ്താവന അവഗണിക്കുവാൻ കഴിയുന്നതാണ്. *ജെതി ബായിയും മറ്റുള്ളവരും* അഭി *ചബിൽദാസ് ദൂൻഗാർസിയും മറ്റുള്ളവരും* (എഐആർ 1935 സിന്ധ് 142).

34. ഈ കേസിന്റെ സ്വഭാവത്തിൽ വാദിയുടെ അവകാശവാദത്തിന് ആക്ഷേപം ഉന്നയിക്കുവാനുള്ള കൂടുതലായുള്ള 8-ാം പ്രതിയുടെ അവകാശത്തിനെ വിഭജിക്കുവാനും വെവ്വേറെയാക്കുവാനും കഴിയുന്നതല്ല. അതേസമയം അത് കൂടുതലായുള്ള 7-ഉം 9-ഉം പ്രതികൾക്ക് ബാധകമല്ലാത്തതും കൂടുതലായ 8-ാം പ്രതിയുടെ അഡ്മിഷന്റെ കാരണത്താൽ കൂടുതലായുള്ള 7-ഉം 9-ഉം പ്രതികളുടെ വാദം തള്ളിക്കളയേണ്ടതാണ് എന്ന് കോടതി ധരിക്കുന്നത് നിയമപരമല്ലാത്തതും ആകുന്നു.

35. ആയതിനാൽ, കൂടുതലായുള്ള 8-ാം പ്രതിയുടെ പ്രസ്താവന ഒരു അഡ്മിഷൻ ആയി കരുതപ്പെടുന്നെങ്കിൽ പോലും, കോടതി ആ അഡ്മിഷൻ അപ്രസക്തമെന്ന് കണ്ട് ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്ന് വാദി ക്കുവാനും തെളിയിക്കുവാനും കൂടുതലായുള്ള 7-ഉം 9-ഉം പ്രതികളെ അനുവദിക്കേണ്ടതാണ്.

36. ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു വെന്ന് തർക്കിക്കുന്ന പ്രതികളുടെ കേസിന് അനുകൂലമായി ആദ്യഹർജി നമ്പർ 403/1980-ൽ ഐപ്പ് എന്ന ഒരാൾ നൽകിയിട്ടുള്ള എക്സിബിറ്റ് ബി-14 മൊഴി കൂടി കൊണ്ടു വരപ്പെട്ടിട്ടുണ്ട്. ഐപ്പ് ആ ആദ്യഹർജിയിലെയോ ഈ വ്യവഹാരത്തിലെയോ ഒരു കക്ഷിയല്ല; അയാൾ ഈ വ്യവഹാരത്തിലെ കക്ഷികളിൽ ആരുടെ യെങ്കിലും താല്പര്യത്തിന്റെ ഒരു മുൻഗാമി ആയിരുന്നതുമല്ല. അയാളുടെ പ്രസ്താവന മുകളിൽ പറഞ്ഞ മൂന്ന് വിഭാഗങ്ങളിൽ ഏതൊന്നിലും ഉൾപ്പെടാത്തതും അത് ഒരു അഡ്മിഷൻ അല്ലാത്തതുമാകുന്നു. അയാളുടെ മൊഴി അപ്രസക്തവും തെളിവിൽ സ്വീകാര്യ മല്ലാത്തതുമാണ്.

37. ആദ്യഹർജി 1/1962-ൽ ആന്റണിക്ക് നൽകിയ ഒരു നോട്ടീസാണ് എക്സിബിറ്റ് ബി-8. ആന്റണി ചിത്തഭ്രമമുള്ള ആളായതുകൊണ്ട് അയാൾക്ക് നോട്ടീസ് നടത്തുവാൻ കഴിഞ്ഞില്ല എന്ന മേലെഴുത്തോടുകൂടി ആ നോട്ടീസ് മടങ്ങിവന്നു. പ്രോസസ്സ് നടത്തിപ്പുകാരന്റെ മേലെഴുത്ത് കൂടാതെ ഒരു സാക്ഷിയുടെ അതേ ഫലത്തിലേക്കുള്ള ഒരു പ്രസ്താവന കൂടി അതിൽ അടങ്ങിയിരിക്കുന്നു. അലിഖിതമായ കേട്ടുകേൾവിക്കും ലിഖിതമായ കേട്ടു കേൾവിക്കും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നിരിക്കെ, ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്നു തെളിയിക്കുവാൻ കേട്ടു കേൾവി മാത്രമായ, പ്രോസസ്സ് നടത്തിപ്പു കാരന്റെ പ്രസ്താവനയും സ്വീകാര്യമല്ല സാക്ഷിയുടെ പ്രസ്താവനയും സ്വീകാര്യമല്ല. എക്സിബിറ്റ് ബി 8 അപ്രസക്തവും തെളിവിൽ സ്വീകാര്യമല്ലാത്തതുമാണ്.

38. ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന് ധരിക്കുവാൻ പാണ്ഡിത്യമുള്ള സബ്

ജഡ്ജി ആദ്യഹർജി 403/1980-ൽ ആന്റണിക്ക് നൽകിയ എക്സിബിറ്റ് ബി-18 നോട്ടീസിനെ കൂടി ആശ്രയിക്കുകയുണ്ടായി. ആന്റണിക്ക് നോട്ടീസ് നടത്തുവാൻ ശ്രമിച്ച പ്രോസസ്സ് നടത്തിപ്പുകാരൻ പ്രതിഭാഗം 2-ാം സാക്ഷി ആയി വിസ്തരിക്കപ്പെട്ടു. ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന വിവരം അയാൾക്ക് ലഭിച്ചിരുന്നതുകൊണ്ട്, അയാൾ ആ നോട്ടീസ് ആന്റണിയോടൊപ്പം താമസിച്ചുകൊണ്ടിരുന്ന ഈ കേസിലെ വാദിക്ക് നടത്തി എന്ന ഫലത്തിലേക്കുള്ള അയാളുടെ മേലെഴുത്താണ് എക്സിബിറ്റ് ബി-18 (എ). ഇതും കേട്ടുകേൾവി മാത്രവും തെളിവിൽ സ്വീകാര്യമല്ലാത്തതും എന്നതിൽ യാതൊരു സംശയത്തിനും ഇടയില്ല. എക്സിബിറ്റ് ബി-18 തെളിവിൽ സ്വീകരിച്ചതിൽ കീഴ്ക്കോടതി തെറ്റ് വരുത്തി.

39. ഒരു അഡ്മിഷൻ സാരവത്തായ ഒരു തെളിവ് ശകലമാണ്. ഒരു കക്ഷി സത്യമെന്ന് സമ്മതിക്കുന്നത് സത്യമെന്ന് അനുമാനിക്കപ്പെടേണ്ടതാണ്. (*നാഥൂ ലാൽ* അഭി *ദുർഗ്ഗാപ്രസാദ്* എ.ഐ.ആർ (1954 എസ് സി 355)). ഇത് അയാൾക്കെതിരായ ഏറ്റവും നല്ല തെളിവാണ്. (*ഇന്ത്യൻ യൂണിയൻ* അഭി *എച്ച്.സി. ഗോയൽ* (എ.ഐ.ആർ 1965 എസ് സി 364)). എന്നാൽ തന്റെ അഡ്മിഷൻ തെറ്റായിരുന്നുവെന്നോ സത്യമല്ലായിരുന്നുവെന്നോ വെളിപ്പെടുത്തുവാൻ അയാൾക്ക് സ്വാതന്ത്ര്യമുണ്ട്. (മുകളിൽ പറഞ്ഞ നാഥുലാലിന്റെ കേസും *ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷൻ* അഭി *ശ്യാം ലാൽ* (എ.ഐ.ആർ 2004 എസ് സി 4271). ഒരാളുടെ യുക്തിബോധം എന്നത് അനുമാനമാണ്. (*ആർ* അഭി *മക്നോട്ടൻ* 1843 10 സി.ഐ & എഫ് 200 (റ്റിഎസി)). എന്നാൽ അഡ്മിഷൻ തെളിവ് ഭാരം മാറ്റി വയ്ക്കുന്നു.

40. വാദിക്ക് അവരുടെ അഡ്മിഷൻ സത്യമല്ലാത്തതെന്നോ തെറ്റായതെന്നോ ഉള്ള ഏതെങ്കിലും കേസുണ്ടോ എന്നതാണ് ഇപ്പോഴത്തെ ചോദ്യം. ഇംഗ്ലീഷിലുള്ള അവരുടെ ആദ്യ ഹർജിയിൽ (അന്യായത്തിൽ) അവർ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"മരണപ്പെട്ട ആന്റണി ആരോഗ്യവാനും സാധാരണ ബുദ്ധിപരമായ കഴിവുകൾ ഉണ്ടായിരുന്നയാളും അയാൾ ഒരു മകന്റെ എല്ലാ വാത്സല്യത്തോടും പരിരക്ഷയോടും പരിഗണനയോടും കൂടി ഹർജിക്കാരിയാൽ വളർത്തപ്പെടുകയും ചെയ്തിട്ടുള്ളതാണ്. അയാൾ സ്വയം സംരക്ഷിക്കുവാൻ പ്രാപ്തനായിരിക്കുകയും ഹർജിക്കാരിയുടെ വസ്തുവകകളെ സംരക്ഷിക്കുന്നതിൽ, പ്രത്യേകിച്ച് അവരുടെ ഭർത്താവിന്റെ മരണശേഷം, അവരെ സഹായിക്കുകയും തുണയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു". "മരണപ്പെട്ടയാൾ തന്റെ വസ്തുവകകൾ വ്യയനം ചെയ്യുന്നതിന് പ്രാപ്തനായിരിക്കുകയും ആ വിൽപ്പത്രം യാതൊരാളാലും സ്വാധീനിക്കപ്പെടാതെയുള്ള തന്റെ സ്വന്തം സ്വതന്ത്ര ഇഷ്ടത്തിൻമേൽ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആ വിൽപ്പത്രം ഒപ്പിട്ട്പൂർത്തീകരിച്ച തീയതിയിൽ അയാൾ തികച്ചും സാധാരണ നിലയിൽ ആയിരിക്കുകയും അയാളുടെ മരണം വരെ അപ്രകാരം തുടരുകയും ചെയ്തിരുന്നു".

41. തെളിവിലും, ആന്റണിക്ക് യാതൊരു മാനസിക അസുഖവും ഇല്ലായിരുന്നു എന്നതാണ് അവരുടെ നിശ്ചിത കേസ്. എന്നാൽ, അയാൾ എപ്പോഴും മൗനിയായിരുന്നുവെന്നും അതിനുവേണ്ടി അയാളെ ചികിത്സിക്കുകയും അയാൾ അതിൽ നിന്നും മുക്തനാകുകയും ചെയ്തുവെന്നും അവർ പറഞ്ഞിരുന്നു. അയാൾ അതിൽ നിന്ന് എപ്പോഴാണ് മുക്തനായതെന്ന് അവരോട് പാണ്ഡിത്യമുള്ള അവരുടെ അഭിഭാഷകൻ ചോദിച്ചു. മരണസമയത്ത് അയാൾക്ക് യാതൊരു അസുഖവും ഇല്ലായിരുന്നു എന്നതായിരുന്നു അവരുടെ മറുപടി. അത് എത്ര വർഷങ്ങൾക്ക് മുമ്പായിരുന്നു എന്നു ചോദിക്കുവാൻ അവരുടെ പാണ്ഡിത്യമുള്ള അഭിഭാഷകനെ വീണ്ടും ഇത് പ്രചോദിപ്പിച്ചു. 13 വർഷം മുമ്പായിരുന്നു അത് എന്ന് അവർ പറഞ്ഞു. അവരുടെ എതിർ വിസ്താരത്തിൽ, സേവ്യറുമായുള്ള അവരുടെ വിവാഹത്തിനുശേഷം ആന്റണിക്ക് സമനില തെറ്റി തുടങ്ങി എന്ന് അവർ സമ്മതിക്കുകയുണ്ടായി. അവർ തന്റെ ഭർത്താവ് ഫയൽ ചെയ്ത ആദ്യഹർജി നം. 1/1962-ലെ നടപടികളെക്കുറിച്ച് അറിവില്ല എന്നു വാദിച്ചു. അനുകൂലമല്ലാത്ത എല്ലാ ചോദ്യങ്ങളെയും

അവർ ഒഴിവാക്കി. ആദ്യ ഹർജിയിൽ ആന്റണിക്ക് നൽകിയ നോട്ടീസ് കൈപ്പറ്റിയത് അയാളായിരുന്നു അവരല്ല എന്ന അവരുടെ മൊഴികളവാണ്. അവരുടെ തെളിവ് അസത്യം കൊണ്ട് കുത്തിനിറയ്ക്കപ്പെട്ടതും പകുതി സത്യം കൊണ്ട് നികത്തപ്പെട്ടതുമാണ്. അവരുടെ അഡ്മിഷനുകളുമായി അവരെ എതിരിടേണ്ട ആവശ്യം ഇല്ലായിരുന്നുവെങ്കിൽ കൂടിയും, അവരുടെ എതിർവിസ്താരത്തിൽ അവയുമായി അവർ ഏറ്റുമുട്ടി. ശരിയായ യാതൊരു വിശദീകരണവും ഉണ്ടായിരുന്നില്ല. പുനർ വിസ്താരത്തിൽ ആന്റണിക്ക് മാനസിക രോഗം ഉണ്ടായിരുന്നുവെന്ന് അവർ സമ്മതിച്ചു, എന്നാൽ അയാൾ ചിത്തഭ്രമമുള്ള ആളല്ലായിരുന്നുവെന്ന് ഉടൻ തന്നെ കൂട്ടിച്ചേർത്തു.

42. ഇപ്രകാരം, ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന വാദിയുടെ അഡ്മിഷൻ സത്യമല്ലാത്തതോ തെറ്റിദ്ധരിക്കപ്പെട്ടതോ ആണ് എന്ന ഒരു കേസ് അവരുടെ വാദങ്ങളിലുമില്ല അവരുടെ തെളിവിലുമില്ല. അയാൾ ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന വസ്തുത മറച്ചുവയ്ക്കുവാൻ മാത്രമായിരുന്നു അവരുടെ ശ്രമം. അവർ അവരുടെ അഡ്മിഷനെ വിശദീകരിക്കുവാൻ പരാജയപ്പെട്ടിട്ടുള്ളതും അത് അവർക്ക് ബാധകമാകുകയും ചെയ്യുന്നു.

43. ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്നു തെളിയിക്കുവാൻ കൂടുതലായുള്ള 7 മുതൽ 9 വരെയുള്ള പ്രതികൾ, വാദിയുടെ അഡ്മിഷനു പുറമെ മെഡിക്കൽ തെളിവിനെക്കൂടി ആശ്രയിക്കുന്നു.

44. കാക്കനാട്ടെ കുസുമഗിരി മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും നൽകപ്പെട്ട ബില്ലിന്റെ പകർപ്പ് എക്സിബിറ്റ് ബി-17 ആ ആശുപത്രിയിൽ ആന്റണിയെ ചികിത്സിച്ചിരുന്നു എന്ന് തീർച്ചയായും തെളിയിക്കുന്നു.

45. ആദ്യഹർജി 403/1980-ൽ വിചാരണ കോടതി പുറപ്പെടുവിച്ച നിർദ്ദേശത്തിനനുസൃതമായി പ്രതിഭാഗം 4-ാം സാക്ഷിയായ ഡോ. രാജ രാജ വർമ്മ ആന്റണിയെ പരിശോധിച്ചിട്ടുള്ളതും എക്സിബിറ്റ് ബി-21 സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. ആന്റണി ദീർഘകാലം ഷിസോഫ്രെനിക് മാനസികരോഗമുള്ള ഒരു ആളായിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. ആദ്യഹർജി 403/1980-ൽ വിചാരണക്കിടയിൽ വാദിഭാഗം ഒന്നാം സാക്ഷിയായി അദ്ദേഹം വിസ്തരിക്കപ്പെട്ടു.

46. മുകളിലത്തെ ആദ്യഹർജിയിലെ ഉത്തരവിന് എതിരായി ഫയൽ ചെയ്ത എം.എഫ്.എ 321/1992-ൽ ഈ കോടതി പ്രതിഭാഗം 4-ാം സാക്ഷിയുടെ സർട്ടിഫിക്കറ്റും സാക്ഷിതെളിവും സ്വീകരിക്കുവാൻ വിസമ്മതിച്ചു എന്ന് ബോധിപ്പിച്ചിരിക്കുന്നു. എം.എഫ്.എ 321/1982-ലെ എക്സിബിറ്റ് എ-1 വിധിന്യായം മുഖേന ഈ കോടതി ആ വിഷയം റിമാന്റ് ചെയ്തപ്പോൾ അതു നടത്തിയ ഒരു നിരീക്ഷണം ഇതു മാത്രമാണ്: "കോടതിക്ക് രണ്ടാം എതിർകക്ഷിയെ (ആന്റണിയെ) ഒരു ഡോക്ടറെ കൊണ്ട് പരിശോധിപ്പിക്കുവാൻ കൂടി ഇടയാക്കാവുന്നതും ഒരു പുതിയ മെഡിക്കൽ റിപ്പോർട്ട് കൂടി കരസ്ഥമാക്കാവുന്നതുമാണ്". ഈ കേസിലെ വാദി (ആദ്യഹർജിയിലെ ഹർജിക്കാരൻ) കോടതിയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് കരസ്ഥമാക്കുവാൻ ശ്രമിച്ചിരുന്നുവെന്ന അഭിപ്രായം ന്യായാധിപൻമാർക്ക് ഉണ്ടായിരുന്നു എന്ന കാരണത്താലാണ് പ്രത്യക്ഷമായും ഈ നിരീക്ഷണം നടത്തുവാൻ ഇടയായത്. പ്രതിഭാഗം നാലാം സാക്ഷിയുടെ സാക്ഷിമൊഴി അല്ലെങ്കിൽ അദ്ദേഹത്തിന്റെ എക്സിബിറ്റ് ബി-21 സർട്ടിഫിക്കറ്റ് നിരാകരിക്കപ്പെടേണ്ടതാണെന്ന യാതൊരു കണ്ടെത്തലും ഇല്ലാത്തതാണ്. എക്സിബിറ്റ് എ-1 വിധിന്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നും സ്വതന്ത്രമായി അദ്ദേഹത്തിന്റെ തെളിവ് ഈ കേസിൽ ഞങ്ങൾക്ക് പരിഗണിക്കുവാൻ കഴിയും എന്ന് ഞങ്ങൾ കരുതുന്നു.

47. ആദ്യഹർജി 403/1980-ൽ പ്രതിഭാഗം നാലാം സാക്ഷി ഡോ. രാജരാജവർമ്മ നൽകിയ മൊഴിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ കേസിൽ എക്സിബിറ്റ് ബി-22 ആയി അടയാളപ്പെടുത്തിയിട്ടുണ്ട്. തെളിവ് ആക്റ്റിലെ ഏതൊരു വ്യവസ്ഥ പ്രകാരവും ഈ രേഖ തെളിവിൽ സ്വീകാര്യമല്ലാത്തതും അതിനെ പരിശോധിക്കുവാൻ കഴിയാത്തതുമാണ്.

48. പ്രതിഭാഗം 4-ാം സാക്ഷി എറണാകുളം ജില്ലാ ആശുപത്രിയിലെ ഒരു മനോരോഗ ചികിത്സകനായിരുന്നു. അയാൾക്ക് മനോരോഗ ചികിത്സയിൽ വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. കോടതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചു കൊണ്ട് അദ്ദേഹം ആന്റണിയെ ആ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുകയും 17-12-1980 മുതൽ 22-12-1980 വരെ നിരീക്ഷിക്കുകയും ചെയ്തു. യാതൊരു ആക്ഷേപവും കൂടാതെ എക്സിബിറ്റ് ബി-21 സർട്ടിഫിക്കറ്റ് തെളിവിൽ സ്വീകരിക്കപ്പെട്ടതുകൊണ്ട്, അതിൽ രേഖപ്പെടുത്തിയിരുന്ന അഭിപ്രായം ശരിയാണോ എന്നുള്ളത് മറ്റു വിധത്തിൽ തെളിയിക്കപ്പെടേണ്ടതാണെങ്കിൽ കൂടിയും, അതിൽ പറഞ്ഞിട്ടുള്ള വസ്തുതകളെ ഞങ്ങൾ ശ്രദ്ധിക്കുന്നതാണ്. ആന്റണിയെ ഡോക്ടർ വ്യക്തിപരമായി പരിശോധിക്കുകയും ആശുപത്രിയോട് ചേർന്നുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റിൽ നിന്നും ഒരു റിപ്പോർട്ട് വാങ്ങുകയും ചെയ്തു. ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെയും മുൻ മനോരോഗ ചികിത്സാ ചരിത്രത്തിന്റെയും താഴെ പറയുന്ന രോഗ ലക്ഷണങ്ങളുടെയും: ദുർബല സമ്പർക്കവും, ബന്ധമില്ലാത്ത സംസാരവും അസാന്ദർഭികമായ വികാരവും, മനോവിഭ്രാന്തിയുള്ള മതിഭ്രമവും, ശ്രവ്യ വിഭ്രാന്തിയും, സഹജമായ ലക്ഷണങ്ങൾ ഇല്ലാതിരിക്കലും, ഉൾക്കാഴ്ച ഇല്ലാതിരിക്കലും വകതിരിവ് ഇല്ലായ്മയും-അടിസ്ഥാനത്തിൽ ആന്റണി ദീർഘകാലം ഷിസോഫ്രെനിയ എന്ന മാനസികരോഗത്താൽ കഷ്ടം അനുഭവിക്കുകയായിരുന്നു എന്ന അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തി. ആ അസുഖം സുഖപ്പെടുത്തുവാൻ പറ്റാത്തതാണ് എന്നതായിരുന്നു ഡോക്ടറുടെ അഭിപ്രായം. അദ്ദേഹത്തിന്റെ തെളിവും അഭിപ്രായവും സ്വീകരിക്കാതിരിക്കുവാൻ അദ്ദേഹത്തിന്റെ എതിർ വിസ്താരത്തിൽ യാതൊന്നും ഞങ്ങൾ കാണുന്നില്ല. ആന്റണിയുടെ അസുഖം ഹോമിയോപ്പതി ചികിത്സ കൊണ്ട് ഭേദമാക്കപ്പെട്ടു എന്ന എതിർവിസ്താരത്തിലെ അദ്ദേഹത്തിന്റെ അഭിപ്രായവും ഈ സന്ദർഭത്തിൽ പ്രാധാന്യം അർഹിക്കുന്നു. പ്രതിഭാഗം നാലാം സാക്ഷിയുടെ തെളിവ് ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

49. സേവ്യർ ഫയൽ ചെയ്ത ആദ്യഹർജി 01/1962-ലെ എക്സിബിറ്റ് ബി-9 ഉത്തരവ് മുഖേന കോടതി അയാളെ ആന്റണിയുടെയും അയാളുടെ വസ്തുവകകളുടെയും രക്ഷാകർത്താവായി നിയമിക്കുകയുണ്ടായി. അതിനെ തുടർന്ന് അയാൾ എക്സിബിറ്റ് ബി-10 ബോണ്ട് ഫയൽ ചെയ്തു. അയാൾ ഫയൽ ചെയ്ത ഐ.എ 1133/1968-ൽ ആന്റണിയുടെ ചില വസ്തുവകകൾ വിൽക്കുവാൻ കോടതി അയാളെ അനുവദിക്കുകയുണ്ടായി. ആന്റണിയുടെ പേരിൽ നിശ്ചിത തുക നിക്ഷേപിക്കുവാൻ അനുമതിക്ക് വേണ്ടിയുള്ള അയാളുടെ അപേക്ഷയാണ് എക്സിബിറ്റ് ബി-11. ഈ രേഖകളിൽ ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്ന് സേവ്യർ പ്രസ്താവിച്ചിരുന്നു. തെളിവ് ആക്റ്റിലെ 18--ാം വകുപ്പുമായി കൂട്ടിവായിച്ച 17-ാം വകുപ്പ് പ്രകാരം സേവ്യറുടെ ഈ പ്രസ്താവന അഡ്മിഷൻ ആകുന്നില്ലെങ്കിൽ കൂടിയും, 11-ാം വകുപ്പ് പ്രകാരം പ്രസക്തമായ ഈ രേഖകളെ ആശ്രയിക്കുന്നതിന് നിയമപരമായ യാതൊരു തടസ്സവുമില്ല. ഈ വസ്തുതകൾ ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന് തർക്കിക്കുന്ന പ്രതികളുടെ കേസിനെ വിശ്വാസ്യയോഗ്യമാക്കുന്നു.

50. വസ്തു ആർജ്ജന റഫറൻസ് നം. 422/1988—ലെ കൂട്ടുവിധി ഉടമകളായിരുന്നു വാദിയും ആന്റണിയും. വസ്തു ആർജ്ജന റഫറൻസിലെ വിധിനടത്തൽ നടപടികളിൽ ആന്റണിയും വാദിയും 778/1993-ാം നമ്പർ ചെക്ക് അപേക്ഷ ഫയൽ ചെയ്തു. ആന്റണി തനിക്ക് വേണ്ടി മുമ്പ് ഹാജരായിക്കൊണ്ടിരുന്ന അഭിഭാഷകനല്ലാത്ത ഒരു അഭിഭാഷകനെ ഏർപ്പെടുത്തുവാൻ അയാളെ അനുവദിക്കുവാനായി എക്സിബിറ്റ് എ-6 ഹർജി ഫയൽ ചെയ്തു. പാണ്ഡിത്യമുള്ള സബ്ജഡ്ജി സത്യം ചെയ്യിക്കപ്പെട്ട ആന്റണിയുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി, അതിന്റെ ഒരു പകർപ്പാണ് എക്സിബിറ്റ് എ-8. അവർ എക്സിബിറ്റ് എ-9

ഉത്തരവ് മുഖേന ആ ചെക്ക് അപേക്ഷ അനുവദിച്ചു. ഈ ഉത്തരവിൽ അവർ ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി: "അയാൾ (ആന്റണി), അയാൾ ചിത്തഭ്രമമുള്ള ഒരാളല്ലായെന്നും പ്രസ്താവിച്ചിട്ടുണ്ട്. സി.ഡബ്ല്യൂ 2 (ആന്റണി) വിന്റെ രൂപത്തിന്റെയും അയാളുടെ തെളിവിന്റെയും കോടതിയിലെ അയാളുടെ പെരുമാറ്റത്തിന്റെയും കോടതി ചോദിച്ച ചോദ്യങ്ങൾക്ക് ആന്റണി നൽകിയ ഉത്തരത്തിന്റെയും അടിസ്ഥാനത്തിൽ സി.ഡബ്ല്യൂ 2 ചിത്തഭ്രമമുള്ള ഒരാളല്ല എന്ന് എനിക്ക് ബോദ്ധ്യപ്പെടുന്നു" (സിക്ക്). ആ നടപടികളിൽ ആന്റണിയുടെ ബുദ്ധിസ്ഥിരത തർക്കത്തിലായിരുന്നുവോ എന്നുപോലും അറിയില്ല. അതിലെ ഒന്നാം പ്രതിയും കക്ഷിയായിരുന്നില്ല, കൂടുതലായുള്ള 7 മുതൽ 9 വരെയുള്ള പ്രതികളും കക്ഷികളായിരുന്നില്ല. പാണ്ഡിത്യമുള്ള സബ്ജഡ്ജിയുടെ നിരീക്ഷണം അല്ലെങ്കിൽ കണ്ടെത്തൽ അപ്രസക്തവും ആന്റണി ബുദ്ധിസ്ഥിരതയുള്ള ആളായിരുന്നു എന്നു തെളിയിക്കുവാനുള്ള ഒരു തെളിവ് അല്ലാത്തതുമാണ്.

51. എം.എഫ്.എ 321/1982-ൽ ആന്റണി ഈ കോടതി മുമ്പാകെ കൊണ്ടുവരപ്പെട്ടു. കോടതി അതിന്റെ എക്സിബിറ്റ് എ-1 വിധിന്യായത്തിലെ 12-ാം ഖണ്ഡികയിൽ താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി. "............... കോടതിയും ഇരുപക്ഷത്തും ഹാജരായ അഭിഭാഷകരും ഉന്നയിച്ച ചോദ്യങ്ങൾക്ക് അയാൾ ശരിയായി/കൃത്യമായി ഉത്തരം നൽകി. അയാളുടെ വസ്ത്രധാരണ രീതിയും നടത്തവും അയാളുടെ പെരുമാറ്റവും ആംഗ്യങ്ങളും സാധാരണമായിരുന്നു. അയാൾ തന്റെ ശബ്ദത്തിൽ വ്യക്തതയും തന്റെ സംസാരത്തിൽ പരസ്പരബന്ധവും തന്റെ യുക്തിവിചാരത്തിൽ പ്രബലതയും ഉള്ള ആളായിരുന്നു. അയാൾ അയാളെക്കുറിച്ച് അറിഞ്ഞിരുന്നു; പുറംലോകത്തെക്കുറിച്ച് അയാൾക്ക് അറിയാമായിരുന്നു; അയാൾ തന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ ഓർമ്മിക്കുകയും അയാൾ ബി.എ വരെ പഠിച്ചിട്ടുണ്ടെന്ന് പറയുകയും ചെയ്തു. അയാളെ ചികിത്സിച്ചിരുന്നുവെന്നും അയാളെ അയാളുടെ മരണപ്പെട്ട സഹോദരൻ പരിപാലിച്ചിരുന്നു എന്നുകൂടി അയാൾ ഓർമ്മിക്കുകയുണ്ടായി".

ആന്റണി ബുദ്ധിസ്ഥിരതയുള്ള ആളായിരുന്നു എന്ന തെളിവിനുള്ള ഒരു പകരമല്ല ഇത്.

എക്സിബിറ്റ് എ-1 വിധിന്യായത്തിലും ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:

"കാര്യങ്ങളുടെ ഈ സ്ഥിതിയിൽ, കീഴ്ക്കോടതിയുടെ വിധിന്യായം ഉയർത്തിപ്പിടിക്കുന്നത്, പ്രത്യേകിച്ചും നിയമത്തിന്റെ നടപടിക്രമ ആവശ്യകതകൾ പാലിക്കാത്തതു വഴി ഗുരുതരമായ നീതിഭംഗം ഉണ്ടായിരിക്കുമ്പോൾ, തികച്ചും ബുദ്ധിപരമല്ലെന്ന് ഞങ്ങൾ കരുതുന്നു."

ആദ്യഹർജി 1/1962-ൽ ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന കണ്ടെത്തൽ ജില്ലാകോടതി ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നിട്ടുപോലുമാണ് അതിലെ ഹർജിക്കാരൻ സേവ്യർ അയാളുടെ രക്ഷാകർത്താവായി നിയമിക്കപ്പെട്ടിട്ടുള്ളതും; എന്നാൽ ആന്റണി ബുദ്ധിസ്ഥിരതയുള്ള ഒരാളാണ് എന്ന കണ്ടെത്തൽ അത് ഉൾപ്പെടുത്തിയിട്ടില്ലാത്തതും, എന്നാൽ വിഷയത്തെ പുതിയ പരിഗണനയ്ക്കുവേണ്ടി റിമാന്റുചെയ്യുക മാത്രം ചെയ്തിട്ടുള്ളതുമാണ് എന്ന വസ്തുത ഈ കോടതി ശ്രദ്ധിക്കുകയുണ്ടായി. അതുകൊണ്ട് എം.എഫ്.എ 321/1982-ലുള്ള എക്സിബിറ്റ് എ-1 വിധിന്യായത്തിലെ ഈ കോടതിയുടെ നിരീക്ഷണങ്ങൾ ആന്റണിക്ക് മാനസിക രോഗം ഉണ്ടായിരുന്നുവെന്ന് തെളിയിക്കുവാൻ വാദിയെ സഹായിക്കുന്നതല്ല.

52. മുകളിലത്തെ ചർച്ചയുടെ വെളിച്ചത്തിൽ, വാദിയുടെ അഡ്മിഷനും കൂടുതലായുള്ള 7 മുതൽ 9 വരെയുള്ള പ്രതികൾ ഹാജരാക്കിയ മെഡിക്കൽ തെളിവും കേസിലെ സാദ്ധ്യതകളും ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്നതിന് ഏതൊരു സംശയത്തിനും ഇടനൽകുന്നില്ല എന്ന് ഞങ്ങൾ ധരിക്കുന്നു.

53. ചിത്തഭ്രമത്തിന് മദ്ധ്യേയുള്ള സുബോധ അവസ്ഥയിൽ ഒപ്പിട്ടു പൂർത്തീകരിച്ച ഒരു വിൽപ്പത്രം സാധുവായ ഒരു വിൽപ്പത്രമാണെന്ന്

പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. ആർ.ഡി. ഷേണായി ബോധിപ്പിച്ചിരിക്കുന്നു. ബുദ്ധിസ്ഥിരതയുള്ള ഓരോ ആൾക്കും വിൽപ്പത്രം മുഖേന തന്റെ വസ്തു വ്യയനം ചെയ്യാവുന്നതാണെന്ന് ഇൻഡ്യൻ പിന്തുടർച്ച ആക്റ്റിലെ 59-ാം വകുപ്പ് പ്രഖ്യാപിക്കുന്നു. സാധാരണയായി ചിത്തഭ്രമമുള്ള ഒരാൾക്ക്, അയാൾക്ക് ബുദ്ധിസ്ഥിരത ഉണ്ടായിരിക്കുന്ന ഒരു ഇടവേളയിൽ ഒരു വിൽപ്പത്രം ഉണ്ടാക്കാവുന്നതാണെന്ന് ആ വകുപ്പിനുള്ള മൂന്നാം വിശദീകരണം പറയുന്നു. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ആന്റണിക്ക് ചിത്തഭ്രമത്തിന് മദ്ധ്യേയുള്ള സുബോധ അവസ്ഥകൾ ഉണ്ടായിരുന്നു എന്ന തന്റെ വാദത്തിന് അനുകൂലമായി വസ്തു ആർജ്ജിത റഫറൻസ് 422/1998-ലെ വിധിനടത്തൽ നടപടികളിൽ ഫയൽ ചെയ്ത ചെക്ക് അപേക്ഷയിൻമേൽ പാസാക്കിയ എക്സിബിറ്റ് എ-9 ഉത്തരവിൽ പാണ്ഡിത്യമുള്ള സബ് ജഡ്ജിയും എം.എഫ്.എ 321/1982-ലെ എക്സിബിറ്റ് എ-1 വിധിന്യായത്തിൽ (45-ഉം 46-ഉം ഖണ്ഡികകൾ പ്രകാരം) ഈ കോടതിയും ശ്രദ്ധിച്ച വസ്തുതകളിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ചിത്തഭ്രമ മദ്ധ്യേയുള്ള സുബോധാവസ്ഥയിൽ വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിക്കൽ വാദിക്കപ്പെടേണ്ടതും തെളിയിക്ക പ്പെടേണ്ടതുമായ ഒരു വിഷയമാണ്. ഒസ്യത്ത്കർത്താവിന് ചിത്തഭ്രമ മദ്ധ്യേയുള്ള സുബോധാവസ്ഥകൾ ഉണ്ടായിരുന്നുവെന്ന് തെളിയിക്കുന്നത് മതിയായതല്ല. അയാൾ ചിത്തഭ്രമ മദ്ധ്യേയുള്ള സുബോധാവസ്ഥയിൽ ആ വിൽപ്പത്രം ഒപ്പിട്ടുപൂർത്തീകരിച്ചു എന്നതിന് തെളിവ് ആവശ്യമാണ്. ചിത്തഭ്രമ മദ്ധ്യേയുള്ള സുബോധാവസ്ഥയിലാണ് ആന്റണി എക്സിബിറ്റ് എ-10 വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിച്ചതെന്ന് അന്യായത്തിൽ വാദങ്ങളി ല്ലാത്തതുകൊണ്ടും തെളിവ് ഇല്ലാത്തതു കൊണ്ടും പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകന്റെ വാദം സ്വീകരിക്കണമെന്ന് സ്വയം പറഞ്ഞു വിശ്വസിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നതല്ല.

54. വിൽപ്പത്രത്തിന്റെ യഥാർത്ഥത സംബന്ധിച്ച് തെളിവ് രേഖപ്പെടുത്തി യിട്ടുള്ളതു കൊണ്ട് അതുകൂടി ഞങ്ങൾ പരിശോധിക്കുന്ന താണ്. ബലാൽക്കരണവും വഞ്ചനയും അനുചിതമായ സ്വാധീനവും വാദിച്ചി ട്ടുണ്ടെങ്കിലും ഒന്നാം പ്രതി അവയെക്കുറിച്ചുള്ള യാതൊരു വിവരങ്ങളും അന്യായത്തിലെ വാദങ്ങളിൽ നൽകിയിട്ടില്ലാത്തതും അതിന് അനുകൂലമായി യാതൊരു തെളിവും ഹാജരാക്കിയിട്ടില്ലാത്തതുമാണ്. അതുകൊണ്ട് പരിഗണന ആവശ്യപ്പെടുന്ന വിഷയം എക്സിബിറ്റ് എ-10 വിൽപ്പത്രത്തിന്റെ യഥാർത്ഥത മാത്രമാണ്.

55. വിൽപ്പത്രം ഒപ്പിട്ടുപൂർത്തീകരിക്കലിന്റെ സംഗതിയിൽ സംശയാസ്പദമായ സാഹ ചര്യങ്ങൾ ഒസ്യത്ത്കർത്താവിന്റെ മാനസിക അവസ്ഥയും അയാളുടെ സ്വതന്ത്ര മനസ്സും അയാളുടെ ഒപ്പിന്റെ യഥാർത്ഥതയും ഒസ്യത്തിന്റെ സ്വഭാവവും സംബന്ധിച്ച താകാവുന്നതാണ്. ഒസ്യത്ത്കർത്താവ് വിൽ പ്പത്രത്തിൽ അയാളുടെ ഒപ്പ് പതിപ്പിച്ചിട്ടുണ്ടെന്ന് പ്രസ്താവകൻ തെളിയിച്ചാൽ മാത്രം പോരാ ഒസ്യത്ത്കർത്താവ് അതിലെ ഉള്ളടക്കം മനസ്സി ലാക്കിയിരുന്നുവെന്ന് അയാൾ തെളിയി ക്കേണ്ടതും ആവശ്യമാണ്.

56. പ്രശ്നത്തിലുള്ള എക്സിബിറ്റ് എ-10 വിൽപ്പത്രം സബ് രജിസ്ട്രാറുടെ ആഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. രജിസ്ട്രേഷൻ ആക്റ്റിലെ 42-ാം വകുപ്പ് പ്രകാരം അദ്ദേഹ ത്തിന്റെ പക്കൽ അത് നിക്ഷേപിക്കപ്പെട്ടിട്ടുള്ള താണ്. ആന്റണിയുടെ മരണത്തിന് മുമ്പ് സബ് രജിസ്ട്രാറുടെ ആഫീസിൽ നിന്നും അയാൾ സ്വീകരിച്ചിരുന്ന ടോക്കൺ അയാളുടെ മരണത്തിനുശേഷം മാത്രം വാദി അത് 'ഉപയാഗിക്കേണ്ടതാണ്' എന്ന നിർദ്ദേശത്തോടു കൂടി അവർക്ക് കൈമാറി; വിൽപ്പത്രത്തിന്റെ ഒപ്പിട്ടുപൂർത്തീകരിക്കലിനെയും നിക്ഷേപ ത്തെയും കുറിച്ച് അയാളുടെ മരണത്തിന് ശേഷം മാത്രമെ അവർ അറിഞ്ഞിരുന്നുള്ളൂ വെന്നതാണ് വാദിയുടെ ഭാഷ്യം.

57. വാദി ആന്റണിയെ മാതൃസ്നേഹ ത്തോടെയും വാത്സല്യത്തോടെയും സംരക്ഷിച്ച തായി എക്സിബിറ്റ് എ-10 വിൽപ്പത്രം പറയുന്നു. ആന്റണിയുടെ എല്ലാ വസ്തുവകകളും വാദിക്കും അവരുടെ മകൾക്കും പേരക്കുട്ടി കൾക്കും ഒസ്യത്ത് ചെയ്യുകയുണ്ടായി. ആന്റണിയുടെ മരണത്തിനു ശേഷം രണ്ടു വർഷത്തിനുള്ളിൽ ഒന്നാം പ്രതിക്ക് 2000/- രൂപ കൊടുക്കുവാനുള്ള ഒരു നിർദ്ദേശമുണ്ട്.

58. ആന്റണി വിൽപ്പത്രം ഒപ്പിട്ടു പൂർത്തീ കരിച്ചതിനെക്കുറിച്ച് നേരിട്ടുള്ള ഏതെങ്കിലും അറിവ് ഉണ്ടായിരുന്നതായി വാദി (വാദി ഭാഗം ഒന്നാം സാക്ഷി) അവകാശപ്പെട്ടില്ല എന്നു മാത്രമല്ല ഉണ്ടെന്ന് സമ്മതിക്കുവാൻ വിസമ്മതി ച്ചിട്ടുമുണ്ട്. വാദിഭാഗം മൂന്നാം സാക്ഷിയായ എഴുത്തുകാരൻ അമ്മുണ്ണിയുടെ മൊഴി, വിൽപ്പത്രം ഒപ്പിട്ടുപൂർത്തീകരിച്ച തീയതിയിൽ വാദിയും കൂടാതെ 2-ഉം 6-ഉം പ്രതികളും അയാളുടെ ആഫീസിൽ ഹാജരാ യിരുന്നുവെന്ന് തെളിയിച്ചിട്ടുണ്ട്. അതേ ദിവസം, അവർ ഒപ്പിട്ട രണ്ട് സാക്ഷികളിൽ ഒരാളെന്ന് പറയപ്പെടുന്ന പ്രതിഭാഗം 3-ാം സാക്ഷി മാനുവൽ സെക്വേറയുടെ പേരിൽ എക്സിബിറ്റ് ബി-20 വിക്രയപത്രം ഒപ്പിട്ടുപൂർത്തീകരിച്ചു. വാദിയുടെ തെളിവ് ഏതെങ്കിലും ഉദ്ദേശത്തെ സഹായി ക്കുന്നുവെങ്കിൽ, അത് വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിലുള്ള അവരുടെ പങ്കാളിത്തത്തെ മറച്ചു വയ്ക്കുവാനുള്ള അവരുടെ വ്യഗ്രതയെ അവർ വഞ്ചിച്ചിട്ടുണ്ടെന്ന് ധരിക്കുവാൻ മാത്രമാണ്.

59. വാദി അവരുടെ ഭർത്താവിന്റെ കുടുംബ ത്തിൽ അയാളുടെ ഭാര്യയായി ചേർന്നപ്പോൾ, ആന്റണി ഒരു വിദ്യാർത്ഥിയായിരുന്നു. അവരും ആന്റണിയും ഒരേ വീട്ടിൽ ഏകദേശം 50 വർഷം ജീവിച്ചു. അവരുടെ അറിവോ സഹായമോ ഇല്ലാതെ ആന്റണി, പ്രത്യേകിച്ചും അയാൾ തന്റെ എല്ലാ വസ്തുവകകളും, ഒന്നാം പ്രതിയായ തന്റെ ഒരേ ഒരു സഹോദരിയെ ഒഴിവാക്കി ക്കൊണ്ട്, വാദിക്കും അവരുടെ മകൾക്കും പേരക്കുട്ടികൾക്കും (2 മുതൽ 5 വരെയുള്ള പ്രതികൾ) ഒസ്യത്തുനൽകുവാൻ ആഗ്രഹിച്ചി ട്ടുണ്ടെങ്കിൽ, ഒരു വിൽപ്പത്രം ഒപ്പിട്ടു പൂർത്തീ കരിച്ചിരിക്കുമെന്ന് ഞങ്ങൾക്ക് വിശ്വസി ക്കുവാൻ കഴിയുകയില്ല. അയാളുടെ മരണത്തിനു ശേഷം മാത്രമെ വിൽപ്പത്രത്തിനെ ക്കുറിച്ച് അവർ അറിഞ്ഞിരുന്നുള്ളൂവെന്ന അവരുടെ മൊഴികളവാണ്.

60. തർക്കിക്കുന്ന എതിർകക്ഷിക്കു വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. എൻ. സുബ്രഹ്മണ്യൻ ശരിയായി ചൂണ്ടി കാട്ടിയതുപോലെ വാദി, വിൽപ്പത്രം ഒപ്പിട്ടുപൂർത്തീകരിച്ചതിലുള്ള അവരുടെ പങ്കാളിത്തം മറച്ചു വയ്ക്കാൻ ശ്രമിച്ചത് സംശയാസ്പദമായ ഒരു സാഹചര്യ മാണ്.

61. എക്സിബിറ്റ് എ-10 വിൽപ്പത്രത്തിന്റെ എഴുത്തുകാരൻ അമ്മുണ്ണി വാദിഭാഗം മൂന്നാം സാക്ഷിയായി വിസ്തരിക്കപ്പെട്ടു. ചീഫ് വിസ്താരത്തിൽ ചോദിച്ച ഉദ്ദിഷ്ട മറുപടി ക്കായുള്ള ഒരു ചോദ്യത്തിനുള്ള ഉത്തരത്തിൽ ആന്റണിയുടെ അഭ്യർത്ഥന പ്രകാരമാണ് അയാൾ വിൽപ്പത്രം തയ്യാറാക്കിയതെന്ന് അയാൾ പറഞ്ഞിരുന്നു. അത് ഒപ്പിട്ടു പൂർത്തീകരിച്ചതിന് ഒരാഴ്ചയ്ക്ക് മുമ്പ് അയാളുടെ ആഫീസിൽ വച്ച് ആ അഭ്യർത്ഥന, നടത്തിയിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് അയാൾ കരട് കൈമാറുകയും അത് സബ് രജിസ്ട്രാറുടെ ആഫീസിൽ നിക്ഷേപിച്ച തീയതിയിൽ വാദിഭാഗം രണ്ടാം സാക്ഷി ജോർജ്ജിന്റെയും പ്രതിഭാഗം മൂന്നാം സാക്ഷി മാനുവൽ സെക്വേറയുടെയും സാന്നിദ്ധ്യത്തിൽ അയാളുടെ ആഫീസിൽ വച്ച് ആന്റണി വിൽപ്പത്രം ഒപ്പിട്ടതായി അയാൾ മൊഴി നൽകുകയുണ്ടായി.

62. അയാൾക്ക് ആന്റണിയുമായോ വാദിയു മായോ ആറാം പ്രതിയുമായോ യാതൊരു പരിചയവും ഉണ്ടായിരുന്നില്ല എന്നത് അയാളുടെ എതിർ വിസ്താരത്തിൽ വെളിപ്പെടുത്തപ്പെട്ടു. അരനൂറ്റാണ്ടോളം വാദിയോടൊപ്പം ജീവിച്ചിരുന്ന ആന്റണി തന്റെ വിൽപ്പത്രം അവരറിയാതെ തയ്യാറാക്കണമെന്ന് ആഗ്രഹിച്ചിരുന്നുവെങ്കിൽ, അതു തയ്യാറാക്കു വാൻ ആന്റണി അയാളോട് (അമ്മുണ്ണിയോട്) അഭ്യർത്ഥിച്ചിരിക്കുമെന്ന് വിശ്വസിക്കുവാൻ

കഴിയുകയില്ല. സത്യം മറച്ചുവയ്ക്കൽ അയാളുടെ സാക്ഷി തെളിവിൽ സ്പഷ്ടമാണ്. ഇത് മറ്റൊരു സംശയാസ്പദമായ സാഹചര്യമാണ്.

63. ഒപ്പിട്ട ആദ്യസാക്ഷിയായ മാനുവൽ സെക്വേറ പ്രതിഭാഗം മൂന്നാം സാക്ഷിയായി വിസ്തരിക്കപ്പെട്ടു. അയാൾക്ക് ഓർമ്മ നഷ്ടപ്പെട്ടിട്ടുള്ളതും ആന്റണി വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിനെക്കുറിച്ച് യാതൊന്നും ഓർമ്മിക്കുവാൻ അയാൾക്ക് കഴിഞ്ഞിട്ടില്ലാത്തതുമാണ്.

64. പ്രതിഭാഗം മൂന്നാം സാക്ഷിയായ മാനുവൽ സെക്വേറ ആന്റണിയുടെയും ഒന്നാം പ്രതിയുടെയും വാദിയുടെ ഭർത്താവായ സേവ്യറിന്റെയും അച്ഛനായ തൊമ്മന്റെ വസ്തുവിലെ ഒരു 'കുടികിടപ്പുകാരനായിരുന്നു'. എക്സിബിറ്റ് ബി-20 ഒപ്പിട്ടു പൂർത്തീകരിക്കുന്നതിൽ ആന്റണി വാദിയോടും രണ്ടാം പ്രതിയായ അവരുടെ ദത്തുപുത്രിയോടും ചേർന്നതായി അതിൽ നിന്നും വെളിവാകുന്നു. രജിസ്റ്റർ ചെയ്ത ഈ വിക്രയ പത്രം മുഖേന പ്രതിഭാഗം മൂന്നാം സാക്ഷിക്ക് അയാളുടെ 'കുടികിടപ്പ്' അവകാശത്തിന് പകരമായി യാതൊരു പ്രതിഫലവും കൂടാതെ 3 സെന്റും ഇരുപതിനായിരം രൂപയ്ക്ക് 7.200 സെന്റും വഴിനടപ്പ് അവകാശവും നൽകുകയുണ്ടായി. ഈ വിക്രയ പത്രവും എക്സിബിറ്റ് എ-10 വിൽപ്പത്രവും ഒരേ ദിവസം ഒപ്പിട്ടുപൂർത്തീകരിച്ചതാണ്. ഈ കേസിന്റെ സാഹചര്യങ്ങളിൽ ആന്റണി, തനിക്കും വാദിക്കും 'കുടികിടപ്പ്' മാറ്റുന്നതിൽ തന്റെ 'കുടികിടപ്പുകാരനുമായി' തർക്കങ്ങൾ ഉണ്ടായിരിക്കെ, അയാളെ ഒപ്പിടുന്ന ഒരു സാക്ഷിയായി പരിഗണിക്കുവാൻ സാദ്ധ്യമല്ല ഇത് ഇനിയും ഒരു സംശയാസ്പദമായ സാഹചര്യമാണ്.

65. വാദിഭാഗം രണ്ടാം സാക്ഷി ജോർജ്ജാണ് എക്സിബിറ്റ് എ-10 വിൽപ്പത്രത്തിൽ ഒപ്പിട്ട രണ്ടാം സാക്ഷി. ആന്റണി വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിക്കുന്നത് അയാൾ കണ്ടുവെന്നും അയാളും മറ്റേ സാക്ഷിയും (പ്രതിഭാഗം 3-ാം സാക്ഷി) ആന്റണിയുടെ ഒപ്പുകളെ അയാളുടെ സാന്നിദ്ധ്യത്തിൽ സാക്ഷ്യപ്പെടുത്തിയെന്നും അയാൾ മൊഴി നൽകി. അയാൾ പറഞ്ഞതനുസരിച്ച് വിൽപ്പത്രം തയ്യാറാക്കുവാൻ നിർദ്ദേശങ്ങൾ നൽകിയത് ആന്റണിയായിരുന്നു. അയാൾ വിൽപ്പത്രത്തിന്റെ കരട് അത് ഒപ്പിട്ടു പൂർത്തീകരിക്കുന്നതിന് ഒരാഴ്ചയ്ക്കു മുമ്പ് ആന്റണിക്ക് കൈമാറിയതായും വാദി ഭാഗം മൂന്നാം സാക്ഷിയുടെ മൊഴിയിൽ നിന്നും പുറത്തുവന്നിട്ടുണ്ട്, അതിൽ നിന്നും വാദിഭാഗം മൂന്നാം സാക്ഷിക്ക് ആന്റണി നിർദ്ദേശങ്ങൾ നൽകുന്നത് കേൾക്കുവാൻ വാദിഭാഗം രണ്ടാം സാക്ഷിക്ക് യാതൊരു അവസരവും ഉണ്ടായിരുന്നില്ലായെന്ന് വെളിവാകുന്നു. വിൽപ്പത്രം തയ്യാറാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ആന്റണിയാണ് നൽകിയിരുന്നതെന്ന അയാളുടെ മൊഴി സത്യമാകാൻ സാദ്ധ്യമല്ല. എഴുത്തുകാരന്റെ ആഫീസിൽ വച്ച് വിൽപ്പത്രം വായിച്ചു കേൾപ്പിച്ചിരുന്നുവെന്ന് വാദിഭാഗം രണ്ടാം സാക്ഷി പറഞ്ഞിട്ടുണ്ട്. വാദിഭാഗം 3-ാം സാക്ഷി വിൽപ്പത്രം യാതൊരാൾക്കും വായിച്ചുകേൾപ്പിച്ചിട്ടില്ല എന്ന അയാളുടെ മൊഴിക്ക് വിരുദ്ധമാണിത്. കേസിന്റെ സാഹചര്യങ്ങളിൽ വിൽപ്പത്രത്തിന്റെ ഉള്ളടക്കം വാദിഭാഗം രണ്ടാം സാക്ഷി അറിയുവാൻ ആന്റണി ആഗ്രഹിച്ചിട്ടുണ്ടാവുകയില്ല. വാദിഭാഗം രണ്ടാം സാക്ഷി ഒരു അയൽവാസിയാണ് എന്ന വസ്തുതയ്ക്ക് പുറമെ, ആന്റണിയുമായി അയാൾക്ക് ഏതെങ്കിലും അടുത്ത ബന്ധം ഉണ്ടായിരുന്നുവെന്ന് കാണിക്കുവാൻ യാതൊരു തെളിവുമില്ല. അയാൾ അവകാശപ്പെടുന്നതുപോലെ വിൽപ്പത്രം തയ്യാറാക്കുന്നതിനുവേണ്ടി ആന്റണി അയാളുടെ സഹായം തേടിയിരുന്നുവെന്നത് തികച്ചും അവിശ്വസനീയമാണ്. അയാൾ വിശ്വസിക്കുവാൻ കൊള്ളാവുന്ന ഒരു സാക്ഷിയല്ല.

66. ചുരുക്കത്തിൽ, കോടതികളിലും മറ്റു അധികാരസ്ഥാനങ്ങൾ മുമ്പാകെയുമുള്ള മുൻ നടപടികളിൽ അപ്പീൽവാദി-വാദി ചെയ്ത അഡ്മിഷനുകളും മെഡിക്കൽ തെളിവും കേസിലെ സാദ്ധ്യതകളും ആന്റണി ചിത്തഭ്രമമുള്ള ആളായിരുന്നു എന്ന്

തെളിയിക്കുന്നു. ഇക്കാരണത്താലും വിൽപ്പത്രം ഒപ്പിട്ടുപൂർത്തീകരിച്ചതിനെ ചുറ്റി പല സംശയാസ്പദമായ കാരണങ്ങൾ ഉള്ള കാരണത്താലും അത് സാധുവായ ഒരു വിൽപ്പത്രമല്ല എന്നു ഞങ്ങൾ വിധിക്കുന്നു.

ഫലത്തിൽ, ഈ അപ്പീൽ പരാജയപ്പെടുകയും അതിന് അനുസൃതമായി അതിനെ തള്ളിക്കളയുകയും ചെയ്യുന്നു. ചെലവുകൾ യാതൊന്നു മില്ല.

*(2014 (4) കെ.എൽ.റ്റി 246)*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ**

**&**

**ബഹു. ജസ്റ്റിസ് എ.എം. ഷഫീഖ്**

**ഇല്ല്യാസ്**

**അഭി**

**കേരള സർക്കാർ**

**റിട്ട് ഹർജി (സിവിൽ) നമ്പർ. 23326/2012**

2014 ഒക്ടോബർ 1-ന് വിധി പ്രസ്താവിച്ചത്

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 226-പോലീസ് സംരക്ഷണം-വിധിയും അതിന്റെ നടപ്പാക്കലും ഉണ്ടായിട്ടുപോലും പ്രതികൾ വീണ്ടും വസ്തു കൈയ്യേറുകയും അതിനെ കൈവശത്തിലാക്കുകയും ചെയ്തു-കൈവശത്തിനുവേണ്ടി ഹർജിക്കാരൻ വീണ്ടും സിവിൽ കോടതിയെ സമീപിക്കേണ്ട താണെന്ന വാദത്തെ തള്ളിക്കൊണ്ട് പോലീസ് സംരക്ഷണം നൽകുകയുണ്ടായി.**

## വിധിന്യായം

*ബഹു. ജസ്റ്റിസ് എ.എം. ഷഫീക്ക്,*

ഹർജിക്കാരന്റെ ജീവനും എക്സിബിറ്റുകൾ പി-1 മുതൽ പി-3 വരെയുള്ള വിധി ന്യായങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന അയാളുടെ സ്വത്തിനും മതിയായ പോലീസ് സംരക്ഷണം നൽകുന്നതിന് രണ്ടും മൂന്നും എതിർ കക്ഷി കളോട് നിർദ്ദേശിക്കുന്ന ഒരു മാൻഡമസ് റിട്ടും എക്സിബിറ്റ് പി-4 വിധിനടത്തൽ നടപടികളിൽ ഉൾപ്പെട്ടിരിക്കുന്ന കെട്ടിടത്തിൽ നിന്നും 4 മുതൽ 6 വരെയുള്ള എതിർകക്ഷികളെ ഒഴിപ്പിക്കുവാൻ രണ്ടും മൂന്നും എതിർ കക്ഷി കൾക്കുള്ള ഒരു നിർദ്ദേശവും ആവശ്യപ്പെട്ടു കൊണ്ട് ഈ റിട്ട് ഹർജി ഫയൽ ചെയ്യ പ്പെട്ടിരിക്കുന്നു.

2. മുകളിലത്തെ റിട്ട് ഹർജിയിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുതകൾ താഴെപ്പറയും പ്രകാരമാണ്:

ഹർജിക്കാരൻ, കൈവശം വീണ്ടെടുക്ക ലിനും ഉപയോഗത്തിനും കൈവശപ്പെടു ത്തലിനുമുള്ള നഷ്ടപരിഹാരത്തിനും വേണ്ടി 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ ക്കെതിരായി കാസർഗോഡ് മുൻസിഫ് കോടതി മുമ്പാകെ ആദ്യ ഹർജി നം. 406/1996 എന്ന ഒരു വ്യവഹാരം ഫയൽ ചെയ്യുകയുണ്ടായി. `എ' പട്ടിക വീടിന്റെ ഒഴിഞ്ഞ കൈവശം വിധിയുടെ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ വാദിക്കു വിട്ടുകൊടുക്കുവാനും അങ്ങനെ വിട്ടു കൊടുക്കുന്ന തീയതി വരെ ഉപയോഗത്തിനും കൈവശത്തിനുമുള്ള നഷ്ടപരിഹാരമായി പ്രതിമാസം 50 രൂപ കൊടുക്കുവാനും ഇതിലെ 4 മുതൽ 6 വരെയുള്ള എതിർകക്ഷികളെ നിർദ്ദേശിച്ചു കൊണ്ട് ആ വ്യവഹാരം 16-03-2004-ലെ വിധിന്യായം മുഖേന വിധിക്കപ്പെടുകയുണ്ടായി. 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ കാസർഗോഡ്

സബ്കോടതി മുമ്പാകെ അപ്പീൽ വ്യവഹാരം നമ്പർ 78/2004 ആയി ഒരു അപ്പീൽ ബോധിപ്പിക്കുകയും ആയത് 15-02-2007-ലെ വിധിന്യായം മുഖേന, വിചാരണക്കോടതിയുടെ വിധിന്യായവും വിധിയും സ്ഥിരീകരിച്ചുകൊണ്ട് തള്ളിക്കളയുകയും ചെയ്തു. 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ ആർ.എസ്.എ നം. 797/2007 എന്ന രണ്ടാമത്തെ ഒരു അപ്പീൽ ഈ കോടതിയുടെ മുമ്പാകെ വീണ്ടും ബോധിപ്പിക്കുകയും 21-10-2009-ലെ വിധിന്യായം മുഖേന രണ്ടാമത്തെ അപ്പീൽ ഈ കോടതി തള്ളിക്കളയുകയും ചെയ്തു. രണ്ടാമത്തെ അപ്പീൽ തള്ളിക്കളഞ്ഞതിനെ തുടർന്ന് ഹർജിക്കാരൻ കാസർഗോഡ് മുൻസിഫ് കോടതി മുമ്പാകെ വിധിനടത്തൽ ഹർജി നം. 255/2009 ബോധിപ്പിക്കുകയുണ്ടായി. വസ്തു ഡെലിവറി ചെയ്യുവാൻ ഈ കോടതി നിർദ്ദേശിച്ചു. ഡെലിവറി ചെയ്യേണ്ട വസ്തുവിന്റെ വിവരണം കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ബാംബ്രാണ വില്ലേജിലെ റീസർവ്വേ നം. 98/ 2എ1-ൽ സ്ഥിതിചെയ്യുന്ന കുമ്പള ഗ്രാമ പഞ്ചായത്തിലെ XII/297-ാം നമ്പരുള്ള കെട്ടിടമാണെന്ന് കാണിച്ചിരിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ തയ്യാറാക്കിയ ഡെലിവറി രസീതിലും ഡെലിവറി കണക്കിലും നിന്നും വെളിവാകുന്നതുപോലെ ഹർജിക്കാരൻ ആ വസ്തു എക്സിബിറ്റ് പി-4 മുഖേന ഡെലിവറി എടുക്കുകയുണ്ടായി. 10-08-2010-ൽ ഡെലിവറി നടത്തപ്പെട്ടു. വസ്തു ഡെലിവറി എടുത്തതിനുശേഷം ഹർജിക്കാരന്റെ അസാന്നിദ്ധ്യം മുതലെടുത്തു കൊണ്ട് 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ കെട്ടിടത്തിനുള്ളിൽ അതിക്രമിച്ചു കടക്കുകയും നിയമവിരുദ്ധമായി പൂട്ട് തകർക്കുകയും ആയത് കൈവശത്തി ലാക്കുകയും ചെയ്തു എന്നുള്ളതാണ് ഹർജിക്കാരന്റെ വാദം. സിവിൽ കോടതിയുടെ ഒരു വിധിയിലൂടെ ഹർജിക്കാരൻ വസ്തു ഡെലിവറി എടുത്തശേഷം 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ കെട്ടിടത്തിനുള്ളിൽ അതിക്രമിച്ചു കടന്നതിനെക്കുറിച്ച് പരാതിപ്പെട്ടു കൊണ്ട് ഹർജിക്കാരൻ 24-08-2012-ൽ 2-ാം എതിർകക്ഷിക്ക് എക്സിബിറ്റ് പി-5 നിവേദനം സമർപ്പിക്കുകയുണ്ടായി. പോലീസ് യാതൊരു നടപടിയും എടുക്കാത്തതു കൊണ്ട് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നു. ഹർജിക്കാരൻ പറഞ്ഞതനുസരിച്ച്, 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ യഥാവിധിയുള്ള നിയമ നടപടി മുഖേന ഒഴിപ്പിക്കപ്പെട്ടിരിക്കെ, കെട്ടിടത്തിനുള്ളിൽ അതിക്രമിച്ചു കയറുവാനും അതിനുശേഷം ആയത് കൈവശത്തിലാക്കുവാനും അവർക്ക് യാതൊരു അവകാശവും ഇല്ലാത്തതും അത് വ്യക്തമായി ഇന്ത്യൻ ശിക്ഷ നിയമസംഹിത യിലെ 441-ഉം 442—ഉം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആകുന്നതും അവരെ ഒഴിപ്പിക്കുവാനും കൈവശം ഹർജിക്കാരന് തിരികെ ഏൽപ്പിക്കുവാനും പോലീസ് ബാദ്ധ്യസ്ഥരാണ്.

3. മുൻസിഫ് കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിനുവേണ്ടി 10-08-2010-ൽ ഹർജിക്കാരൻ ആമീനോടൊപ്പം വസ്തുവിലേയ്ക്ക് പോയിരുന്നുവെന്ന് പ്രസ്താവിച്ചുകൊണ്ട് 3-ാം എതിർകക്ഷി പത്രിക ഫയൽ ചെയ്തിരിക്കുന്നു. എതിർകക്ഷികളെ ശാരീരികമായി ഒഴിപ്പിക്കുവാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ചില രാഷ്ട്രീയ നേതാക്കൻമാരും സാമൂഹിക പ്രവർത്തകരും പ്രശ്നത്തിൽ ഇടപെട്ടതുകൊണ്ട് വസ്തുവിന്റെ പ്രതീകാത്മകമായ കൈവശം മാത്രം ഏറ്റെടുത്തിട്ടുള്ളതാണ്. അതുകൊണ്ട് ഹർജിക്കാരനുമായി ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുകയും 4 മുതൽ 6 വരെയുള്ള എതിർകക്ഷികളെ ആ പരിസരത്തു നിന്ന് ഒഴിപ്പിക്കാതിരിക്കുവാൻ അയാൾ സമ്മതിക്കുകയും ചെയ്തു. 5-ാം എതിർകക്ഷി എൺപതു വയസ് പ്രായമുള്ള ഒരു വൃദ്ധയായതുകൊണ്ട് വസ്തുവിന്റെ ഭൗതികമായ ഡെലിവറിക്കുവേണ്ടി നിർബന്ധിക്കാതിരിക്കുവാൻ മധ്യസ്ഥർ ഹർജിക്കാരനെ പ്രേരിപ്പിച്ചു. മുൻസിഫ് കോടതിയുടെ വിധിന്യായം ഭൗതികമായി നടപ്പിലാക്കപ്പെട്ടിട്ടില്ല എന്ന് പ്രസ്താവിച്ചിരിക്കുന്നു.

4. 3-ാം എതിർകക്ഷി 17-06-2013-ൽ എതിർസത്യവാങ്മൂലം ഫയൽ ചെയ്തിരിക്കുകയും അതിൽ പോലീസ് സബ് ഇൻസ്പെക്ടർ മുമ്പ് ഫയൽ ചെയ്ത

പത്രികയിൽ പറഞ്ഞിരുന്ന വസ്തുതകൾ ആവർത്തിച്ചുപറയുകയും ചെയ്തിരിക്കുന്നു. അയാൾ പറഞ്ഞതനുസരിച്ച്, അവർ കൈവശത്തിൽ തുടർന്നതുകൊണ്ട് ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ 441-ഉം 442-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് യാതൊരു ബാധകതയുമില്ല എന്നതാണ്.

5. 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ എതിർസത്യവാങ്മൂലം ഫയൽ ചെയ്തിരിക്കുന്നു, അതിൽ സുപ്രീംകോടതി *ബൽവന്ത് നാരായണൻ ഭാഗ്ദേ* അഭി *ഭഗവത്* (1975 കെ.എൽ.റ്റി ചുരുക്കക്കുറിപ്പ് 30 (ക്രൈം നം. 73) എസ്.സി=(1976) 1 എസ്.സി.സി. 700) എന്ന കേസിൽ വിശദീകരിച്ചിട്ടുള്ളതുപോലെ നടത്തിയിട്ടുള്ള ഡെലിവറി ഒരു കടലാസ് പരമായ ഡെലിവറി അല്ലെങ്കിൽ പ്രതീകാത്മക മായ ഡെലിവറി മാത്രമാണെന്ന്, മറ്റു പലതിന്റേയും കൂട്ടത്തിൽ, പ്രസ്താവിച്ചിരിക്കുന്നു. കൈവശാവകാശ ചോദ്യം സിവിൽ നടപടി നിയമസംഹിതയിലെ 47—ാം വകുപ്പുപ്രകാരം വിധി നടത്തൽ കോടതിയാൽ ന്യായനിർണ്ണയം ചെയ്യപ്പെടേണ്ട ഒരു വിഷയമാണെന്ന് വാദിച്ചിരിക്കുന്നു. *ഘൻ ശ്യാം ദാസ് ഗുപ്ത* അഭി *ആനന്ദ് കുമാർ സിൻഹയും മറ്റുള്ളവരും* ((1991) 4 എസ്.സി.സി 379) എന്ന കേസിലെ സുപ്രീം കോടതിയുടെ വിധി ന്യായത്തെ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുവിൽ ഹർജിക്കാരന് യാതൊരു അവകാശമോ താത്പര്യമോ ഇല്ലെന്നും ക്രയപത്രം ഒരു വ്യാജ നിർമ്മാണമാണെന്നും വാദിച്ചിരിക്കുന്നു. തർക്കത്തിലുള്ള കെട്ടിടത്തിൽ 5-ാം എതിർകക്ഷി 4-ാം എതിർകക്ഷിയായ തന്റെ ഭർത്താവിനൊപ്പം ഹാജരായിരുന്നുവെന്നും ഡെലിവറി തടസ്സപ്പെടുത്തിയെന്നും വാദിച്ചിരിക്കുന്നു. റിട്ട് ഹർജിക്കാരനുമായുള്ള തർക്കം ഒത്തുതീർക്കപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യത്തിലും യാതൊരു വിധിനടത്തൽ ഹർജിയും ഫയൽ ചെയ്യപ്പെടുകയില്ലെന്നും 4-ാം എതിർകക്ഷി 5-ാം എതിർകക്ഷിയെ അറിയിച്ചിരുന്നതായും സൂചിപ്പിച്ചിരിക്കുന്നു.

6. വസ്തുതാപരമായ ഈ സാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ട്, പരിഗണിക്കപ്പെടേണ്ട ചുരുക്കത്തിലുള്ള ചോദ്യം ഈ റിട്ട് ഹർജിയിൽ അഭ്യർത്ഥിച്ചിട്ടുള്ള നിവൃത്തി അനുവദിക്കുവാൻ കഴിയുമോ എന്നുള്ളതാണ്.

7. ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനേയും പാണ്ഡിത്യമുള്ള ഗവൺമെന്റ് പ്ലീഡറേയും 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകനേയും കേൾക്കുക യുണ്ടായി.

8. ഹർജിക്കാരൻ പറഞ്ഞതനുസരിച്ച്, ഹർജിക്കാരൻ വസ്തു ഡെലിവറി എടുത്തിരുന്നുവെന്ന് രേഖകളിൽ ലഭ്യമാക്കുന്ന വസ്തുക്കൾ വ്യക്തമായി സൂചിപ്പിക്കുന്നു. ആയതിനേയും, കോടതിയിലെ ആമീൻ സമർപ്പിച്ച ഡെലിവറി രസീതും കണക്കും ശ്രദ്ധയിലെടുത്തുകൊണ്ട് വിധിനടത്തൽ കോടതി വിധിനടത്തൽ ഹർജിയെ അവസാനിപ്പിച്ച വസ്തുതയേയും എക്സിബിറ്റ് പി-4 നിരകൾ തെളിയിക്കുന്നു. 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾ മുമ്പോട്ടുവച്ച വാദങ്ങൾ അവർ ഡെലിവറി തടസ്സപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. വസ്തു ഡെലിവറിചെയ്യുന്നതിനുവേണ്ടി ആമീനെ അനുഗമിച്ച പോലീസ് ഉദ്യോഗസ്ഥൻ അത് കടലാസുപരമായ ഒരു ഡെലിവറി മാത്രമായിരുന്നുവെന്നും ശരിക്കും ഭൗതികമായ കൈവശം ഏൽപ്പിച്ചുകൊടുത്തിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ഹർജിക്കാരൻ ഈ വസ്തുതയെ തർക്കിക്കുന്നു.

9. മുൻ സൂചിപ്പിച്ച പ്രകാരം സുപ്രീം കോടതിയുടെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ടുള്ള, 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദം എന്തെന്നാൽ, ഡെലിവറി തടസ്സപ്പെടുത്തുകയും യഥാർത്ഥ ഡെലിവറി എടുക്കാതിരിക്കുകയും ചെയ്തപ്പോൾ, ഹർജിക്കാരനുള്ള പരിഹാരം ഉചിതമായ നിവൃത്തികൾക്കു വേണ്ടി സിവിൽ കോടതിയെ സമീപിക്കുക എന്നത് മാത്രമാണ്. മുൻ പറഞ്ഞ വാദവുമായി ഞങ്ങൾക്ക് യോജിക്കുവാൻ കഴിയുകയില്ല.

10. *ബൽവന്ത് നാരായണൻ ഭാഗ്ദേ* എന്ന കേസിൽ (മുകളിലത്തെ), 1894-ലെ വസ്തു ആർജ്ജനം ആക്റ്റിലെ 16 അല്ലെങ്കിൽ 17(1) വകുപ്പുപ്രകാരം വസ്തു കൈവശം എടുക്കുന്നത് എന്ത് അർത്ഥമാക്കുന്നുവെന്ന ചോദ്യം സുപ്രീം കോടതി പരിഗണിക്കുക യായിരുന്നു. ഒരു പ്രത്യേക വസ്തുവിനെ സംബന്ധിച്ച്, `പ്രതീകാത്മകമായോ' 'യഥാർത്ഥമായോ' വിധിയുടമയ്ക്ക് കൈവശം നൽകുന്ന രണ്ടു രീതികൾ ഉണ്ടായിരിക്കാൻ കഴിയും എന്ന് സിവിൽ നടപടി നിയമസംഹിത നിർണ്ണയിക്കുന്നില്ല എന്ന് നിരീക്ഷിക്കപ്പെടുന്നു. വസ്തു, വിധിക്കടക്കാരന്റെയോ അയാൾക്ക് വേണ്ടി ആരുടെയെങ്കിലുമോ കൈവശത്തിൽ ആണെങ്കിൽ, ആവശ്യമെങ്കിൽ, വിധിക്കട ക്കാരനെ നീക്കം ചെയ്യുകയും വിധിയുടമയെ ആയതിന്റെ കൈവശത്തിൽ വയ്ക്കുകയും ചെയ്യുന്നതുവഴി കൈവശം നൽകേണ്ടതാണ്, എന്നാൽ വിധിക്കടക്കാരന് വസ്തുവിന്റെ യഥാർത്ഥ കൈവശം ഇല്ലാതിരിക്കുന്ന തരത്തിലുള്ള സാഹചര്യങ്ങളിൽ ഉദാഹരണ മായി വസ്തു ഒരു കുടിയാന്റെ കൈവശ മാണെങ്കിൽ, വിധി ഉടമയ്ക്ക് കൈവശം നൽകപ്പെട്ടിട്ടുണ്ടെന്ന് കൃത്യ സ്ഥലത്തുവച്ച് പ്രഖ്യാപിക്കുന്നതാണ് കൈവശം നൽകുന്ന തിനുള്ള ഒരേ ഒരു രീതിയാണെന്നും വിധിക്കപ്പെട്ടിരിക്കുന്നു. ഡെലിവറി പ്രതീകാത്മകമായ കൈവശമോ യഥാർത്ഥമോ ആണെങ്കിൽ പോലും, വിധിക്കടക്കാരന്റെ കൈവശം അല്ലെങ്കിൽ അവകാശവും താത്പര്യവും ഉൾപ്പെട്ടിരിക്കുന്നുവെന്ന് ഭാരതത്തിന്റെ ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരമുള്ള ഹൈക്കോടതിയുടെ ഇടപെടലിന്റെ വ്യാപ്തി അത് പൂർണ്ണമായും പരിഗണിച്ചുകൊണ്ട് മേലും നിരീക്ഷി ച്ചിരിക്കുന്നു. 226-ാം അനുച്ഛേദത്തിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിഹാരം അങ്ങനെ യുള്ള നടപടിയിൽ പ്രതിരോധങ്ങൾ നിയമ പരമായി നിഷേധിച്ചതിനു ശേഷം ഒരു സിവിൽ കോടതിയുടെ മുമ്പാകെയുള്ള നിവൃത്തി ലഭ്യമാക്കുന്നതിന് തടസ്സമില്ലാതെയിരിക്കുന്ന രീതികളെ അതിലംഘിക്കുവാൻ ഉദ്ദേശിക്ക പ്പെട്ടിട്ടുള്ളതല്ല എന്ന് വിധിച്ചിരിക്കുന്നു.

11. മുകളിലത്തെ കേസുകളിൽ പ്രതിപാദിച്ച നിയമതത്വം നല്ലതുപോലെ തീരുമാനിക്കപ്പെട്ടി ട്ടുള്ളതാണെങ്കിലും, ഈ കേസുകളിൽ പരിശോധി ക്കേണ്ട ചോദ്യം ഒരു പ്രത്യേക കേസിലെ വസ്തുതകളെ അടിസ്ഥാനമാക്കി ഈ കോടതി ഇടപെടുകയും 4 മുതൽ 6 വരെയുള്ള പ്രതികളെ ഒഴിപ്പിക്കുന്നതിന് ഹർജിക്കാർക്ക് പോലീസ് സംരക്ഷണം നിർദ്ദേശിക്കുകയും ചെയ്യേണ്ടതുണ്ടോ എന്നതാണ്. *പി.ആർ. മുരളീധരൻ* അഭി *സ്വാമി ധർമാനന്ദ തീർത്ഥ പാദർ* (2006 (2) കെ.എൽ.റ്റി. 119 (എസ്.സി)=(2006) 4 എസ്.സി.സി. 501) എന്ന കേസിൽ ബഹു. ജസ്റ്റിസ് പി.കെ. ബാല സുബ്രഹ്മണ്യൻ യോജിക്കുന്ന തന്റെ വിധിന്യായ ത്തിൽ താഴെപ്പറയുന്നപ്രകാരം വിധിക്കുക യുണ്ടായി:

"19. ഒരു സിവിൽ കോടതി പാസ്സാക്കിയ ഒരു വിധിയാലോ ഒരു ഉത്തരവിനാലോ പ്രഖ്യാപിക്ക പ്പെട്ടിട്ടുള്ള അവകാശങ്ങളുടെ സംരക്ഷണ ത്തിനുവേണ്ടി കോടതിയെ സമീപിക്കുമ്പോൾ "പോലീസ് സംരക്ഷണം" എന്നു പറയപ്പെടുന്ന തിന് വേണ്ടിയുള്ള ഒരു റിട്ടിന് പരിമിതമായ ഒരു വ്യാപ്തി മാത്രമേയുള്ളൂ. അവകാശങ്ങൾ സിവിൽ കോടതിയാൽ അന്തിമമായോ കുറഞ്ഞത് വ്യവഹാര മധ്യേയുള്ള ഘട്ടത്തിലോ സ്പഷ്ടമായ ഒരു രീതിയിൽ തീരുമാനിക്ക പ്പെട്ടിട്ടില്ലാത്ത കേസുകൾക്കും, വിധിയോ ഉത്തരവോ മുന്നോട്ട് കൊണ്ടുപോകുന്നതിന് കൂടിയും വ്യാപിപ്പിക്കുവാൻ കഴിയുകയില്ല".

12. കക്ഷികളുടെ സിവിൽ അവകാശങ്ങൾ തീരുമാനിക്കപ്പെട്ടിട്ടുള്ളതും, വസ്തു ഡെലിവറി ചെയ്യപ്പെട്ടിട്ടുള്ളതും, വസ്തുവിന്റെ ഡെലിവറി നടത്തിയിട്ടുള്ള ആമീൻ വസ്തുവിന്റെ ഭൗതികമായ കൈവശം എടുത്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ ഒരു പ്രത്യേക സംഭവമാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ, വിധി നടത്തൽ ഹർജിയും കോടതി അവസാനിപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രസ്താവനയിലെ ഉത്തമവിശ്വാസത്തെ സംശയിക്കുവാൻ യാതൊരു കാരണവും ഇല്ലാത്തതും ഡെലിവറി രസീതുകൾക്കോ സിവിൽ കോടതി പാസാക്കിയ ഉത്തരവിനോ

എതിരായി യാതൊരു വാദവും എതിർ കക്ഷികൾക്ക് മുമ്പോട്ടുവയ്ക്കാൻ കഴിയാത്തതു മാണ്. എതിർകക്ഷികളുടെ വാദം ഡെലിവറി അവർ തടസ്സപ്പെടുത്തിയിരുന്നുവെന്നതാണ്. അത് തടസ്സത്തിന്റെ ഒരു കേസ്സായിരുന്നെങ്കിൽ, ഹർജിക്കാരന് തടസ്സം നീക്കം ചെയ്യലിനുവേണ്ടി വിധി നടത്തൽ കോടതിയെ സമീപിക്കുവാൻ കഴിഞ്ഞിരിക്കുമായിരുന്നു, ആ സന്ദർഭത്തിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ഉചിതമായ ഉത്തരവുകൾ വിധി നടത്തിപ്പ് കോടതി പാസ്സാക്കിയിരിക്കുമായിരുന്നു. അങ്ങനെ ഒരു സംഭവവും ഉണ്ടായിരുന്നില്ല. ആയതിനാൽ, 4 മുതൽ 6 വരെയുള്ള എതിർ കക്ഷികളുടെ മൊഴി അവിശ്വസനീയ മാണെന്നും പ്രസ്തുത കെട്ടിടത്തിൽ നിന്നും അവരെ ഒഴിപ്പിച്ചതിനു ശേഷം, ഹർജിക്കാരന്റെ വസ്തുവിലേയ്ക്ക് അവർ അതിക്രമിച്ച് കടന്നിട്ടുണ്ട് എന്നുള്ളത് വ്യക്തമാണ് എന്നുള്ളതുമാണ് ഞങ്ങളുടെ വീക്ഷണം. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഹർജി ക്കാരൻ കെട്ടിടത്തിന്റെ കൈവശം വീണ്ടെടു ക്കുന്നതിന് ആവശ്യമായ സഹായത്തിനു വേണ്ടി പോലീസിനെ സമീപിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

13. വ്യവഹാരത്തിന്റെ മൂന്നു ഘട്ടത്തിനു ശേഷം എതിർകക്ഷികളുടെ രണ്ടാം അപ്പീൽ നം. 797/2009-ലെ ഈ കോടതിയുടെ 21-10-2009-ലെ വിധിന്യായം മുഖേന അന്തിമമായി തീർന്ന ഒരു വിധി ഹർജിക്കാരൻ നേടിയിരുന്നുവെന്ന് രേഖകളുടെ സൂക്ഷ്മ വായന വ്യക്തമായി സൂചിപ്പിക്കുന്നു. വ്യവഹാരം 1996-ൽ ഫയൽ ചെയ്യപ്പെട്ടു. വിധി പാസ്സാക്കപ്പെടുകയും നടപ്പാക്കപ്പെടുകയും ചെയ്തിട്ടും, പ്രതികൾ വീണ്ടും വസ്തുവിലേയ്ക്ക് കടന്നിട്ടുണ്ടെങ്കിൽ ആ വിഷയത്തിൽ ഇടപെടാനും വസ്തുവിന്റെ കൈവശം ഹർജിക്കാരന് തിരികെ ഏൽപ്പിക്കു വാനും പോലീസ് ബാദ്ധ്യസ്ഥനാണ്. ഹർജിക്കാരൻ സിവിൽ കോടതിയുടെ ഒരു വിധി നേടുകയും, വിധിനടത്തൽ നടപടികളിലെ വസ്തുവിന്റെ ഡെലിവറിക്കുശേഷം പ്രസ്തുത വസ്തുവിലേയ്ക്ക് എതിർകക്ഷികൾ അതി ക്രമിച്ചു കടന്നിട്ടുള്ളതും ആയത് പാസ്സാക്കപ്പെട്ട വിധിയുടെ ഗുരുതരമായ ലംഘനവുമാണ്. സിവിൽ കോടതിയുടെ വിധിന്യായത്തെ അനുസരിക്കാത്ത ആളുകൾക്ക്, ഹർജിക്കാരന് അയാളുടെ വസ്തുക്കളുടെ കൈവശം വീണ്ടെടുക്കുന്നതിനു വേണ്ടി സിവിൽ കോടതിയിലേയ്ക്ക് വീണ്ടും പോകേണ്ട താണെന്ന് നിർബന്ധിക്കുവാൻ കഴിയുക യില്ല. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ, റിട്ട് ഹർജി അനുവദിക്കപ്പെടേണ്ടതാണെന്നുള്ളതാണ് ഞങ്ങളുടെ വീക്ഷണം.

തത്ഫലമായി, ഈ റിട്ട് ഹർജി താഴെ പ്പറയുന്ന നിർദ്ദേശങ്ങളോടുകൂടി അനുവദിക്ക പ്പെടുന്നു:

എക്സിബിറ്റ് പി-4 പ്രകാരം കെട്ടിടത്തിന്റെ അവകാശം തിരികെ കിട്ടുന്നതിന് പര്യാപ്തമായ പോലീസ് സംരക്ഷണം ഹർജിക്കാരന് നൽകുവാൻ 2-ഉം 3-ഉം എതിർകക്ഷികളോട് നിർദ്ദേശിക്കുന്നതും അവർ, ആവശ്യമെങ്കിൽ, 4 മുതൽ 6 വരെയുള്ള പ്രതികളെ ബലം പ്രയോഗിച്ച് ഒഴിപ്പിച്ചുകൊണ്ട് ക്രമസമാധാന സ്ഥിതിയുടെ പരിപാലനം ഉറപ്പാക്കേണ്ടതു മാണ്.

*(2014 (4) കെഎൽറ്റി 362)*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു: ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ**

**ശ്രീരംഗൻ**

**അഭി**

**ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ക്ലിപ്തം**

**ആദ്യ ഹർജി (എം.എ.സി നമ്പർ: 1575/2012)**

2014 ഒക്ടോബർ 8–ാം തീയതി വിധി പ്രസ്താവിച്ചത്.

**മോട്ടോർ വാഹന ആക്റ്റ്, 1988, വകുപ്പ് 166 (1) (എ) & 166 (1) (സി) - ഒരു നിയമാനുസൃത അനന്തരാവകാശി ഉൾപ്പെടുന്നതും പിൻതുടർച്ച നിയമങ്ങൾ അനുശാസിക്കുന്ന നിലവിലുള്ള സ്ഥാനത്തിൽ ഒതുങ്ങി നിൽക്കാത്തതുമായ ഏതെങ്കിലും നിയമാനുസൃത പ്രതിനിധിൽ- തന്റെ മകന്റെ മരണം മൂലം 'ആശ്രയനഷ്ടം' അനുഭവിച്ച ഒരു പിതാവിന് 166 (1)-ാം വകുപ്പിലെ (എ) ഖണ്ഡപ്രകാരം ഒരു അപേക്ഷ ഫയൽ ചെയ്യുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.**

## വിധിന്യായം

പാലക്കാട് മോട്ടോർ ആക്സിഡെന്റ്സ് ക്ലയിംസ് ട്രിബ്യൂണൽ (എം.എ.സി.റ്റി) മുമ്പാകെയുള്ള ആദ്യ ഹർജി (എം.വി) നമ്പർ 1213/2005-ലെ അവകാശ വാദികളിൽ ഒരാളാണ് ഹർജിക്കാരൻ. ഒരു വാഹന അപകടത്തിലെ ഹർജിക്കാരന്റെ മകന്റെ മരണം സംബന്ധിച്ച് നഷ്ടപരിഹാരത്തിനു വേണ്ടിയായിരുന്നു ക്ലയിം ഫയൽ ചെയ്തിട്ടുള്ളത്. ആ അപകടത്തിൽ ഒരു ജീപ്പ്, സൈക്കിൾ ചവിട്ടി വരികയായിരുന്ന ഹർജിക്കാരന്റെ മകനെ ഇടിച്ചിടുകയും എതിർദിശയിൽനിന്നും വരികയായിരുന്ന ഒരു ലോറി അയാളുടെ മേൽ കയറിയിറങ്ങുകയും ചെയ്തു. ഒന്നും രണ്ടും എതിർകക്ഷികൾ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് നൽകിയവരാണ്; അവർക്ക് ഒത്തുതീർപ്പിൻ മേലുണ്ടായ എക്സിബിറ്റ് പി-1 അവാർഡ് പ്രകാരം തുല്യ ബാദ്ധ്യത ചുമത്തപ്പെട്ടു.

2. ഹർജിക്കാരന്റെ ഭാര്യയും മറ്റ് രണ്ട് ആൺ മക്കളും ആയിരുന്നു ട്രിബ്യൂണൽ മുമ്പാകെയുള്ള മറ്റ് അവകാശവാദികൾ. മറ്റു രണ്ട് ആൺ മക്കളുടെയും അവകാശവാദം ട്രിബ്യൂണൽ അപ്പാടെ നിരസിക്കുകയും ഒത്തുതീർപ്പിൽ എത്തിച്ചേർന്ന തുകയായ മൂന്നു ലക്ഷം രൂപ ഇതിലെ പരാതിക്കാരനും അയാളുടെ ഭാര്യയുമായ ഒന്നും രണ്ടും അവകാശികൾക്കിടയിൽ സമമായി വീതിക്കപ്പെടുകയും ചെയ്തു. മരണപ്പെട്ട ആളിന്റെ

അച്ഛനും അമ്മയ്ക്കും ഒരു ലക്ഷം രൂപ വീതം നൽകുവാൻ നിർദ്ദേശിക്കുകയും ബാക്കി അവരവരുടെ പേരുകളിൽ തുല്യമായി സ്ഥിരനിക്ഷേപത്തിൽ നിക്ഷേപിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

3. സ്ഥിര നിക്ഷേപ സ്വീകാരപത്രമായി പിന്നീട് മാറ്റപ്പെട്ട നിക്ഷേപ തുകയുടെ സംവിതരണം ആവശ്യപ്പെട്ടുകൊണ്ട് ട്രിബ്യൂണലിന് മുമ്പാകെ എക്സിബിറ്റ് പി-2 അപേക്ഷ ഫയൽചെയ്തപ്പോൾ തർക്കം ഉടലെടുത്തു. 232/2011-ാം നമ്പർ ഇടക്കാല അപേക്ഷയായി ഫയൽചെയ്ത അപേക്ഷ യാതൊരു നിയമാനുസൃത അവകാശ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ എക്സിബിറ്റ് പി-3 മുഖേന നിരസിക്കപ്പെടുകയുണ്ടായി.

4. ഈ കോടതി ട്രിബ്യൂണലിൽ നിന്നു ഒരു റിപ്പോർട്ട് ആവശ്യപ്പെടുകയും നിയമാനുസൃത അവകാശ സാക്ഷ്യപത്രം ഹാജരാക്കുവാൻ അവാർഡ് പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ടെന്നും അതു കൊണ്ടാണ് എക്സിബിറ്റ് പി-3 നിരസനം ഉണ്ടായതെന്നും ട്രിബ്യൂണൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഹർജിക്കാരൻ മരണപ്പെട്ടയാളിന്റെ, ഒരു നിയമാനുസൃത പ്രതിനിധി ആയിരുന്നുവെന്നും, മരണപ്പെട്ട യാളിന്റെ അമ്മ, ക്ലാസ് I അനന്തരാവകാശി, ജീവിച്ചിരിക്കുന്നതുകൊണ്ട് അയാളെ മരണപ്പെട്ട യാളിന്റെ ഒരു നിയമാനുസൃത അനന്തരാവകാശിയായി കാണിക്കാൻ ആകില്ലെന്നുമുള്ള യാതൊരു പ്രസ്താവനയും അപേക്ഷ യോടൊപ്പം ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ഉണ്ടായിരുന്നില്ലായെന്നതിനെ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് ആ റിപ്പോർട്ട് ഒരു പടി മുമ്പോട്ട് പോകുകയും നിരസനത്തെ വീണ്ടും വിശദീകരിക്കുകയും ചെയ്യുന്നു.

5. ട്രിബ്യൂണലിന് നിയമസ്ഥിതിയെക്കുറിച്ച് അറിവുണ്ടായിരുന്നില്ലായെന്നപോലെയല്ല ഇത്. സത്യവാങ്മൂലത്തിൽ വിട്ടുപോയതിനെ ശരിയാക്കുന്നതിന് നിർദ്ദേശിക്കുവാൻ കഴിയുമായിരുന്നു; അങ്ങനെയാണല്ലോ നീതിന്യായ സമ്പ്രദായം ജന മനസ്സുകളിൽ വിശ്വാസം ജനിപ്പിക്കുന്നത്. ഒരു നിയമാനുസൃത അവകാശ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വ്യവസ്ഥ ചെയ്തതുകൊണ്ടും ആ വ്യവസ്ഥയ്ക്ക് അപ്പുറം പോകുന്നത് പ്രയാസമെന്ന് ഇടക്കാല അപേക്ഷ കൈകാര്യം ചെയ്തിരുന്ന ട്രിബ്യൂണൽ കണ്ടെത്തിയിരിക്കാമെന്നതുകൊണ്ടും ട്രിബ്യൂണലിന്റെ നടപടിയെ സംബന്ധിച്ച ഏതൊരു നിരീക്ഷണവും നടത്തുന്നതിൽ നിന്നും ഈ കോടതി വിട്ടുനിൽക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ, മേൽക്കോടതിയിൽ മതിപ്പുളവാക്കുന്നതിനായി ഇപ്പോൾ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത് എന്താണോ അത് ഇവിടെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഒരു സ്ഥാനം തികച്ചും യുക്തമായി കണ്ടിരിക്കേണ്ടതായിരുന്നു.

6. എന്നിരുന്നാലും, ഈ കോടതി അങ്ങനെയുള്ള സാങ്കേതികതകളാൽ, പ്രത്യേകിച്ച്, ഭരണഘടനയുടെ 227-ാം അനുച്ഛേദപ്രകാരമുള്ള അധികാരിത വിനിയോഗിക്കുമ്പോൾ ബന്ധിക്കപ്പെടാത്തതും, നീതി നിർവഹിക്കുന്നതിന് ഈ കോടതിക്ക് തീർച്ചയായും അങ്ങനെയുള്ള റിട്ട്/ആദ്യ ഹർജിയിൽ ഭരണഘടനയുടെ 226-ാം അനുച്ഛേദം പ്രകാരമുള്ള അസാധാരണ അധികാരിത വിനിയോഗിക്കുവാൻ കഴിയുകയും ചെയ്യും.

7. നിയമാനുസൃത പ്രതിനിധികൾ എന്ന നിലയിൽ ട്രിബ്യൂണൽ മുമ്പാകെ നഷ്ട പരിഹാരം ആവശ്യപ്പെട്ട ആശ്രിതർക്ക് തുക സംവിതരണം ചെയ്യുന്നതിന് നിയമാനുസൃത അവകാശ സാക്ഷ്യ പത്രം ആവശ്യമുണ്ടോ എന്നതുമാത്രം തർക്ക വിഷയം ആയതുകൊണ്ട് അവാർഡിലേക്ക് നയിച്ച വസ്തുതകൾ ആവശ്യമാകുന്നില്ല. ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ആശ്രയിച്ചിട്ടുള്ള *ഗുജറാത്ത് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അഭി രമൺഭായി പ്രഭാത്ഭായി* (1987(2)കെ.എൽ.റ്റി. എസ്.എൻ1 (സി നം.1) എസ്.സി = 1987 എ.സി.ജെ. 561) *ബാൻകോ നാഷണൽ അൾട്രാമരീനോ ബ്രാഞ്ചുകളുടെ കസ്റ്റോഡിയൻ അഭി നളിനി ബായ്* (എ.ഐ.ആർ 1989 എസ്.സി.1589) ചെറിയാകുട്ടി മമ്മി അഭി ഉമ്മർക്കുട്ടി (1995(2) കെ.എൽ.റ്റി.555) എന്നീ

കേസുകളിലെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യമല്ല ഈ കേസിലെ തർക്ക വിഷയം.

8. 1855-ലെ പ്രാണഹരമായ അപകടങ്ങൾ ആക്റ്റ് പ്രകാരം ഒരാളുടെ മരണം സംബന്ധിച്ച് നഷ്ടപരിഹാരം അവകാശപ്പെടുവാൻ അർഹതയുണ്ടായിരുന്ന ആളുകൾക്ക് മാത്രം, അതായത്, മരണപ്പെട്ടയാളിന്റെ ഭാര്യ, ഭർത്താവ്, അച്ഛൻ അല്ലെങ്കിൽ അമ്മ, കുട്ടി എന്നിവർക്ക് മാത്രമാണോ 1939-ലെ മോട്ടോർ വാഹന ആക്റ്റ് (ചുരുക്കത്തിൽ "എം.വി. ആക്റ്റ്") പ്രകാരം നഷ്ടപരിഹാരം അവകാശപ്പെടുവാൻ അർഹതയുള്ളത് എന്ന ചോദ്യം *രമൺഭായി പ്രഭാത്ഭായി* എന്ന കേസിൽ (മുകളിലത്തെ) പരിഗണനയ്ക്ക് വന്നിരുന്നു. മോട്ടോർ വാഹന ആക്റ്റിലെ VII-ാമത്തെ അധ്യായം ഒരു അനുകല്പിക ഫോറത്തിന് വ്യവസ്ഥചെയ്യുന്ന നടപടിക്രമം മാത്രമാണെന്നും അനുശാസിക്കപ്പെടേണ്ട സാരവത്തായ നിയമം പ്രാണഹരമായ അപകടങ്ങൾ ആക്റ്റ് തന്നെ ആയിരുന്നുവെന്നും ഉള്ള കാരണത്താലാണ് അങ്ങനെയുള്ള നിയന്ത്രണം എന്ന് വാദിക്കുകയുണ്ടായി. വിവിധ ഹൈക്കോടതികൾ തമ്മിലുള്ള അഭിപ്രായ ഭിന്നത ശ്രദ്ധയിലെടുത്തുകൊണ്ട് സുപ്രീംകോടതി *മെഗ്ജിബായ് ഖിംജി വിര അഭി ചതുർബായ് തൽജബായ്* (1977 എ.സി.ജെ.253 (ഗുജറാത്ത്)) എന്ന കേസിലെ വീക്ഷണം ഇപ്രകാരം ശരിവയ്ക്കുകയുണ്ടായി :

"............ ഒരു മോട്ടോർ വാഹനത്തിന്റെ ഉപയോഗത്തിൽ നിന്നും ഉത്ഭവിക്കുന്ന നഷ്ടപരിഹാരത്തിനുള്ള ഒരു അവകാശവാദം ആക്റ്റിലെ 110 മുതൽ 110-എഫ് വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകളാൽ അനന്യമായി അനുശാസിക്കപ്പെടുന്നതും 1855-ലെ ആക്റ്റ് പ്രകാരമുള്ള ക്ലയിമുകൾക്ക് യാതൊരു ബന്ധവും ഇല്ലാത്തതും രണ്ടാമത്തെ ആക്റ്റിൻ കീഴിൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങൾ ക്ലയിംസ് ട്രിബ്യൂണൽ അനുവർത്തിക്കേണ്ട ആവശ്യമില്ലാത്തതുമാണ്".

9. മോട്ടോർ വാഹന അപകടങ്ങളെ സംബന്ധിച്ചിടത്തോളം, ആനുകൂല്യത്തിനു വേണ്ടി അപേക്ഷ നൽകുവാൻ കഴിയുന്നതിനുള്ള ഒരു 'പുതിയ അവകാശം ആളുകളുടെ വർദ്ധിപ്പിച്ച' ഒരു കൂട്ടത്തിന് നൽകപ്പെട്ടിരിക്കുന്ന വ്യാപ്തിയോളം, മോട്ടോർ വാഹന ആക്റ്റിലെ വ്യവസ്ഥകൾ പ്രാണഹരമായ അപകടങ്ങൾ ആക്റ്റിലെ വ്യവസ്ഥകളെ അതിലംഘിച്ചിട്ടുള്ളതായി വിധിക്കുകയുണ്ടായി. പ്രാണഹരമായ അപകടങ്ങൾ ആക്റ്റിലെ പരിമിതികൾ മോട്ടോർ വാഹന ആക്റ്റ് പ്രകാരമുള്ള അവകാശത്തെ പരിമിതപ്പെടുത്തുന്നതിന് പ്രാപ്തമല്ലെന്ന് വിധിക്കുകയുണ്ടായി. 1855-ൽ പ്രാണഹരമായ അപകടങ്ങൾ ആക്റ്റ് ഇന്ത്യയിൽ ഉണ്ടാക്കുവാൻ പ്രചോദനമായിരുന്ന ഇംഗ്ലണ്ടിലെ 1846-ലെ പ്രാണഹരമായ അപകടങ്ങൾ ആക്റ്റ്, നഷ്ടപരിഹാരത്തിനുവേണ്ടി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടുള്ള സാരവത്തായ ഭേദഗതികൾക്ക് വിധേയമായിട്ടുണ്ടെന്ന വസ്തുതയെ ബഹു. സുപ്രീം കോടതി ശ്രദ്ധിക്കുകയും ചെയ്തു. 1855-ലെ പ്രാണഹരമായ അപകടങ്ങൾ ആക്റ്റ് അപ്രകാരം നിലനിന്നിരുന്നത് മാത്രമല്ല, മോട്ടോർ വാഹന ആക്റ്റ് പ്രകാരം മരണത്തിനുള്ള നഷ്ടപരിഹാരം അവകാശപ്പെടുവാനുള്ള അവകാശം പ്രാണഹരമായ അപകടങ്ങൾ ആക്റ്റ് പ്രകാരമുള്ള അവകാശത്തിലേക്ക് ഒതുക്കി നിറുത്തേണ്ടതാണെന്ന് ലാ കമ്മീഷന്റെ 85-ാമത്തെ റിപ്പോർട്ട് ശിപാർശ ചെയ്തതിനെ സുപ്രീം കോടതി അത്ഭുതത്തോടെ ശ്രദ്ധിക്കുകയുണ്ടായി. എന്നാൽ, ആയത് കണക്കിലെടുത്ത് മോട്ടോർ വാഹന ആക്റ്റിൽ, മറ്റ് വിശാലമായ രൂപഭേദങ്ങൾ ഉണ്ടാക്കിയപ്പോൾ, ഭേദഗതികൾ ഉണ്ടാക്കുവാനുള്ള പാർലമെന്റിന്റെ വിസമ്മതം 'നിയമാനുസൃത പ്രതിനിധി' എന്ന പദപ്രയോഗത്തിന്, അതിനെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അച്ഛൻ അല്ലെങ്കിൽ അമ്മ, കുട്ടികൾ എന്നിവരിലേക്ക് ഒതുക്കി നിറുത്തുന്നതിനേക്കാൾ വിശാലമായ ഒരർത്ഥം നല്കുന്നതിനുള്ള ഉദ്ദേശ്യത്തെ സൂചിപ്പിക്കുന്നതാണെന്ന് വിധിക്കുകയുണ്ടായി.

10. സിവിൽ നടപടി നിയമസംഹിതയിലെ 'നിയമാനുസൃത പ്രതിനിധി'യുടെ നിർവ്വചനം ക്ലയിംസ് ട്രിബ്യൂണലിന് മുമ്പാകെയുള്ള ഒരു കേസിന് ബാധകമല്ല എന്ന് കണ്ടെത്തിയിരിന്നു;

എന്നാൽ അങ്ങനെയുള്ള നിർവ്വചനം എന്തൊക്കെയാണെങ്കിലും, ആ പദപ്രയോഗം സാധാരണ ഭാഷയിൽ മനസിലാക്കപ്പെടുന്ന പ്രകാരമാണെന്ന് കണ്ടെത്തിയിരുന്നു. സിവിൽ നടപടി നിയമസംഹിത പ്രകാരം 'നിയമാനുസൃത പ്രതിനിധി'എന്നതിൽ ആരെല്ലാം ഉൾപ്പെടുന്നു എന്നതിനെക്കുറിച്ച് *നളിനി ഭായി* (മുകളിലത്തെ) എന്ന കേസിലേക്ക് ഫലപ്രദമായ പരാമർശം നടത്തുവാൻ കഴിയുന്നതാണ്:

"സമ്മതിച്ചിട്ടുള്ള പ്രകാരം വ്യവഹാരത്തിലെ നടപടികളിൽ ബാധകമായിരുന്ന സിവിൽ നടപടി നിയമസംഹിതയിൽ നിർവ്വചിച്ച പ്രകാരം 'നിയമാനുസൃത പ്രതിനിധി' എന്നാൽ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിനെ നിയമ ദൃഷ്ട്യാ പ്രതിനിധാനം ചെയ്യുന്ന ആൾ എന്ന് അർത്ഥമാകുന്നതും അതിൽ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന്റെ ഭരണനിർവ്വഹണത്തിൽ നടപടികൾ സ്വീകരിക്കുന്ന ഏതെങ്കിലും ആളും ഒരു കക്ഷി ഒരു പ്രാതിനിധ്യ സ്വഭാവത്തിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുന്നിടത്ത്, അപ്രകാരം വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുന്ന കക്ഷിയുടെ മരണത്തോടെ എസ്റ്റേറ്റ് സംക്രമിക്കുന്നത് ആരിലേക്കാണോ ആ ആളും ഉൾപ്പെടുന്നതു മാകുന്നു. **ഈ നിർവ്വചനം എല്ലാ ഉൾക്കൊള്ളുന്ന സ്വഭാവത്തിലുള്ളതും അതിന്റെ വ്യാപ്തി വിശാലവും അത് നിയമാനുസൃത അനന്തരാവകാശികളിലേക്ക് മാത്രമായി ഒതുങ്ങിനിൽക്കാത്തതും പകരം അനന്തരാവകാശി ആകാവുന്നതോ ആകാത്തതോ ആയ ഒരാൾക്ക് മരിച്ചുപോയ ആളുടെ വസ്തു പാരമ്പര്യമായി കിട്ടുവാൻ ക്ഷമതയുണ്ട്, എന്നാൽ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിനെ അയാൾ പ്രതിനിധാനം ചെയ്യേണ്ടതാണ് എന്ന് അത് വ്യവസ്ഥ ചെയ്യുന്നു. അനന്തരാവകാശികളും അതുപോലെ തന്നെ മരിച്ചുപോയ ആളിന്റെ എസ്റ്റേറ്റിനെ അവകാശം പോലുമില്ലാതെ എക്സിക്യൂട്ടർമാരായോ/അഡ്മിനിസ്ട്രേറ്റർ മാരായോ കൈവശം വച്ചിരിക്കുന്ന ആളുകളും അതിൽ ഉൾപ്പെടുന്നു. അങ്ങനെയുള്ള എല്ലാ ആളുകളും "നിയമാനുസൃത പ്രതിനിധി" എന്ന പദ പ്രയോഗത്തിൽ ഉൾപ്പെടുന്നതാണ്.** ധാരാളം അനന്തരാവകാശികൾ ഉണ്ടെങ്കിലും, ഏതൊരു വഞ്ചനയോ ഒത്തുകളിയോ ഇല്ലാതെ ഉത്തമ വിശ്വാസപൂർവം കൈവശം വച്ചിരിക്കുന്ന വർക്കും മരിച്ചുപോയ ആളിന്റെ എസ്റ്റേറ്റിനെ പ്രതിനിധാനം ചെയ്യുവാൻ അവകാശമുണ്ട്. "

11. ഈ കേസിൽ ഉൾപ്പെട്ടിരിക്കുന്ന അതേ പ്രശ്നം ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് ചെറിയാക്കുട്ടി മമ്മി (മുകളിലത്തെ) എന്ന കേസിൽ പരിഗണിക്കുകയുണ്ടായി. അതിൽ മുസ്ലീം ആയ ഒരു ഭർത്താവ് തന്റെ ഭാര്യ ഒരു വാഹനാപകടത്തിൽ മരിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെടുകയും അതിൽ ഭാര്യയുടെ സഹോദരങ്ങൾ സ്വയം കക്ഷിചേരുകയും പകുതി ഭാഗം ആവശ്യപ്പെടുകയും ചെയ്തു. അവാർഡ് തുക ട്രിബ്യൂണൽ ഭർത്താവിനും സഹോദരങ്ങൾക്കും ഇടയിൽ 2:1 എന്ന അനുപാതത്തിൽ വീതിക്കുകയും അത് ഈ കോടതി മുമ്പാകെ അപ്പീൽ മുഖേന ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. 'മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികൾ' എന്നാൽ മരണപ്പെട്ടയാൾ അയാളുടെ മരണ സമയത്ത് ഏതെങ്കിലും എസ്റ്റേറ്റ് വിട്ടുപോയിട്ടുണ്ടെങ്കിൽ, അയാളുടെ എസ്റ്റേറ്റ് പാരമ്പര്യമായി കിട്ടുവാൻ 'നിയമത്തിൽ അവകാശമുള്ള' ആളുകൾ ആകുന്നതും 'അവരിൽ മരണപ്പെട്ടയാളിന്റെ ഏതെങ്കിലും നിയമാനുസൃത അവകാശിയും മരണപ്പെട്ടയാളിന്റെ എസ്റ്റേറ്റിന്റെ എക്സിക്യൂട്ടർ/അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടുന്നതുമാകുന്നു' എന്നുമുള്ള ഒരു നിർവ്വചനം അടങ്ങിയിട്ടുള്ള 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 2(കെ)യെ ഈ കോടതി പ്രത്യേകം പരാമർശിക്കുകയുണ്ടായി. അതുകൊണ്ട്, 'നിയമാനുസൃത പ്രതിനിധി' എന്ന വാച്യാർത്ഥം പ്രത്യേക സ്റ്റാറ്റ്യൂട്ടിന്റെയും ചട്ടങ്ങളുടെയും സന്ദർഭത്തിൽ മനസ്സിലാക്കേണ്ടതാണെന്നും അത് 'നിയമാനുസൃത അനന്തരാവകാശി' എന്ന പദത്തേക്കാൾ കൂടുതൽ വിശാലമായ തായിരുന്നുവെന്നും അങ്ങനെയുള്ള കൂടുതൽ വിശാലമായ നിർവ്വചനത്തിൽ ഉൾപ്പെടുത്തപ്പെട്ടിരുന്ന വിഭാഗങ്ങളിൽ ഒന്നായിരുന്നു നിയമാനുസൃത അനന്തരാവകാശി എന്നും ആ

ചട്ടങ്ങൾ പ്രത്യേകമായി സൂചിപ്പിക്കുക യുണ്ടായി.

12. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ 166-ാം വകുപ്പിൽ നഷ്ടപരിഹാരത്തെ സംബന്ധിച്ച് ഉപയോഗിച്ചിട്ടുള്ള ക്ഷതി എന്ന പദത്തിന് കൂടുതൽ വിശാലമായ ഒരു വാച്യാർത്ഥം ഉണ്ടായിരുന്നതായും വിധിക്കുക യുണ്ടായി. 'ക്ഷതി' എന്ന പദത്തിന്റെ അർത്ഥത്തിനുള്ളിൽ 'ആശ്രയ നഷ്ടം' വരുന്നതായി വിധിക്കുകയുണ്ടായി. അപ്പോൾ, തന്റെ മകന്റെ മരണം മൂലം 'ആശ്രയ നഷ്ടം' അനുഭവിച്ച ഒരു പിതാവിന് മോട്ടോർ വാഹന ആക്റ്റിലെ 166-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ 2-ാം ഖണ്ഡ പ്രകാരമുള്ള ഒരു അപേക്ഷ ഫയൽ ചെയ്യുവാൻ അവകാശമുണ്ട് എന്നത് വ്യക്തമായ ഒരു കണ്ടെത്തലായിരുന്നു. ഡിവിഷൻ ബെഞ്ച് ഇപ്രകാരം വിധിക്കുക യുണ്ടായി:

"13. ആക്റ്റിലെ 166(1)(എ) വകുപ്പ് പ്രകാരം ഒരു മോട്ടോർ വാഹനത്തിന്റെ ഉപയോഗത്തിൽ നിന്ന് ഉണ്ടാകുന്ന അപകടം കാരണം കഷ്ടം അനുഭവിച്ച ഏതൊരാൾക്കും ഒരവകാശവാദം ഉന്നയിക്കാൻ കഴിയും എന്നതാണ് എത്തിച്ചേരു വാൻ കഴിയുന്ന അന്തിമ തീരുമാനം. അങ്ങനെ യുള്ള ആളിൽ, അപകടത്തിൽ ഇരയായ ആളുടെ മരണത്തിന്റെ അനന്തരഫലമായി ആശ്രയവും സഹചരതയും മറ്റു തരത്തിലുള്ള ഏതെങ്കിലും പിന്തുണയും നഷ്ടപ്പെട്ടയാളുകൾ ഉൾപ്പെടുന്നതാണ്. മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന് സംഭവിച്ച നഷ്ടമോ നാശനഷ്ട ങ്ങളോ സംബന്ധിച്ച് മരിച്ചുപോയ ഇരയുടെ നിയമാനുസൃത പ്രതിനിധികളാലുള്ള അവകാശ വാദത്തെ സംബന്ധിക്കുന്നതാണ് 166 (1) (സി) വകുപ്പ്. അങ്ങനെയുള്ള അവകാശ വാദത്തിൽ എല്ലാ നിയമാനുസൃത പ്രതിനിധികളും ചേർന്നിട്ടില്ലാത്തപ്പോൾ, അവർക്കെല്ലാ വർക്കും വേണ്ടിയോ അവരുടെ നന്മയ്ക്കു വേണ്ടിയോ അപേക്ഷ സമർപ്പിക്കേണ്ടതും അങ്ങനെയുള്ള മറ്റാളുകൾ ആ അവകാശ വാദത്തിൽ എതിർകക്ഷികൾ ആക്കപ്പെടേണ്ടതുമാണ്."

13. ആയതിനാൽ, വെളിപ്പെടുന്നത് എന്തെന്നാൽ വ്യക്തമായ തത്വമാണ് അതിന്മേലാണ് മോട്ടോർ അപകടത്തിലെ ഒരാളുടെ മരണം സംബന്ധിച്ച് നഷ്ടപരിഹാരം ആവശ്യപ്പെടാനുള്ള അവകാശം ന്യായ നിർണ്ണയം ചെയ്യപ്പെടേണ്ടത്. ഒരു 'നിയമാനു സൃത അനന്തരാവകാശി' ഉൾപ്പെടുന്നതും പിൻതുടർച്ചാ നിയമങ്ങൾ അനുശാസിക്കുന്ന നിലവിലുള്ള സ്ഥാനത്തിൽ ഒതുങ്ങിനിൽ ക്കാത്തതുമായ ഏതെങ്കിലും 'നിയമാനുസൃത പ്രതിനിധിക്ക്' മോട്ടോർ അപകടം മൂലം ഉണ്ടായ മരണത്തിൽ നിന്നുമുള്ള ഒരു ക്ഷതി, ഒരു അപകടത്തിൽപ്പെട്ട വ്യക്തിയുടെ ശരീരത്തി നുണ്ടായ ഒരു ക്ഷതിയാണെന്ന് മനസ്സിലാ ക്കേണ്ടതല്ലാത്ത ഒരു ക്ഷതി, അയാൾ/അവർ ഏൽക്കേണ്ടിവരുന്നെങ്കിൽ, നഷ്ടപരിഹാരം അവകാശപ്പെടാൻ അർഹതയുണ്ടായിരിക്കുന്ന താണ്.

14. തന്റെ മകൻ ഒരു മോട്ടോർ വാഹന അപകടത്തിൽ മരണപ്പെട്ടപ്പോൾ, ഇതിലെ ഹർജിക്കാരനായ മരണപ്പെട്ട ആളിന്റെ പിതാവ് 'ആശ്രയനഷ്ടം' അവകാശപ്പെട്ടുകൊണ്ട് തന്റെ ഭാര്യയോടൊപ്പം ട്രിബ്യൂണലിനെ സമീപിക്കുക യുണ്ടായി. ആയതിനാൽ, ഒരു നിയമാനുസൃത അവകാശ സാക്ഷ്യപത്രം ഹാജരാക്കാതെ തന്നെ ഹർജിക്കാരന് അയാൾക്ക് അവാർഡിൽ വീതിച്ച പ്രകാരമുള്ള തുകയ്ക്ക് അവകാശമുണ്ടാ യിരിക്കുന്നതാണ്. ഈ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഹാജരാക്കി മൂന്നാഴ്ചക്കുള്ളിൽ ഇതിലെ ഹർജ്ജിക്കാരന് 1,00,000/ രൂപ (ഒരു ലക്ഷം രൂപ മാത്രം) സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും പലിശ സഹിതം സംവിതരണം ചെയ്യുവാൻ ട്രിബ്യൂണലിനോട് നിർദ്ദേശിച്ചുകൊണ്ട് അപ്രകാരം പ്രഖ്യാപി ക്കുകയും ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുകയും ചെയ്യുന്നു.

ആദ്യ ഹർജി അനുവദിച്ചിരിക്കുന്നു. ചെല വൊന്നുമില്ല.

[*2014 (4) കെ. എൽ. റ്റി 378*]